ഗൾഫ് ചന്ദ്രിക

30
ജൂൺ 2024
ഞായർ
1445 ദുൽഹജ്ജ് 24
1199 മിഥുനം 16


https://gulf-chandrika.com/

പേജ് 22
അബുദാബി

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/gulfchandrika


# മഹാവിജയം



ബാർബഡോസ്: കാത്തിരിപ്പിന് വിരാമം. ടി 20 ലോകകപ്പ് ഫൈനലിലെ ഏറ്റവും വലിയ സ്കോർ നേടിയ ഇന്ത്യ കലാശക്കളിയിൽ ദക്ഷിണാഫ്രിക്കയെ 7 റൺസിന് തോൽപിച്ചാണ് ചാമ്പ്യൻമാരായത്. അവസാന ഓവറുകളിൽ ഇന്ത്യൻ ബൗളർമാരുടെ തകർപ്പൻ പ്രകടനമാണ് കൈവിടുമായിരുന്ന മത്സരം ഇന്ത്യക്ക് അനുകൂലമാക്കിയത്. ടൂർണമെന്റിലെ ഒരു മത്സരം പോലും തോൽക്കാതെയാണ് ഇന്ത്യ കപ്പിൽ മുത്തമിടുന്നത്. ഇന്ത്യ മുന്നോട്ടു വെച്ച 177 റൺസിന്റെ വിജയ ലക്ഷ്യം പിന്തുടർന്ന പ്രോട്ടീസിന് എട്ടിന് 169 റൺസെടുക്കാനെ ആയുള്ളൂ. ഡി കോക്ക് (39), ട്രിസ്റ്റൻ സ്റ്റബ്സ് (31), ഹൈൻറിച്ച് ക്ലാസൻ (52) എന്നിവർക്കൊഴികെ ആർക്കും കാര്യമായ നേട്ടമുണ്ടാക്കാനായില്ല. നേരത്തെ ആദ്യം ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഇന്ത്യ 20 ഓവറിൽ ആറിന് 176 റൺസെടുത്തു. ടി 20 ലോകകപ്പ് ഫൈനലിലെ ഏറ്റവും ഉയർന്ന സ്കോറാണിത്. തുടർച്ചയായി ബാറ്റിങ്ങിൽ പരാജയപ്പെട്ട വിരാട് കോലി കലാശപ്പോരിൽ നേടിയ അർധ സെഞ്ചുറിയാണ് ഇന്ത്യക്ക് തുണയായത്. തുടക്കത്തിൽ തകർന്നടിഞ്ഞ ഇന്ത്യയെ കോലിയും അക്ഷർ പട്ടേലും ചേർന്നാണ് കരകയറ്റിയത്.

## ഡൽഹിയിൽ വീണ്ടും കനത്ത മഴ; മൂന്നുപേർ വെള്ളക്കെട്ടിൽ മുങ്ങിമരിച്ചു

ന്യൂഡൽഹി: കനത്ത മഴയെ തുടർന്നുണ്ടായ വെള്ളക്കെട്ടിൽ ഡൽഹിയിൽ മൂന്നുപേർ മുങ്ങിമരിച്ചു. വടക്കൻ ഡൽഹിയിലെ എസ്.പി. ബദലി പ്രദേശത്തെ അണ്ടർ പാസിലാണ് ശനിയാഴ്ച ഉച്ചതിരിഞ്ഞ് രണ്ട് ആൺകുട്ടികൾ മുങ്ങിമരിച്ചത്. തെക്കുകിഴക്കൻ ഡൽഹിയിലെ ഓഖ്ലയിലെ അണ്ടർപാസിലെ വെള്ളക്കെട്ടിൽ മറ്റൊരാളും മുങ്ങിമരിച്ചു. ചെറിയ ഇടവേളയ്ക്കുശേഷം ഡൽഹിയിൽ വീണ്ടും കനത്ത മഴ ആരംഭിച്ചിട്ടുണ്ട്. സിർസാപുരിൽ മെട്രോയ്ക്ക് സമീപമുള്ള അണ്ടർപാസിലാണ് രണ്ട് ആൺകുട്ടികൾ മുങ്ങിമരിച്ചത്. മൂന്നടിയോളമാണ് ഇവിടെ വെള്ളം പൊങ്ങിയത്. കുട്ടികൾ അപകടത്തിൽപ്പെട്ടതായി വിവരം ലഭിച്ച ഉടൻ പൊലീസ് സ്ഥലത്തെത്തി. അഗ്നിശമന രക്ഷാസേനയുടെ സഹായത്തോടെയാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. മരിച്ച കുട്ടികളിൽ ഒരാൾ സിർസാപുർ സ്വദേശിയാണ്. രണ്ടാമത്തെ കുട്ടിയെ തിരിച്ചറിഞ്ഞിട്ടില്ല. കുട്ടികൾ കുളിക്കുമ്പോഴാണ് അപകടമുണ്ടായത് എന്നാണ് പ്രാഥമിക നിഗമനം.

## റാഗിംഗ്; വിദ്യാർത്ഥിക്ക് പരിക്ക്

കുന്ദമംഗലം: മർക്കസ് ഹയർ സെക്കണ്ടറി സ്കൂളിൽ റാഗിംഗ് നടന്നതായി പരാതി. പ്ലസ്ടു വിദ്യാർത്ഥികൾ പ്ലസ് വൺ വിദ്യാർത്ഥികളെ റാഗിംഗ് ചെയ്തുവെന്നാണ് പരാതി. പരിക്കേറ്റ വിദ്യാർത്ഥി മുഹമ്മദ് സഹദ് (16) നെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെള്ളിയാഴ്ച സ്കൂളിൽ ഉച്ചക്ക് ഭക്ഷണം കഴിച്ച് കോമേഴ്സ് ക്ലാസിൽ ഇരിക്കുകയായിരുന്ന അഞ്ചോളം വരുന്ന വിദ്യർത്ഥികളെ ഇതേ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾ റാഗിംഗ് ചെയ്യുകയായിരുന്നു.

### കത്വ ഫണ്ട് കേസ്

## യൂത്ത് ലീഗ് നേതാക്കൾക്കെതിരായ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു

കൊച്ചി:രാഷ്ട്രീയ വൈരാഗ്യം തീർക്കാൻ നൽകിയ കത്വ ഫണ്ട് കേസിൽ യൂത്ത് ലീഗ് നേതാക്കൾക്കെതിരായ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു.യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഫിറോസിനും ലീഗ് ദേശീയ അസി. സെക്രട്ടറി സി കെ സുബൈറിനുമെതിരെയുള്ള കേസിലെ നടപടിയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്. ഇരുവരും നേരത്തെ കുന്ദമംഗലം മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് ജാമ്യം എടുത്തിരുന്നു. കത്വ പെൺകുട്ടിക്കായി ശേഖരിച്ച തുകയിൽ 15 ലക്ഷം രൂപ പി കെ ഫിറോസും സി കെ സുബൈറും വകമാറ്റി ചിലവഴിച്ചെന്നായിരുന്നു പരാതി. യൂത്ത് ലീഗിൽ നിന്ന് പുറത്താക്കിയ യൂസുഫ് പടനിലത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസെടുത്തത്.ഈ കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഇരുവരും ഹൈക്കോടതിയെ സമീപിച്ചത്. പരാതി പൊലീസ് അന്വേഷിച്ചെന്നും എന്നാൽ ഒരുവിധത്തിലുള്ള തെളിവുകളും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടി.2021 ലാണ് യൂത്ത് ലീഗ് നേതൃത്വത്തിനെതിരെ അഴിമതി ആരോപണവുമായി യൂത്ത് ലീഗ് ദേശീയ സമിതി അംഗമായിരുന്ന യൂസഫ് പടനിലം രംഗത്തെത്തുന്നത്. എന്നാൽ രാഷ്ട്രീയ വൈരാഗ്യമാണ് പരാതിക്ക് പിന്നിലെന്നാണ് പൊലീസ് കോടതിയെ അറിയിച്ചത്. കുന്ദമംഗലം കോടതിയിലാണ് കേസ് അന്വേഷിച്ച പൊലീസ് സംഘം റിപ്പോർട്ട് നൽകിയത്. കേസ് അന്വേഷിച്ച കുന്ദമംഗലം സി ഐ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് തള്ളി യൂസഫ് പടനിലം കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യുകയായിരുന്നു.

## കണ്ണൂർ സംഭവങ്ങൾ ചെങ്കൊടിക്ക് അപമാനമെന്ന് ബിനോയ് വിശ്വം

തിരുവനന്തപുരം: കണ്ണൂർ സി.പി.എമ്മിലെ പ്രശ്നങ്ങളിൽ സിപിഎമ്മിനെതിരെ തുറന്നടിച്ച് സി.പി.ഐ. കണ്ണൂരിൽ നിന്ന് വരുന്ന വാർത്തകൾ ചെങ്കൊടിക്ക് അപമാനമെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. അധോലോകത്തിന്റെ പിൻപറ്റുന്നവർ ഇടതുപക്ഷത്തിന്റെ ഒറ്റുകാരാണെന്ന് കുറ്റപ്പെടുത്തിയ ബിനോയ് വിശ്വം, ഇടതിനേറ്റ തിരിച്ചടിയിൽ ഇത്തരക്കാരുടെ പങ്ക് ചെറുതല്ലെന്നും പ്രസ്താവനയിൽ പറഞ്ഞു. സ്വർണം പൊട്ടിക്കുന്നതിന്റെയും അധോലോകത്തിന്റെയും കഥകൾ വേദനിപ്പിക്കുന്നതാണെന്നും സി.പി.ഐ സംസ്ഥാന സെക്രട്ടറി രൂക്ഷവിമർശനമുന്നയിച്ചു.

കണ്ണൂരിൽ നിന്നും കേൾക്കുന്ന വാർത്തകൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ബന്ധുക്കളെ ആകെ വേദനിപ്പിക്കുന്നതാണ്. കയ്യൂരിന്റെയും കരിവള്ളൂരിന്റെയും തില്ലങ്കേരിയുടെയും പാരമ്പര്യമുള്ള മണ്ണാണത്. അവിടെ നിന്ന് സ്വർണം പൊട്ടിക്കുന്നതിന്റെയും അധോലോക അഴിഞ്ഞാട്ടത്തിന്റെയും കഥകൾ പുറത്തു വരുന്നത് ചെങ്കൊടിക്ക് അപമാനമാണ്. സമൂഹ മാധ്യമങ്ങളിൽ ഇടതുപക്ഷത്തിന്റെ രക്ഷക വേഷം കെട്ടുന്നവർ അധോലോകത്തിന്റെ കാര്യസ്ഥരാണെന്ന അറിവ് ഇടതുപക്ഷത്തിന്റെ ബന്ധുക്കൾക്ക് പൊറുക്കാവുന്നതല്ല. പ്രസ്ഥാനത്തിനേറ്റ തിരിച്ചടികളിൽ ഇത്തരക്കാരുടെ പങ്കും ചെറുതല്ലെന്നും ബിനോയ് വിശ്വം ചൂണ്ടിക്കാട്ടി.

ഇടതുപക്ഷം അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ മറന്നുവോയെന്ന് ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത് ഈ കൂട്ടരാണ്. അവരിൽ നിന്ന് ബോധപൂർവം അകൽച്ച പാലിച്ചുകൊണ്ടേ ഇടതുപക്ഷത്തിന് ജനവിശ്വാസം വീണ്ടെടുത്ത് മുന്നേറാൻ ആകൂ. പ്രസ്ഥാനത്തിൽ വിശ്വാസം അർപ്പിച്ച ലക്ഷോപലക്ഷം ജനങ്ങളോട് നീതി കാണിക്കാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കടമയുണ്ട്. അവരുടെ കൂറും വിശ്വാസവും ആണ് കമ്മ്യൂണിസ്റ്റുകാർക്ക് വലുത്. ചീത്തപ്പണത്തിന്റെ ആജ്ഞാനുവർത്തികളായി മാറി അധോലോകത്തെ പിൻപറ്റുന്നവർ ഇടതുപക്ഷത്തെ ഒറ്റുകൊടുക്കുന്നവരാണ്. അവർക്ക് മാപ്പില്ലായെന്ന് പ്രഖ്യാപിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ജനങ്ങളുടെ വിചാര വികാരങ്ങളെയും വിശ്വാസങ്ങളെയും സി.പി.ഐ എന്നും മാനിക്കുമെന്നും സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

### കണ്ണൂർ മെഡിക്കൽ കോളജ് യൂണിയൻ തിരഞ്ഞെടുപ്പ്

## എം.എസ്.എഫ് മുന്നണിക്ക് ഉജ്വല വിജയം

പരിയാരം: പരിയാരത്തെ കണ്ണൂർ മെഡിക്കൽ കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ എം.എസ്.എഫ് മുന്നണിക്ക് ഉജ്വല വിജയം. മത്സരം നടന്ന 12 സീറ്റുകളിലും യു.ഡി.എസ്.എഫ് വിജയക്കൊടി പാറിച്ചു. വയനാട് ഗവൺമെന്റ് നഴ്സിംഗ് കോളജ് യൂണിയൻ തിരഞ്ഞെടുപ്പിലും മുഴുവൻ സീറ്റും യു.ഡി.എസ്.എഫ് മുന്നണി നേടി. പരിയാരത്ത് മൂന്ന് സീറ്റുകളിൽ എസ്.എഫ്.ഐ നേരത്തെ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. പരിയാരത്തെ 28 വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യമായി നടന്ന തിരഞ്ഞെടുപ്പിലാണ് വൻ വിജയം നേടിയത്.

പത്ത് മേജർ സീറ്റുകളിൽ ഒൻപതും എം.എസ്.എഫ് മുന്നണി വിജയിച്ചപ്പോൾ സ്പോർട്സ് സെക്രട്ടറി മാത്രമാണ് എസ്.എഫ്.ഐക്ക് ലഭിച്ചത്. അഞ്ച് ക്ലാസ് പ്രതിനിധികളിൽ മൂന്ന് യു.ഡി.എസ്.എഫിന് ലഭിച്ചപ്പോൾ രണ്ടെണ്ണം എസ്.എഫ്.ഐക്ക് നേടാനായത്. യു.യു.സിമാരായി കെ.വാജിദും മുഹമ്മദ് റൈസലും വിജയിച്ചു. ചെയർപേഴ്സണായി മുഹമ്മദ് ഹിഷാം മുനീർ, വൈസ് ചെയർപേഴ്സൺമാരായി ഇ.അമീൻ, എസ് സജിത് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി ഹുസ്നുൽ മുനീറും ജോ.സെക്രട്ടറിയായി ഫറാസ് ഷരീഫും മാഗസിൻ എഡിറ്ററായി ഷിബിൻ ഫവാസും ഫൈൻ ആർട്സ് സെക്രട്ടറിയായി മുഹമ്മദ് ജാസിമും തിരഞ്ഞെടുക്കപ്പെട്ടു. ക്ലാസ് പ്രതിനിധികളായി 2021 ബാച്ച് മുഹമ്മദ് നവാസ്, 2022 ബാച്ചിൽ മുഹമ്മദ് ഫവാസ് 2023 ടി.എ അംന ഫിദ എന്നിവരും യു.ഡി.എസ്.എഫ് പാനലിൽ വിജയിച്ചു.




CLICK കണ്ണൂർ മെഡിക്കൽ കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ച യു.ഡി.എസ്.എഫ് പ്രതിനിധികളെ ആനയിച്ച് മെഡിക്കൽ കോളജ് പരിസരത്ത് നടന്ന ആഹ്ലാദ പ്രകടനം

## സ്ഥാനാർത്ഥികളുടെ ചെലവ് സംബന്ധിച്ച് യോഗം ചേർന്നു

മലപ്പുറം: 2024 ലോക്സഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച് അവസാനഘട്ട സ്ക്രൂട്ടിണി റീകൺസിലേഷൻ യോഗം ചേർന്നു. മണ്ഡലത്തിലെ ചെലവ് നിരീക്ഷകനായ പ്രശാന്ത് കുമാർ സിൻഹയുടെ സാന്നിധ്യത്തിൽ മലപ്പുറം കലക്ടറേറ്റ് കോൺഫറൻസ് ഹാളിലായിരുന്നു യോഗം. ജില്ലാ കലക്ടർ വി.ആർ വിനോദ്, നോഡൽ ഓഫീസർ പി.ജെ തോമസ്, പൊന്നാനി മണ്ഡലം വരണാധികാരി കെ. മണികണ്ഠൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം. മലപ്പുറം ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച യോഗം നാളെ രാവിലെ 11 മണിക്ക് ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## വീട് കുത്തിത്തുറന്ന് മോഷണം രണ്ടര പവൻ കവർന്നു

കൊടിഞ്ഞി: കുറൂൽ വീട് കുത്തി തുറന്ന് യുവതിയുടെ പാദസരം മോഷ്ടിച്ചു. ഇന്നലെ പുലർച്ചെ മൂന്ന് മണിയോടെയാണ് സംഭവം. കൊടിഞ്ഞി കുറൂൽ ഒഴുക്കുംപറമ്പിൽ സൈതലവി മകൾ ഫൗസിയയുടെ രണ്ടര പവൻ പാദസരമാണ് മോഷ്ടിച്ചത്. വീടിന്റെ അടുക്കളയുടെ പിറക് വശത്തെ ഗ്രില്ലിന്റെ പൂട്ട് തകർത്താണ് മോഷ്ടാവ് അകത്ത് കയറിയത്. മുറിയിൽ ഉറങ്ങുകയായിരുന്ന ഫൗസിയയുടെ കാലിലുള്ള മാല കവർന്നാണ് മോഷ്ടാവ് കടന്നുകളഞ്ഞത്. യുവതി ബഹളം വെച്ച് വീട്ടുകാർ ഉണർന്ന പോയേക്കും മോഷ്ടാവ് രക്ഷപ്പെട്ടട്ടിരുന്നു. മോഷ്ടാവിന്റെ ദൃശ്യം വീടിലെ വിവിധ സി.സി.ടി.വികളിൽ പതിഞ്ഞിട്ടുണ്ട്. തിരൂരങ്ങാടി പൊലീസ് കേസെടുത്തു അന്വേഷണം ആരംഭിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 30 ഞായർ
ഗൾഫ് ചന്ദ്രിക

## മാലിന്യം നിക്ഷേപിച്ച കുറ്റത്തിന് 20,000 ദിർഹം പിഴ ഈടാക്കി അജ്മാൻ

അജ്മാൻ: അനധികൃത മാലിന്യനിക്ഷേപം നടത്തിയതിന് കമ്പനിക്ക് 20,000 ദിർഹം പിഴ ഈടാക്കി അജ്മാൻ മുനിസിപ്പാലിറ്റി. പൊതുമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചതിനാണ് സ്ഥാപനത്തിനെതിരെ പിഴ ചുമത്തിയത്. നിർമ്മാണ സാമഗ്രികൾ ഉൾപ്പടെയുള്ള മാലിന്യമാണ് നിശ്ചിത സ്ഥലത്തല്ലാതെ നിക്ഷേപിച്ചത്. മാലിന്യമെത്തിക്കാൻ ഉപയോഗിച്ച വാഹനവും പിടിച്ചെടുത്തു. എമിറേറ്റിനെ ആരോഗ്യ പൂർണ്ണവും ശുചിത്വപൂർണ്ണവുമാക്കി നിലനിർത്തുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായാണ് ശക്തമായ നടപടി സ്വീകരിച്ചതെന്നും അധികൃതർ അറിയിച്ചു



## യുഎഇയിലെ യൂണിവേഴ്സിറ്റികൾ നിലവാരം വർധിപ്പിക്കുന്നതിന് റാങ്കിങ് നടത്തി

അബുദാബി: യുഎഇയിലെ യൂണിവേഴ്സിറ്റികൾ നിലവാരം വർധിപ്പിക്കുന്ന പദ്ധതി പ്രകാരം റാങ്കിംഗ് നടത്തി. രാജ്യത്ത് സർക്കാർ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ റാങ്കിംഗ് പരിധിയിൽ ഉൾപ്പെടും. റിസർച്ച് സ്ഥാപനങ്ങൾ, നോൺ റിസർച്ച് സ്ഥാപനങ്ങൾ എന്നിങ്ങനെ വേർതിരിച്ചാണ് റാങ്കിംഗ് നടത്തിയത്.





# ചൂടേറ്റ് വാടല്ലേ...

ഡോ.ജിൻഷി കെ.പി

മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് ആരോഗ്യം. ഹിപ്പോക്രറ്റസ് എന്ന പുരാതന ഗ്രീക്ക് വൈദ്യന്റെ വാക്കുകൾ ഇപ്രകാരമാണ്: 'നിങ്ങൾ കഴിക്കുന്ന ഭക്ഷണം നിങ്ങളുടെ ഔഷധവും ഔഷധം നിങ്ങളുടെ ഭക്ഷണവും ആയിരിക്കട്ടെ'. ഓരോ കാലാവസ്ഥക്കും അനുസൃതമായി ഭക്ഷണ രീതികൾ തിരഞ്ഞെടുക്കുമ്പോൾ നാം അതീവ ശ്രദ്ധ ചെലുത്തേണ്ടത് അത്യാവശ്യമാണ്.

മധ്യ കിഴക്കൻ രാജ്യങ്ങളിൽ വരാൻ പോകുന്ന കൊടും വേനലിന്റെ തീക്ഷ്ണതയിൽ നിന്ന് നാം നമ്മുടെ ശരീരത്തെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനെടുക്കേണ്ട മുൻ കരുതലുകളിൽ ഭക്ഷണത്തിനും ചിട്ടയായ ജീവിത ക്രമങ്ങളും പാലിക്കേണ്ടുന്ന പ്രാധാന്യത്തെ നാം മനസിലാക്കേണ്ടതാണ്.

വേനൽക്കാലത്തിന്റെ വരവോടെ വേനൽക്കാല രോഗങ്ങളും പതിവാണ്.യുഎഇ പോലുള്ള അറബ് രാജ്യങ്ങളിൽ വേനൽക്കാലത്തുണ്ടാകുന്ന മിക്ക രോഗങ്ങളെയും നമുക്ക് ചിട്ടയായ ജീവിത ക്രമങ്ങളിലൂടെയു പോഷക സമൃദ്ധമായ ഭക്ഷണത്തിലൂടെയും പ്രതിരോധിക്കാൻ സാധിക്കും. അതിൽ ഒന്നാമതായി വേനൽക്കാലത്തു കുടിക്കുന്ന വെള്ളത്തിന്റെ അളവ് കൂട്ടുക. മൂന്നു ലിറ്റർ വെള്ളം പലപ്പോഴായി കുടിക്കുക. ലളിതമായ വ്യായാമം ശീലമാക്കുക. അരമണിക്കൂർ വ്യായാമം ദിനേന ചെയ്യുന്നത് നിങ്ങളിൽ രോഗ പ്രധിരോധ ശേഷി വളർത്താനും ശരീരത്തിലെ മൂലക ശോഷണങ്ങൾ തടയാനും സഹായകമാവും.വ്യായാമം ചെയ്യുന്നത് പ്രഭാതത്തിലോ സായാഹ്നത്തിലോ ആക്കാൻ കഴിവതും ശ്രമിക്കുക. ശീതളി,ശീത്കാരി പ്രാണായാമങ്ങൾ ചെയ്യുന്നത് വഴി ശരീരത്തിലെ ചൂട് നിയന്ത്രിക്കാം. ശരിയായ ഉറക്കം ശീലമാക്കുക. സമയാ സമയങ്ങളിൽ ഉറങ്ങുക. ആറു മുതൽ ഏഴു മണിക്കൂർ ഉറക്കം അനിവാര്യമാണ്. ആരോഗ്യമുള്ള ശരീരത്തിന് മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാവൂ.

ഉറക്കം ശരിയായാൽ മാത്രം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഘടികാരം നമുക്കുണ്ട്.

അതിന്റെ പ്രവർത്തനം സുഗമമല്ലെങ്കിൽ നമ്മളിലെ ഉൽക്കണ്ഠ ഹോർമോണായ 'കോർട്ടിസോൾ',നിദ്ര ഹോർമോണായ 'മെലാടോണിൻ,പുരുഷ,സ്ത്രീ ഹോർമോണുകളായ 'ഈസ്ട്രോജൻ', 'ടെസ്റ്റോസ്റ്റിറോൺ' എന്നിവയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. അവിടം മുതൽ നമ്മളിൽ അസുഖങ്ങളുടെ തുടർക്കഥ ആരംഭിക്കുകയാണ്.

പുകവലി,മദ്യപാനം തുടങ്ങിയ ദുശീലങ്ങൾ കഴിവതും ഒഴിവാക്കുക. അത് വേനൽക്കാലത്തു നിർജ്ജലീകരണത്തിന്റെ ആക്കം കൂട്ടുകയാണ് അക്ഷരാർത്ഥത്തിൽ ചെയ്യുന്നത്. കോള പോലുള്ള പാനീയങ്ങൾ പാടെ വർജ്ജിക്കുക. അതിനു പകരം മധുരമുള്ളതോ ജലാംശം കൂടുതൽ ഉള്ളതുമായ പഴ വർഗങ്ങളായ തണ്ണിമത്തൻ,മാമ്പഴം,പനനൊങ്ക്,കരിമ്പ്,ഉറുമാമ്പഴം,നാരങ്ങ,മുന്തിരി എന്നിവ ശീലമാക്കുക. മോര് വെള്ളമായും കരിക്കിൻ വെള്ളമായും കരിമ്പിൻ ചാറുകളായും കുടിച്ചാൽ അത്യുത്തമം. പച്ചക്കറി രസങ്ങൾ അഥവാ സൂപ്പുകൾ നിത്യേന ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. മാംസഭക്ഷണങ്ങൾ ഉപയോഗിച്ചും ഉണ്ടാക്കാവുന്ന സൂപ്പുകൾ ആരോഗ്യദായകമാണ്.

ഖരാഹാരങ്ങൾ അഥവാ സോളിഡ് ഭക്ഷണങ്ങളിൽ ഉണക്കമുളക് പൊടികളും പഞ്ചസാര അടങ്ങിയ സോസുകളും വർജിച്ചാൽ ഇൻസുലിൻ പ്രതിരോധം ഉണ്ടാവുന്ന അവസ്ഥയിൽ നിന്നും നമുക്ക് ശരീരത്തെ രക്ഷിക്കാൻ സാധിക്കും. അതിലൂടെ രക്തത്തിൽ പഞ്ചസാരയുടെ അളവും കൊഴുപ്പിന്റെ അളവും നിയന്ത്രിക്കാം. പഴങ്കഞ്ഞി,ജീരക കഞ്ഞി,ഔഷധ കഞ്ഞി എന്നിവ ഒരു നേരമെങ്കിലും ആക്കിയാൽ ധാരാളം പോഷകങ്ങളും ജലാംശവും ശരീരത്തിന് സമ്മാനിക്കാൻ സാധിക്കും. ചെറുധാന്യങ്ങളായ മുത്താറി,മണിച്ചോളം,തിന,ചാമ എന്നിവ കൊണ്ട് മലയാളികളുടെ പ്രഭാത മധ്യാഹ്ന ഭക്ഷണങ്ങൾ പോഷക സമ്പുഷ്ടമാക്കാം.മേൽപ്പറഞ്ഞ ധാന്യങ്ങൾ കൊണ്ട് വെള്ളപ്പം,ദോശ,ഇഡലി,പത്തിരി,പുട്ട് എന്നിവ ഉണ്ടാക്കാൻ പറ്റുമെന്നോർക്കുക. ചാമ കൊണ്ടുള്ള കഞ്ഞി രാത്രി സമയത്തു ശീലമാക്കിയാൽ പ്രമേഹ രോഗികൾക്കും,അണ്ഡ-ഗർഭാശയ രോഗികൾക്കും അവരുടെ പ്രശ്നങ്ങളിൽ നിന്നും മുക്തി നേടാനുള്ള മാർഗമാണ്.

പടവലങ്ങ,വെണ്ടയ്ക്ക,വെള്ളരിക്ക,കുമ്പളങ്ങ,മത്തൻ,കക്കരി എന്നീ ജലാംശമുള്ള പച്ചക്കറികൾ ധാരാളമായി ഉൾപ്പെടുത്തുക. വറുത്ത മാംസങ്ങളും അധികം മസാല ചേർത്തതുമായ ഭക്ഷണങ്ങൾ വല്ലപ്പോഴുമാക്കുക. ഐസ്ക്രീം,ചോക്ലേറ്റ്,ചായ,കാപ്പി എന്നിവ പരമാവധി കുറക്കുക. സംഭാരം,ഇളനീർ,കരിമ്പിൻ ജൂസ്, സർബത്ത്,തേൻ,വെള്ളം എന്നിവ ശരീരത്തിന്റെ ചൂടകറ്റും.വിയർപ്പു മൂലമുള്ള ലവണ നഷ്ടത്തിന് ഇവ പരിഹാരമായേക്കാം.

സൂര്യ പ്രകാശം നേരിട്ട് ശരീരത്തിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക . അധികം സൂര്യപ്രകാശം ഏറ്റാൽ ഉണ്ടാകുന്ന ചർമരോഗങ്ങളായ ലൂപസ്,സ്കിൻ കാൻസറുകൾ എന്നിവ ഉണ്ടായേക്കാം. എസ്പിഎഫ് അമ്പതു അടങ്ങിയ ക്രീമുകൾ പുറത്തു പോകുമ്പോൾ ചർമത്തിൽ പുരട്ടാൻ ശ്രദ്ധിക്കുക. കഴിയുന്നതും ഉച്ച സമയത്തു പുറത്തു പോകുന്നത് ഒഴിവാക്കുക. വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ കഴിയുന്നതും അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുക. നമ്മുടെ ഏറ്റവും വലിയ ശ്വസനാവയവമായ ത്വക്കിന് സുഗമമായ രീതിയിൽ പ്രവർത്തനം നടക്കാൻ ഇറുക്കിപ്പിടിച്ച വസ്ത്രങ്ങൾ പാടെ ഒഴിവാക്കുക. ഈ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഒരു പരിധിവരെ വേനൽക്കാല ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ നിങ്ങൾക്ക് ഒഴിവാക്കാം.

# കുവൈത്തിൽ ചൂട് കൂടുന്നു,തീപിടത്തവും

## തുടർച്ചയായ രണ്ടാം ദിനവും അഗ്നിബാധ

## മീന അൽ അബ്ദുല്ലയിലാണ് ഇന്നലെ തീപിടിച്ചത്

കുവൈത്ത് സിറ്റി: കുവൈത്തിൽ ചൂടുകൂടന്നതോടെ തീപിടിത്തവും നിത്യസംഭവമാകുന്നു. ഇന്നലെ വൈകീട്ട് 3 മണിയോടെ മീന അൽ അബ്ദുള്ളയിലെ റിഫൈനറിയുടെ സമീപത്തെ യാർഡിൽ വൻ അഗ്നിബാധയുണ്ടായി. ആളപായമില്ല എന്നതാണ് ആശ്വാസം. റിഫൈനറിയുടെ സമീപത്തായതിനാൽ തീ കൂടുതൽ വ്യാപിതിയിലേക്ക് ആളിപ്പടാതിരുന്നത് വലിയ ആശ്വാസം. വെള്ളിയാഴ്ച രാത്രിയും കുവൈത്തിൽ തീപിടിത്തമുണ്ടായിരുന്നു. ഫർവാനിയ ബ്ലോക്ക് നാലിലെ മൂന്നും നാലും നിലകളാണ് അഗ്നിക്കിരിയായത്. ആഴ്ചകൾക്ക് മുമ്പാണ് തൊഴിലാളി കാമ്പിൽ തീപിടിത്തമുണ്ടായി മലയാളികളടക്കം അമ്പത് പേർ വെന്തുമരിച്ചത്.
രാജ്യത്ത് ചൂട് കഠിനമായയതോടെ ദൈനം ദിനം അങ്ങിങ്ങായുള്ള അഗ്നിബാധയുടെ എണ്ണവും വർദ്ധിച്ചു വരുന്നത് ജനങ്ങളെ ആശങ്കയിലാഴ്ത്തുന്നുണ്ട്. ഇന്നലെ 50 ഡിഗ്രിക്ക് മുകളിലായിരുന്നു താപ നില. റോഡരികിലെ ചെറു മരങ്ങളും,ചെടികളും കരിഞ്ഞു തുടങ്ങി. കാൽ നട യാത്ര ഉൾപ്പടെ പുറത്തിറങ്ങാനുള്ള അടിയന്തിര സാഹചര്യങ്ങൾ പ്രതികൂല കാലാവസ്ഥ മൂലം ദുസ്സഹമായി. ഇനി ജൂലായ്ആഗസ്റ്റ് മാസങ്ങൾ ചൂടിന്റെ കാഠിന്യം വർദ്ധിക്കുന്ന ദിനങ്ങളായിരിക്കും.



CLICK **ആശങ്കയുടെ പുകച്ചുരുൾ/** *ഇന്നലെ ഉച്ചയ്ക്ക് കുവൈത്തിലെ മീന അൽ അബ്ദുള്ളയിലെ റിഫൈനറിയുടെ സമീപത്തെ യാർഡിലുണ്ടായ വൻ അഗ്നിബാധയിൽ ആകാശത്തേക്കുയരുന്ന പുകച്ചുരുൾ*

# സ്വദേശിവത്കരണം: പരിശോധന ശക്തമാക്കും




ദുബൈ: ഇനിയും സ്വദേശിവത്കരണം പൂർത്തിയാക്കാത്ത കമ്പനികൾക്ക് പണികിട്ടും. ഈ വർഷത്തെ ആദ്യപകുതിയിൽ സ്വദേശിവത്കരണം പൂർത്തീയാക്കാൻ സ്വകാര്യ കമ്പനികൾക്ക് ജൂൺ 30 വരെ സമയം അനുവദിച്ചിരുന്നു. ഇക്കാര്യം വിലയിരുത്താൻ ജൂലൈ 1 മുതൽ പരിശോധന തുടങ്ങും. 1 ശതമാനത്തിലേറെ സ്വദേശികളെ ചേർത്തിട്ടില്ലാത്ത 50 അല്ലെങ്കിൽ അതിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങൾ പിഴയൊടുക്കേണ്ടി വരും. യുഎഇയിൽ ഏറ്റവും കൂടുതൽ സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളുമുള്ളത് ഇന്ത്യക്കാർക്കാണ്. എന്നാൽ ഇതിൽ ഭൂരിഭാഗവും സ്വദേശിവത്കരണ നിയമം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ആദ്യ പകുതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള അന്തിമ സമയപരിധി ജൂൺ 30 ന് മാനവവിഭവശേഷി സ്വദേശിവത്കരണ മന്ത്രാലയം അറിയിച്ച സാഹചര്യത്തിലാണ് പരിശോധന. ഈ വർഷം നിയമിക്കാത്ത ഓരോ സ്വദേശിക്കുമനുസരിച്ച് പ്രതിമാസം 8,000 ദിർഹം വച്ചാണ് കമ്പനിക്ക് പിഴ ചുമത്തുക. കഴിഞ്ഞ വർഷം ഇത് പ്രതിമാസം 7,000 ഉം 2022ൽ പ്രതിമാസം 6,000 ദിർഹവുമായിരുന്നു. പിഴ. 2026 വരെ പ്രതിവർഷം 1,000 ദിർഹം വർധിക്കുകയും ചെയ്യും. യുഎഇയിലെ സ്വകാര്യ കമ്പനികൾ അവരുടെ സ്വദേശി ജീവനക്കാരുടെ എണ്ണം ഓരോ വർഷവും രണ്ട് ശതമാനം വർധിപ്പിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം അവസാനത്തോടെ കമ്പനികൾ 4 ശതമാനം ഇമാറാത്തികളെ ജീവനക്കാരായി നിയമിച്ചിരുന്നു. ഈ ജൂൺ അവസാനത്തോടെ ഇത് 5 ശതമാനമായി ഉയർത്തണം. 2024 അവസാനിക്കുന്നതിന് മുൻപ് ഒരു സ്ഥാപനത്തിന്റെ തൊഴിൽ ശക്തിയിൽ 6 ശതമാനം യുഎഇ പൗരന്മാർ ഉണ്ടായിരിക്കണം. 2026 അവസാനത്തോടെ സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ എണ്ണം 10 ശതമാനത്തിലെത്തുകയാണ് ലക്ഷ്യം. പ്രതിവർഷം 2 ശതമാനം ഉയർത്താനും ഫെഡറൽ നിയമം ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മന്ത്രാലയം നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. നിയമലംഘനം കണ്ടെത്തുന്ന കമ്പനികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല നിയമലംഘനത്തിന്റെ വ്യാപ്തി അനുസരിച്ച് പിഴയും ചുമത്തും. ഒടുവിൽ പ്രോസിക്യൂഷൻ നടപടികളിലേക്കും കടക്കും. തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ 600590000 എന്ന നമ്പറിൽ വിളിച്ചോ മന്ത്രാലയം ആപ്പ് വഴിയോ വെബ്സൈറ്റ് വഴിയോ റിപ്പോർട്ട് ചെയ്യാൻ പൊതുജനങ്ങളോട് അഭ്യർഥിച്ചു.

# ഇന്ത്യൻ രൂപയുടെ വിനിമയ നിരക്ക് മുൻകൂട്ടി അറിയാം




ദുബൈ: ഇന്ത്യൻ രൂപയുടെ വിനിമയ നിരക്ക് മുൻകൂട്ടി അറിയാൻ പുതിയ സംവിധാനം. മാത്രമല്ല വിനിമയ മാറ്റം ഇനി മാസത്തിൽ രണ്ട് തവണ മാത്രം. വിനിമയ നിരക്ക് പ്രഖ്യാപിക്കുന്ന എക്സ്ചേഞ്ച് റേറ്റ് ഓട്ടമേഷൻ മൊഡ്യൂൾഇറാം ജൂലൈ 4ന് നിലവിൽ വരുമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് അറിയിച്ചു.

ഡോളറിന്റെ വിനിമയ നിരക്കിനെ ആശ്രയിച്ച് ഓരോ ദിവസവും വിവിധ കറൻസികളുമായുള്ള എക്സ്ചേഞ്ച് നിരക്ക് പുതുക്കി നിശ്ചയിക്കുന്ന സംവിധാനമാണ് ഇപ്പോൾ ഇന്ത്യയിലുള്ളത്. ഓരോ ദിവസത്തെയും നിരക്ക് വ്യതിയാനം വ്യാപാര മേഖലയിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇതിനു പകരമായാണ് വിനിമയ നിരക്ക് മാറാതെ നിൽക്കുന്നതും മുൻകൂട്ടി അറിയുന്നതും വ്യാപാരികൾക്ക് ഗുണം ചെയ്യും. ഇന്ത്യയുമായി വ്യാപാര കരാറുകളിൽ ഏർപ്പെട്ടിരിക്കുന്ന 22 കറൻസികളാണ് ഇറാമിൽ ഉൾപ്പെട്ടിരിക്കുന്നത്.

22 കറൻസികളുമായുള്ള വിനിമയ നിരക്കാണ് ഇറാം സംവിധാനത്തിലൂടെ ഓരോ മാസത്തെയും ആദ്യ വ്യാഴാഴ്ചയും മൂന്നാം വ്യാഴാഴ്ചയും പ്രഖ്യാപിക്കുക. അടുത്ത തവണ പുതിയ നിരക്ക് പ്രഖ്യാപിക്കും വരെ ഇതേ നിരക്കിൽ വ്യാപാരം നടത്താൻ കയറ്റുമതി ഇറക്കുമതി രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കു സാധിക്കുമെന്നതാണ് പ്രത്യേകത. വിവിധ വസ്തുക്കളുടെ വ്യാപാരം, സേവനം, നിക്ഷേപത്തിൽ നിന്നുള്ള വരുമാനം എന്നിവക്കായി മാത്രമേ രൂപ മറ്റൊരു കറൻസിയിലേക്കും തിരിച്ചും കൈമാറ്റം ചെയ്യാൻ കഴിയൂ. ഇന്ത്യൻ കസ്റ്റംസിന്റെ ഗേറ്റ് വേ വെബ്സൈറ്റ് ആയ ഐസ്ഗേറ്റിൽ വിനിമയ നിരക്ക് മുൻകൂട്ടി അറിയാൻ സാധിക്കും. മാസത്തിൽ രണ്ടു തവണ ഇതിലെ മാറ്റം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ലോകമെമ്പാടുമുള്ള വ്യാപാരികൾക്ക് ഇറക്കുമതിക്കാർക്കും കയറ്റുമതിക്കാർക്കും ഇന്ത്യയുമായി വ്യാപാരം നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഈ തീരുമാനം ലഘൂകരിക്കും.

# വിരമിക്കൽ പ്രഖ്യാപിച്ച് യുഎഇ ബാറ്റർ മുഹമ്മദ് ഉസ്മാൻ

അബുദാബി: രാജ്യാന്തര ക്രിക്കറ്റിൽ നിന്ന് മുഹമ്മദ് ഉസ്മാൻ വിരമിക്കാൻ തീരുമാനിച്ചതായി എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡ് അറിയിച്ചു. ആറ് വർഷത്തെ അന്താരാഷ്ട്ര ക്രിക്കറ്റ് കരിയറിന് വിരാമമിട്ടാണ് യുഎഇ മധ്യനിര ബാറ്റ്സ്മാൻ മുഹമ്മദ് ഉസ്മാന്റെ തീരുമാനം. 38 ഏകദിനങ്ങളും 47 ടി 20യും ഉൾപ്പടെ യുഎഇക്കായി 85 അന്താരാഷ്ട്ര മത്സരങ്ങൾ മുഹമ്മദ് ഉസ്മാൻ കളിച്ചിട്ടുണ്ട്. ഇടങ്കയ്യൻ താരം എകദിനങ്ങളിൽ ഒരു സെഞ്ചുറിയും നാല് അർധസെഞ്ചുറിയും നേടിയിട്ടുണ്ട്. 31.50 ശരാശരിയിൽ 1,008 റൺസാണ് സമ്പാദ്യം. ടി 20 കളിൽ നിന്ന് ഉസ്മാൻ മൂന്ന് അർധസെഞ്ചുറികളുടെ സഹായത്തോടെ 891 റൺസ് നേടിയിട്ടുണ്ട്. 2016ൽ എഡിൻബറോയിൽ സ്കോട്ട്ലൻഡിനെതിരെയാണ് ഉസ്മാൻ തന്റെ ഏകദിന അരങ്ങേറ്റം കുറിച്ചത്. യുഎഇയിലെ പ്രതിനിധീകരിച്ച് കളിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും പിന്തുണച്ച എല്ലാവർക്കും നന്ദിയെന്നും മുഹമ്മദ് ഉസ്മാൻ പ്രതികരിച്ചു. ലാഹോറാണ് മുഹമ്മദ് ഉസ്മാന്റെ ജന്മദേശം.



*മുഹമ്മദ് ഉസ്മാൻ*

# ദുബൈയിൽ പുതിയ പെയ്ഡ് പാർകിങ്
# സൗജന്യ പാർകിങ് ഇല്ലാതാവും

ദുബൈ: ദുബൈയിൽ കൂടുതൽ പെയ്ഡ് പാർകിങ് സ്ഥലങ്ങൾ വരുന്നു. ഇനി സൗജന്യമായി പാർക് ചെയ്യുന്ന ഇടങ്ങൾ ഇല്ലാതാവും. താമസക്കാരും മറ്റും വേറെ സ്ഥലങ്ങൾ നോക്കേണ്ടിവരും. ജൂലൈ മാസത്തോടെ പുതിയ പാർകിങ് സ്ഥലങ്ങൾ വരുമെന്നാണ് പറയുന്നത്. ദുബൈയിലെ പ്രധാനപ്പെട്ട ആറ് കമ്യൂണിറ്റികളിലാണ് പെയ്ഡ് പാർക്കിങ് നിലവിൽ വരുന്നത്. ജദ്ദാഫ് വാട്ടർഫ്രണ്ട്, അൽ സുഹൂഫ് ഗാർഡൻസ്, അർജാൻ, മജാൻ, ലിവാൻ 1,2, ദുബൈ ലാൻഡ് റെസിഡൻസ് കോംപ്ലക്സ്. രണ്ട് സോണുകളാക്കി തിരിച്ച് വ്യത്യസ്ത ഫീസായിരിക്കും ഈടാക്കുക. ഒരു സോണിൽ അരമണിക്കൂറിന് 2 ദിർഹം ഈടാക്കുമ്പോൾ അടുത്ത സോണിൽ ഒരു മണിക്കൂറിന് 3 ദിർഹവും നൽകണം. തിങ്കൾ മുതൽ ശനി വരെ രാവിലെ 8 മുതൽ രാത്രി 10 വരെയാണ് പാർക്കിങ് ഫീസ് ഈടാക്കുക. എസ്എംഎസ്, വാട്സ് ആപ്പ്, ആർടിഎ ആപ്പ് എന്നിവ വഴി പാർക്കിങ് ഫീസ് അടയ്ക്കാവുന്നതാണ്. പാർക്കിങ് മെഷീനിൽ നേരിട്ട് പണമായും ക്രെഡിറ്റ്, ഡെബിറ്റ്, നോൽ കാർഡുകൾ വഴിയും പണമടക്കാം.




# അബുദാബിയിലെ പ്രധാന റോഡുകൾ ഭാഗികമായി അടച്ചിടും




അബുദാബി: അബുദാബിയിലെ പ്രധാന റോഡുകൾ ശനിയാഴ്ച മുതൽ ഭാഗികമായി അടക്കുമെന്ന് അബുദാബി മൊബിലിറ്റി അറിയിച്ചു. സായിദ് ബിൻ ഷഖ്ബൂത്ത് സ്ട്രീറ്റ് ഭാഗികമായി അടച്ചിടുകയും എതിർവശത്തുള്ള ഗതാഗതം വഴിതിരിച്ചുവിടുകയും ചെയ്യുന്നതാണ്. ജൂലൈ 22 വരെ ഇത് നിലവിലുണ്ടാകും. കൂടാതെ ഇ11 ശൈഖ് മക്തൂം ബിൻ റാഷിദ് റോഡ് ജൂലൈ 3 രാവിലെ 6 വരെ ഭാഗികമായി അടക്കും. അൽ ഷഹാമയിലേക്ക് പോകുന്ന വലത് പാതയാണ് അടക്കുക. അൽ കരാമ സ്ട്രീറ്റിലും ഭാഗിക റോഡ് അടച്ചിടുമെന്ന് അറിയിച്ചിട്ടുണ്ട്. ജൂലൈ 1 പുലർച്ചെ 5 വരെ രണ്ട് വലത് പാതകളായിരിക്കും അടച്ചിടുക. ജൂലൈ 1 രാവിലെ 5 വരെ ഇ10 ശൈഖ് സായിദ് ബിൻ സുൽത്താൻ റോഡ് ഭാഗികമായി അടച്ചിടും. അബുദാബിയിലേക്കുള്ള മൂന്ന് വലത് പാതകളാണ് അടച്ചിരിക്കുന്നത്. ജാഗ്രതയോടെ വാഹനമോടിക്കാനും ട്രാഫിക് നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കാനും അതോറിറ്റി അഭ്യർഥിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 30 ഞായർ
ഗൾഫ് ചന്ദ്രിക

## സൗദിയിൽ ഗാർഹിക തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നു

റിയാദ്: സൗദിയിൽ ഗാർഹിക തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനായി പുതിയ ചട്ടങ്ങൾ നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി വനിതാ വീട്ടുജോലിക്കാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഫീസ് പുതുക്കി നിശ്ചയിച്ചു. ഗാർഹിക തൊഴിൽ മേഖല കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായാണിത്



1 യു.എ.ഇ ദിർഹം 22.70
1 ഒമാനി റിയാൽ 216.79
1 സൗദി റിയാൽ 22.22
1 ഖത്തർ റിയാൽ 21.90
1 കുവൈറ്റ് ദിനാർ 272.06
1 ബഹ്റൈൻ ദിനാർ 221.43



**സ്വർണവില**
(ഗ്രാമിന് -ദിർഹം)

24 കാരറ്റ് 281.75
22 കാരറ്റ് 260.75
21 കാരറ്റ് 252.50
18 കാരറ്റ് 216.50





# യുഎഇയിൽ ഇനി വേനലവധിക്കാലം

## ഉല്ലാസ ദിനങ്ങൾക്ക് തുടക്കം: യാത്രക്കൊരുങ്ങി പ്രവാസികൾ

**റസാഖ് ഒരുമനയൂർ**
അബുദാബി

ഗൾഫ്നാടുകളിലെ സ്കൂളുകൾക്ക് വേനൽ അവധി ആരംഭിച്ചു. രണ്ടുമാസക്കാലം നീളുന്ന അവധിക്കുശേഷം ആഗസ്റ്റ് അവസാനത്തിലും സെപ്റ്റംബർ ആദ്യവാരത്തിലുമാണ് ഇനി സ്കൂളുകൾ തുറന്നുപ്രവർത്തനമാരംഭിക്കുക. വിവിധ സ്കൂളുകളിൽ പരീക്ഷകൾ ഇതിനകം തന്നെ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. ഗൾഫ് നാടുകളിലെ സ്വദേശി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രധാന സ്കൂളുകൾക്കെല്ലാം അധ്യയന വർഷത്തിന്റെ പര്യവസാനമാണ്. എന്നാൽ ഇന്ത്യൻ സ്കൂളുകൾക്ക് വേനൽ അവധി ഇടക്കാല അവധിയാണ്. അധ്യാപകർ, ഇതര ജീവനക്കാർ എന്നിവർക്ക് അടുത്ത ഒരാഴ്ചകൂടി സ്കൂളുകളിൽ തങ്ങളുടെ ജോലികളിൽ തുടരേണ്ടതുണ്ട്. അതിനുശേഷം മാത്രമെ അവരുടെ അവധി ആരംഭിക്കുകയുള്ളു.

കാലത്ത് വളരെ നേരത്തെ എഴുന്നേറ്റ് ആറുമണിക്കുമുമ്പുതന്നെ സ്കൂൾ ബസ്സിന് കാത്തുനിൽക്കുന്ന കുട്ടികൾ ഇനി ഏറെ വൈകുവോളം സുഖനിദ്രയിൽ ലയിക്കും. കുട്ടികളുടെ അവധിക്കാലം ഉമ്മമാരുടെയും ആഹ്ലാദദിനങ്ങളാണ്. നേരംപുലരുമ്പോൾ കുട്ടികളെ സ്കൂളിലയക്കാനുള്ള തയാറെടുപ്പും മറ്റും നടത്തുന്ന രക്ഷിതാക്കൾക്ക് അടുത്ത രണ്ടുമാസക്കാലം വിലയ ആശ്വാസമാണ് നൽകുന്നത്. ചുട്ടുപൊള്ളുന്ന പകലിന്റെ മൂർധന്യത്തിലാണ് കഴിഞ്ഞ ഒരുമാസക്കാലം കുട്ടികൾ സ്കൂളുകളിലും തിരിച്ചു വീടുകളിലുമെത്തിയത്. 50 സെൽഷ്യസിനുമുകളിലെത്തിയ താപനില നട്ടുച്ച നേരത്ത് മാത്രമല്ല രാവിലെയും എല്ലാവരെയും ക്ഷീണിതരാക്കിയിരുന്നു. വരാനിരിക്കുന്ന രണ്ടുമാസക്കാലവും ഉയർന്ന താപനില തുടരുമെങ്കിലും കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉല്ലാസത്തിന്റെ രാപലുകളാണ്.

കഴിഞ്ഞ പത്തുമാസക്കാലത്തെ പഠന ചൂടിൽനിന്നും താൽക്കാലിക വിരാമവുമായി പല പ്രവാസി കു ടുംബങ്ങളും കഴിഞ്ഞദിവസം നാട്ടിലേ ക്ക് മടങ്ങിയിരുന്നു. നൂറുകണക്കിന് പേർ യാത്രക്കുള്ള തയാറെടുപ്പുക ൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഭൂരിഭാഗം പ്രവാസി കുടുംബങ്ങളും ഈയാഴ്ചതന്നെ പറക്കാനുള്ള ത യാറെടുപ്പിലാണ്. അതേസമയം താങ്ങാനാവാത്ത വിമാനനിരക്ക് ഇക്കുറിയും ഒട്ടേറെ പ്രവാസികളുടെ നാട്ടിലേ ക്കുള്ള യാത്രക്ക് വിലങ്ങുതടിയായി മാറിയിട്ടുണ്ട്. നാലും അഞ്ചും അംഗങ്ങളുള്ള കുടുംബം യാത്ര ചെയ്യണമെങ്കിൽ വൻതുക ടിക്കറ്റ് ചെലവ് വരുമെന്നതുകൊണ്ട് പലരും അവധിക്കാലം ഇവിടെത്തന്നെ ചെലവഴിക്കാനുള്ള തീരുമാനത്തിലാണ്.

### മഞ്ഞ ബസുകൾ 'സുഖചികിത്സയ്ക്ക്'




രാവിലെയും ഉച്ചയ്ക്കും ഗതാഗത വരികളെ മഞ്ഞയിൽ മുക്കുന്ന സ്കൂൾ ബസുകൾക്ക ഇനി സുഖചികിത്സാകാലം. അടുത്ത രണ്ടു മാസക്കാലം സ്കൂൾ ബസുകൾ അറ്റകുറ്റപ്പണികളുമായി വിവിധ വർക്ക്ഷോപ്പുകളിലും വിശ്രമകാലമായി സ്കൂൾ പരിസരങ്ങളിലും കിടപ്പുണ്ടാകും. സ്കൂൾ ബസ് ഡ്രൈവർമാ രും അവധിക്കാലം ആഘോഷിക്കുവാൻ നാട്ടിലേക്ക് യാത്ര തിരിക്കുകയാണ്. കഴിഞ്ഞ പത്തുമാസക്കാലം അതീവ ജാഗ്രതയോടെ കുട്ടികളെ സ്കൂളുകളിലും തിരിച്ചു വീടുകളിലും എത്തിച്ച സ്കൂൾ ബസ് ഡ്രൈവർമാർ ആശങ്കയില്ലാത്ത ദിനരാത്രങ്ങളെ ആഘോഷമാക്കാനുള്ള ഒരുക്കത്തിലാണ്. കാലത്തുകുട്ടികളെ സ്കൂളിലും തിരിച്ചു വീടുകളിലും എത്തിക്കുന്നതുവരെ ഡ്രൈവർമാർ അതീവ ജാ ഗ്രതയോടെയാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. കുട്ടികളുടെ സുരക്ഷാ കാര്യത്തിൽ ഡ്രൈവർമാർ പുലർത്തുന്ന അതിസൂക്ഷ്മത പ്രത്യേകം എടുത്തുപറയേണ്ടതാണ്. കുട്ടികളുടെ കാര്യത്തിൽ തികഞ്ഞ സൂക്ഷ്മതയാണ് ഇവർ വെച്ചുപുലർത്തുന്നത്.

### റോഡുകളിൽ തിരക്ക് കുറയും

സ്കൂളുകൾക്ക് അവധി ആരംഭിക്കുകയും നിരവധി കുടുംബങ്ങൾ നട്ടിലേക്ക് യാത്ര തിരിക്കുകയും ചെയ്യുന്നതോടെ ഗൾഫ് നാടുകളിലെ റോഡുകളിൽ തിരക്ക് കുറയും. രാവിലെയും ഉച്ചയ്ക്കും വൈകീട്ടുമെല്ലാം റോഡുകളിൽ അനുഭവപ്പെടുന്ന കനത്ത ഗതാഗത കുരുക്കിന് രണ്ടുമാസത്തോളം വലിയ ആശ്വാസമാകും. അബുദാബി എമിറേറ്റിൽ മാത്രം ആയിരത്തിലേറെ സ്കൂൾ ബസുകൾ ഓടുന്നുണ്ട്. ഇവയിൽ പ്രധാനായും എമിറേറ്റ്സ് ട്രാൻസ്പോർട്ട് കമ്പനിയുടെ ബസുകളാണ്. സ്വകാര്യ ട്രാൻസ്പോർട്ട് കമ്പനികളുടെതായി നൂറുകണക്കിന് മഞ്ഞ ബസുകളുമുണ്ട്. സ്കൂളുടെ സ്വന്തം പേരിലുള്ള ബസുകൾ വേറെയുമുണ്ട്. സ്കൂൾ ബസുകൾ കൂടാതെ മക്കളെ സ്കൂളുകളിൽ വിടാൻ പോകുന്ന രക്ഷിതാക്കളുടെ നൂറുകണക്കിന് കാറുകളും ഈ സമയം റോഡുകളിൽ ഇറങ്ങില്ല. സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും തൽക്കാലം ഇല്ലാതാകുന്നതോടെ അവരുടെ വാഹനങ്ങളും നിത്തിലുണ്ടാവില്ല




കാസർകോട് ജില്ലാ മുസ്‌ലിംലീഗ് നിർമിക്കുന്ന ആസ്ഥാന മന്ദിരം രൂപരേഖ

## കാസർകോട് ജില്ലാ മുസ്‌ലിംലീഗ് ആസ്ഥാന മന്ദിരം യുഎഇതല പ്രചാരണ കാമ്പയിനിൽ പങ്കാളികളാകുക

ദുബൈ: കാസർകോട് ജില്ലാ മുസ്‌ലിംലീഗ് ആധുനിക സംവിധാനങ്ങളോടെ നിർമിക്കുന്ന ആസ്ഥാന മന്ദിരത്തിന്റെ പ്രചാരണാർത്ഥം യുഎഇ കെഎംസിസി കാസർകോട് ജില്ലാ കോർഡിനേഷൻ കമ്മിറ്റി പ്രഖ്യാപിച്ച പ്രചാരണ കാമ്പയിനിൽ പങ്കാളികളാകണമെന്ന് ദുബൈ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ജില്ലയിലെ പഞ്ചായത്ത്,മുനിസിപ്പൽ,മണ്ഡലം,ജില്ലാ ഭാരവാഹികളും ജില്ലയിൽ നിന്നുള്ള മുഴുവൻ ഭാരവാഹികളും പ്രധാന പ്രവർത്തകരും അനുഭാവികളും നിർബന്ധമായും കാമ്പയിനിൽ പങ്കാളികളാകണമെന്ന് ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടി, ജനറൽ സെക്രട്ടറി ഹനീഫ് ടി.ആർ, ആക്ടിങ് ജനറൽ സെക്രട്ടറി പി.ഡി നൂറുദ്ദീൻ ട്രഷറർ ഡോ.ഇസ് മായിൽ ആവശ്യപ്പെട്ടു.

## തൃശൂർ സിഎച്ച് സെന്റർ അബുദാബി ചാപ്റ്റർ മെമ്പർഷിപ്പ് കാമ്പയിൻ ഉദ്ഘാടനം ഇന്ന്




അബുദാബി: തൃശൂർ മെഡിക്കൽ കോളജിനു സമീപം നിർമാണം നടക്കുന്ന സിഎച്ച് സെന്ററിന്റെ അബുദാബി ചാപ്റ്റർ മെമ്പർഷിപ്പ് കാമ്പയിൻ ഉദ്ഘാടനം ഇന്ന് വൈകീട്ട് 7.30ന് അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടക്കും. മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ്,മുസ്‌ലിംലീഗ് തൃശൂർ ജില്ലാ പ്രസിഡന്റ് സി.എ റഷീദ്,കെഎംസിസി സംസ്ഥാന നേതാക്കൾ പങ്കെടുക്കും. തൃശൂർ ഗവ. മെഡിക്കൽ കോളജിനെ ആശ്രയിക്കുന്ന നിർധനരായ കാൻസർ രോഗികൾക്ക് അഭയമാകുന്നതിന് വിശാലമായ സൗകര്യങ്ങളോടുകൂടിയ സി.എച്ച് സെന്ററിന്റെ നിർമാണ പ്രവർത്തനങ്ങൾ വളരെ വേഗതയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനോടാനുബന്ധിച്ചു ജൂലൈ ഒന്നു മുതൽ ആഗസ്റ്റ് 31 വരെ നാട്ടിലും വിദേശ രാജ്യങ്ങളിലുമായി പുതിയ അംഗത്വ കാമ്പയിൻ നടക്കുമെന്ന് തൃശൂർ ജില്ലാ കെഎംസിസി പ്രസിഡന്റ് അൻവർ കൈപ്പമംഗലം. ആക്ടിങ് ജനറൽ സെക്രട്ടറി അബ്ദുല്ല ചേലക്കോട്,സി.എച്ച് സെന്റർ അബുദാബി ചാപ്റ്റർ ജനറൽ കൺവീനർ റസാക്ക് ഒരുമനയൂർ എന്നിവർ അറിയിച്ചു.



അബുദാബി മലയാളി ഫോറം (എ.എം.എഫ്) 'ഫിയസ്ത'യിൽ മുഖ്യാതിഥി സിനിമ താരം അന്നാ രാജൻ (ലിച്ചി) സംസാരിക്കുന്നു

## അബുദാബി മലയാളി ഫോറം 'ഈദ് ഫിയസ്റ്റ'

അബുദാബി: പ്രവാസികളുടെ പെരുന്നാൾ ആഘോഷങ്ങൾക്ക് നിറം പകർന്ന് അബുദാബി മലയാളി ഫോറം (എ.എം.എഫ്) 'ഫിയസ്റ്റ' ഈദ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. സിനിമ താരം അന്നാ രാജൻ (ലിച്ചി) മുഖ്യാതിഥിയായി പങ്കെടുത്ത പരിപാടിയിൽ സ്ത്രീകൾക്കായി മാജിക് ഷെഫ് മത്സരവും കുട്ടികൾക്ക് ഡാൻസ് മത്സരവും നടന്നു. വിജയികളായ അനീസ ജാഫർ, ഡിയാഞ്ചലസ് ഗ്രൂപ്പ് എന്നിവർക്കുള്ള സമ്മാനങ്ങൾ സിനിമ-സീരിയൽ നടി അംബികാ മോഹൻ വിതരണം ചെയ്തു.

അബുദാബിയിലെ സാംസ്കാരിക,സാമൂഹിക രംഗത്തെ പ്രമുഖരായ റഫീക്ക് കായാനയിൽ,ജയറാം റായ്, അഡ്വ.ബൽറാം, ടീം പോപ്പിൻസ് ഹട്ട്,സലീം ചിറക്കൽ, അഷ്റഫ് ലുലു,ലോണാ ബിന്നർ,ഫിറോസ് തുടങ്ങിയവർക്കുള്ള ആദരം ലിച്ചി നിർവഹിച്ചു.

എ.എം.എഫ് അംഗമായ റാഷിദ് ഹമീദിന്റെ പുസ്തക കവർ പ്രകാശവും അൽ ഫോൻസാ ബ്രിഡ്ജറ്റ് അനിൽ വരച്ച ലിച്ചിയുടെ ചിത്ര പ്രദർശനവും നടന്നു. ജിഷ ഷാജി,നിഷാദ് സുബൈർ,സിഎംവി ഫത്താഹ്, ജ്യോതി റേച്ചൽ, റുബീന, മഹേഷ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. റാഷിദ് ഹമീദ് നന്ദി പറഞ്ഞു. നിസാം പാലുവായി, ഇസ്മായിൽ തളങ്കര തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന ഗാനമേള ഈദ് രാവിനെ ആവേശഭരിതമാക്കി. വിവിധ സംഘടനാ പ്രതിനിധികളും, ബിസിനസ്, സാമൂഹിക-സാംസ്കാരിക മേഖലകളിലെ പ്രമുഖരുമായ ഒട്ടേറെ പേർ എ.എം.എഫ് ഫിയസ്ത ഹൃദയത്തോട് ചേർത്ത്വെച്ചു.അനു, ഫഹദ്, ദീന, സെലിൻ, ഷാനു, സുഹൈൽ, അസ്ഹർ, ബദറു, നിതീഷ്, ആരിഫ്, ഷബ്ന, സകരിയ, വി ആർ പൊലീസ് തുടങ്ങിയവർ പരിപാടി നിയന്ത്രിച്ചു.

## തിരുവനന്തപുരം എയർപോർട്ട് യൂസേഴ്സ് ഫീ ഐവൈസിസി ബഹ്റൈൻ പ്രതിഷേധിച്ചു

മനാമ: അടിക്കടി ഉയരുന്ന വിമാന ടിക്കറ്റ് വർധന മൂലം കഷ്ടത അനുഭവിക്കുന്ന പ്രവാസികൾക്ക് വീണ്ടും ഇരുട്ടടിയായ എയർപോർട്ട് യൂസർ ഫീ വർധനവിൽ ഐവൈസിസി ബഹ്റൈൻ ശക്തമായി പ്രതിഷേധിച്ചു. കേരളത്തിൽ അദാനി ഏറ്റെടുത്ത തിരുവനന്തപുരം വിമാനത്താവളത്തിലാണ് യൂസർഫീ ഇരട്ടിയായി വർധിപ്പിച്ചത്.

വിമാനത്താവളത്തിൽ ആദ്യമായി വന്നിറങ്ങുന്നവർക്കുൾപ്പെടെ യൂസർ ഫീ ബാധകമാക്കിയ നടപടികളടക്കം പുനഃപരിശോധിക്കാൻ അധികൃതർ തയാറാവണമെന്നും പ്രവാസികളുടെ മൃതദേഹത്തിന് വരെ തൂക്കം നോക്കി ടിക്കറ്റ് നിരക്ക് ഈടാക്കുന്ന നടപടികളിൽ നാടിന്റെ വികസനത്തിൽ മുഖ്യപങ്കുവഹിക്കുന്ന പ്രവാസി പക്ഷത്തു നിന്ന് മാറ്റമുണ്ടാക്കാൻ കേന്ദ്ര,സംസ്ഥാന സർക്കാരുകളും ജനപ്രതിനിധികളും ഇടപെടണമെന്നും ഐവൈസിസി ബഹ്റൈൻ ദേശീയ പ്രസിഡന്റ് ഷിബിൻ തോമസ്, ജനറൽ സെക്രട്ടറി രഞ്ജിത്ത് മാഹി, ട്രഷറർ ബെൻസി ഗനിയുഡ് എന്നിവർ ആവശ്യപ്പെട്ടു

## ജിസാനിൽ മരിച്ച പരപ്പനങ്ങാടി സ്വദേശി മുസ്തഫയുടെ മൃതദേഹം മറവ് ചെയ്തു



മുസ്തഫ

ജിസാൻ: ജൂൺ 16ന് ജിസാനിലെ ബൈഷിൽ മരിച്ച പരപ്പനങ്ങാടി ചിറമംഗലം സ്വദേശി പരേതനായ കടാക്കൽ ബീരാൻ കുട്ടിയുടെ മകൻ മുസ്തഫയുടെ (45) മൃതദേഹം ദർബിലെ അൽ ഗായിം മഖ്ബറയിൽ മറവ് ചെയ്തു. ദർബിലെ ജോഹറ മസ്ജിദിൽ നടന്ന ജനാസ നമസ്കാരത്തിൽ ബന്ധുക്കളും സുഹൃത്തുക്കളുമടക്കം നിരവധി പേർ പങ്കെടുത്തു. ഹുസൈൻ മിരിയാഹി ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. ദർബിലെ ബൂഫിയയിൽ ജോലി ചെയ്തുവരികയായിരുന്ന മുസ്തഫ പ്രവാസ ജീവിതം തുടങ്ങിയിട്ട് 8 വർഷം പിന്നിട്ടിരുന്നു. ജോലി സ്ഥലത്ത് പെടുന്നനെ തളർന്ന് വീഴുകയും ബോധക്ഷയം സംഭവിക്കുകയും ചെയ്തതിനെ തുടർന്ന് ബൈഷ് ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയാണു മരണം സംഭവിച്ചത്.

മരണ വിവരം അറിഞ്ഞത് മുതൽ ജിസാനിൽ മറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമ നടപടികൾ പൂർത്തിയാക്കിയതടക്കം എല്ലാ സഹായങ്ങളുമായി ജിസാൻ കെഎംസിസി സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് ശംസു പൂക്കോട്ടൂരിന്റെ നേതൃത്വത്തിൽ വൈസ് പ്രസിഡന്റ് സുൽഫി,സെക്രട്ടറി ഷെമീൽ വലമ്പൂർ,ബൈഷ് കെഎംസിസി പ്രസിഡണ്ട് കോമു ഹാജി,ദർബ് കെഎംസിസി ഓർഗനൈസിങ് സെക്രട്ടറി ഷെമീം പാലത്തിങ്ങൽ,വൈസ് പ്രസിഡന്റ് ഷഫീഖ്,ശിഹാബ് എടവണ്ണ തുടങ്ങിയവർ രംഗത്തുണ്ടായിരുന്നു. മരിച്ച മുസ്തഫയുടെ ഭാര്യാ സഹോദരൻ മഹറൂഫ്,ഭാര്യാ പിതാവിന്റെ സഹോദരൻ ഇല്ല്യാസ് തുടങ്ങിയവരും ജിസാനിൽ എത്തിയിരുന്നു. ഖമീഷ് മുശൈത്ത്,ദർബ്,ബൈഷ്,ഷകീഖ് എന്നിവിടങ്ങളിൽ നിന്നായി നിരവധി പേർ അൽ ഗായിം മഖ്ബറയിൽ നടന്ന ഖബറടക്ക ചടങ്ങിൽ പങ്കെടുത്തിരുന്നു. ഭാര്യ:ഹസീന.മക്കൾ: ഫസ്ന,ബാനസീറ,റിൻഷാ,റസ്ന,മുഹമ്മദ് റാസിഖ്. സഹോദരങ്ങൾ: കുഞ്ഞിമുഹമ്മദ്,ഹംസ,സൈതലവി,റഫീഖ്,ശംസുദ്ധീൻ,നൗഷാദ്,ജമീല,ഹസീന.

## എയർപോർട്ട് യൂസേഴ്സ് ഫീ പിൻവലിക്കണം: റൂവി മലയാളി അസോസിയേഷൻ

മസ്കത്ത്: തിരുവനന്തപുരം വിമാനത്താവളത്തിൽ യൂസർഫീ ഇരട്ടിയാക്കിയ നടപടി പ്രവാസികളോട് കാണിക്കുന്ന അനീതിയാണ്. അടിക്കടി ഉയരുന്ന വിമാന ടിക്കറ്റ് വർധനമൂലം നടുവൊടിഞ്ഞ പ്രവാസികൾക്ക് വീണ്ടും ഇരുട്ടടിയായി എയർപോർട്ട് യൂസർഫീയിൽ വർധനയെന്ന് വെള്ളിയാഴ്ച്ച ചേർന്ന ആർഎംഎ എക്സിക്യൂട്ടീവ് യോഗത്തിൽ അഭിപ്രായപ്പെട്ടു. എയർപോർട്ട് യൂസർ ഫീ പിൻവലിക്കാൻ അധികൃതർ തയ്യാറാവണമെന്നും ആർഎംഎ യോഗത്തിൽ ആവശ്യപ്പെട്ടു.

ആർഎംഎ എക്സിക്യൂട്ടീവിലേക്ക് പുതുതായി തിരഞ്ഞെടുത്ത ആഷിക് സക്കറിയ,ബിൻസി സിജോയ് എന്നിവരെ യോഗം അഭിനന്ദിച്ചു. ആർഎംഎ വനിതാ വിങ് പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

ആഗസ്ത് 30ന് ആർഎംഎ സംഘടിപ്പിക്കുന്ന ഫാമി ഫെസ്റ്റ 2024 വലിയ വിജയമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് ഭാരവാഹികൾ അറിയിച്ചു. യോഗത്തിൽ ആർഎംഎ പ്രസിഡന്റ് ഫൈസൽ ആലുവ അധ്യക്ഷനായി. ജനറൽ സെക്രട്ടറി സുനിൽ നായർ സ്വാഗതം പറഞ്ഞു. കമ്മറ്റി അംഗങ്ങളായ പ്രദീപ്,ഷാജഹാൻ,സുജിത്ത് സുഗുണൻ,ബിൻസി സിജോയ് എന്നിവർ പ്രസംഗിച്ചു. ട്രഷറർ സന്തോഷ് നന്ദി പറഞ്ഞു.



ബഹ്റൈൻ സിജി സംഘടിപ്പിച്ച യൂത്ത് ലീഡർഷിപ്പ് ഫിനാലെയിൽ പങ്കെടുത്ത വിദ്യാർഥികൾ പരിശീലകരുടെയും സംഘാടകരുടെയും കൂടെ

## സിജി ബഹ്റൈൻ യൂത്ത് ലീഡർഷിപ്പ് പ്രോഗ്രാം ഫിനാലെ

മനാമ: സിജി ബഹ്റൈൻ സംഘടിപ്പിച്ച രണ്ടു യൂത്ത് ലീഡർഷിപ്പ് പ്രോഗ്രാമുകളുടെ ഫിനാലെ ഉമ്മുൽ ഹസം കിംസ് ആശുപത്രി ഓഡിറ്റോറിയത്തിൽ നടന്നു. ബഹ്റൈൻ സ്റ്റഡി സെന്ററിന്റെ സഹകരണത്തോടെ രണ്ടുമാസം വീതം നടന്ന 'ഡാഫൊഡിൽസ്','ലെജന്റ്സ്' എന്നീ രണ്ടു പരിപാടികളിലെയും കുട്ടികൾ ഒരുമിച്ചു നടത്തിയ കലാവിരുന്ന് നേതൃപാടവവും ആശയവിനിമയ കഴിവുകളും വിളിച്ചോതുന്നതായിരുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാനവികക്ക് വരുത്തുന്ന മാറ്റങ്ങൾ, പ്ലാസ്റ്റിക് ഉപയോഗം ആവാസ വ്യവസ്ഥക്ക് എങ്ങിനെ പ്രഹരമേൽപിക്കുന്നു തുടങ്ങിയ ഗൗരവമായ ചർച്ചകൾക്കും നിർദേശങ്ങൾക്കും കുട്ടികൾ തന്നെ നേതൃത്വം നൽകി. ഡിബേറ്റ്, മോഡൽ യുണൈറ്റഡ് നേഷൻസ് അസംബ്ലി, സ്കിറ്റ് , നിമിഷ പ്രസംഗം തുടങ്ങിയവയിൽ ഭാവി വാഗ്ദാനങ്ങളായ കൗമാരക്കാരായ നേതാക്കളുടെ പ്രകടനം വ്യത്യസ്തത കൊണ്ടും സംഘാടനത്തിന്റെ മികവ് കൊണ്ടും വേറിട്ടതായി.

ചീഫ് മെന്ററും ബഹ്റൈൻ സ്റ്റഡി സെന്റർ ഡയരക്ടറുമായ കമാൽ മുഹിയുദ്ദീൻ പരിപാടികൾക്കു നേതൃത്വം നൽകി. ഡോ. ഷെമിലി പി ജോൺ ഉദ്ഘാടനം ചെയ്തു. ഓവറോൾ ചാമ്പ്യനായി ഹംദാൻ സാലിഹിനെ തിരെഞ്ഞെടുത്തു. ബെസ്റ്റ് ലീഡറായി മനാൽ മൻസൂർ, ബെസ്റ്റ് കമ്മ്യൂണിക്കേറ്റർ ആയി മിൻഹ ഷഹീൻ എന്നിവരെയും തിരഞ്ഞെടുത്തു.

റിയാദ് ശ്രീലങ്കൻ സ്കൂൾ മുൻ പ്രിൻസിപ്പൽ അമാനുല്ല സാലിഹ് സ്വാഗതം പറഞ്ഞു. വിദേശ പരിശീലകരായ ഒലിവർ സംസോറ്റ്, ജീൻ മാർക്, ലാർബി, അനിരുദ് (ഡയരക്ടർ ഉശഷേലല ബഹ്റൈൻ) എന്നിവർ പ്രസംഗിച്ചു. വനിതാ വിങ് പ്രസിഡന്റ് ലൈല ശംസുദ്ദീൻ നന്ദി പറഞ്ഞു. രക്ഷിതാക്കൾ,ട്രെയിനർമാർ, അതിഥികൾ തുടങ്ങി നൂറുകണക്കിനാളുകൾ പങ്കെടുത്തു. കുട്ടികൾക്ക് സർട്ടിഫിക്കറ്റും മികച്ച പ്രവർത്തനതിന് ട്രോഫികളും നൽകി ആദരിച്ചു. മെന്റർമാരായ നൗഷാദ് അമ്മാനത്തു,ലൈല ശംസുദ്ദീൻ, ഫാത്തിമ സീജ, മൗസ യുസുഫ് അലി, യാസിർ എന്നിവർ നിയന്ത്രിച്ചു.

കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തിയ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചു. സിജി ചെയർമാൻ യുസുഫ് അലി,ചീഫ് കോർഡിനേറ്റർ ഫാസിൽ താമരശ്ശേരി, സിജി ഇന്റർനാഷണൽ എച്ച്.ആർ കോർഡിനേറ്റർ ഷിബു പത്തനംതിട്ട, എക്സിക്യൂട്ടീവ് അംഗങ്ങളായ സജീർ, ഹുസൈൻ പങ്കെടുത്തു



അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ എജ്യൂക്കേഷൻ വിഭാഗം സംഘടിപ്പിച്ച പേഴ്സണാലിറ്റി ഡവലപ്മെന്റ് കോച്ചിങ് ക്യാമ്പിൽ ട്രെയിനർ നസ്രീൻ അഹമ്മദ് ബാവ ക്ലാസ് നയിക്കുന്നു

# നിരീക്ഷണം

ഏതൊരുവനെ അല്ലാഹു പിഴവിലാക്കുന്നുവോ അവനെ നേർവഴിയിലാക്കാൻ പിന്നെ ആരുമില്ല. അവരുടെ ധിക്കാരത്തിൽ അന്ധമായി വിഹരിച്ചുകൊള്ളാൻ അല്ലാഹു അവരെ വിട്ടേക്കുന്നതുമാണ്.

(വിശുദ്ധ ഖുർആൻ: 07: 186)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 24 • 1199 മിഥുനം 16 • 11946 ആഷാഢം 09



## അഭ്യാസ മന്ത്രിയും കണക്കിലെ കളിയും

ഒന്നും ഒന്നും കൂട്ടിയാൽ 121 ആകുമോ?. ഇല്ലെന്ന് സ്കൂളിന്റെ ഇറയത്ത് കേറി നിന്നവർക്കു പോലും അറിയാം. എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയുടെ കണക്ക് പ്രകാരം 121 ലും ഒതുങ്ങില്ല. അതുക്കും മേലെയാണ്. ശിവൻകുട്ടിയുടെ പ്ലസ് വൺ പ്രവേശന കണക്ക് സാമാന്യ യുക്തിയുള്ളവർക്കൊന്നും മനസിലാവാത്ത കണക്കാണ്. പ്ലസ് വണ്ണിന് വടക്കൻ കേരളത്തിൽ കുട്ടികൾക്ക് പഠിക്കാൻ സീറ്റില്ലെന്ന് പ്രതിപക്ഷവും പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളും ചൂണ്ടിക്കാട്ടി സമരവുമായി രംഗത്തുവന്നപ്പോൾ ടിയാൻ കുറച്ച് കണക്കുകൾ മുന്നോട്ടു വെച്ചു. ഏതാണ്ട് മോദിയുടെ കരണ്ടി പോലെ. ജനത്തിന് മനസിലാവാത്ത കണക്ക്. മാധ്യമങ്ങളും വിദ്യാർത്ഥി സംഘടനകളും പറയുന്ന സീറ്റിന്റെ കണക്കിനെ പാർട്ടി പത്രത്തിന്റെ കണക്ക് വെച്ച് അവഗണിക്കുന്ന വിദ്യാഭ്യാസ മന്ത്രി അൺ എയ്ഡഡ് സീറ്റുകൾ ഉൾപ്പെടെയുള്ള കണക്കുകൾ പറഞ്ഞും ചില കണക്കുകൾ വിഴുങ്ങിയുമാണ് മലപ്പുറത്തും മലബാറിലെ മറ്റു ജില്ലകളിലും സീറ്റ് പ്രതിസന്ധിയില്ലെന്ന് ആവർത്തിച്ചത്.

മോദി വിദ്യാർത്ഥികൾക്ക് എ പ്ലസ് ബി ഓൾ സ്ക്വയർ ഗുണം ബ്രാക്കറ്റ് സ്ക്വയർ എന്നൊരു കണക്ക് പറഞ്ഞ് കൊടുത്തതു പോലെ ശിവൻ കുട്ടിയുടെ കണക്കും കടുകട്ടിയായിരുന്നു. കണക്ക് പണ്ഡിതൻമാർക്കൊന്നും എത്ര കൂട്ടി, ഗുണിച്ചിട്ടും സംഗതി പിടികിട്ടിയില്ല. ഇനിയെങ്ങാനും കണക്ക് പഠിപ്പിച്ച വിദ്യാഭ്യാസ മന്ത്രിയുടെ അധ്യാപകന് പിഴച്ചതാണോ?. ഇത്രേം വലിയ കണക്കിലെ സമവാക്യമൊക്കെ അറിയുന്ന മന്ത്രിയെ ചുരുങ്ങിയത് അമേരിക്കയിലെ എം.ഐ.ടിയിലെങ്കിലും അധ്യാപകനാക്കേണ്ടതായിരുന്നു. മന്ത്രിക്ക് കട്ട പിന്തുണയുമായി ചില ഇടത് മാധ്യമ വിശാരദൻമാരും എത്തിയിരുന്നു. മലപ്പുറത്ത് വിജയശതമാനവും പാസായവരുടെ എണ്ണവും കൂടുതലാണെങ്കിലും ശതമാനക്കണക്കിൽ എ.പ്ലസ് കൂടുതൽ കിട്ടിയവരുടെ എണ്ണത്തിൽ കുറവുണ്ടായി അതിനാൽ സീറ്റ് കുറഞ്ഞിട്ടില്ലെന്നൊക്കെ പറഞ്ഞ്. അല്ലേലും നിയമസഭയിൽ താണ്ഡവ നൃത്തമാടിയത് ഒഴിച്ചാൽ ഇങ്ങനൊരു മന്ത്രി ഈ മന്ത്രിസഭയിലുണ്ടെന്നത് പത്ര സമ്മേളനങ്ങളിൽ വല്ല അബദ്ധങ്ങളും പറയുമ്പോൾ മാത്രമാണ് മാലോകർ അറിയുന്നത് തന്നെ. പ്ലസ് വൺ പ്രവേശനത്തിന് പത്താം തരത്തിൽ എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് പോലും മലബാറിൽ സീറ്റില്ലെന്ന യാഥാർത്ഥ്യത്തിന് നേരെയാണ് ശിവൻകുട്ടി ഭംഗിയായി കണ്ണടച്ച് ഇരുട്ടാക്കാൻ നോക്കിയത്. സീറ്റില്ലെന്ന് പറഞ്ഞപ്പോൾ പതിവ് പോലെ മലപ്പുറത്തിന്റെ പേര് പറഞ്ഞ് രാഷ്ട്രീയ മുതലെടുപ്പിന് ശ്രമം നടക്കുന്നുവെന്ന് തട്ടിവിട്ടു. ഉപരിപഠനം ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും സീറ്റ് ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. എവിടെ എപ്പോൾ എന്ന് ചോദിച്ചാൽ അത് പിന്നെ... ഞങ്ങൾ... എന്ന പതിവ് ബ.ബ...ബ തന്നെ. പക്ഷേ ഇത്തവണ സംഗതി എട്ടു നിലയിൽ പാളി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഭരണം കൂടി പോയതോടെ ഭരിക്കുന്ന പാർട്ടിയുടെ കുട്ടി സഖാക്കളായ എസ്.എഫ്.ഐക്ക് മലബാറിൽ നിലനിൽപ് അവതാളത്തിലാണെന്ന് മനസിലായി. മുണ്ടുടുത്ത മോദിയുടെ ഭരണത്തിൽ പ്രത്യേകിച്ച് പണിയൊന്നുമില്ലാതെ ഇടക്ക് ഗവർണറെ തടയൽ എന്ന പൊറാട്ട് നാടകവുമായി മാത്രം ജീവിക്കുന്ന എസ്.എഫ്.ഐ എന്ന സംഘടന ഉണ്ടെന്ന് തന്നെ അറിയുന്നത് ചില സഖാക്കൻമാർ ഇറക്കുന്ന സിനിമകൾ വരുമ്പോൾ മാത്രമാണ്. ശിവൻകുട്ടി മാമൻ എന്നൊക്കെ പറഞ്ഞ് കുട്ടികളെ പറ്റിച്ചാൽ സംഗതി ഇനി നടക്കില്ലെന്ന് മനസ്സിലായതോടെ ദേണ്ടെ കിടക്കുന്നു എസ്.എഫ്.ഐ വക ഒരു സമരം, മലബാറിൽ പ്ലസ് വൺ സീറ്റ് പോരെന്ന്. ലീഗിന് ബുദ്ധി ഉപദേശിച്ച് കൊടുക്കുന്ന പൂത്തുലയാത്ത ദിനേശൻമാർ നയിക്കുന്ന പാർട്ടി പത്രം നൽകിയ കണക്ക് തെറ്റെന്ന്. പോരെ പൂരം.

ഇത്രനാളും മാമൻ എന്നും പറഞ്ഞവരൊക്കെ കണക്കിലെ കളിയുമായി ഇറങ്ങിയതോടെ ഒടുവിൽ ശിവൻകുട്ടി തന്നെ കുട്ടി സഖാക്കളെ തള്ളി. സമരമില്ലാതെ വെറുതെ ഇരിക്കുന്നവർക്ക് ഇടക്ക് സമരം ചെയ്യാൻ തോന്നുമെന്ന് മന്ത്രി വെച്ചു കാച്ചി. എസ്.എഫ്.ഐക്കാർ മൂട്ടിലെ പൊടിയും തട്ടി സ്ഥലം വിട്ടു. പക്ഷേ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾ വിടാൻ ഭാവമില്ലായിരുന്നു. സമരത്തോട് സമരം. ഒടുവിൽ സഭയിലെ താണ്ഡവം റോഡിൽ നടക്കില്ലെന്നായപ്പോൾ മന്ത്രി ചർച്ചക്ക് വിളിച്ചു. എന്തായാലും പലതവണ പല കണക്കുകൾ പറഞ്ഞ വിദ്യാഭ്യാസ മന്ത്രി ഒടുവിൽ കുറഞ്ഞ സീറ്റിന്റെ പ്രതിസന്ധി ഉണ്ടെന്ന് അവസാനം സമ്മതിച്ചു. അപ്പോൾ മുമ്പ് മുന്നോട്ടു വെച്ച കണക്കുകൾ?. ആ... ഓൾഡ് ഈസ് ഓൾഡ് എന്നാണല്ലോ.

വിദ്യാഭ്യാസ മന്ത്രിയുടെ പരിപാടി ഇങ്ങനെയൊക്കെയാണെങ്കിൽ അതുക്കും മേലെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്നത്. കർണാടക പൂട്ടിക്കെട്ടിയ നാലു വർഷ ബിരുദം ഇത്തവണ കൊട്ടിഘോഷിച്ച് സംസ്ഥാനത്ത് ഇറക്കാൻ പോവുകയാണ്. സർവകലാശാലകളിൽ പല പഠന ബോർഡുകളിലും മര്യാദക്ക് സിലബസ് പോലും ആയിട്ടില്ല. സർവത്ര കൺഫ്യൂഷൻ. പക്ഷേ മന്ത്രിക്കും പരിവാരങ്ങൾക്കും എന്ത് വന്നാലും ഇത്തവണ നടത്തിയേ പറ്റൂ. ഇതിനായി കോളജുകളിലേക്കും സർവകലാശാലകളിലേക്കും സർക്കുലറുകളുടെ ബഹളമാണ്. അവിടെ എന്തിനും ഏതിനും മോദിയുടെ പടം വെക്കുന്നതെങ്കിൽ ഇവിടെ മുണ്ടുടുത്ത മോദിയുടെ പടം നിർബന്ധം. ഇതും വെച്ച് എൽ.കെ.ജിയിലേക്കും ഒന്നാം ക്ലാസിലേക്കും കുട്ടികളെ പ്രവേശനോത്സവത്തിന് കൊണ്ടുവരുന്നത് പോലെ ഇത്തവണ ബലൂണും പീപ്പിയും മിഠായിയുമായി ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനോത്സവം നടത്താനാണ് നിർദേശം. മന്ത്രിയുടെ പ്രസംഗം, മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗം എന്നിവ തൽസമയം ഓൺലൈനായി കോളജുകളിൽ പ്രദർശിപ്പിക്കണമെന്നാണ് ഉത്തരവ്. കോളജുകളിലെ പ്രവേശനം പോലും പൂർത്തിയാവാതെയാണ് എന്റെ തല, എന്റെ ഫുൾഫിഗർ എന്ന വെറും ഷോ നടത്തുന്നത്.

പ്രതിച്ഛായ

# പാപഭാരത്തിൽ എരിയുന്ന സി.പി.എം

**ഫൈസൽ മാടായി**

എത്രയോ അമ്മമാരുടെ കണ്ണീർ വീണ മണ്ണ്. കുടുംബ ഭാരം ഏറ്റെടുക്കേണ്ട സന്തതി കൾ തനിച്ചാക്കി പോയ സങ്കടവും പേറി പുത്ര വിരഹത്തിൽ കഴിയുന്ന മാതാപിതാക്കൾ, കൂടപിറപ്പിനെ നഷ്ടപ്പെട്ട സഹോദരങ്ങൾ, ഒരുമിച്ച് ജീവിത സ്വപ്നങ്ങൾ കണ്ട് തുടങ്ങും മുമ്പ് വിധവയാകേണ്ടി വന്ന സഹോദരിമാർ.. ബന്ധങ്ങൾക്ക് മേൽ തീരാദു:ഖത്തിന്റെ ഓർമകളുമായി കഴിയുന്ന എണ്ണമില്ലാത്ത ജീവിതങ്ങളുണ്ട് കൊണ്ടും കൊടുത്തും രാഷ്ട്രീയ പകപോക്കൽ തീർത്ത കണ്ണൂരിൽ. നൊന്തുപെറ്റ മക്കൾ കഠാരമുനയിൽ തീർന്ന് ജീവനറ്റ് കിടക്കേണ്ടി വന്ന ദയനീയാവസ്ഥയിൽ തളർന്നുപോയവർ.

രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കുന്നതിൽ മുന്നിൽ ഒരു ഭാഗത്ത് സി.പി.എമ്മായിരുന്നെങ്കിൽ മറുഭാഗത്ത് ആർ.എസ്.എസും ബി.ജെ.പിയുമായിരുന്നു. കൊലക്കത്തിക്ക് മൂർച്ച കൂട്ടി ബോംബുകൾ നിർമിച്ചെടുത്ത് പകപോക്കലിന്റെ ഇരുണ്ട ഇന്നലെകൾ തീർത്ത ശൗര്യങ്ങൾക്കിരയായവരിൽ നിരപരാധികളായ മുസ്‌ലിംലീഗ്, കോൺഗ്രസ് പ്രവർത്തകരുമുണ്ട്. പരിശീലനം സിദ്ധിച്ച ക്വട്ടേഷൻ സംഘങ്ങൾ നേരിന്റെ രാഷ്ട്രീയത്തിൽ പ്രവർത്തിച്ച യുവാക്കളെ കൊന്നു തള്ളിയത് സി.പി.എമ്മിനുവേണ്ടിയിരുന്നു. സി.പി.എമ്മിനും ബി.ജെ.പിക്കും വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും ജീവനെടുത്ത, ബോംബുകൾ സ്വരൂപിച്ചുവെക്കുമെന്ന കുപ്രസിദ്ധിയിൽ കണ്ണൂരിലെ കിഴക്കൻ മേഖലകളായ പാനൂരിലും ചെറുവാഞ്ചേരിയിലും തലശ്ശേരിയിലും വർഷങ്ങളോളം അശാന്തി തീർത്ത കൊലപാതകങ്ങൾ അനാഥമാക്കിയത് നൂറുകണക്കിന് കുടുംബങ്ങളെയാണ്.

മക്കൾ നഷ്ടപ്പെട്ട, പിതാവ് നഷ്ടപ്പെട്ട, ഭർത്താവ് നഷ്ടപ്പെട്ട, കൂടപ്പിറപ്പുകൾ നഷ്ടപ്പെട്ട നിരവധി ജീവിതങ്ങൾ ജില്ലയിൽ പലയിടത്തുമുണ്ട്. പാർട്ടിക്കോടതി വിചാരണക്കിരയായി നിഷ്ഠൂരമായി കൊന്നുതള്ളിയ അരിയിൽ ഷുക്കൂറിനെ പോലെ, ഷുഹൈബിനെ പോലെ, മൻസൂറിനെ പോലെ സി.പി.എം ഗൂഢാലോചനയിൽ തീർത്തുകളഞ്ഞ മക്കളുടെ അമ്മമാരുടെ, ഭർത്താവ് നഷ്ടപ്പെട്ട വിധവകളുടെ കണ്ണീർ അത്ര പെട്ടെന്നൊന്നും തോരില്ല. ഉള്ളുലക്കുന്ന ഓർമകളുടെ ഇരമ്പലിനിടയിലും തങ്ങളുടെ ഉറ്റവരെ ഇല്ലാതാക്കിയവർ ശിക്ഷ അനുഭവിക്കുമെന്ന വിശ്വാസമാണ് ജീവിതത്തിൽ അവരെ പിടിച്ചുനിർത്തുന്നത്. നിയമ പോരാട്ടത്തിനൊപ്പം പ്രാർഥനയുടെ കരുത്ത് തന്നെയാകാം കണ്ണൂർ രാഷ്ട്രീയത്തിൽ യമരാജനായിരുന്നവർ ഉൾപ്പെടെയുള്ളവരെ പതനത്തിലേക്ക് നയിക്കുന്നത്. നാടിനും സമൂഹത്തിനും ഉപകാരം മാത്രം ചെയ്തിരുന്ന മകൻ നഷ്ടപ്പെട്ട വേദനയിൽ ഷുക്കൂറിന്റെ മാതാവ് മക്കയിൽ പോയി പ്രാർഥിച്ചതിന്റെ കൂടെ ഫലമാകാം സി.പി.എം പാർട്ടി തലത്തിൽ ഇന്ന് അനുഭവിക്കുന്ന പതനം.



പി. ജയരാജൻ



മനു തോമസ്

കണ്ണൂരിലെ കൊലപാതക രാഷ്ട്രീയത്തിലെ മുഖ്യ സൂത്രധാരൻ പി. ജയരാജനെ ഗൂഢാലോചന കേസിൽ ജയിലറകൾക്കുള്ളിലെത്തിച്ചതോടെ തുടങ്ങുന്നു സി.പി.എം കൊലപാതക രാഷ്ട്രീയത്തിനെതിരെ ഷുക്കൂറിന്റെ മാതാവും മുസ്‌ലിംലീഗും നടത്തിയ പോരാട്ട വിജയം. മുൻകാലങ്ങളിൽ പാർട്ടി നിർദേശപ്രകാരം ക്വട്ടേഷൻ സംഘങ്ങളാൽ വകവരുത്തി വാടക പ്രതികളെ പൊലീസിന് മുന്നിലെത്തിക്കുന്ന പതിവ് തന്ത്രങ്ങൾ പൊളിക്കുന്നതായിരുന്നു എടയന്നൂരിലെ ഷുഹൈബ് വധക്കേസിൽ പ്രതി ആകാശ് തില്ലങ്കേരിയെ നിയമത്തിന് മുന്നിലെത്തിക്കാനായത്. യു.ഡി.എഫ് ഒറ്റക്കെട്ടായി നടത്തിയ പോരാട്ടത്തിന്റെ വിജയമായിരുന്നു അത്.

> സാധാരണ അണികളുടെ വികാരം മാനിക്കാതെ പൂർണമായും മാറിയ സി.പി.എമ്മിന്റെ അധ:ഃപതനം തുറന്നുകാണിക്കുന്നതായിരുന്നു ഡി.വൈ.എഫ്.ഐ മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റും സി.പി.എം ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന മനുതോമസിന്റെ വെളിപ്പെടുത്തൽ. ടി.പി ചന്ദ്രശേഖരൻ വധവും ഷുഹൈബ് വധവും വിപ്ലവമല്ല വൈകൃതമാണെന്ന മനുതോമസിന്റെ ഫെയ്സ്ബുക്ക് കുറിപ്പ് സി.പി.എമ്മിന്റെ കൊലപാതക രാഷ്ട്രീയത്തോട് പാർട്ടിക്കുള്ളിലെ പുതിയ തലമുറ പുറംതിരിയുകയാണെന്ന വസ്തുതകളുടെയും പുനർവിചിന്തനത്തിന്റേതും കൂടിയാണ്.

ആകാശ് തില്ലങ്കേരിയും സ്വർണക്കടത്ത് കേസിലെ പ്രതി അർജുൻ ആയങ്കിയും ഉൾപ്പെടെ ക്വട്ടേഷൻ, മാഫിയ സംഘം പാർട്ടിക്ക് മീതെ വലിയ ശക്തിയായി മാറിയതോടെ അവരെ തള്ളാനും കൊള്ളാനുമാകാത്ത പരുവത്തിൽ ക്രിമിനൽ സംഘം നിയന്ത്രിക്കുന്ന അവസ്ഥയിലെത്തി നിൽക്കുകയാണ് ഇന്ന് സി.പി.എം. സാധാരണ അണികളുടെ വികാരം അറിയാതെ പൂർണമായും മാറിയ സി.പി.എമ്മിന്റെ അധപതനം തുറന്നുകാണിക്കുന്നതായിരുന്നു ഡി.വൈ.എഫ്.ഐ മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റും സി.പി.എം ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന മനുതോമസിന്റെ വെളിപ്പെടുത്തൽ. പാർട്ടി വിട്ട മനുതോമസ് സി.പി.എം ഇന്ന് എത്തിനിൽക്കുന്ന നെറികേട് തുറന്നടിച്ചതോടെ പ്രതിരോധിക്കാനെത്തിയ മുൻ ജില്ലാ സെക്രട്ടറി പി. ജയരാജന്റെ ക്വട്ടേഷൻ, മാഫിയാ ബന്ധം വെളിപ്പെടുത്തുന്നതിലേക്കെത്തുകയായിരുന്നു. ഇത് പാർട്ടിയെ തന്നെയാണ് പ്രതിരോധത്തിലാക്കിയത്. ജയരാജനെ പരസ്യ സംവാദത്തിന് ക്ഷണിച്ചതിന് പിന്നാലെ പി. ജയരാജന്റെ മകനും ആകാശ് തില്ലങ്കേരിയുമുൾപ്പെടെയുള്ളവരിൽ നിന്ന് വധഭീഷണിയെത്തിയിട്ടും പതറിയില്ല മനുതോമസ്. സ്വർണക്കടത്ത് ക്വട്ടേഷൻ സംഘവുമായി ജയരാജന്റെ മകന്റെ ബന്ധവും കൂടി വെളിപ്പെടുത്തിയതോടെ സി.പി.എം ഗൂഢാലോചനയിൽ നടപ്പാക്കിയ കൊലപാതകങ്ങൾ പലതും തെളിയിക്കപ്പെടുമെന്ന അവസ്ഥയിൽ പഴയ അടവുകൾ ഇനിയങ്ങോട്ട് ഫലിക്കില്ലെന്നിടത്തേക്കാണ് പാർട്ടിയും നേതൃത്വവും എത്തിനിൽക്കുന്നത്. ടി.പി ചന്ദ്രശേഖരൻ വധവും ഷുഹൈബ് വധവും വിപ്ലവമല്ല വൈകൃതമാണെന്ന മനുതോമസിന്റെ ഫെയ്സ്ബുക്ക് കുറിപ്പ് സി.പി.എമ്മിന്റെ കൊലപാതക രാഷ്ട്രീയത്തോട് പാർട്ടിക്കുള്ളിലെ പുതിയ തലമുറ പുറംതിരിയുകയാണെന്ന വസ്തുതകളുടെയും പുനർവിചിന്തനത്തിന്റേതും കൂടിയാണ്. പാർട്ടി കോട്ടയിലുൾപ്പെടെ വലിയ വോട്ട് ചോർച്ചയിലേക്ക് നയിച്ച് പാർലമെന്റ് തിരഞ്ഞെടുപ്പിൽ കനത്ത തോൽവി ഏറ്റുവാങ്ങിയ സി.പി.എമ്മിനെ അണികൾ കൈവിട്ട സാഹചര്യത്തിൽ പാർട്ടിയുടെ ഉത്തരവാദിത്തപ്പെട്ട യുവജന പ്രവർത്തകരിൽ പലരും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നിന്ന് മാറി നിന്നിട്ടുണ്ടാകാമെന്നാണ് മനുതോമസിന്റെ തുറന്നുപറച്ചിലിൽ പുറത്ത് വരുന്ന സൂചനകൾ.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുൾപ്പെടെ പാർട്ടിയെ നിയന്ത്രിക്കപ്പെടുമ്പോൾ അണികൾക്കിടയിലും പൊതുസമൂഹത്തിലും ഒറ്റപ്പെടുകയാണ് സി.പി.എം. കൊലപാതകവും ബോംബ് നിർമാണവുമായി എതിർപക്ഷത്തുള്ളവരെ കൊന്നുതള്ളി സി.പി.എം പിന്തുടരുന്ന നയം അനേകം അമ്മമാരുടെ ശാപമേറ്റുവാങ്ങി ആ പാപ ഭാരത്തിൽ പി. ജയരാജനുൾപ്പെടെ ക്വട്ടേഷൻ, മാഫിയാ സംഘങ്ങളെ വളർത്തിയ നേതാക്കളിലൂടെ സി.പി.എം വലിയ തകർച്ച നേരിട്ടേക്കാമെന്ന അവസ്ഥയിലാണ് എത്തിനിൽക്കുന്നത്. ബി.ജെ.പിക്ക് കേരളത്തിൽ സാഹചര്യമൊരുക്കിയ അവിശുദ്ധ ബാന്ധവവും മുഖ്യമന്ത്രിയുൾപ്പെട്ട മാസപ്പടി ആരോപണ അന്വേഷണവും സാമ്പത്തിക തിരിമറിയും പെൻഷനും ആനുകൂല്യവും നിഷേധിച്ച് സാധാരണക്കാരെ കൈവിട്ട ഭരണവും ബംഗാൾ പോലെ പാർട്ടിയുടെ തകർച്ചക്ക് വേഗം കൂട്ടുമെന്നാണ് വിലയിരുത്തൽ.

# വൈദ്യുതിയോട് കരുതൽ വേണം

**കെ.പി.നൗഷാദ്**

എല്ലാവിധത്തിലുള്ള സുരക്ഷാ നിയമങ്ങളും ക്രമീകരണങ്ങളും പാലിച്ചുകൊണ്ട് അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും അപകട സാധ്യത ഏറെയുള്ളതുമായ മേഖലയാണ് വൈദ്യുതി മേഖല. നിയമങ്ങൾ പാലിച്ച് അടുക്കും ചിട്ടയോടും കൂടി പ്രവർത്തിച്ചാൽ മാത്രമാണ് ഏതൊരു ജോലിയും അപകടരഹിതമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. ലോകത്താകമാനമുള്ള സാങ്കേതികവിദ്യയുടെ വളർച്ച വൈദ്യുതി മേഖലയിലും വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നിരുന്നാലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പ്രവൃത്തികൾ മൂലം ഈ മേഖലയിൽ ഒട്ടേറെ അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. സമീപകാലത്ത് കെ.എസ്.ഇ.ബി.സുരക്ഷാ വിഭാഗത്തിന്റെയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും പ്രവർത്തനങ്ങളും ബോധവൽക്കരണവും മൂലം വൈദ്യുതി അപകടങ്ങൾ കുറക്കാൻ കഴിഞ്ഞിട്ടുണ്ട്.

വൈദ്യുതി മേഖലയിൽ സുരക്ഷിതമായി ജോലി ചെയ്യുന്നതിന് നടപടിക്രമങ്ങളും മാർഗനിർദേശങ്ങളും അത്യാവശ്യമാണ്. ഇന്ത്യയിലെ എല്ലാ വൈദ്യുതി യൂട്ടിലിറ്റികളോടും സുരക്ഷാ നയവും സുരക്ഷാ നടപടിക്രമങ്ങളും രൂപപ്പെടുത്തണമെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിലും സുരക്ഷാ നയവും സുരക്ഷാനടപടി ക്രമങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ബോർഡിലെ മുഴുവൻ ലൈൻമാൻമാർക്കും സുരക്ഷാ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റുകൾ നൽകുകയും ഓഫീസുകളിൽ ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ ജീവനക്കാർക്കും മതിയായ സുരക്ഷാ പരിശീലനവും നൽകിവരുന്നു.

വൈദ്യുതി അപകടങ്ങൾ സംഭവിക്കാതിരിക്കുന്നതിനും അപകടം സംഭവിച്ചാൽ വൈദ്യുതാഘാതത്തിന്റെ തീവ്രത കുറക്കുന്നതിനും വേണ്ടി എടുക്കുന്ന മുൻകരുതലുകളാണ് വൈദ്യുതി സുരക്ഷാപാലനം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. വൈദ്യുതികൊണ്ടു പ്രവർത്തിക്കുന്ന ഉപകരണങ്ങളിൽ നിന്നോ വൈദ്യുതി കടന്നു പോകുന്ന ലൈനുകളിൽ നിന്നോ പ്രതിഷ്ഠാപനങ്ങളിൽ നിന്നോ മനുഷ്യനോ മറ്റു ജീവജാലങ്ങൾക്കോ ശാരീരികമായ പരിക്കുകളോ ജീവഹാനിയോ സംഭവിക്കാതിരിക്കാനും വസ്തു വഹകൾക്കും ഉപകരണങ്ങൾക്കും നാശം വരാതിരിക്കാനും ഏതെങ്കിലും കാരണവശാൽ അപകടം സംഭവിച്ചാൽ അപകട തീവ്രത കുറക്കുന്നതിനും വേണ്ടി കൈക്കൊള്ളുന്ന എല്ലാ മുൻകരുതലുകളും നടപടികളും സുരക്ഷാപാലനമായി കരുതാം. വൈദ്യുതി സുരക്ഷയുടെ സന്ദേശവുമായി ദേശീയ സുരക്ഷാ കൗൺസിലും (NSC) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയും (CEA) ചേർന്ന് എല്ലാ വർഷവും ജൂൺ 26 മുതൽ ജൂലൈ 2 വരെ നടത്തുന്ന 'ദേശീയ വൈദ്യുതി സുരക്ഷാ വാരം' വിവിധ പരിപാടികളോടെ കെ.എസ്.ഇ.ബിയിലും ആചരിക്കുന്നു. 'വൈദ്യുതി സുരക്ഷ സ്കൂളിൽ നിന്ന് തുടങ്ങുന്നു' എന്നതാണ് ഇലക്ട്രിക്കൽ സേഫ്റ്റി വീക്ക് 2024 ന്റെ സന്ദേശവാക്യം. വാരാചരണത്തോടനുബന്ധിച്ച്, ക്ലാസുകൾ, പോസ്റ്റർ പ്രദർശനം, സുരക്ഷാ സർവ്വേ, റോഡ്ഷോ എന്നിവ സംഘടിപ്പിക്കും.

### ദേശീയ വൈദ്യുതി സുരക്ഷാവാരം ജൂൺ 26 – ജൂലൈ രണ്ട്

പൊതുജനങ്ങൾ, വൈദ്യുതി ജീവനക്കാർ, വയറിംഗ് തൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ളവരിലും വൈദ്യുതി സുരക്ഷയുടെ സന്ദേശമെത്തിക്കുകയും വൈദ്യുതി ഉപകരണങ്ങളും, പ്രതിഷ്ഠാപനങ്ങളും കൈകാര്യം ചെയ്യുമ്പോൾ സുരക്ഷിതമല്ലാത്ത പ്രവർത്തനങ്ങളുടെ അപകട സാധ്യതകളെക്കുറിച്ച് ബോധവാൻമാരാക്കുകയുമാണ് സുരക്ഷാ വാരാചരണത്തിന്റെ മുഖ്യ ലക്ഷ്യം.

### ഈ കാര്യങ്ങൾ ശ്രദ്ധയിൽ വേണം

വൈദ്യുത ലൈനുകൾക്ക് താഴെ ക്രെയിനുകൾ, ടിപ്പർ ലോറികൾ തുടങ്ങിയ ഉയരംകൂടിയ വാഹനങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അപകട സാധ്യതയുള്ളതിനാൽ കൂടുതൽ ജാഗ്രത പാലിക്കുക. വൈദ്യുത ലൈനുകൾക്ക് സമീപമുള്ള വൃക്ഷങ്ങളിൽ നിന്നും ചക്ക, മാങ്ങ, തേങ്ങ തുടങ്ങിയ ഫലങ്ങൾ ഇരുമ്പ് അലുമിനിയും പോലുള്ള ലോഹ തോട്ടികൾ ഉപയോഗിച്ച് പറിച്ചെടുക്കാൻ ശ്രമിക്കരുത്.

വൈദ്യുത കമ്പി പൊട്ടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു കാരണവശാലും അതിന്റെ സമീപത്ത് പോവുകയോ സ്പർശിക്കുകയോ ചെയ്യരുത്. വെള്ളത്തിൽ വൈദ്യുത കമ്പി പൊട്ടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ലൈൻ ഓഫാക്കി എന്ന് ഉറപ്പാക്കാതെ ഒരു കാരണവശാലും ആ വെള്ളത്തിൽ ചവിട്ടരുത്. വൈദ്യുത കമ്പി പൊട്ടിയ വിവരം എത്രയും വേഗം തൊട്ടടുത്ത കെ.എസ്.ഇ.ബി ഓഫീസിൽ അറിയിക്കുകയോ 9496010101 എന്ന നമ്പറിൽ വിളിച്ചറിയിക്കുകയോ ചെയ്ത് അപകടം ഒഴിവാക്കണം.

> കേബിൾ ടി.വി അഡാപ്റ്ററിന്റെ ലോഹഭാഗങ്ങളിൽ സ്പർശിക്കരുത്. നനഞ്ഞ കൈവിരലുകൾ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കരുത്. നനഞ്ഞ പ്രതലത്തിൽ നിന്ന് വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നത് അപകടകാരണമാകുന്നു. കുട്ടികൾക്ക് കയ്യെത്തുംവിധം വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കുന്നത് അപകടത്തിന് വഴിയൊരുക്കും.

കട്ടർ, ഡ്രിൽ, വെൽഡിംങ് മെഷിൻ തുടങ്ങിയ നിർമ്മാണ ഉപകരണങ്ങൾ ഗുണനിലവാരമുള്ളവ മാത്രം ഉപയോഗിക്കുക. അവ ഉപയോഗിക്കുമ്പോൾ വൈദ്യുതി സമ്പർക്കത്തിലൂടെ അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻ കരുതലുകൾ കൈക്കൊള്ളണം. ജോയിന്റുകളില്ലാത്ത വയറുകൾ മാത്രമേ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവൂ. ഷോക്കേറ്റ വ്യക്തിയെ വൈദ്യുത ബന്ധം വിച്ഛേദിച്ച ശേഷം മാത്രമേ സ്പർശിക്കാവൂ. വൈദ്യുതി ആഘാതം ഏറ്റ ആളിനെ ഉണങ്ങിയ തടികഷ്ണം പോലെ വൈദ്യുതി പ്രവഹിക്കാത്ത വസ്തു ഉപയോഗിച്ച് മാത്രം വൈദ്യുത ബന്ധത്തിൽ നിന്ന് വേർപ്പെടുത്തുക.

വീടുകളിലും സ്ഥാപനങ്ങളിലും ഇ.എൽ.സി.ബി അല്ലെങ്കിൽ ആർ.സി.സി.ബി എന്ന ഉപകരണം കൂടി വീട് വയറിങ് ചെയ്യുമ്പോൾ ഉൾപ്പെടുത്തുക. താൽക്കാലിക ആവശ്യത്തിനായി എടുക്കുന്ന കണക്ഷന്റെ തുടക്കത്തിൽതന്നെ ഇ.എൽ.സി.ബി ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. വൈദ്യുതി ലൈനിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കാതെ കെട്ടിട നിൽമ്മാണ പ്രവർത്തങ്ങൾ തടത്തുന്നതും നീളം കൂടിയ ലോഹ നിർമ്മിത പൈപ്പുകൾ ഉള്ള റോളർ ബ്രഷുകൾ ഉപയോഗിച്ച് പെയിന്റിംങ് ജോലികൾ ചെയ്യുന്നതും അപകടങ്ങൾക്ക് വഴിയൊരുക്കും. കേബിൾ ടി.വി അഡാപ്റ്ററിന്റെ ലോഹഭാഗങ്ങളിൽ സ്പർശിക്കരുത്. നനഞ്ഞ കൈവിരലുകൾ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കരുത്. നനഞ്ഞ പ്രതലത്തിൽ നിന്ന് വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നത് അപകടകാരണമാകുന്നു. കുട്ടികൾക്ക് കയ്യെത്തുംവിധം വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കുന്നത് അപകടത്തിന് വഴിയൊരുക്കും.

വൈദ്യുത ലൈനുകളുടെ മുകളിൽകൂടി വൃക്ഷങ്ങൾക്കുള്ള താങ്ങ് കമ്പി വലിച്ചു കെട്ടരുത്. വൈദ്യുത പോസ്റ്റുകളിലോ സ്റ്റേകളിലോ കന്നുകാലികളെ കെട്ടരുത്. ഇരുമ്പു വേലികളിലേക്ക് വൈദ്യുതി കടത്തിവിടുന്നതും വൈദ്യുതി ഉയോഗിച്ച് മീൻപിടിക്കുന്നതും അപകടം ഉണ്ടാക്കും. വൈദ്യുതി ലൈനുകൾക്ക് സമീപമോ താഴെയോ മരങ്ങൾ നട്ടു വളർത്തരുത്. ലൈനുകൾക്ക് സമീപമുള്ള വൃക്ഷങ്ങളും ശിഖരങ്ങളും വെട്ടി മാറ്റുന്നതിന് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുമായി സഹകരിക്കുക. ഇടിമിന്നലുള്ളപ്പോൾ വൈദ്യുത ഉപകരണങ്ങളിൽ സ്പർശിക്കുകയോ അവ പ്രവർത്തിപ്പിക്കുകയോ ചെയ്യരുത്. വൈദ്യുത ഉപകരണങ്ങളിലോ സമീപത്തോ തീപിടുത്തമുണ്ടായാൽ ഉടൻ സ്വിച്ച് ഓഫാക്കുക. തീ അണക്കുന്നതിനുവേണ്ടി വൈദ്യുതി ഉപകരണങ്ങളിൽ വെള്ളമൊഴിക്കരുത്.

ലൈസൻസ് ഉള്ളവരെകൊണ്ട് മാത്രമേ വൈദ്യുതി ജോലികൾ ചെയ്യിക്കാവൂ.വയറിംഗിന്റെ എർത്ത് ശരിയായ രീതിയിൽ ആണെന്ന് നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തണം. എർത്ത് വയറിൽ സ്പർശിക്കരുത്. ഐ.എസ്.ഐ നിലവാരമുള്ള സാമഗ്രികൾ മാത്രം വയറിംഗിന് ഉപയോഗിക്കുക. ഏതെങ്കിലും കാരണത്താൽ വീട്/സ്ഥാപനത്തിലെ ഫ്യൂസ് പോവുകയോ ഇ.എൽ.സി.ബി ട്രിപ്പ് ആവുകയോ ചെയ്താൽ അതിന്റെ കാരണം കണ്ടെത്തി പരിഹരിച്ചതിന് ശേഷം മാത്രം വീണ്ടും സപ്ലൈ ചാർജ്ജ് ചെയ്യുക. വൈദ്യുതി സംബന്ധമായി പരാതികളും വിവരങ്ങളും ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിലും 1912 എന്ന കെ.എസ്.ഇ.ബി യുടെ ടോൾഫ്രീ നമ്പറിലും 9496001912 എന്ന നമ്പറിലും അറിയിക്കാവുന്നതാണ്.

*(വൈദ്യുതി ബോർഡിൽ സബ് എഞ്ചിനിയറും ഊർജ്ജസംരക്ഷണ റിസോഴ്സ് പേഴ്സണുമാണ് ലേഖകൻ)*

RNI 3018/1957 Vol No. 91. Issue No.168 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## കേരളത്തിലെ തോൽവി അമ്പരപ്പിക്കുന്നത്

ന്യൂഡൽഹി: നഷ്ടമായ ജനവിശ്വാസം തിരിച്ചുപിടിക്കണമെന്ന് സി.പി.എം കേന്ദ്രക്കമ്മിറ്റിയിൽ പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. തിരഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിലെ റിപ്പോർട്ടിലാണ് പരാമർശം. കേരളത്തിലെ തോൽവി അമ്പരപ്പിക്കുന്നതാണെന്ന് യെച്ചൂരി അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. സാമ്പത്തിക ഞെരുക്കമുണ്ടായെന്നത് വാസ്തവമാണെങ്കിലും ക്ഷേമ പ്രവർത്തനങ്ങളിൽ ജനങ്ങളിൽ എത്തിക്കാൻ സാധിക്കാത്തത് തോൽവിയുടെ കാരണമായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.



## ഒമ്പതു ദിവസത്തിനുള്ളിൽ തകർന്നത് അഞ്ചു പാലങ്ങൾ

പറ്റ്ന: ബിഹാറിൽ ഒമ്പതു ദിവസത്തിനുള്ളിൽ അഞ്ച് പാലങ്ങൾ തകർന്നതിൽ മുഖ്യമന്ത്രി നിതീഷ്കുമാറിനെ പരിഹസിച്ച് ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ്. ഒമ്പതു ദിവസത്തിനിടെ തകരുന്ന അഞ്ചാമത്തെ പാലമാണിതെന്നു ചൂണ്ടിക്കാട്ടിയ അദ്ദേഹം മധുബാനിക്കും സുപോളിനും ഇടയിലെ ഭൂതാഹി പാലം തകർന്നതിന്റെ ചിത്രവും പങ്കുവെച്ചു. പാലം തകരാനുള്ള കാരണം നിങ്ങൾ കണ്ടെത്തിയോ അതോ ഞങ്ങൾ കണ്ടെത്താൻ ശ്രമിക്കണോ?എന്ന് തേജസ്വി യാദവ് ചോദിച്ചു.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## മാനനഷ്ടക്കേസ്: ഹാജരായി അതിഷി



ന്യൂഡൽഹി: അപകീർത്തിക്കേസിൽ വീഡിയോ കോൺഫറൻസ് വഴി കോടതിയിൽ ഹാജരായി ഡൽഹി മന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അതിഷി മർലേന. മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് താനിയ ബാംനിയാൽ മുമ്പാകെയാണ് ഹാജരായത്. കേസിൽ വാദം കേൾക്കാൻ ജൂലായ് 23-ലേക്ക് ലിസ്റ്റ് ചെയ്തു. ബി.ജെ.പിയിൽ ചേരണമെന്നാവശ്യപ്പെട്ട് ഏറ്റവും അടുപ്പമുള്ള ഒരാളിലൂടെ തന്നെ സമീപിച്ചുവെന്ന അതിഷിയുടെ വെളിപ്പെടുത്തലിനു പിന്നാലെ ബി.ജെ.പി നേതാവ് പ്രവീൺ ശങ്കർ കപൂറാണ് മാനനഷ്ടത്തിന് പരാതി നൽകിയത്. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിനെതിരെയും പരാതി നൽകിയെങ്കിലും മേൽവിലാസം ശരിയല്ലെന്ന് ചൂണ്ടിക്കാട്ടി തള്ളിയിരുന്നു. മുതിർന്ന അഭിഭാഷകൻ രമേഷ് ഗുപ്തക്കൊപ്പമാണ് അതിഷി മജിസ്ട്രേറ്റ് മുമ്പാകെ ഹാജരായത്.

## നേപ്പാളിൽ മണ്ണിടിച്ചിൽ; ഒമ്പതു മരണം

കാഠ്മണ്ഡു: നേപ്പാളിലുണ്ടായ ശക്തമായ മണ്ണിടിച്ചിലിൽ മൂന്നു കുട്ടികൾ ഉൾപ്പെടെ ഒമ്പതു പേർ മരിച്ചു. വടക്കൻ കാഠ്മണ്ഡുവിൽ നിന്ന് 250 കിലോമീറ്റർ അകലെ ഗുൽമി ജില്ലയിലെ മാലിക ഗ്രാമത്തിലുണ്ടായ മണ്ണിടിച്ചിലിൽ ഒരു കുടുംബത്തിലെ അഞ്ചു പേരാണ് മരിച്ചത്. സ്യാഗ്യാ ജില്ലയിലാണ് നാലു പേർ മരിച്ചത്. നേപ്പാളിൽ ഇതുവരെ മണ്ണിടിച്ചിൽ മൂലം 35 പേർ മരിച്ചതായാണ് ഔദ്യോഗിക കണക്ക്.

## തമിഴ്നാട്ടിൽ പടക്കനിർമാണ ശാലയിൽ പൊട്ടിത്തെറി; നാലു മരണം

ചെന്നൈ: തമിഴ്നാട്ടിൽ പടക്കനിർമാണശാലയിലുണ്ടായ പൊട്ടിത്തെറിയിൽ നാലു പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. വിരുദുനഗറിലെ സാത്തൂരിൽ രാവിലെയാണ് പൊട്ടിത്തെറിയുണ്ടായത്. പാണ്ഡുവർപ്പെട്ടി ഗ്രാമത്തിലെ ഗുരു സ്റ്റാർ ഫയർവർക്സ് കമ്പനിയിലായിരുന്നു അപകടം. രണ്ട് നിർമാണ യൂണിറ്റുകൾ പൂർണമായും തകർന്നു. പരിക്കേറ്റവരെ വിരുദുനഗർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. പടക്കം നിർമിക്കുമ്പോൾ വെടിമരുന്നുകൾ അശ്രദ്ധമായി കൈകാര്യം ചെയ്തതാണ് അപകടത്തിനിടയാക്കിയതെന്ന് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. മരിച്ചവരിൽ ഒരാളെ തിരിച്ചറിഞ്ഞതായി സാത്തൂർ പൊലീസ് അറിയിച്ചു. അച്ചംകുളം സ്വദേശി രാജ്കുമാറിന്റെ മൃതദേഹമാണ് ബന്ധുക്കൾ തിരിച്ചറിഞ്ഞത്.

## വസന്ത് വിഹാർ മതിലിടിഞ്ഞ് അപകടം: മൂന്നു മരണം

ന്യൂഡൽഹി: വസന്ത് വിഹാറിൽ മതിലിടിഞ്ഞ് കുഴിയിൽ വീണ് കാണാതായ മൂന്നു തൊഴിലാളികളുടെയും മൃതദേഹം കണ്ടെത്തി. 25 മണിക്കൂർ നീണ്ട തിരച്ചിലിനൊടുവിലാണ് മൂന്നു മൃതദേഹം കണ്ടെടുത്തത്. ബിഹാർ, മധ്യപ്രദേശ് സംസ്ഥാനങ്ങളിലെ തൊഴിലാളികളാണ് മരിച്ചത്. ഇതോടെ മഴക്കെടുതിയിൽ ഡൽഹിയിൽ മരിച്ചവരുടെ എണ്ണം എട്ടായി. വീട് നിർമാണത്തിനായി എടുത്ത കുഴിയിൽ മഴവെള്ളം നിറഞ്ഞതാണ് അപകടത്തിന് കാരണമായത്. ഇതിനടുത്തായാണ് തൊഴിലാളികൾ കുടിൽ കെട്ടി താമസിച്ചിരുന്നത്. നിർമാണത്തിലിരുന്ന വീടിന്റെ മതിലിടിഞ്ഞ് കുടിൽ തകർന്ന് മൂവരും കുഴിയിലെ ചെളിയിൽ താഴ്ന്നു പോകുകയായിരുന്നു.



CLICK ലഡാക്കിലെ ദൗലത് ബേഗ് ഓൾഡിയിൽ ബോധി നദിയിൽ അപകടത്തിൽപ്പെട്ട ടാങ്ക്

### ലഡാക്കിൽ പരിശീലനത്തിനിടെ ടാങ്ക് ഒഴുക്കിൽപ്പെട്ടു

# അഞ്ച് സൈനികർക്ക് വീരമൃത്യു

ലഡാക്ക്: സൈനിക ടാങ്കുകളുടെ പരിശീലനത്തിനിടെ ഒഴുക്കിൽപ്പെട്ട് അഞ്ച് സൈനികർക്ക് വീരമൃത്യു. ലേയിലെ ദൗലത് ബേഗ് ഓൾഡിയിൽ നദി മുറിച്ചുകടക്കുന്നതിനിടെ ടി-72 ടാങ്ക് ഒഴുക്കിൽപ്പെടുകയായിരുന്നുവെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. അഞ്ചു സൈനികരുടെയും മൃതദേഹം കണ്ടെടുത്തു. ഒരു ജൂനിയർ കമ്മീഷൻഡ് ഉദ്യോഗസ്ഥനും നാലു ജവാന്മാരുമായിരുന്നു ടാങ്കിലുണ്ടായിരുന്നത്. ലേയിൽ നിന്ന് 148 കിലോമീറ്റർ അകലെ ബോധി നദിയിൽ മന്ദിർ മോറിൽ യഥാർത്ഥ നിയന്ത്രണ രേഖക്ക് സമീപത്ത് വെച്ച് ഇന്നലെ പുലർച്ചെ മൂന്നു മണിയോടെയായിരുന്നു അപകടമുണ്ടായത്. സൈനികർ പതിവ് പരിശീലനത്തിലായിരുന്നുവെന്നും നദിയിലെ ജലനിരപ്പ് പൊടുന്നനെ ഉയരുകയായിരുന്നുവെന്നും പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. സംഭവത്തിൽ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് അനുശോചനം അറിയിച്ചു.

### നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ച

## മാധ്യമപ്രവർത്തകൻ അറസ്റ്റിൽ; ഗുജറാത്തിൽ ഏഴിടത്ത് സി.ബി.ഐ റെയ്ഡ്

ന്യൂഡൽഹി: നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ച സംഭവത്തിൽ ജാർഖണ്ഡിൽ നിന്നുള്ള മാധ്യമ പ്രവർത്തകനെ സിബിഐ അറസ്റ്റ് ചെയ്തു. ഒരു ഹിന്ദി പത്രത്തിന്റെ ലേഖകനായ മുഹമ്മദ് ജമാലുദീനെ ജാർഖണ്ഡിലെ ഹസാരിബാഗിൽ നിന്നാണ് പിടികൂടിയത്. ഇയാൾക്കെതിരെ നിർണായക സാങ്കേതിക തെളിവുകൾ സിബിഐക്ക് ലഭിച്ചതായാണ് ഉന്നത വൃത്തങ്ങൾ നൽകുന്ന സൂചന. സംഭവത്തിന്റെ പ്രധാന കണ്ണികളെന്ന് സംശയിക്കുന്ന ജാർഖണ്ഡിലെ ഓയാസിസ് സ്കൂൾ പ്രിൻസിപ്പലിനെയും വൈസ്പ്രിൻസിപ്പലിനെയും അറസ്റ്റ് ചെയ്തതിനു പിന്നാലെയാണ് ഇപ്പോൾ മാധ്യമപ്രവർത്തകനും അറസ്റ്റിലായിരിക്കുന്നത്. രണ്ട് പ്രതികളെ സഹായിച്ചു എന്ന കുറ്റമാണ് ഹസാരിബാഗിലെ മാധ്യമപ്രവർത്തകനുമേൽ ചുമത്തിയിരിക്കുന്നത്. നാഷണൽ ടെസ്റ്റിങ് ഏജൻസി നിയോഗിച്ച നീറ്റ് യുജി ഹസാരിബാഗ് സിറ്റി കോർഡിനേറ്ററും സ്കൂൾ പ്രിൻസിപ്പൽ ഡോ. എഹ്സനുൽ ഹഖ്, എൻടിഎ നിരീക്ഷകനും വൈസ്പ്രിൻസിപ്പലുമായ ഇംതിയാസ് ആലം എന്നിവരാണ് ഇന്നലെ അറസ്റ്റിലായത്. ചോർച്ച ഉണ്ടായെന്നു സംശയിക്കുന്ന ജാർഖണ്ഡിലെ ഓയാസിസ് സ്കൂളിലെ ഉദ്യോഗസ്ഥരാണ് ഇരുവരും.

പരീക്ഷയ്ക്ക് ഒരു ദിവസം മുൻപ് മെയ് നാലിന് നീറ്റ് യുജി പരീക്ഷാർഥികൾക്ക് താമസസൗകര്യം ഒരുക്കിയെന്ന് ആരോപിച്ച് രണ്ട് പേരെ പറ്റ്നയിൽ നിന്ന് വ്യാഴാഴ്ച സിബിഐ അറസ്റ്റ് ചെയ്തിരുന്നു. കേസിലെ 13 പ്രതികളിൽ നാല് പരീക്ഷകരും ഉൾപ്പെടുന്നു. ജൂൺ 22ന് വിദ്യാഭ്യാസ മന്ത്രാലയം ഈ വർഷത്തെ നീറ്റ് (യുജി)ലെ ക്രമക്കേടുകൾ സമഗ്രമായ അന്വേഷണത്തിനായി സിബിഐക്ക് കൈമാറിയിരുന്നു. അതേസമയം, ബിഹാറിലെ സാമ്പത്തിക കുറ്റകൃത്യങ്ങൾ വിഭാഗത്തിൽ നിന്ന് അന്വേഷണം നടത്തുന്ന സിബിഐ ഗുജറാത്തിലെ ഏഴ് സ്ഥലങ്ങളിൽ പരിശോധന നടത്തി ആനന്ദ്, ഖേഡ, അഹമ്മദാബാദ്, ഗോദ്ര എന്നീ നാല് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന സംശയാസ്പദമായ സ്ഥലങ്ങളിൽ രാവിലെ മുതൽ പരിശോധന അരംഭിച്ചതായി റിപ്പോർട്ടുണ്ട്.

നീറ്റ്, നെറ്റ് പരീക്ഷ ക്രമക്കേടുകൾ പുറത്തു വന്നതിന് പിന്നാലെ നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻടിഎ) ഡയറക്ടർ ജനറൽ (ഡിജി) സുബോധ് കുമാറിനെ സ്ഥാനത്തുനിന്ന് നീക്കിയിരുന്നു. നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ സുതാര്യത ഉറപ്പാക്കാൻ ഐഎസ്ആർഒ മുൻ ചെയർമാൻ കെ രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഏഴംഗ സമിതിയെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് നിയമിച്ചിരുന്നു. ഇതിന്റെ ഭാഗമായി പരീക്ഷാ നടത്തിപ്പിന് പൊതു ജനങ്ങളുടെ അഭിപ്രായം കെ രാധാകൃഷ്ണൻ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ജൂലൈ 7 വരെ ഗുണഭോക്താക്കൾക്ക് വെബ് സൈറ്റിലൂടെയാണ് നിർദേശങ്ങളും അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാനാവുക. രണ്ട് മാസങ്ങൾക്കുള്ളിൽ സമിതി റിപ്പോർട്ട് നൽകണം എന്നാണ് നിർദേശം.

## ഗുവാഹത്തി യൂണിവേഴ്സിറ്റി മാർക്ക് ലിസ്റ്റ് കുംഭകോണം: ഒമ്പത് പേർ അറസ്റ്റിൽ

ബാർപേട്ട: അസമിലെ ഗുവാഹത്തി യൂണിവേഴ്സിറ്റിയിൽ മാർക് ലിസ്റ്റ് കുംഭകോണവുമായി ബന്ധപ്പെട്ട് ഒമ്പത് പേരെ അറസ്റ്റു ചെയ്തു. ഗുവാഹത്തി, ബാർപേട്ട, ദുബ്രി എന്നിവിടങ്ങളിൽ നിന്നാണ് പ്രതികളെ പിടികൂടിയത്.

പണം വാങ്ങി കമ്പ്യൂട്ടറൈസ്ഡ് മാർക്ക് ലിസ്റ്റിൽ മാർക്ക് കൂട്ടി നൽകുകയാണ് പ്രതികൾ ചെയ്തിരുന്നത്. ബാർപേട്ടയിലെ ഗണേശ് ലാൽ ചൗധരി കോളജിലെ ബിരുദ വിദ്യാർത്ഥിയുടെ മാർക്ക് ലിസ്റ്റിൽ ക്രമക്കേട് കണ്ടെത്തിയതോടെയാണ് സംഭവം പുറത്തായത്.

## ഗുജറാത്തിലെ വിമാനത്താവളത്തിന്റെ മേൽക്കൂരയും തകർന്നു

രാജ്കോട്ട്: ഡൽഹി ഇന്ദിരാഗാന്ധി രാജ്യാന്തര വിമാനത്താവളത്തിന്റെ മേൽക്കൂര തകർന്നു വീണുണ്ടായ അപകടത്തിനു പിന്നാലെ ഗുജറാത്തിലെ രാജ്കോട്ട് വിമാനത്താവളത്തിലും അപകടം. വിമാനത്താവളത്തിന്റെ മുന്നിൽ നിർമിച്ചിരുന്ന മേൽക്കൂര കനത്ത മഴയെത്തുടർന്ന് തകർന്നു വീണു. യാത്രക്കാരെ വാഹനങ്ങളിൽ എത്തിക്കുകയും തിരികെ കൊണ്ടുപോവുകയും ചെയ്യുന്ന പിക്ക് അപ് ഏരിയയാണ് തകർന്നത്. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

കഴിഞ്ഞ മൂന്നു ദിവസങ്ങൾക്കുള്ളിൽ രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന മൂന്നാമത്തെ സമാന സംഭവമാണിത്. മധ്യപ്രദേശിലെ ജബൽപൂരിലും വിമാനത്താവളത്തിന്റെ മേൽക്കൂര തകർന്നിരുന്നു. അതേസമയം, ഗുജറാത്തിന്റെ പലമേഖലകളിലും കനത്തമഴ തുടരുന്ന സാഹചര്യത്തിൽ കാലാവസ്ഥാ വകുപ്പ് യെലോ അലർട്ട് പ്രഖ്യാപിച്ചു.

# നെറ്റ് പുനപ്പരീക്ഷ ഓഗസ്റ്റ് 21 മുതൽ

### പരീക്ഷാ രീതിയിലും മാറ്റം

ന്യൂഡൽഹി: പരീക്ഷാ ക്രമക്കേട് ആരോപണത്തിന് പിന്നാലെ റദ്ദാക്കിയ യുജിസി നെറ്റ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ പുതുക്കിയ തീയതികൾ നാഷണൽ ടെസ്റ്റിങ് ഏജൻസി പ്രഖ്യാപിച്ചു. നേരത്തെ ഓഫ്‌ലൈനായി നടന്ന യുജിസി നെറ്റ് പരീക്ഷ ഓൺലൈനായി നടത്താനാണ് തീരുമാനം. യുജിസി നെറ്റ് പരീക്ഷ 2024 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ നാലുവരെയും സിഎസ്ഐആർ നെറ്റ് ജൂലൈ 25 മുതൽ 27 വരെയും നടക്കും.

അതേസമയം, ഓൾ ഇന്ത്യ ആയുഷ് പോസ്റ്റ് ഗ്രാജ്വേറ്റ് എൻട്രൻസ് ടെസ്റ്റ് 2024 മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജൂലൈ ആറിന് തന്നെ നടക്കുമെന്നും എൻടിഎ അറിയിച്ചു. നേരത്തെ ചോദ്യപേപ്പർ ചോർച്ച സംശയിച്ച് ജൂൺ 18ന് നടന്ന യുജിസി നെറ്റ് പരീക്ഷ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം റദ്ദാക്കിയിരുന്നു. പരീക്ഷ നടന്ന് അന്നു രാത്രിയായിരുന്നു പരീക്ഷ റദ്ദാക്കിയ വിവരം ഒരു വിജ്ഞാപനത്തിലൂടെ പുറത്തിറക്കിയത്.

മാറ്റിവച്ച നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിന്റെ (ഐടിഇപി) പ്രവേശനത്തിനായുള്ള ദേശീയ പൊതുപ്രവേശന പരീക്ഷ (എൻസിഇടി) ജൂലൈ പത്തിനും നടക്കും. തിരഞ്ഞെടുത്ത കേന്ദ്രസംസ്ഥാന സർവ്വകലാശാലകൾ, ഐഐടികൾ, എൻഐടികൾ, ആർഐഇകൾ, സർക്കാർ കോളജുകൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്കുള്ള പൊതുപ്രവേശന പരീക്ഷയാണിത്. ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർമാർ, പിഎച്ച്ഡി സ്കോളർമാർ എന്നിവയ്ക്കുള്ള പ്രവേശന പരീക്ഷയായ് യുജിസിനെറ്റ് പരീക്ഷ രണ്ടുഷിഫ്റ്റുകളായിട്ടായിരുന്നു ജൂൺ 18ന് രാജ്യത്തുടനീളം നടന്നത്. എന്നാൽ പേപ്പർ ആൻഡ് പെൻ ഫോർമാറ്റിൽ നടന്ന പരീക്ഷയിൽ ക്രമക്കേട് ഉണ്ടായതായി ചൂണ്ടിക്കാട്ടി അന്നു തന്നെ റദ്ദാക്കുകയായിരുന്നു.

മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് യുജി സംബന്ധിച്ച് വ്യാപക ക്രമക്കേടുകൾ പുറത്തുവന്ന സാഹചര്യത്തിലായിരുന്നു നെറ്റ് പരീക്ഷയും റദ്ദാക്കിയത്. ഇതേ തുടർന്ന് രാജ്യത്തുടനീളം വലിയ പ്രതിഷേധങ്ങൾ ആരംഭിച്ചിരുന്നു. പ്രതിപക്ഷ പാർട്ടികൾ ഇതിനെതിരെ പാർലമെന്റിലും പ്രതിഷേധിച്ചിരുന്നു.

## വാദിഭാഗത്തിന് ശിക്ഷ: സർക്കാർ സമീപനം ലജ്ജാകരമെന്ന് കെ.എച്ച്.എസ്.ടി.യു

കോഴിക്കോട്: സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടിടത്ത് സംസ്ഥാന സർക്കാർ അവരെ ശിക്ഷിക്കുന്ന തരത്തിൽ ഇടപെടുകയാണെന്നും സ്ഥലം മാറ്റപ്പെട്ടവർക്ക് നീതി ലഭിക്കും വരെ സമരം ചെയ്യുമെന്നും കെ.എച്ച്.എസ്.ടി.യു സംസ്ഥാന നേതാക്കൾ പറഞ്ഞു. സ്ത്രീസംരക്ഷണം സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. ഭരണഘടനയുടെ 243-ാം അനുഛേദം ഈ വിഷയത്തെ കുറിച്ച് പ്രത്യേകം പരാമർശിക്കുന്നുണ്ട്. സ്ത്രീകളുടെ സ്വകാര്യത ലംഘിക്കുന്ന തരത്തിൽ സി സി ടി വി സ്ഥാപിച്ച അതിക്രമങ്ങൾക്കെതിരെ നിയമാനുസൃതം വനിതാ കമ്മീഷനെ സമീപിക്കുകയും അനുകൂലവിധി നേടിയെടുക്കുകയും ചെയ്ത കോട്ടയം ജില്ലയിലെ അധ്യാപികമാർക്കെതിരെ പ്രതികാര ബുദ്ധ്യാ സ്കൂളിലെ പി ടിഎ, എസ് എം സി, ആർ ഡി ഡി, പ്രിൻസിപ്പൽ എന്നിവർ ഗൂഡാലോചന നടത്തി. പൊതു വിദ്യാഭ്യാസ വകുപ്പിൽ ഈ വനിതാ ജീവനക്കാർക്കെതിരെ പരാതി നൽകി. തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഈ അധ്യാപികമാരെ വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് സ്ഥലം മാറ്റിയിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേരിലിറങ്ങിയിരിക്കുന്ന കുറ്റാരോപണ സ്ഥലമാറ്റ ഉത്തരവ് ഒറ്റ നോട്ടത്തിൽ പരിശോധിക്കുമ്പോൾ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വഴിവിട്ട തിടുക്കവും, വകുപ്പിനുമേലുള്ള രാഷ്ട്രീയ അധികാര കേന്ദ്രങ്ങളുടെ സമ്മർദ്ധവും, വാസ്തവ വിരുദ്ധമായ ആരോപണങ്ങളും, കെ ഇ ആറിനും വിദ്യാർത്ഥി മനശാസ്ത്ര തത്വങ്ങൾക്കും വിരുദ്ധമായ അധ്യാപന സമയം നിശ്ചയിക്കലും, മനപ്പൂർവ്വം സ്ത്രീത്വത്തെ അപമാനിക്കലും, തൊഴിലിടങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കലും വ്യക്തമാകും. കുറ്റാരോപിതരായ അധ്യാപികമാർ പഠിപ്പിച്ച വിഷയങ്ങളിൽ ഈ വർഷവും വിദ്യാലയത്തിൽ മികച്ച റിസൾട്ടാണ് ഉള്ളത്. സ്ഥാപന മേധാവിയുടെ വിഷയത്തിൽ (മാത്തമാറ്റിക്സിലാണ്) മറ്റു വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും പരിതാപകരമായ റിസൾട്ട്. സേവന കാലയളവിൽ മികച്ച അധ്യാപന പരിചയവും ഉയർന്ന അക്കാദമിക യോഗ്യതകളുമുള്ള വനിതാ ജീവനക്കാരുടെ ആത്മവീര്യം തകർക്കുന്ന ഇത്തരം നടപടികൾ ഫാസിസ്റ്റ് ഭരണകൂടങ്ങളുടെ കാലഘട്ടത്തിലെ രീതികളെയാണ് ഓർമ്മിപ്പിക്കുന്നത്. ഗൗരവതരമായ വീഴ്ചയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഈ വിഷയത്തിലുണ്ടായിരിക്കുന്നത്. വിവിധ വകുപ്പുകൾ പ്രകാരം ഈ വിഷയത്തിൽ സ്കൂളിലെ പി ടി എ, എസ്എംസി, സ്ഥാപന മേധാവി, ആർ ഡി ഡി തുടങ്ങിയവർ വിചാരണ ചെയ്യപ്പെടണം. അതോടൊപ്പം തന്നെ സമൂഹ മാധ്യമങ്ങളിലടക്കം ചെയ്യാത്ത കുറ്റത്തിന് വിചാരണ ചെയ്യപ്പെടുന്ന വനിതാ ജീവനക്കാർക്ക് നീതി ലഭിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അടിയന്തിരമായി ഇടപെടണം. നീതി ലഭിക്കും വരെ സമര പോരാട്ടങ്ങൾക്ക് കെഎച്ച്എസ്ടിയു നേതൃത്വം നൽകുമെന്ന് സംസ്ഥാന പ്രസിഡന്റ് കെ കെ ആലിക്കുട്ടി, ജനറൽ സെക്രട്ടറി സി എ എൻ ശിബലി, ട്രഷറർ ഡോ സന്തോഷ് കുമാർ, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് നിസാം, ജനറൽ സെക്രട്ടറി ഡോ. ബിനു എന്നിവർ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി

## അരവിന്ദ് കെജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി 12 വരെ നീട്ടി

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രിയും ആംആദ്മി പാർട്ടി ദേശീയ ചെയർമാനുമായ അരവിന്ദ് കെജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി കോടതി ജൂലൈ 12 വരെ നീട്ടി. മൂന്നു ദിവസത്തെ സി.ബി.ഐ കസ്റ്റഡി അവസാനിച്ചതിനെ തുടർന്ന് ഇന്നലെ വെക്കേഷൻ ജഡ്ജി സുനേന ശർമ മുമ്പാകെ കെജ്‌രിവാളിനെ ഹാജരാക്കിയിരുന്നു. തുടർന്ന് സി.ബി.ഐയുടെ അപേക്ഷ പരിഗണിച്ചാണ് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. ഈ മാസം 26നാണ് സി.ബി.ഐ കെജ് രിവാളിനെ അറസ്റ്റു ചെയ്തത്. മദ്യനയക്കേസിൽ 2022 മുതൽ അന്വേഷണം നടക്കുന്നുണ്ടെന്ന് കെജ് രിവാളിന് വേണ്ടി ഹാജരായ അഭിഭാഷകൻ വിക്രം ചൗധരി പറഞ്ഞു.

മാർച്ച് 21ന് ഇ.ഡി കെജ്‌രിവാളിനെ അറസ്റ്റു ചെയ്തതായും എന്നാൽ മെയ് 10ന് മൂന്നാഴ്ചത്തേക്ക് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരുന്നതായും അദ്ദേഹം പറഞ്ഞു. കെജ് രിവാളിനെതിരെ ചില തെളിവുകൾ സി.ബി.ഐ ജനുവരിയിൽ ശേഖരിച്ചുവെന്നാണ് സി.ബി.ഐ പറയുന്നത്. എന്നാൽ പണാപഹരണ നിയന്ത്രണ നിയമം അനുസരിച്ച് സി.ബി.ഐക്ക് അന്വേഷണത്തിന് ഏപ്രിലിൽ മാത്രമാണ് അനുമതി ലഭിച്ചതെന്നും അദ്ദേഹം കോടതിയിൽ വ്യക്തമാക്കി. എന്നാൽ കസ്റ്റഡിയിൽ വിട്ടു നൽകാനായി സി.ബി.ഐ സമർപ്പിച്ച തെളിവുകളിൽ കോടതി സംതൃപ്തരാണെന്നും ജുഡീഷ്യൽ കസ്റ്റഡി തടയാനുള്ള യാതൊന്നുമില്ലെന്നും ജഡ്ജി വ്യക്തമാക്കി. അതേ സമയം കസ്റ്റഡിയിൽ ചോദ്യം ചെയ്യുന്നത് പൂർണമായും റെക്കോഡ് ചെയ്യാൻ കോടതി സി.ബി.ഐക്ക് നിർദേശം നൽകണമെന്ന് അഭിഭാഷകൻ ആവശ്യപ്പെട്ടു. എന്നാൽ ഇത് നിരാകരിച്ച കോടതി ജാമ്യത്തിനായി ഉചിതമായ കോടതിയെ സമീപിക്കാമെന്നും അറിയിച്ചു.

## ജാർഖണ്ഡിൽ നിന്ന് ബി.ജെ.പി തുടച്ചുനീക്കപ്പെടും: ഹേമന്ത് സോറൻ

റാഞ്ചി: വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനു ശേഷം ജാർഖണ്ഡിൽ നിന്ന് ബി.ജെ.പി പൂർണമായും തുടച്ചുനീക്കപ്പെടുമെന്ന് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറൻ. റാഞ്ചിയിലെ വസതിയിൽ ജാർഖണ്ഡ് മുക്തി മോർച്ച (ജെ.എം.എം) പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തനിക്കെതിരെ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും അത് വൈകാതെ പുറത്തുവരുമെന്നും അദ്ദേഹം പറഞ്ഞു.

ജാർഖണ്ഡിലെ ജനങ്ങൾ ബി.ജെ.പിയെ വെറുതെ വിടില്ലെന്നും ബി.ജെ.പിയുടെ ശവപ്പെട്ടിയിലെ അവസാന ആണിയും ഇടേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും ഹേമന്ത് സോറൻ പറഞ്ഞു. ഭൂമി ഇടപാടുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ ജയിലിൽ കഴിഞ്ഞിരുന്ന ഹേമന്ത് സോറന് വെള്ളിയാഴ്ചയാണ് ജാർഖണ്ഡ് ഹൈക്കോടതി ജാമ്യം അനുവദിച്ചത്.

## ഊട്ടി ഇ-പാസ് സെപ്തംബർ 30 വരെ നീട്ടി

ഗൂഡല്ലൂർ: സ്വകാര്യ വാഹനങ്ങളിലുൾപ്പെടെ നീലഗിരിയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ഇപാസ് വേണമെന്ന നിബന്ധന സെപ്തംബർ 30 വരെ തുടരും. ഇ-പാസ് സംവിധാനം ഇന്ന് അവസാനിക്കാനിരിക്കെയാണ് മൂന്ന് മാസത്തേയ്ക്ക് കൂടി നീട്ടി ജില്ലാഭരണകൂടം ഉത്തരവിട്ടിരിക്കുന്നത്. വിനോദ സഞ്ചാരകേന്ദ്രങ്ങളായ കൊടൈക്കനാലിലും ഊട്ടിയിലുമായി വാഹനങ്ങളുടെ എണ്ണം കൂടുന്നത് പാരിസ്ഥിതിക വിഷയമായി പരിഗണിച്ച് ഇവിടേക്ക് വരുന്ന വാഹനങ്ങളുടെ എണ്ണമെടുക്കാൻ മദ്രാസ് ഹൈക്കോടതി ഉത്തരവിട്ടിരുന്നത്. സമയപരിധി നീട്ടാനും കോടതി നിർദേശിച്ചു. എല്ലാചെക്ക് പോസ്റ്റുകളിലും പൊലീസ് പരിശോധനയും കർശനമായി തുടരും. വേനൽക്കാലത്ത് ഹിൽ സ്റ്റേഷനുകളിലേക്കുള്ള സന്ദർശകരുടെ എണ്ണത്തെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ ലഭ്യമാകുന്നതിനാണ് ഇ-പാസ് സംവിധാനമേർപ്പെടുത്തിയതെന്ന് ജില്ലാഭരണകൂടം വ്യക്തമാക്കി. അപേക്ഷിക്കുന്ന എല്ലാവർക്കും പാസുകൾ ലഭ്യമാക്കുന്നുണ്ട്. കൊടൈക്കനാലിലും ഊട്ടിയിലും വിനോദ സഞ്ചാരികൾക്ക് യാതൊരു നിയന്ത്രണവുമില്ലെന്നും എന്നാൽ, വാഹനങ്ങൾ കൊണ്ടുവരുന്നവർക്ക് പാസ് നിർബന്ധമാണെന്നും അധികൃതർ പറഞ്ഞു. പ്രദേശവാസികൾക്കും ബസ് യാത്രികർക്കും ഇ-പാസുകൾ ആവശ്യമില്ലെന്നത് അതേപടി തുടരും. ഇപാസ് ലഭ്യമാക്കുന്നതിന് എല്ലാ ചെക്ക് പോസ്റ്റുകളിലും സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. അതാത് ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് വാഹന രേഖകൾ സമർപ്പിച്ചാൽ ഇപാസ് അനുവദിക്കുന്നതിന് സംവിധാനമുണ്ട്.

## സഞ്ജയ് ജാ ജെ.ഡി.യു വർക്കിങ് പ്രസിഡന്റ്

### ബിഹാറിന് പ്രത്യേക പദവി നൽകണമെന്നാവർത്തിച്ച് നിതീഷ്കുമാർ



പറ്റ്ന: ജെ.ഡി.യു വർക്കിങ് പ്രസിഡന്റായി രാജ്യസഭ എം.പി സഞ്ജയ് ജായെ തിരഞ്ഞെടുത്തു. ന്യൂഡൽഹിയിൽ ചേർന്ന ജെ.ഡി.യു ദേശീയ എക്സിക്യൂട്ടീവ് യോഗത്തിലാണ് ജായെ തിരഞ്ഞെടുത്തത്. ബി.ജെ.പി നേതൃത്വവുമായി ജെ.ഡി.യുവിന് നല്ല സമവാക്യം ഉണ്ടാക്കാൻ സഞ്ജയ് ജാക്ക് സാധിക്കുമെന്നതിനാലാണ് പാർട്ടിയുടെ നേതൃനിരയിലേക്ക് അദ്ദേഹത്തെ നിയോഗിച്ചത്. ബി.ജെ.പിയുമായി നല്ല ബന്ധമുണ്ടാക്കാനും ഇരുപാർട്ടികളും തമ്മിൽ സൗഹൃദം നിലനിർത്താനും ജാ യോഗ്യനാണെന്ന് പാർട്ടി നേതൃത്വം അറിയിച്ചു. ബിഹാർ മുഖ്യമന്ത്രിയും ജെ.ഡി.യു അധ്യക്ഷനുമായ നിതീഷ്കുമാർ, കേന്ദ്രമന്ത്രിമാരായ ലാലൻ സിങ്, രാംനാഥ് താക്കൂർ ഉൾപ്പെടെ മുതിർന്ന നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. ബിഹാറിന് പ്രത്യേക പദവി നൽകുന്നതോടൊപ്പം സംസ്ഥാനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും ആവശ്യപ്പെടാൻ ജെ.ഡി.യു ദേശീയ എക്സിക്യൂട്ടീവ് യോഗം പ്രമേയം പാസാക്കി. സാമ്പത്തികമായി പിന്നോക്കാവസ്ഥ ചൂണ്ടിക്കാട്ടി ദീർഘകാലമായി ബിഹാറിന് പ്രത്യേക പദവിക്കായി മുഖ്യമന്ത്രി നിതീഷ്കുമാർ ഉൾപ്പെടെ രാഷ്ട്രീയ നേതാക്കൾ ശ്രമിക്കുകയാണ്. പ്രത്യേക പദവി ലഭിച്ചാൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് നികുതി വരുമാനത്തിന്റെ വിഹിതം വർധിക്കും. അതിനാൽ ജെ.ഡി.യു എക്സിക്യൂട്ടീവ് യോഗത്തിൽ ബിഹാറിന് പ്രത്യേക പദവി വേണമെന്ന ആവശ്യത്തിൽ ഉറച്ച് നീതിഷ്കുമാർ ഉൾപ്പെടെ നേതാക്കൾ നിലപാട് വ്യക്തമാക്കി.

ലോക്സഭാ തിരഞ്ഞെടുപ്പിൽ ജെ.ഡി.യുവിന്റെ പിന്തുണയോടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്നാംവട്ടം അധികാത്തിലേറിയതെന്നതിനാൽ ബിഹാറിന് പ്രത്യേക പദവി വേണമെന്ന ആവശ്യം അംഗീകരിക്കാൻ ബി.ജെ.പി നിർബന്ധിതമായേക്കും. അതിനിടെ, പരീക്ഷാ പേപ്പർ ചോർച്ച കേസുകളിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ ശക്തമായ നിയമം കൊണ്ടുവരണമെന്നും ജെ.ഡി.യു എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു.

## ഗുജറാത്തിൽ ക്രിക്കറ്റ് മത്സരത്തിനിടെ മുസ്‌ലിം യുവാവിനെ തല്ലിക്കൊന്നു



ആനന്ദ്: ഗുജറാത്തിലെ ആനന്ദിൽക്രിക്കറ്റ് ടൂർണമെന്റിനിടെയുണ്ടായ സംഘർഷത്തിൽ മുസ്‌ലിം യുവാവിനെ സംഘം ചേർന്ന് ക്രൂരമായി തല്ലിക്കൊന്നു. 23കാരനായ സൽമാൻ വൊഹ്റയാണ് കൊല്ലപ്പെട്ടത്. ജൂൺ 22ന് ഗുജറാത്തിലെ ചിഖോദരയിലാണ് സംഭവം. പ്രാദേശിക ക്രിക്കറ്റ് ടൂർണമെന്റിലെ ഫൈനൽ മത്സരം കാണാൻ പോയതായിരുന്നു സൽമാൻ. പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് മരണപ്പെട്ടത്. ടൂർണമെന്റിൽ മുസ്‌ലിം താരങ്ങൾ മികച്ച പ്രകടനം കാഴ്ചവെച്ചതിനെ തുടർന്നാണ് പ്രദേശത്തെ ഹിന്ദുത്വ വാദികൾ സംഘർഷം സൃഷ്ടിച്ചതെന്ന് ദി ക്വിന്റ് റിപ്പോർട്ട് ചെയ്യുന്നു. ക്വാർട്ടർ ഫൈനലിലും സെമി ഫൈനലിലും മികച്ച പ്രകടനം നടത്തിയ കളിക്കാർ മുസ്‌ലിംകളായിരുന്നു. ഫൈനലിലെത്തിയ ഒരു ടീമിൽ ഭൂരിഭാഗം പേരും മുസ്‌ലിംകളായിരുന്നു. എതിർ ടീമിലും രണ്ട് മൂന്ന് താരങ്ങൾ മുസ്‌ലിംകളായിരുന്നു. വർഗീയ സംഘർഷം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും മുസ്‌ലിം താരങ്ങൾ സുരക്ഷിതരല്ലെന്നും ടൂർണമെന്റ് സംഘാടകർ മുന്നറിയിപ്പ് നൽകിയതായും പറയുന്നുണ്ട്. മത്സരം വീക്ഷിക്കാനായി 5000ഓളം പേർ സ്റ്റേഡിയത്തിൽ എത്തിയിരുന്നു. മത്സരം തുടങ്ങിയതോടെ കാണികളിൽ ഒരു വിഭാഗം ജയ് ശ്രീരാം വിളികളുമായി രംഗത്ത് വന്നു. മുസ്‌ലിം താരങ്ങൾ നല്ല രീതിയിൽ കളിക്കരുതെന്നായിരുന്നു അവരുടെ ലക്ഷ്യമെന്ന് ദൃക്സാക്ഷികൾ പറയുന്നു. ഇതിനിടയിലാണ് മദ്യപിച്ചെത്തിയ ഒരു സംഘം ആളുകൾ സൽമാനുമായി തർക്കത്തിലേർപ്പെടുന്നത്. പാർക്കിങ് സ്റ്റാൻഡിൽ നിന്ന് ബൈക്ക് മാറ്റാൻ അവർ ആവശ്യപ്പെട്ടു. കുറച്ചു സമയങ്ങൾക്ക് ശേഷം കൂടുതൽ പേരുമായി അവർ തിരിച്ചെത്തി. മദ്യപിച്ചെത്തിയ ഒരാൾ സൽമാനാണെന്ന് തെറ്റിദ്ധരിച്ച് സുഹൈൽ എന്ന യുവാവിനെ ആക്രമിക്കാൻ തുടങ്ങി. സുഹൈലിനെ രക്ഷിക്കാനായി ശ്രമിച്ചതോടെ സൽമാന് നേരെയായി ആക്രമണം. ക്രൂരമായ മർദനത്തിനാണ് ഇയാൾ ഇരയായത്. കത്തികൊണ്ടുള്ള കുത്തേറ്റ് വൃക്കക്ക് തകരാറ് സംഭവിച്ചു. സൽമാനെ കൂടാതെ മറ്റു രണ്ടു മുസ്‌ലിം ചെറുപ്പക്കാർക്കും സംഘർഷത്തിൽ പരിക്കേറ്റു. രണ്ട് മാസം മുമ്പാണ് സൽമാന്റെ വിവാഹം കഴിഞ്ഞത്. ഭാര്യ മാഷിറ ഗർഭിണിയാണ്. സൽമാന്റെ കുടുംബം ജൂൺ 23ന് ആനന്ദ് റൂറൽ പൊലീസ് സ്റ്റേഷനിൽ പരാതി നൽകി. സംഭവത്തിൽ ഇതുവരെ ഒമ്പതുപേർ അറസ്റ്റിലായിട്ടുണ്ട്.



## ബിരുദ പ്രവേശനം 2024

തേഞ്ഞിപ്പലം: 2024 –25 വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഒന്നും രണ്ടും അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച എല്ലാ വിദ്യാർഥികളും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത ശേഷം ജൂലൈ രണ്ടിന് വൈകീട്ട് മൂന്നു മണിക്ക് മുൻപായി കോളജിൽ ഹാജരായി നിർബന്ധമായും സ്ഥിരപ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർഥികൾക്ക് ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതുമായിരിക്കും. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ ജൂലൈ രണ്ടിന് വൈകീട്ട് അഞ്ചു മണിക്ക് മുൻപ് നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദാക്കണം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് മൂന്നാം അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും സ്വീകരിക്കണം. ഇതോടെ മുൻപ് ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകില്ല. ഹയർ ഓപ്ഷനുകൾ ഭാഗികമായോ പൂർണമായോ റദ്ദ് ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നവർ നിർബന്ധമായും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

## സമസ്ത സ്ഥാപക ദിനാചരണം

വളാഞ്ചേരി: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ 98-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് വളാഞ്ചേരി മർക്കസ് - അൽ ഗൈസ് വഫിയ്യ കോളജിൽ 'മേര സമസ്ത' എന്ന പേരിൽ സ്ഥാപക ദിനം ആചരിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ ടീച്ചർ ആമിന അൻവരിയ്യ പതാക ഉയർത്തുകയും പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു. വിദ്യാർഥിനികളുടെ പരിപാടികളോട് കൂടി ഒന്നാം സെഷൻ അവസാനിച്ചു. ശേഷം നടന്ന സെഷനിൽ കോളജ് പ്രിൻസിപ്പൽ അബ്ദുൽ ഹകീം ഫൈസി ആദൃശേരി കെ.കെ.എച്ച്.എം ഓഡിറ്റോറിയത്തിൽ സമസ്ത സന്ദേശം കൈമാറിക്കൊണ്ട് മുഖ്യപ്രഭാഷണം നടത്തി.

# കേരള വാർത്തകൾ

### സിദ്ധാർത്ഥന്റെ മരണം: ഗവർണർക്ക് മാതാപിതാക്കളുടെ പരാതി

## പ്രതികളെ പരീക്ഷയെഴുതാൻ അനുവദിക്കരുത്



തിരുവനന്തപുരം: പൂക്കോട് സർവകലാശാലയിലെ വിദ്യാർത്ഥിയായിരുന്ന സിദ്ധാർത്ഥന്റെ മരണത്തിൽ പ്രതിപ്പട്ടികയിലുള്ളവരെ പരീക്ഷയെഴുതാൻ അനുവദിക്കരുതെന്നാവശ്യപ്പെട്ട് മാതാപിതാക്കൾ ഗവർണർക്ക് പരാതി നൽകി. പ്രതികളെ പരീക്ഷ എഴുതിക്കാനുള്ള സർവകലാശാലയുടെ നീക്കം തടയണമെന്നാവശ്യപ്പെട്ടാണ് സിദ്ധാർത്ഥന്റെ അച്ഛനും അമ്മയുമാണ് ഗവർണറെ കണ്ടത്. പ്രതികൾ പ്രാക്ടിക്കൽ പരീക്ഷയെഴുതിയത് ചട്ടം ലംഘിച്ചാണെന്നും വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടം മറികടന്നുവെന്നും സിദ്ധാർത്ഥന്റെ മാതാപിതാക്കൾ പരാതിയിൽ ചൂണ്ടിക്കാട്ടി.

പരാതി പരിശോധിച്ച് വേണ്ട നടപടിയെടുക്കുമെന്ന് ഗവർണർ ഉറപ്പ് നൽകിയതായി ഗവർണറെ കണ്ടശേഷം മാതാപിതാക്കൾ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പരാതി വി.സിക്ക് കൈമാറുമെന്ന് രാജ്ഭവനും വ്യക്തമാക്കി. അതേസമയം പ്രതിപ്പട്ടികയിലെ വിദ്യാർഥികൾക്ക് പരീക്ഷ എഴുതാൻ അനുമതി നൽകിയ വിധിക്കെതിരെ സർവകലാശാല അപ്പീൽ നൽകുമെന്നാണ് വൈസ് ചാൻസിലർ പറയുന്നത്. മതിയായ അറ്റൻറൻസ് ഇല്ലാത്തതും പ്രതികൾക്കെതിരായ ആന്റി റാംഗിഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ചൂണ്ടിക്കാട്ടിയാണ് സർവകലാശാലയുടെ നടപടി.

പൂക്കോട് വെറ്റിനറി സർവകലാശാലയിൽ റാഗിങ്ങിനെ തുടർന്നാണ് സിദ്ധാർത്ഥ് ആത്മഹത്യ ചെയ്തത്. കഴിഞ്ഞ ഫെബ്രുവരി 18നാണ് തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി സിദ്ധാർഥനെ ഹോസ്റ്റലിലെ ശുചിമുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സീനിയർ വിദ്യാർഥികൾ മർദിക്കുകയും പരസ്യവിചാരണ നടത്തുകയും ചെയ്തതായി കുടുംബം പൊലീസിൽ പരാതി നൽകിയിരുന്നു. കേസിൽ പ്രതികളായ എസ്.എഫ്.ഐ പ്രവർത്തകരെ സംസ്ഥാന സർക്കാർ സംരക്ഷിക്കാൻ നടത്തിയ ശ്രമങ്ങൾ ഏറെ വിവാദം സൃഷ്ടിച്ചു.

സി.ബി.ഐ ഏറ്റെടുത്ത കേസിന്റെ അന്വേഷണം പുരോഗമിക്കുന്നതിനിടെയാണ് പരീക്ഷ എഴുതാൻ പ്രതികൾക്ക് ഹൈക്കോടതി അനുമതി നൽകിയത്. ഹാജർ ഇല്ലാതെ പ്രതികളെ പരീക്ഷയെഴുതാൻ അനുവദിച്ചത് ചട്ട വിരുദ്ധമാണെന്നും കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യണമെന്നും ആവശ്യപ്പെട്ട് നേരത്തെ സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ എന്ന സംഘടന വെറ്ററിനറി വി.സിക്ക് നിവേദനം നൽകിയിരുന്നു.

## ക്യാൻസർ രോഗിയായ മാതാവിനെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിച്ച മകൻ അറസ്റ്റിൽ



*പ്രതി സതീഷ്*

ചെറുപുഴ: ചെറുപുഴ പൊലീസ് സ്റ്റേഷൻ പരിധിയിലെ ഭൂദാനത്ത് ക്യാൻസർ രോഗിയായ മാതാവിനെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിച്ച മകൻ അറസ്റ്റിൽ. ഇന്നലെ പുലർച്ചെ അഞ്ചു മണിയോടെ കോട്ടയിൽ സതീഷാണ്(34) അമ്മ നാരായണി(68)യെയാണ് വായിൽ തുണി തിരുകിയ ശേഷം ഭിത്തിയിൽ തലയിടുപ്പിച്ചും കഴുത്തുഞെരിച്ചും കൊല്ലാൻ ശ്രമിച്ചത്. ഈ സമയം സതീഷും അമ്മയും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. നാരായണി മരിച്ചുവെന്ന് കരുതി സതീഷ് തന്നെയാണ് അയൽക്കാരെയും ബന്ധുക്കളെയും അമ്മയ്ക്ക് സുഖമില്ലെന്ന് വിവരമറിയിച്ചത്.

ആളുകൾ ഓടിയെത്തി ഉടൻ തന്നെ പരിയാരം മെഡിക്കൽ കോളജിലും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിലുമെത്തിക്കുകയായിരുന്നു. ഇതിനിടയിലാണ് നാരായണി മകൻ തന്നെ കൊല്ലാൻ ശ്രമിച്ചതാണെന്ന് പറയുന്നത്. ഉടൻ പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. ചെറുപുഴ എസ്എച്ച്ഒ ടി.പി ദിനേശിന്റെ നേതൃത്വത്തിൽ രാവിലെ സതീഷിനെ അറസ്റ്റു ചെയ്യുകയായിരുന്നു. ക്യാൻസർ രോഗിയായ അമ്മ കാരണം തനിക്ക് ജീവിക്കാൻ കഴിയുന്നില്ലെന്നും തനിക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നും അതിനാൽ അമ്മയെ കൊല്ലാൻ ശ്രമിച്ചതാണെന്നും സതീഷ് പൊലീസിനോട് പറഞ്ഞു.

## വ്ളോഗേഴ്സ് ഈബുൾ ജെറ്റ് സഹോദരന്മാരുടെ വാഹനം അപകടത്തിൽപ്പെട്ട് അഞ്ചുപേർക്ക് പരിക്ക്




*മുണ്ടൂർ തൂതപാതയിലെ ചെർപ്പുളശേരി ആലിയകുളത്ത് കാറുകൾ തമ്മിൽ കൂട്ടിയിടിച്ചുണ്ടായ അപകടം*

ചെർപ്പുളശേരി: യൂട്യൂബ് വ്ളോഗേഴ്സ് ഈബുൾ ജെറ്റ് സഹോദരന്മാരുടെ വാഹനം അപകടത്തിൽപ്പെട്ട് അഞ്ചുപേർക്ക് പരിക്ക്. മുണ്ടൂർതൂതപാതയിലെ ചെർപ്പുളശേരി ആലിയകുളത്ത് വെച്ചാണ് രാവിലെ അപകടം നടന്നത്. ഈബുൾ ജെറ്റ് സഹോദരങ്ങളായ എബിൻ, ലിബിൻ, പിതാവ് വർഗീസ് മാതാവ് അന്നമ്മ, എബിന്റ ഭാര്യ അഭിരാമി എന്നിവർക്കാണ് പരിക്കേറ്റത്. എതിർദിശയിൽ നിന്നും വന്ന കാറുമായി ഈബുൾ ജെറ്റ് സഹോദരങ്ങളുടെ കാർ കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ കാറുകളുടെ മുൻവശം പൂർണമായും തകർന്നു. കൊച്ചു കുഞ്ഞടക്കം ആറു പേരാണ് കാറിലുണ്ടായിരുന്നത്. ഇതിൽ അഞ്ച് പേർക്കാണ് അപകടം സംഭവിച്ചത്. അപകടത്തിൽപ്പെട്ട മറ്റുകാറിലെ യാത്രികർ സുരക്ഷിതരാണ്. ഇവരെ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

### അമീബിക് മസ്തിഷ്ക ജ്വരം

## പന്ത്രണ്ടുകാരന്റെ നില അതീവഗുരുതരമായി തുടരുന്നു

ഫറോക്ക്: ഫാറൂഖ് കോളജിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച 12കാരന്റെ നില അതീവഗുരുതരമായി തുടരുന്നു. ആറാഴ്ചക്കിടെ കേരളത്തിൽ സ്ഥിരീകരിക്കുന്ന മൂന്നാമത്തെ കേസ് ആണ് ഇത്. കോഴിക്കോട് ഫാറൂഖ് കോളജ് സ്വദേശിയായ എട്ടാം ക്ലാസുകാരനാണ് രോഗം സ്ഥിരീകരിച്ചത്. കുട്ടി കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ഗുരുതരാവസ്ഥയിലാണ്. ആറാഴ്ചക്കിടെ കേരളത്തിൽ സ്ഥിരീകരിക്കുന്ന മൂന്നാമത്തെ കേസ് ആണ് ഇത്. നെഗ്ലേറിയ ഫൗലേറി മൂലമുണ്ടാകുന്ന അപൂർവ അണുബാധയാണിത്. രോഗലക്ഷണവുമായി ഒരാഴ്ചയായി കുട്ടി ചികിൽസയിലാണ് ഫാറൂഖ് കോളജ് പരിസരത്തെ അച്ചംകുളത്തിൽ കുളിച്ച ശേഷമാണ് രോഗലക്ഷണം കണ്ടത്. കഴിഞ്ഞ 16നാണ് കുട്ടിക്ക് പനിയും ജലദോശവും തലവേദനയുമായി തുടങ്ങിയ രോഗലക്ഷണങ്ങൾ മൂർച്ഛിക്കുകയായിരുന്നു. പനിയും ജലദോഷവും തലവേദനയുമായി കുട്ടിക്ക് രോഗലക്ഷണം കണ്ടുതുടങ്ങിയതിന് പിന്നാലെ ക്ലോറിനേഷൻ ചെയ്ത് അച്ചംകുളം അടച്ചിരുന്നു.രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ പ്രദേശത്ത് ജാഗ്രതാ നിർദേശം പുറപ്പെടുവിക്കുകയും ചെയ്തു. രോഗലക്ഷണങ്ങളുള്ളവർ എത്രയും പെട്ടെന്ന് ചികിത്സ തേടണമെന്നും നിർദേശിച്ചു. കുളം ഉപയോഗിച്ചവരുടെ വിവരശേഖരണവും നടത്തി.

നിലവിൽ മറ്റാർക്കും രോഗലക്ഷണങ്ങൾ കാണാത്തത് ആശ്വാസകരമാണ്.

ഈ മാസം കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ച കണ്ണൂർ സ്വദേശിനിയായ 13കാരിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിരുന്നു. കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടിയെ അസുഖം കടുത്തതോടെ ജൂൺ 12 നാണ് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പനി, തലവേദന, ഛർദി തുടങ്ങിയ ലക്ഷണങ്ങളോടെയാണ് കുട്ടി ചികിത്സയിൽ കഴിഞ്ഞത്. രോഗത്തിന്റെ ഉറവിടം കണ്ടെത്താനായിരുന്നില്ല.

കഴിഞ്ഞ മാസം അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലിരിക്കെ 5 വയസുകാരിയുടെ മരണവും സംസ്ഥാനത്തെ ഞെട്ടിച്ചിരുന്നു. മലപ്പുറം മൂന്നിയൂർ കളിയാട്ടമുക്ക് സ്വദേശി ഫദ്വയാണ് മരിച്ചത്. മൂന്നിയൂരിലെ കുളത്തിൽ കുളിച്ചതിനെ തുടർന്നാണ് കുട്ടിക്ക് പനിയും തലവേദനയും പിടിപെടുകയും പിന്നീട് രോഗം മൂർച്ഛിക്കുകയും ചെയ്തത്.

മെഡിക്കൽ കോളജിൽ വച്ചാണ് ഫദ്വയ്ക്ക് അത്യപൂർവ രോഗമായ അമീബിക് മസ്തിഷ്ക ജ്വരമാണെന്ന് സ്ഥിരീകരിച്ചത്. പല മരുന്നുകൾ നൽകി രക്ഷപെടുത്താൻ ശ്രമിച്ചെങ്കിലും ഒടുവിൽ മരണത്തിന് കീഴടങ്ങുകയായിരുന്നു. ഇന്ത്യയിൽ ഈ രോഗത്തിന് മരുന്നില്ലാത്തതിനാൽ പുറത്തുനിന്ന് എത്തിക്കാനുള്ള ശ്രമം തുടങ്ങിയെങ്കിലും അതിന് സാധിച്ചിരുന്നില്ല. വിരളമായി പതിനായിരത്തിൽ ഒരാൾക്ക് ബാധിക്കുന്ന രോഗമാണിത്.നെഗ്ലേറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്.

## സംവരണം: സർക്കാർ ധവളപത്രം ഇറക്കണമെന്ന് സുന്നി മഹല്ല് ഫെഡറേഷൻ




*എസ്.എം.എഫ് സംസ്ഥാന കൗൺസിൽ മീറ്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു*

ചേളാരി: മുസ്‌ലിം ന്യൂനപക്ഷങ്ങൾ സർക്കാറിനെ സ്വാധീനിച്ച് അനർഹമായി പലതും നേടുന്നുവെന്ന ചില സമുദായ നേതാക്കളുടെ പ്രസ്താവനകൾ അപലപനീയമാണെന്നും, ജനസംഖ്യാനുപാതികമായി മുസ്‌ലിം സമുദായത്തിന് അർഹമായ സംവരണാനുകൂല്യങ്ങളും മറ്റും തൊഴിൽ രംഗത്തും വിദ്യാഭ്യാസ മേഖലകളിലും വെട്ടിക്കുറക്കുകയാണെന്നും ഇതു സംബന്ധമായി പൊതുസമൂഹത്തിൽ തെറ്റിദ്ധാരണ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ വിവിധ സമുദായങ്ങൾ നേടിയ സംവരണ കണക്കുകൾ സംബന്ധിച്ച് സർക്കാർ ധവളപത്രം ഇറക്കണമെന്നും സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കൗൺസിൽ കേരള സർക്കിനോട് ആവശ്യപ്പെട്ടു.

കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റ്രൽ വഖഫ് കൗൺസിൽ വഖഫുകളുടെ പുരോഗതിക്കായി നൽകിയിരുന്ന സെന്റ്രൽ വഖഫ് കൗൺസിൽ ലോൺ പദ്ധതി 2016 മുതൽ നൽകാതെ തടഞ്ഞുവെച്ചിരിക്കുകയാണ്. കേരളത്തിലെ പതിനേഴോളം വരുന്ന മഹല്ലുകൾക്ക് ഉൾപ്പടെ കിട്ടേണ്ട ദശലക്ഷങ്ങൾ വരുന്ന വരുമാന പദ്ധതികളാണ് കേന്ദ്രത്തിന്റെ നിഷേധ സമീപനംമൂലം അനിശ്ചിതത്തിലായിരിക്കുന്നത്. വഖഫുകൾക്ക് അർഹതപ്പെട്ട സെൻട്രൽ വഖഫ് കൗൺസിൽ ലോൺ പദ്ധതി ഉടൻ വിതരണം ചെയ്യുന്നതിന് സെന്റ്രൽ വഖഫ് കൗൺസിലും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും എസ്.എം.എഫ് സംസ്ഥാന കൗൺസിൽ പാസാക്കിയ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

ചെമ്മാട് ദാറുൽ ഹുദയിൽ നടന്ന സംസ്ഥാന കൗൺസിൽ മീറ്റ് എസ്.എം.എഫ് സംസ്ഥാന ട്രഷറർ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഉമർ മുസ്‌ലിയാർ കൊയ്യോട് അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി യു.മുഹമ്മദ് ശാഫി ഹാജി ചെമ്മാട് റിപ്പോർട്ട് അവതരിപ്പിച്ചു. വർക്കിങ് സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ വാർഷിക പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു. കെ.ടി ഹംസ മുസ്‌ലിയാർ വയനാട്, ഉമർ ഫൈസി മുക്കം, ഡോ. സയ്യിദ് സി.കെ കുഞ്ഞി തങ്ങൾ തൃശൂർ, പി.സി ഇബ്രാഹീം ഹാജി കമ്പ്ലക്കാട്, ബശീർ കല്ലേപ്പാടം, മൊയ്തീൻ ഫൈസി പുത്തനഴി, നാസർ ഫൈസി കൂടത്തായി, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, ആർ.വി കുട്ടി ഹസ്സൻ ദാരിമി, കെ. മോയിൻകുട്ടി മാസ്റ്റർ, എം.എ ചേളാരി, എം.എ.എച്ച് മഹ്മൂദ് ഹാജി കാസർകോട്, അബ്ദുൽ ബാഖി കണ്ണൂർ, സലാം ഫൈസി മുക്കം, അബ്ദുൽ ഖാദർ മാസ്റ്റർ കൂളിമാട്, സി.എച്ച് മുഹമ്മദ് ത്വയ്യിബ് ഫൈസി മലപ്പുറം, ഹംസ ഹാജി മൂന്നിയൂർ, അബ്ദുൽ കരീം ഫൈസി പൈങ്കണ്ണിയൂർ തൃശൂർ, പി.എ അബ്ദുൽ കരീം എറണാകുളം, എ അബ്ദുറഹീം പാലക്കാട്, എസ് ശംസുദ്ദീൻ റാവുത്തർ പത്തനംതിട്ട, കെ.എ ഉശരീഫ് കുട്ടി ഹാജി കോട്ടയം, നാസർ എസ് മാമൂലയിൽ, ഇബ്രാഹീം കുട്ടി ഹാജി ആലപ്പുഴ, സിറാജുദ്ദീൻ വെള്ളാപ്പള്ളി, പി.കെ മുഹമ്മദലി ബാഖവി നീലഗിരി, ഹസ്സൻ ആലങ്കോട് തിരുവനന്തപുരം, അബ്ദുസമദ് മാസ്റ്റർ കരുനാഗപ്പള്ളി സി.എം അബ്ദുൽ കരീം കൊടക്, എ.കെ ആലിപ്പറമ്പ്, എ.വി ഇസ്മാഈൽ ഹുദവി, എസ്.എം.എഫ് സി.ഇ.ഒ പി വീരാൻകുട്ടി മാസ്റ്റർ, സെക്രട്ടറി വി.എ.സി കുട്ടി ഹാജി പാലക്കാട് പ്രസംഗിച്ചു.

## ജൂലൈ ഒന്നിന് എസ്.ഇ.യു 'ബ്ലാക്ക് വാൾ'

മലപ്പുറം: പന്ത്രണ്ടാം ശമ്പള പരിഷ്കരണം ഉടൻ യാഥാർത്ഥ്യമാക്കുക, പത്തൊമ്പത് ശതമാനം ഡി.എ കുടിശിക ഉടൻ അനുവദിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശിക ഉടൻ അനുവദിക്കുക, ലീവ് സറണ്ടർ അനുവദിക്കുക, ജീവാനന്ദം പദ്ധതി ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) ജില്ലാ കമ്മിറ്റി 'ബ്ലാക്ക് വാൾ' സംഘടിപ്പിക്കും. നാളെ മുതൽ സർക്കാർ ജീവനക്കാർക്ക് അനുഭവവേദ്യമാകേണ്ടതായ പുതിയ ശമ്പള പരിഷ്കരണത്തിന് വേണ്ടി അനുയോജ്യമായ ഒരു കമ്മീഷനെ നിയമിക്കാൻ പോലും നാളിതുവരെ സർക്കാർ തയ്യാറായിട്ടില്ല. പഴയ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ ഇതേവരെ അനുവദിക്കുക പോലും ചെയ്തിട്ടില്ല. അടുത്ത ഗഡു ഡി.എ കൂടി ജൂലൈ മുതൽ കുടിശികയാകാൻ പോവുകയാണ്. ഇത്തരം പ്രസക്തമായ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള സമരം മലപ്പുറം നഗരസഭാ ചെയർമാൻ മുജീബ് കാടേരി ഉദ്ഘാടനം ചെയ്യും. എസ്.ഇ.യു സംസ്ഥാന ജനറൽ സെക്രട്ടറി ആമിർ കോഡൂർ മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന വൈസ് പ്രസിഡന്റ് കെ. അബ്ദുൽ ബഷീർ, സെക്രട്ടറി സി. ലക്ഷ്മണൻ പങ്കെടുക്കും.

## കിൻഫ്രയിലെ മാലിന്യ ജലത്തിനെതിരെ താക്കീതായി മുസ്‌ലിംലീഗ് ധർണ




*കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ നിന്നുള്ള മാലിന്യജല പ്രശ്നത്തിന് പരിഹാരം തേടി മുസ്‌ലിം ലീഗ് കമ്മിറ്റി നടത്തിയ പ്രതിഷേധ ധർണ പഞ്ചായത്ത് ലീഗ് പ്രസിഡന്റ് പി.കെ.എ കരീം ഉദ്ഘാടനം ചെയ്യുന്നു*

കുറ്റിപ്പുറം: കിൻഫ്ര പാർക്കിൽ നിന്നുമുള്ള മണൽ ശുദ്ധീകരണം വരുത്തിയ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാവശ്യപ്പെട്ട് മുസ്‌ലിം ലീഗ് ധർണ. ഒരു പ്രദേശത്തെ ജീവിതം ദുസ്സഹമാക്കിയ അധികൃതരുടെ ധിക്കാര നിലപാട് ചോദ്യം ചെയ്താണ് കുറ്റിപ്പുറം പഞ്ചായത്ത് 19-ാം വാർഡ് മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ബഹുജന ധർണ നടത്തിയത്. പദ്ധതി പ്രദേശത്തെ ഇരകളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ ധർണയിൽ പങ്കാളികളായി.

ഒരു മണിക്കൂർ നടന്ന ധർണാ സമരം അധികൃതരുടെ കണ്ണ് തുറപ്പിക്കുന്നതായി.

മണൽ ശുദ്ധീകരണം പുറംതള്ളുന്ന മാലിന്യജലം മൂലം ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് പ്രദേശത്ത് നിലനിൽക്കുന്നത്. കഴുത്തല്ലൂർ, ചെമ്പിക്കൽ, കൊളക്കാട് ഭാഗങ്ങളിലേക്കും കിൻഫ്രയിലെ മാലിന്യജലം പകരാൻ തുടങ്ങിയിട്ടുണ്ട്. 6, 13, 14, 19 വാർഡുകളിലുള്ളവർക്കാണ് നിലയിൽ ഇതിന്റെ പ്രയാസം നേരിടുന്നത്.6 വർഷം മുമ്പാണ് കിൻഫ്രയിൽ മണൽ ശുദ്ധീകരണം തുടങ്ങിയത്. മൂന്ന് വർഷക്കാലമായി നാട്ടുകാർ ഇതിന്റെ ദുരിതം പേറി വരികയാണ്. സംഭവം അധികൃതരെ ബോധിപ്പിച്ചിട്ടും പരിഹാരം കാണാതെ വന്നതോടെയാണ് മുസ്‌ലിം ലീഗിന്റെ ആഭിമുഖ്യത്തിൽ പാർക്കിന് മുന്നിൽ ബഹുജന പ്രക്ഷോഭം നടത്തിയത്. പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് പി.കെ.എ കരിം ധർണ ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ സി.കെ റമീന അധ്യക്ഷയായി. പഞ്ചായത്ത് മുസ്‌ലിം ലീഗ് സെക്രട്ടറി അബ്ദുറഹ്മാൻ, പഞ്ചായത്ത് മുസ്‌ലിം ലീഗ് ഭാരവാഹികളായ പി.വി ഷാജി, ഹുസൈൻ കൊട്ടിലുങ്ങൽ, എം.പി.എ റഹീം, വി.എ മുസ്തഫ, ടി.പി ഷംസുദ്ദീൻ, വി. ഫിറോസ്, വി.പി മൊയ്തീൻകുട്ടി, കെ.പി സക്കീർ, കെ.പി അലി ഹാജി, ടി.എം മൊയ്തു, സി.കെ സൈനബ പ്രസംഗിച്ചു.

## ടോയ്‌ലറ്റ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു

കൂട്ടിലങ്ങാടി: മങ്കട ബ്ലോക്ക് പഞ്ചായത്ത് 2023 -24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മക്കരപ്പറമ്പ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ച ടോയ്‌ലറ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ഫൗസിയ പെരുമ്പള്ളിയുടെ അധ്യക്ഷതയിൽ ബ്ലോക്ക് പ്രസിഡന്റ് ടി. അബ്ദുൽ കരീം നിർവഹിച്ചു.. ജില്ലാ പഞ്ചായത്ത് മെമ്പർ ടി.പി ഹാരിസ്, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റാബിയ അറക്കൽ പ്രസംഗിച്ചു.

## കേരളാ ലോയേഴ്സ് ഫോറം സെക്രട്ടറിയേറ്റ് ധർണ നാളെ

തിരുവനന്തപുരം: സാധാരണക്കാർക്ക് മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന അന്യായമായ കോർട്ട് ഫീ വർധനവ് പിൻവലിക്കണമെന്നവശ്യപ്പെട്ട് കേരള ലോയേഴ്സ് ഫോറം സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നാളെ സെക്രട്ടറിയേറ്റിന് മുൻപിൽ ധർണ്ണ നടത്തും. പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. അഡ്വ. പി.എം.എ സലാം മുഖ്യപ്രഭാഷണം നടത്തും. മുസ് ലിം ലീഗ് സംസ്ഥാന നേതാക്കൾ, എംഎൽഎമാർ തുടങ്ങിയവർ അഭിവാദ്യം അർപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് അഡ്വ. എ.എ. റസാഖ്, ജനറൽ സെക്രട്ടറി അഡ്വ.എം.പി ഹുസൈൻ അറിയിച്ചു. ഇക്കാര്യത്തിൽ തെളിവെടുപ്പ് നടത്തുന്ന ജസ്റ്റിസ് മോഹൻ കമ്മിഷൻ മുൻപാകെ ലോയേഴ്സ് ഫോറത്തിന്റെ എല്ലാ ജില്ലാകമ്മറ്റികളും നിവേദനം നൽകുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തിരുന്നു.

## സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റ്

പെരിന്തൽമണ്ണ: പെരിന്തൽമണ്ണ സബ്ജില്ലാ സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റിൽ അണ്ടർ 17 വിഭാഗത്തിൽ തൂത ദാറുൽ ഉലൂം ഹയർ സെക്കന്ററി സ്കൂളും അണ്ടർ 15 വിഭാഗത്തിൽ പിടിഎം എച്ച് എസ്.എസ്. താഴേക്കോട് സ്കൂളും ചാമ്പ്യൻമാരായി. പെരിന്തൽമണ്ണ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടന്നത്.അണ്ടർ 17 ആൺകുട്ടികളുടെ ഫൈനൽ മത്സരത്തിൽ പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കോട് സ്കൂളിനെ എതിരില്ലാത്ത രണ്ട് ഗോളിന് തകർത്താണ് തൂത ദാറുൽ ഉലൂം സ്കൂൾ ചാമ്പ്യൻമാരായത്. അണ്ടർ 15 വിഭാഗത്തിൽ പെരിന്തൽമണ്ണ ഗവ. ഹൈസ്കൂളിനേ 4-1 തകർത്താണ് പി.ടി. എം.എച്ച്.എസ്.എസ്. സ്കൂൾ ചാംപ്യന്മാരായത്. 8 സ്കൂളുകൾ മത്സരത്തിൽ പങ്കെടുത്തു. എ.ഇ.ഒ കുഞ്ഞിമൊയ്തു വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.




*മക്കരപ്പറമ്പ് വൊക്കേഷണൽ ഹൈസ്കൂളിൽ നിർമിച്ച ടോയ്‌ലറ്റ് കോംപ്ലക്സ് മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. അബ്ദുൽ കരീം ഉദ്ഘാടനം ചെയ്യുന്നു.*

## ജില്ലാ വികസന സമിതി യോഗത്തിൽ മാധ്യമങ്ങൾക്ക് വിലക്ക്

മലപ്പുറം: ജില്ലയിലെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്ന വികസന സമിതി യോഗത്തിൽ നിന്നും മാധ്യമ പ്രവർത്തകരെ വിലക്കി അധികൃതർ. ഇന്നലെ രാവിലെ 10.30ന് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ പങ്കെടുക്കുന്നതിൽ നിന്നാണ് മാധ്യമപ്രവർത്തകരെ വിലക്കിയത്. എം.എൽ.എമാർ അടക്കമുള്ള ജനപ്രതിനിധികളും ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന യോഗത്തിൽ നിന്നാണ് മാധ്യമങ്ങളെ പുറത്താക്കിയത്. പൊതുജനങ്ങൾ അറിയേണ്ട നിരവധി കാര്യങ്ങളും യോഗ അജണ്ടകളും എം.എൽ.എമാർ അടക്കം ഉന്നയിക്കുന്ന ആവശ്യങ്ങളുമടക്കം ചർച്ച ചെയ്യുന്നതാണ് യോഗം. ഇതിൽ ജില്ലയിൽ വിദ്യാർഥികൾക്ക് പ്ലസ് വണ്ണിന് സീറ്റ് ലഭിക്കാത്ത വിഷയം അടക്കം ചർച്ചക്ക് വന്നിരുന്നു. ഇത് റിപ്പോർട്ട് ചെയ്യാനായാണ് ഫോട്ടോഗ്രാഫർമാരടക്കം സ്ഥലത്തെത്തിയിരുന്നത്. ജില്ലയിൽ പ്ലസ് വൺ സീറ്റ് പ്രതിസന്ധി രൂക്ഷമായി തുടരുകയാണ്. പ്ലസ് വണ്ണിന് മുഖ്യഅലോട്ട്മെന്റിന് 82,446 പേരാണ് അപേക്ഷ നൽകിയത്. ഇതുപ്രകാരം 32,432 പേരാണ് പുറത്തുള്ളത്. ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്ക് ഇവരെ പരിഗണിച്ചാൽ 23,516 പേർ പ്രവേശനം ലഭിക്കാതെ പുറത്താണ്. സർക്കാർ വാദപ്രകാരം സ്പോർട്സ്, കമ്മ്യൂണിറ്റി, മാനേജ്മെന്റ് ക്വാട്ടകളിലെല്ലാം കൂടി 9,215 ഒഴിവുണ്ടെന്നാണ് പറയുന്നത്. ഇതുപ്രകാരം 23,217 പേർക്ക് അലോട്ട്മെന്റ് ലഭിക്കില്ലെന്നു കണക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ അധികൃതർക്ക് എന്താണ് പറയാനുള്ളതെന്ന് അറിയാനാണ് മാധ്യമ പ്രവർത്തകർ സ്ഥലത്തെത്തിയത്.

## ആതവനാട് ഡിവിഷൻ വികസനോത്സവം

മലപ്പുറം ജിലാ പഞ്ചായത്ത് ആതവനാട് ഡിവിഷൻ വികസനോത്സവം 24 ൽ ഒരു കോടി പത്തുലക്ഷം രൂപയുടെ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു. ആതവനാട് ഗ്രാമ പഞ്ചായത്തിൽ 20 ലക്ഷം രൂപ വകയിരുത്തി നിർമിച്ച കരിപ്പോൾ ഗവ. ഹൈസ്കൂളിലെ വനിതാ വിശ്രമ കേന്ദ്രം, മാറാക്കരയിലെ കറുത്തേടത്ത്ചോല ദേവട്ടം തോടിന് പാർശ്വഭിത്തി നിർമാണം (30 ലക്ഷം) കുറ്റിപ്പുറത്തെ പകരനല്ലൂർ - ഊരോത്തു പള്ളിയാൽ റോഡ് (40 ലക്ഷം) പാറക്കൽ എസ്.ഇ. കോളനി നവീകരണം (20 ലക്ഷം) എന്നീ പ്രവൃത്തികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം നിർവഹിച്ചു.ജില്ലാ പഞ്ചായത്ത് മെമ്പർ ബഷീർ രണ്ടത്താണി അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ടി.പി. സിനോബിയ, നസീറ പറഞ്ഞൊടി, സജിത നന്നേങ്ങാടൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കെ.ടി. ആസാദ്, ഒ.കെ. സുബൈർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സിദ്ദീഖ് പരപ്പാര, കെ.ടി. സിദ്ദീഖ്, മുബഷിറ അമീർ, എ.പി. ജാഫറലി, പ്രസംഗിച്ചു. എ.പി. മൊയ്തീൻകുട്ടി മാസ്റ്റർ, എം. അഹമ്മദ് മാസ്റ്റർ, ജയദേവൻ, ടി. ഇസ്മയിൽ (കുഞ്ഞുട്ടി) ഖാലിദ്, പി.കെ. കരീം, വി.പി. അബ്ദുറഹിമാൻ മാസ്റ്റർ, ഉമ്മർ ഗുരുക്കൾ, അലവി ഹാജി, കുഞ്ഞാപ്പുട്ടി, റാഫി പകര നല്ലൂർ, സെയ്ത് കരിപ്പോൾ, മുഹമ്മദ് ഹനീഫ, തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിൽ പങ്കെടുത്തു.

## ഓരാടംപാലം - വൈലോങ്ങര ബൈപാസ് സ്ഥലമേറ്റെടുപ്പു നടപടികൾ ആരംഭിച്ചു

മങ്കട: അങ്ങാടിപ്പുറത്തെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന ഓരാടംപാലം വൈലോങ്ങര ബൈപ്പാസിന്റെ നിർമാണത്തോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 11/1 വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലം വിട്ട് നൽകുന്നവരുടെ വിവര ശേഖരണം നടത്തി. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളുടെ ഭാഗമായാണ് വിവരശേഖരണവും മറ്റു സർവേ നടപടികളും ആരംഭിച്ചത്.

കിഫ്ബി ലാന്റ് അക്വസിഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് നടപടി ആരംഭിച്ചത്. കഴിഞ്ഞ ദിവസം നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മങ്കട എം.എൽ.എ മഞ്ഞളാംകുഴി അലി ജില്ലാ കലക്ടർ വി.ആർ വിനോദുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. സാമൂഹികാഘാത പഠനവും, വിദഗ്ധ സമിതി റിപ്പോർട്ടും ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും അത് അംഗീകരിക്കുകയും ചെയ്തിരുന്നു. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് ഭൂവുടമകൾക്ക് പരമാവധി നഷ്ടപരിഹാരം ഉറപ്പുവരുത്തുമെന്നും സ്ഥലം സന്ദർശിച്ച മഞ്ഞളാംകുഴി അലി എം.എൽ.എ പറഞ്ഞു. തുടർ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും എം.എൽ.എ അറിയിച്ചു.

## 12 കിലോ കഞ്ചാവുമായി തിരൂരിൽ സ്ത്രീകളടക്കം മൂന്ന് പേർ പിടിയിൽ

തിരൂർ: നഗരമധ്യത്തിൽ നിന്ന് ഇന്നലെ പുലർച്ചെ എക്സൈസ് വിഭാഗം 12 കിലോയോളം കഞ്ചാവ് പിടി കൂടി. കഞ്ചാവ് കടത്തുകയായിരുന്ന ഓട്ടോറിക്ഷ ഉൾപ്പെടെ പ്രതികളെ അറസ്റ്റ് ചെയ്തു. തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും സിറ്റി ജങ്ഷൻ റോഡിലേക്ക് തിരിയവെയാണ് റോഡിൽവച്ച് പുലർച്ചെ നാലുമണിക്ക് തിരൂർ എക്സൈസ് സർക്കിൾ ഓഫീസും എക്സൈസ് കമ്മീഷണറുടെ ഉത്തരമേഖലാ സ്ക്വാഡും തിരൂർ എക്സൈസ് റെയ്ഞ്ച് ഓഫീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്.

കഞ്ചാവ് എത്തിച്ചു നൽകിയ ബംഗാളികളായ പാറുൽ ബീബി (38), അർജുന ബീബി (44) എന്നീ രണ്ടു സ്ത്രീകളും ഓട്ടോറിക്ഷയിൽ കടത്തുകയായിരുന്ന തിരൂരങ്ങാടി തെന്നല സ്വദേശി മുഹമ്മദ് റഫീഖ് (38) എന്നിവരുമാണ് അറസ്റ്റിലായത്. തിരൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കെ.എം ബാബുരാജ്, പ്രിവന്റീവ് ഓഫീസർമാരായ ഷിബു ശങ്കർ കെ., പ്രദീപ് കുമാർ .കെ, സിവിൽ എക്സൈസ് ഓഫീസർമാരായ ശരത് ദീപു അരുൺ പാറോൾ, റിബീഷ് കെ.വി ചന്ദ്രമോഹനൻ, വനിത സിവിൽ എക്സൈസ് ഓഫീസർമാരായ സ്മിത .കെ, സജിത സിപി എന്നിവരും ഉണ്ടായിരുന്നു.

തിരൂർ നഗരത്തിൽ പുലർച്ചെ എക്സൈസ് ടീം നടത്തിയ പരിശോധനയിൽ കഞ്ചാവ് പിടികൂടുന്നു





### ജില്ലാ വികസന സമിതി യോഗം

# സംയുക്ത സ്ക്വാഡ് രൂപീകരിച്ച് സ്കൂളുകളിൽ പരിശോധന നടത്തും



ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേർന്ന മലപ്പുറം ജില്ലാ വികസന സമിതി യോഗത്തിൽ നിന്ന്

മലപ്പുറം: ജില്ലയിലെ രണ്ട് സ്കൂളുകളിൽ ഭക്ഷ്യ വിഷബാധയുണ്ടായതിന്റെ പശ്ചാത്തലത്തിൽ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് എല്ലാ സ്കൂളുകളിലും പരിശോധന നടത്തുമെന്ന് ജില്ലാ കളക്ടർ വി.ആർ വിനോദ് പറഞ്ഞു. ഭക്ഷ്യ സുരക്ഷ, ആരോഗ്യം, പൊതുവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായാണ് പരിശോധന നടത്തുകയെന്നും അദ്ദേഹം അറിയിച്ചു. ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

സ്കൂളുകളിലെ ഉച്ചഭക്ഷണ പാചകപ്പുര, പാത്രങ്ങൾ, വാട്ടർടാങ്ക്, ടോയ്‌ലറ്റുകൾ, ഉച്ചഭക്ഷണ സാമഗ്രികൾ തുടങ്ങിയവ പരിശോധിക്കും. ദുരന്തം ആവർത്തിക്കാതിരിക്കാൻ ജാഗ്രത പാലിക്കുമെന്നും കളക്ടർ പറഞ്ഞു. മത്സ്യം സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഐസ് ഉപയോഗിച്ച് ഓഡിറ്റോറിയങ്ങളിലും മറ്റും വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് ജില്ലയിൽ മഞ്ഞപ്പിത്തമടക്കമുള്ള രോഗങ്ങൾ പടരാൻ ഇടയാക്കിയിട്ടുണ്ട്. ഇത് തടയാൻ ഓഡിറ്റോറിയങ്ങളിലും മറ്റും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തും.

ലൈസൻസ് ഉള്ള കാറ്ററേഴ്സ് മാത്രമേ ഓഡിറ്റോറിയങ്ങളിൽ ഭക്ഷണം തയ്യാറാക്കാൻ പാടുള്ളൂ എന്നും കളക്ടർ നിർദ്ദേശിച്ചു. പത്താംതരം വിജയിച്ച ഒരു കുട്ടി പോലും പ്രവേശനം കിട്ടാതെ പുറത്തിരിക്കുന്ന അവസ്ഥയുണ്ടാവാത്ത വിധം പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കണമെന്ന് എം.എൽ.എമാർ ആവശ്യപ്പെട്ടു.

പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത അപേക്ഷകർ കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിലെ സ്കളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്ന വിധത്തിൽ റിപ്പോർട്ട് തയ്യാറാക്കി സർക്കാറിന് സമർപ്പിക്കുമെന്ന് ഹയർസെക്കന്ററി മേഖലാ ഉപമേധാവി ഡോ.പി.എ അനിൽ യോഗത്തിൽ അറിയിച്ചു.

ആർ.എം.എസ്.എ പദ്ധതി പ്രകാരം അനുവദിച്ച ജില്ലയിലെ 21 ഗവ. ഹൈസ്കൂളുകൾ ഹയർസെക്കന്ററി ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ഇവിടങ്ങളിൽ താത്കാലിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കാൻ ശിപാർശ നൽകുമെന്നും ഹയർസെക്കന്ററി മേഖലാ ഉപമേധാവി അറിയിച്ചു. സ്കൂളുകളിലെ ഭക്ഷ്യ വിഷബാധ തടയാൻ നൂൺ മീൽ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്കൂളുകളിൽ കൃത്യമായ നിരീക്ഷണം വേണമെന്നും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തണമെന്നും പി അബ്ദുൽ ഹമീദ് എം.എൽ.എ ആവശ്യപ്പെട്ടു.

ജില്ലയിൽ മഴക്കാല പൂർവ്വ ശുചീകരണം ശരിയായി നടന്നിട്ടില്ലെന്നും ഇതാണ് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പടർന്നു പിടിക്കാൻ ഇടയാക്കിയതെന്നും എം.എൽ. എ പറഞ്ഞു. മഞ്ചേരി മെഡിക്കൽ കോളേജിൽ എം.എൽ. എ ഫണ്ടുപയോഗിച്ച് നടത്തുന്ന നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ ഉടൻ രാത്രികാല പോസ്റ്റുമോർട്ടം ആരംഭിക്കാനാവുമെന്ന് അഡ്വ. യു.എ ലത്തീഫ് എം.എൽ.എയുടെ ചോദ്യത്തിനുത്തരമായി മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ അറിയിച്ചു. ഫോറൻസിക് വിഭാഗത്തിൽ രണ്ട് സീനിയർ റസിഡന്റുമാരെ ഇവിടെ നിയമിക്കേണ്ടതുണ്ടെന്നും വൈസ് പ്രിൻസിപ്പൽ അറിയിച്ചു.

മലപ്പുറം മേൽമുറിയിൽ മൂന്നു പേർ മരിച്ച അപകടത്തിൽ മൃതദേഹങ്ങളുടെ ഇൻക്വസ്റ്റ് വൈകിയത് പൊലീസിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണെന്നും ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ പൊലീസ് ജാഗ്രത കാണിക്കമണെന്നും പി ഉബൈദുല്ല എം.എൽ.എ പറഞ്ഞു.

മലപ്പുറം കെ.എസ്.ആർ.ടി. സി ബസ് ടെർമിനൽ നിർമാണ പ്രവൃത്തി ഉടൻ ആരംഭിക്കുമെന്ന് എം.എൽ.എയുടെ ചോദ്യത്തിനുത്തരമായി പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചു. മലപ്പുറം കോട്ടക്കുന്നിൽ മഴക്കാലത്തെ മണ്ണിടിച്ചിൽ തടയുന്നതിന് ഡ്രൈനേജ് നിർമിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.

പരപ്പനങ്ങാടി ലെപ്രസി കോളനിവാസികൾക്ക് പട്ടയം അനുവദിക്കുന്നത് അവസാന ഘട്ടത്തിലാണെന്നും ജൂലൈ 15 ന് ശേഷം നടക്കുന്ന പട്ടയമേളയിൽ വെച്ച് പട്ടയങ്ങൾ വിതരണം ചെയ്യുമെന്നും പരപ്പനങ്ങാടി ഫിഷറീസ് കോളനി നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി നിരാക്ഷേപ പത്രം വകുപ്പ് ആസ്ഥാനത്തേക്ക് അയച്ചു നൽകിയിട്ടുണ്ടെന്നും കെ.പി.എ മജീദ് എം.എൽ.എയുടെ ചോദ്യത്തിനുത്തരമായി റവന്യൂ വകുപ്പ് അറിയിച്ചു. ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള പാഠപുസ്തക വിതരണം ജില്ലയിൽ പൂർത്തിയായതായി ടി.വി ഇബ്രാഹിം എം.എൽ.എയുടെ ചോദ്യത്തിനുത്തിരമായി വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

69,10,401 പാഠപുസ്തകങ്ങളാണ് ജില്ലയിൽ വിതരണം ചെയ്തത്. മെയ് 30 നകം വിതരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം ഒഴാഴ്ചക്കുള്ളിൽ പൂർത്തിയാവുമെന്നും അദ്ദേഹം അറിയിച്ചു. ഉപയോഗ ശൂന്യമായ കാറികളിൽ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ വീണ് കുട്ടികൾ മരിക്കുന്നത് തടയാൻ ക്വാറികൾ മണ്ണിട്ടു മൂടുകയോ വേലികെട്ടി തിരിക്കുകയോ ചെയ്യണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.

ഇതിനായി ഉപയോഗ ശൂന്യമായ ക്വാറികളുടെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള എണ്ണം നൽകാൻ തദ്ദേശ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കലക്ടർ നിർദേശം നൽകി. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ മണികണ്ഠൻ, പെരിന്തൽമണ്ണ സബ് കലക്ടർ അപൂർവ തൃപാഠി, അസി. കലക്ടർ വി.എം ആര്യ, ഡെപ്യൂട്ടി ജില്ലാ പ്ലാനിങ് ഓഫീസർ ടി. ജ്യോതിമോൾ, വിവിധ നഗരസഭാ അധ്യക്ഷർ, വിവിധ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

## ചങ്ങരംകുളം ചിയ്യാനൂർ പാടത്ത് കമ്പി കയറ്റി വന്ന ലോറി താഴ്ന്നു

ചങ്ങരംകുളം : ജലജീവൻ പദ്ധതിക്കായി കുഴിയെടുത്ത സംസ്ഥാന പാതയോരത്ത് വാഹനങ്ങൾ താഴുന്നത് പതിവാകുന്നു. കുറ്റിപ്പുറം തൃശൂർ സംസ്ഥാന പാതയോരത്ത് കാളാച്ചാൽ മുതൽ വളയംകുളം വരെയുള്ള ഭാഗങ്ങളിലാണ് ദുരിതം തുടരുന്നത്. ശനിയാഴ്ച പുലർച്ചെയാണ് പാലക്കാട് നിന്ന് കമ്പി കയറ്റിവന്ന ലോറി ചിയ്യാനൂർ പാടത്ത് താഴ്ന്നത്.

ഏറെ നേരത്തെ പരിശ്രമത്തിന് ശേഷം ക്രെയിൻ എത്തിച്ചാണ് ലോറി കുഴിയിൽ നിന്ന് കയറ്റിയത്. ജലജീവൻ പദ്ധതിക്കായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് ജല അതോറിറ്റി റോഡ് കീറിയത്.പൈപ്പ് സ്ഥാപിച്ച ശേഷം പൊളിച്ച ഭാഗങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാതെ മണ്ണിട്ട് മൂടുകയായിരുന്നു. മഴ കനത്തതോടെ പാതയോരങ്ങൾ മുഴുവൻ വലിയ ചതിക്കുഴികൾ രൂപപ്പെടുകയായിരുന്നു. തിരക്കേറിയ പാതയിൽ റോഡിലെ ചതിക്കുഴി തിരിച്ചറിയാൻ കഴിയാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം എത്തുന്ന ചരക്ക് ലോറികളും ദീർഘദൂര വാഹനങ്ങളുളുമാണ് കെണിയിൽ പെടുന്നത്. വാഹനങ്ങൾ റോഡരികിൽ ഒതുക്കാൻ ശ്രമിക്കുകയോ തിരിക്കാൻ ശ്രമിക്കുകയോ ചെയ്താൽ വാഹനങ്ങൾ താഴുന്നത് പതിവ് കാഴ്ചയാണ്. ഒരുമാസത്തിനിടെ 30 ഓളം വാഹനങ്ങളാണ് ഇവിടെ ചതിക്കുഴിയിൽ വീണത്.പലപ്പോഴും ജെസിബികളും ക്രെയിനുകളും എത്തിച്ചാണ് നാട്ടുകാർ ചേർന്ന് വാഹനങ്ങൾ കയറ്റി കൊടുക്കുന്നത്.ഇത് ലോറി തൊഴിലാളികൾക്ക് ഭീമമായ നഷ്ടമാണ് ഉണ്ടാക്കുന്നത്.പദ്ധതിയുടെ ഭാഗമായി ബാക്കി വന്ന മണ്ണ് മുഴുവൻ റോഡരികിൽ കൂട്ടിയിട്ടിരുന്നു.പലയിടത്തും മണ്ണ് റോഡിലേക്ക് ഒഴുകി റോഡിൽ ചെളിവെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയിലാണ്.വെള്ളം പോകുന്ന പാതയോരത്തെ ഡ്രൈനേജുകളും മണ്ണ് മൂടി അടഞ്ഞ് കിടക്കുന്ന അവസ്ഥയിലായിട്ടുണ്ട്. മഴ കനത്തതോടെ മണ്ണ് ഇളകി കിടക്കുന്നത് വലിയ അപകട ഭീഷണി ഉയർത്തുന്നുണ്ടെന്നും മാസങ്ങളായി തുടരുന്ന ദുരിതം അധികൃതർ കണ്ടില്ലെന്ന് നടിക്കുകയാണെന്നും നാട്ടുകാർക്ക് പരാതിയുണ്ട്.

## മുസാഅദ കാമ്പയിന് ഇന്ന് സമാപനം

മലപ്പുറം: ജീവകാരുണ്യ പ്രവർത്തനത്തിന് സുന്നി യുവജന സംഘം സുന്നി മഹൽ ആസ്ഥാനമായി നടപ്പിലാക്കി വരുന്ന മുസാഅദയുടെ ധന സമാഹരണാർത്ഥം നടത്തിയ ഫണ്ട് സമാഹരണ കാമ്പയിൻ ഇന്ന് സമാപിക്കും. മുസാഅദ ദിനമായ ബലിപെരുന്നാൾ ദിനത്തിലും 23ന് നടന്ന ജനസമ്പർക്കത്തിലും യൂണിറ്റുകളിൽ ഫണ്ട് സമാഹരണം നടന്നു. സമാഹരിച്ച ഈ ഫണ്ടുകൾ ഇന്ന് തന്നെ മുസാഅദ ആപ്പ് വഴി നിക്ഷേപിക്കണം. ഇന്ന് രാത്രി 12 മണിവരേ നിക്ഷേപിക്കുന്ന തുകയാണ് മണ്ഡലം, പഞ്ചായത്ത്, മുനിസിപ്പൽ, യൂണിറ്റ് തല അവാർഡുകൾക്ക് പരിഗണിക്കുക. മുസാഅദ പദ്ധതിയുടെ സമർപ്പണത്തിന്റെ പൈലറ്റ് സംഗമം 3ന് മലപ്പുറം സുന്നി മഹലിൽ നടക്കുമെന്ന് മുസാഅദ കോ-ഓർഡിനേറ്റർ ഹസൻ സഖാഫി പൂക്കോട്ടൂർ അറിയിച്ചു.

## ബാഫഖി തങ്ങൾ മുസ്‌ലിം സമുദായ പുരോഗതിയുടെ ഗതി നിർണയിച്ച നായകൻ: സാദിഖലി ശിഹാബ് തങ്ങൾ



പട്ടിക്കാട് ജാമിഅ നൂരിയ്യയിൽ നടന്ന ബാഫഖി തങ്ങൾ അനുസ്മരണം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

പട്ടിക്കാട്: കേരളീയ സമൂഹം പൊതുവിലും മുസ്‌ലിം സമാജം വിശേഷിച്ചും ഏറെ കടപ്പെട്ട നേതാവാണ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് മാത്രമല്ല മത സാമൂഹിക വിദ്യാഭ്യാസ സംസ്കാരിക രംഗത്തും ബാഫഖി തങ്ങളുടെ സംഭാവനകൾ അതുല്യമാണെന്നും തങ്ങൾ പറഞ്ഞു.

ജാമിഅ നൂരിയ്യയെ സംബന്ധിച്ചിടത്തോളം പിതാവിന്റെ സ്ഥാനമാണ് ബാഫഖി തങ്ങൾക്കെന്ന് തങ്ങൾ കൂട്ടിച്ചേർത്തു. പട്ടിക്കാട് ജാമിഅ നൂരിയ്യയിൽ നടന്ന ബാഫഖി തങ്ങൾ അനുസ്മരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അധ്യക്ഷനായി.

അബ്ദുൽ ഖാദർ മുസ്‌ലിയാർ പൈങ്കണ്ണിയൂർ അനുസ്മരണ പ്രഭാഷണം നടത്തി.

കോട്ടുമല മൊയ്തീൻകുട്ടി മുസ്‌ലിയാർ, ഹൈദർ ഫൈസി പനങ്ങാങ്ങര, അസ്ഗറലി ഫൈസി പട്ടിക്കാട്, എ. ബാപ്പുട്ടി ഫൈസി, ഇ.കെ മൊയ്തീൻ ഹാജി (അൽഐൻ) ഇബ്രാഹിം ഫൈസി തിരൂർക്കാട്, ഖാദർ ഫൈസി കുന്നുംപുറം, അബ്ദുറഹ്മാൻ ഫൈസി പാതിരമണ്ണ, മുഹമ്മദലി ഹാജി തൃക്കടേരി, എ.കെ മുസ്തഫ, കുന്നത്ത് മുഹമ്മദ്, എ.കെ നാസർ, എം. ബീരാൻ ഹാജി, എം.എസ് അലവി, ഖാസിം ഹാജി, ആർ.വി കുട്ടിഹസൻ ദാരിമി, ഹംസ ഹാജി മൂന്നിയൂർ, മുഹമ്മദ് പാനോളി, കുഞ്ഞാപ്പു ഹാജി പൂക്കളത്തൂർ, അബ്ദുല്ലത്തീഫ് ഫൈസി പാതിരമണ്ണ, ഹംസ ഫൈസി ഹൈതമി, അലവി ഫൈസി കുളപ്പറമ്പ്, ളിയാഉദ്ദീൻ ഫൈസി മേൽമുറി, ശിഹാബ് ഫൈസി കൂമണ്ണ, ഒ.ടി മുസ്തഫ ഫൈസി, ഉമർ ഫൈസി മുടിക്കോട്, അമാനത്ത് സലാം ഫൈസി, മുജ്തബ ഫൈസി, സൽമാൻ ഫൈസി താമരശ്ശേരി, അബ്ദുറഹ്മാൻ ഫൈസി കുട്ടശ്ശേരി പ്രസംഗിച്ചു.

## മഖ്ദൂമിയം കോൺഫറൻസ് സമാപിച്ചു



മഖ്ദൂം ഫാമിലി അസോസിയേഷനും തിരൂരങ്ങാടി പി.എസ്.എം.ഒ. കോളജ് ചരിത്ര വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച മഖ്ദൂമിയം കോൺഫറൻസ് മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

തിരൂരങ്ങാടി: മലബാറിന്റെ സാംസ്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ ചരിത്രത്തിൽ നിന്ന് അടർത്തി മാറ്റാനാകാത്ത ഏടുകളാണ് മഖ്ദൂം പരമ്പരയുടെ തെന്നും മഖ്ദൂം വംശജരുടെ ക്രാന്ത ദർശിത്വവും അനുഭവസമ്പത്തും സാമൂഹിക തത്പരതയും ശ്രദ്ധേയമായിരുന്നുവെന്നും ഹജ്ജ് - വഖഫ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി വി.അബ്ദുറഹ്മാൻ പറഞ്ഞു.

മഖ്ദൂം ഫാമിലി അസോസിയേഷനും തിരൂരങ്ങാടി പി.എസ്.എം.ഒ. കോളജ് ചരിത്ര വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച മഖ്ദൂമിയം കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരൂരങ്ങാടി മുനിസിപ്പൽ ചെയർമാൻ കെ.പി.മുഹമ്മദ് കുട്ടി അധ്യക്ഷ്യനായി.

പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ മുഖ്യാതിഥിയായി. മഖ്ദൂം കുടുംബം കേരള സമൂഹ നിർമിതിയും എന്ന വിഷയത്തിൽ ഡോ: മോയിൻ മലയമ്മയും മഖ്ദൂമുമാരുടെ അധിനിവേശ വിരുദ്ധ പോരാട്ടങ്ങൾ പ്രഫ: എ.പി അബ്ദുൽ വഹാബും പൈതൃക സംരക്ഷണത്തിലെ മഖ്ദുമി സാധ്യതകൾ ഡോ: പി.പി. അബ്ദുൽ റസാഖ് പ്രഭാഷണങ്ങൾ നടത്തി.

മുൻമന്ത്രി നാലകത്ത് സൂപ്പി, കോളേജ് മാനേജർ എം.കെ ബാവ, പ്രിൻസിപ്പൽ ഡോ: അസീസ്, അബ്ദുൽ ഗഫൂർ മുസ്‌ലിയാരകത്ത്, ഷംസുദ്ദീൻ പുതിയകത്ത് ചോലക്കൽ, ഡോ. റഫീഖ് ഹുദവി, ഒ.ടി മുസ്തഫ ഫൈസി, സദറുദ്ദീൻ വാഴക്കാട്, മുഹമ്മദ് അലി നാലകത്ത്, മുഹമ്മദ് ഹസീബ്, ഡോ: എ.ഇ ഷെഫി, ബഷീർ വാഫി വളപുരം, അബ്ദുൾ റഊഫ്, ഡോ:എം നിസാർ, മുഹമ്മദ് തയ്യിബ് സുല്ലമി, പ്രഫ. സലീന പ്രസംഗിച്ചു.

## ഷൊർണ്ണൂർ - കണ്ണൂർ എക്സ്പ്രസിന് വള്ളിക്കുന്നിൽ സ്റ്റോപ്പ് അനുവദിക്കണം: ഇ.ടി മുഹമ്മദ് ബഷീർ

മലപ്പുറം: പുതുതായി അനുവദിച്ച കണ്ണൂർ- ഷൊർണ്ണൂർ അൺ റിസർവ്ഡ് സ്പെഷൽ ട്രെയിനിന് വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഇ.ടി മുഹമ്മദ് ബഷീർ എം.പി ദക്ഷിണ റെയിൽവേ മാനേജർക്ക് കത്തയച്ചു. മലബാർ മേഖലയിലെ തിരക്ക് കുറക്കുന്നതിനാണ് ഒരു മാസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ പുതിയ ട്രെയിൻ അനുവദിച്ചിട്ടുള്ളത്. വിദ്യാർഥികളും, ജോലിക്കാരും ഉൾപ്പെടെ ധാരാളം യാത്രക്കാർ ആശ്രയിക്കുന്ന ഒരു റെയിൽവേ സ്റ്റേഷനാണ് വള്ളിക്കുന്നെന്ന് എം.പി ജനറൽ മാനേജർക്ക് അയച്ച കത്തിൽ സൂചിപ്പിച്ചു.

കൂടാതെ പുതുതായി അനുവദിച്ച ട്രെയിനിന് വള്ളിക്കുന്നിൽ സ്റ്റോപ്പ് നിഷേധിച്ച കാര്യം ഡിവിഷണൽ റെയിൽവേ മാനേജരുമായി ഫോണിൽ സംസാരിക്കുകയും സ്റ്റോപ്പ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. റെയിൽവേയുടെ ഭാഗത്ത് നിന്ന് ഇക്കാര്യത്തിൽ അനുകൂല നടപടി ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും എം.പി പറഞ്ഞു.

## സുന്നി മഹല്ല് ഫെഡറേഷൻ ജില്ലാ കൗൺസിൽ രണ്ടിന്

മലപ്പുറം സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ മലപ്പുറം ജില്ലാ കൗൺസിൽ ജൂലൈ 2ന് രാവിലെ 10.30 ന് ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നടക്കും. ജൂൺ 26ന് നിശ്ചയിച്ചിരുന്ന ജില്ലാ കൗൺസിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ വിളിച്ചു ചേർത്ത നേതൃ സംഗമം കാരണം മാറ്റുകയായിരുന്നു. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടുകളും വരവ് ചെലവ് കണക്കുകളും വരും വർഷത്തേക്കുള്ള പ്രവർത്തന പദ്ധതികളും കൗൺസിലിൽ ചർച്ച ചെയ്യും. ജില്ലയിലെ 22 മേഖലകളിലെയും പ്രവർത്തകസമിതി അംഗങ്ങളാണ് കൗൺസിലിൽ പങ്കെടുക്കേണ്ടത്.

മഹല്ല് അദാലത്തുകളുടെ തുടർ പ്രവർത്തനങ്ങൾ അടക്കം വിവാഹ സംബന്ധമായി മഹല്ലുകളിൽ നടക്കുന്ന അനിസ്‌ലാമികമായ ആചാരങ്ങളും ആർഭാടങ്ങളും നിയന്ത്രിക്കാൻ ആവശ്യമായ കാര്യങ്ങളും കൗൺസിലിൽ ചർച്ച ചെയ്യും. ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ ചേരുന്ന ജില്ലാ കൗൺസിലിൽ വഖഫിന്റെ മതവിധികൾ എന്ന വിഷയത്തിൽ കെ.സി മുഹമ്മദ് ബാഖവി വിഷയാവതരണം നടത്തും. യു മുഹമ്മദ് ഷാഫി ഹാജി അബ്ദുസമദ് പൂക്കോട്ടൂർ തുടങ്ങിയവർ പങ്കെടുക്കും. കൗൺസിൽ അംഗങ്ങൾ കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് ജില്ലാ സെക്രട്ടറി അറിയിച്ചു.

## നിരന്തര ആവശ്യത്തിനൊടുവിൽ മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻമാസ്റ്റർ ഓഫീസ് അനുവദിച്ചു

മഞ്ചേരി: അഡ്വ . യു.എ. ലത്തീഫ് എം.എൽയുടെ നിരന്തര ആവശ്യം ഒടുവിൽ ഗതാഗത മന്ത്രി അംഗീകരിച്ചു. മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിച്ചതായി ഗതാഗത വകുപ്പ് മന്ത്രി കെ.ബി ഗണേഷ് കുമാർ അറിയിച്ചു. ഈ വിഷയത്തിൽ മുൻ ഗതാഗത വകുപ്പ് മന്ത്രിയുമായിരുന്ന ആന്റണി രാജുവും അനുകൂല നിലപാട് സ്വീകരിച്ചിരുന്നു. പിന്നീട് കെ.ബി ഗണേഷ് കുമാറും ആവശ്യം അംഗീകരിച്ചു.

ഇക്കാര്യത്തിൽ നിയമസഭക്ക് അകത്തും പുറത്തും, സബ് മിഷൻ, നിയമ സഭാ ചോദ്യം,ധനാഭ്യർത്ഥന - ബജറ്റ് പ്രസംഗങ്ങൾ, കെ.എസ്.ആർ.ടി.സി എം.ഡി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി നേരിട്ടും, ഫോൺ മുഖേനയും ജില്ലാ വികസന സമിതി ഉൾപ്പെടെയുള്ള യോഗം മുഖേനയും നിരന്തരമായി എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരുന്നു മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിക്കാനുള്ള നടപടി.

ഇതോടെ മഞ്ചേരിയിൽ നിന്നും കൂടുതൽ കെ.എസ് ആർ.ടി.സി ബസ് സർവീസ് തുടങ്ങുവാനും മറ്റു വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും സാധിക്കുമെന്ന് യു.എ. ലത്തീഫ് എം.എൽ.എ പറഞ്ഞു.

## കുടുംബശ്രീ സംരംഭകരെ സർക്കാർ വഴിയാധാരമാക്കരുത്: പി അബ്ദുൽ ഹമീദ്

മലപ്പുറം: സംസ്ഥാന സർക്കാർ പറഞ്ഞ വാക്കു വിശ്വസിച്ച് 'വിശപ്പു രഹിത കേരളം' പദ്ധതി വിജയിപ്പിക്കുവാൻ ഹോട്ടൽ വ്യാപാരം ആരംഭിച്ച കുടുംബശ്രീ സംരംഭകരെ സർക്കാർ കയ്യൊഴിഞ്ഞ് വഴിയാധാരമാക്കരുതെന്ന് മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽഹമീദ് എം.എൽ.എ തദ്ദേശഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. സർക്കാർ വാഗ്ദാനം ചെയ്ത സബ്സിഡി ഇനത്തിൽ കോടിക്കണക്കിന് രൂപ കുടിശിക വരുത്തിയത് ലഭിക്കുവാൻ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുന്നിൽ പോയി സമരം നടത്തേണ്ട ഗതികേട് ഉണ്ടായി. ഒടുവിൽ പലതവണകളിലായെങ്കിലും സബ്സിഡി കുടിശിക കിട്ടി നിവർന്നു നിൽക്കാൻ തുടങ്ങിയപ്പോഴാണ് സബ്സിഡി നിരക്കിൽ അരി നൽകിക്കൊണ്ടിരുന്നത് സർക്കാർ നിർത്തൽ ചെയ്തത്. ഊണ് ഒന്നിന് പത്തു രൂപ നിരക്കിൽ സബ്സിഡി നൽകിയിരുന്നത് നിർത്തിയതിന് പുറമേ അരി നൽകുന്നതും നിർത്തിയതോടെ അതീവ ഗുരുതരമായ പ്രതിസന്ധിയെയാണ് ഹോട്ടൽ നടത്തിപ്പുകാരായ കുടുംബശ്രീ സഹോദരിമാർ നേരിടുന്നത്. സർക്കാർ നിർബന്ധിച്ച് ആരംഭിച്ച പദ്ധതി സർക്കാർ തന്നെ നശിപ്പിക്കുക മാത്രമല്ല, വിശ്വസിച്ച് രംഗത്തിറങ്ങിയ പാവപ്പെട്ട സഹോദരിമാരെ, കടക്കെണിയിൽ മുക്കിക്കൊല്ലുക കൂടിയാണ് സർക്കാർ ചെയ്യുന്നത്. ഒന്നുകിൽ സ്വയംതൊഴിൽ സംരംഭം പോലെ അവരെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ സർക്കാർ സഹായങ്ങൾ ഉറപ്പുവരുത്തി രക്ഷപ്പെടുത്തുകയോ ചെയ്യണമെന്ന് അദ്ദേഹം മന്ത്രിയോട് ആവശ്യപ്പെട്ടു.

## റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ്; സർക്കാർ നടപടിക്ക് സ്റ്റേ

മലപ്പുറം: റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് അംഗത്വത്തിൽ നിന്ന് കാടാമ്പുഴ മൂസ ഹാജിയെ ഒഴിവാക്കിയ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു. സർക്കാറിന്റെ രാഷ്ട്രീയ പ്രേരിത നടപടിയാണ് ഇതോടെ പൊളിഞ്ഞത്. ഇടതുപക്ഷ അനുഭാവിയെ തിരുകിക്കയറ്റാൻ വേണ്ടിയാണ് മൂസ ഹാജിയെ ഒഴിവാക്കിയത്. സ്വതന്ത്ര സംഘടനയായ കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന വർക്കിങ് പ്രസിഡന്റാണ് കാടാമ്പുഴ മൂസ ഹാജി.

ഒരു നോട്ടീസ് പോലും നൽകാതെ പിരിച്ചുവിടുകയും പകരം കുറ്റിയിൽ ശ്യാമിനെ നിയമിക്കുകയുമാണ് സർക്കാർ ചെയ്തത്. ഇതിനെ ചോദ്യം ചെയ്ത് അസോസിയേഷൻ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. കോടതി വിധി പ്രകാരം കഴിഞ്ഞ 25 ന് ചേർന്ന ക്ഷേമനിധി ബോർഡ് യോഗത്തിൽ കാടാമ്പുഴ മൂസ പങ്കെടുക്കുകയും ചെയ്തു. അസോസിയേഷന് വേണ്ടി അഡ്വ. വിനോദ് മാധവനാണ് ഹൈക്കോടതിയിൽ ഹാജരായത്.

## വാക് ഇൻ ഇന്റർവ്യൂ

മലപ്പുറം: മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി ജില്ലാ ബാലസംരക്ഷണ യൂണിറ്റിലേക്ക് കൗൺസിലറെ നിയമിക്കുന്നതിന് ജൂലായ് ആറിന് നടത്താനിരിക്കുന്ന അഭിമുഖം ജൂലായ് എട്ടിലേക്ക് മാറ്റിയതായി ജില്ലാ ബാലസംരക്ഷണ ഓഫീസർ അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ: 9496286054



സംയുക്ത അധ്യാപക സമിതി ജില്ലാ കമ്മിറ്റി മലപ്പുറത്തെ അധ്യാപക പരിശീലന കേന്ദ്രത്തിനു മുമ്പിൽ നടത്തിയ പ്രതിഷേധം

## ഭീഷണിക്കിടയിലും ക്ലസ്റ്റർ ബഹിഷ്ക്കരണം വൻവിജയം: സംയുക്ത അധ്യാപക സമിതി

മലപ്പുറം: ഏകപക്ഷീയ അക്കാദമിക കലണ്ടറിനെതിരെ സംയുക്ത അധ്യാപക സമിതി ആഹ്വാനം ചെയ്ത ക്ലസ്റ്റർ ബഹിഷ്കരണം വൻവിജയമായിരുന്നുവെന്ന് സംയുക്ത അധ്യാപക സമിതി ജില്ലാ കമ്മിറ്റി. ക്ലസ്റ്ററിൽ പങ്കെടുക്കാത്തവർക്കു നേരെ സർക്കാറിന്റെ ഭാഗത്തു നിന്നുള്ള ഭീഷണിക്കു പുറമെ സമാധാനപരമായി ധർണ നടത്തിയ അധ്യാപകരെ ഭീഷണിപ്പെടുത്തി സമരം തടസപ്പെടുത്താനുള്ള നീക്കം പൊലീസിന്റെയും ഭാഗത്ത് നിന്നും ഉണ്ടായി. നിരന്തരമായി അധ്യാപകരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന സർക്കാർ നടപടിക്കെതിരെ നടത്തിയ ബഹിഷ്ക്കരണത്തിൽ ഭൂരിഭാഗം അധ്യാപകരും പങ്കെടുത്തു.

പതിനേഴ് ഉപജില്ലകളിലെയും ക്ലസ്റ്റർ പരിശീലന കേന്ദ്രങ്ങളിലെ പങ്കാളിത്തം തീരെ കുറവായിരുന്നെന്നും ഇന്നലെ നടന്നത് ക്ലസ്റ്റർ പ്രഹസനങ്ങളായിരുന്നുവെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. അധ്യാപകരില്ലാത്തതിനാൽ പല ഉപജില്ലകളിലും ആർ.പിമാർക്ക് അധ്യാപകരെ കാത്തുനിൽക്കേണ്ടി വന്നു. നാളിതുവരെ അവധിക്കാല പരിശീലനത്തിലോ മറ്റ് പരിശീലന ക്ലാസുകളിലോ പങ്കെടുക്കാൻ അനുമതി ലഭിക്കാത്ത ദിവസക്കൂലി വേതനക്കാരെ തലേദിവസം തന്നെ നിർബന്ധപൂർവം വിളിച്ചുവരുത്തിയാണ് ഹാജർനില കൂട്ടാൻ അധികാരികൾ ശ്രമിച്ചത്. പല കേന്ദ്രങ്ങളിലും പങ്കെടുക്കാനെത്തിയവർക്ക് പരിശീലകരായതും ദിവസവേതനക്കാരായിരുന്നു.

മലപ്പുറത്ത് നടത്തിയ പ്രതിഷേധ പ്രകടനത്തിന് മലപ്പുറം ജില്ലാ കെ.എസ്.ടി.യു, കെ.എ.ടി.എഫ് നേതൃത്വം നൽകി. കെ.എസ്.ടി.യു സംസ്ഥാന സെക്രട്ടറി മജീദ് കാടേങ്ങൽ, ജില്ലാ പ്രസിഡന്റ് എൻ.പി മുഹമ്മദലി, ജനറൽ സെക്രട്ടറി കോട്ട വീരാൻകുട്ടി, കെ.എ.ടി.എഫ് ജില്ലാ ജനറൽ സെക്രട്ടറി എം.പി ഫസൽ, ജില്ലാ ഭാരവാഹികളായ എ.കെ നാസർ, സാദിഖ് കട്ടുപ്പാറ, കെ. ഫെബിൻ, ജാഫർ വെള്ളേക്കാട്ട്, എം. മുഹമ്മദ് സലീം, പി.ടി അഹമ്മദ് റാഫി, സി.പി സാദിഖലി, സി.എസ് ഷംസുദ്ദീൻ, സി. നസീഫ്, സി.എച്ച് ഇബ്രാഹീം, എം.എൻ റഫീഖ്, എം. അബ്ദുൽ ബാരി, വി. ആഷിഖ്, എൻ. മുഹമ്മദ് യാസിർ, എം.കെ ഷൗക്കത്തലി, സി.പി ദിൽഷാദ് പ്രസംഗിച്ചു.




# അക്സറാണ് താരം

## നിർണായക പ്രകടനങ്ങൾ

ബാർബഡോസ്: ലോകപ്പ് സ്വന്തമാക്കിയ ഇന്ത്യൻ നിരയിലെ താരം ആരാണ്...? സംശയമില്ല-അക്സർ പട്ടേൽ. ഇന്ത്യയുടെ ടി-20 ലോകകപ്പ് സംഘത്തിൽ അദ്ദേഹമെത്തുമോ എന്നത് തുടക്കത്തിലെ സംശയമായിരുന്നു. അമേരിക്കയിലും വിൻഡീസിലുമായി നടന്ന ലോകകപ്പിലേക്ക് രണ്ട് റെഗുലർ സ്പിന്നർമാർ എന്ന പട്ടികയിൽ കുൽദീപ് യാദവും യൂസവേന്ദ്ര ചാഹലുമെത്തി. രവീന്ദ്ര ജഡേജ എന്ന സ്പിന്നിംഗ് ഓൾറൗണ്ടറുമുള്ളപ്പോൾ വീണ്ടുമൊരു സ്പിന്നർ ഉണ്ടാവില്ല എന്നാണ് കരുതിയത്. പക്ഷേ നായകൻ രോഹിത് ശർമ അക്സർ പട്ടേലിന് വേണ്ടി വാദിച്ചു. അതിന് രണ്ട് കാരണങ്ങളുണ്ടായിരുന്നു- ഏത് പൊസിഷനിലും അക്സർ നന്നായി ബാറ്റ് ചെയ്യും. പിന്നെ ഇടം കൈയ്യൻ സ്പിന്നുമാവുമ്പോൾ അദ്ദേഹം മുതൽക്കൂട്ടാവും. പാക്കിസ്താനെതിരായ മൽസരത്തിൽ അക്സർ മിന്നി. സെമിയിൽ ഇംഗ്ലണ്ടിനെതിരെ അതിലും മികച്ച പ്രകടനം. മൂന്ന് വിലപ്പെട്ട വിക്കറ്റുകൾ. ഇന്നലെ ഫൈനലിലും അതേ മികവ്. മൂന്ന് വിക്കറ്റുകൾ പെട്ടെന്ന് നഷ്ടമായി ഇന്ത്യ പതറുമ്പോൾ വിരാത് കോഹ്‌ലിക്കൊപ്പം ഗംഭീര ഇന്നിംഗ്സ്. സിക്സറുകളും ബൗണ്ടറികളുമായി 31 പന്തിൽ അദ്ദേഹം നേടിയ 47 റൺസ് വിലപ്പെട്ടതായിരുന്നു. നിർഭാഗ്യകരമായ റണ്ണൗട്ടില്ലായിരുന്നുവെങ്കിൽ അർധശതകവും കടന്ന് അദ്ദേഹത്തിന് മുന്നേറാനാവുമായിരുന്നു.

## ഇനി ഞാനില്ല



ബാർബഡോസ്: വലിയ മൽസരങ്ങളിൽ വലിയ സ്കോർ സ്വന്തമാക്കാറുണ്ട് വിരാത് കോഹ്‌ലി. ലോകകപ്പിൽ അദ്ദേഹം പരാജയമായിരുന്നു. അയർലൻഡിനെതിരായ ആദ്യ മൽസരം മുതൽ അദ്ദേഹം കളത്തിലുണ്ടായിരുന്നു. പക്ഷേ ഇംഗ്ലണ്ടിനെതിരായ സെമി ഫൈനൽ വരെ ദയനീയ പ്രകടനം. അപ്പോഴും നായകൻ രോഹിത് ശർമ അദ്ദേഹത്തിന് വലിയ പിന്തുണ നൽകി. ഇന്നലെ ഫൈനലിൽ തകർപ്പൻ പ്രകടനം നടത്തി അദ്ദേഹം കളിയിലെ കേമനായി. വിരമിക്കലും പ്രഖ്യാപിച്ചു. 59 പന്തിൽ 76 റൺസ്. അവസാന ലോകകപ്പിലെ മിന്നും പ്രകടനത്തിൽ രണ്ട് സിക്സറുകളും ആറ് ബൗണ്ടറികളും. ദക്ഷിണാഫ്രിക്കൻ നിരയിലെ ഏറ്റവും മികച്ച സീമറായ മാർകോ ജാൻസണെതിരെ ആദ്യ ഓവറിൽ തന്നെ മൂന്ന് ബൗണ്ടറികളുമായാണ് വിരാത് തുടങ്ങിയത്. പക്ഷേ തുടർന്ന് രോഹിത് ശർമയും റിഷാഭ് പന്തും സുര്യകുമാർ യാദവും പെട്ടെന്ന് പുറത്തായ കാഴ്ച്ചയിൽ അദ്ദേഹം ആക്രമണത്തിന് വിശ്രമം നൽകി. അക്സർ പട്ടേലിന് ആക്രമിക്കാൻ നിർദ്ദേശം നൽകി. 50 ലെത്താൻ വൈകിയപ്പോഴും അതിന് ശേഷം കിടിലൻ ഷോട്ടുകളുമായി കളം നിറഞ്ഞു.

# ചന്ദ്രിക സ്പോർട്സ്



*ടീമിന്റെ നേട്ടമാണിത്... വലിയ സമ്മർദ്ദത്തിലാണ് ഞങ്ങൾ കളിച്ചത്. ലോകകപ്പിൽ എല്ലാ മൽസരങ്ങളും വിജയിക്കാനായി. ഫൈനലിലെ ഒരു ഘട്ടത്തിൽ മൽസരം കൈവിട്ടു പോയിരുന്നു. പക്ഷേ തിരിച്ചുവരാൻ ഞങ്ങൾക്കായി. ജസ്പ്രീത് ബുംറയുടെ ഓവറുകൾ, ഹാർദികിന്റെ അവസാന ഓവർ എല്ലാം കരുത്തായി. എല്ലാവർക്കും നന്ദി...*

**-രോഹിത് ശർ**

www.chandrikadaily.com

**BREAKING** ടി-20 ലോകകപ്പ്: വിരാത് കോഹ് ലി മാൻ ഓഫ് ദ മാച്ച്, ജസ്പ്രീത് ബുംറ ചാമ്പ്യൻഷിപ്പിലെ താരം



**ഇന്ന്**

കോപ്പ അമേരിക്ക
അർജന്റീന-പെറു (പുലർച്ചെ 5-30 മുതൽ)
കാനഡ-ചിലേ (രാവിലെ 5-30)
മെക്സിക്കോ-ഇക്വഡോർ (നാളെ പുലർച്ചെ 5-30)
ജമൈക്ക-വെനിസ്വേല (നാളെ പുലർച്ചെ 5-30)
ലൈവ് ഇല്ല

യൂറോ 2024
ഇംഗ്ലണ്ട്-സ്ലോവാക്യ (രാത്രി 09-30)
സ്പെയിൻ-ജോർജ്ജിയ (രാത്രി 12-30)
സോണി സ്പോർട്സ്
സോണി ലിവ്

## ഇംഗ്ലീഷ് ടെൻഷൻ

മ്യൂണിച്ച്: കളിച്ചത് മൂന്ന് മൽസരങ്ങൾ. ആദ്യ മൽസരത്തിൽ സെർബിയക്കെതിരെ ഏക ഗോൾ ജയം. അതിന് ശേഷം ഡെന്മാർക്കിനും സ്ലോവേനിയക്കും മുന്നിൽ വിയർത്തു. മൂന്ന് കളികളിലെ ആകെ സമ്പാദ്യം അഞ്ച് പോയിന്റ്. ഇതായിരുന്നില്ല ഹാരി കെയിൻ നയിക്കുന്ന ഇംഗ്ലീഷ് സംഘത്തിൽ നിന്നും ഫുട്ബോൾ ലോകം പ്രതീക്ഷിച്ചത്. യൂറോപ്യൻ ഫുട്ബോളിലെ സൂപ്പർ താരങ്ങളുടെ ബഹളത്തിൽ വന്ന ടീമിന് അതിനാൽ തന്നെ ഇന്നത്തെ ദിവസം ടെൻഷനാണ്. നോക്കൗട്ടിലെ പ്രതിയോഗികൾ സ്ലോവാക്യ. ബെൽജിയത്തെ പോലെ വമ്പന്മാരെ മറിച്ചിട്ടവരാണ് സ്ലോവാക്യ. നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവർ. ഹാരിയുടെ സംഘത്തിലെ മുൻനിരക്കാർ ഫോമിലെത്താത്തപക്ഷം ഒരു പക്ഷേ അതിവേഗം ജർമനിയിൽ നിന്നും ഇംഗ്ലണ്ട് ലണ്ടനിലേക്ക് വിമാനം കയറേണ്ടി വരും. വിംഗുകളിൽ പറക്കുന്ന ഫിൽ ഫോഡാനും ബുക്കായോ സാക്കയും ജൂഡ് ബെലിങ്ഹാമും പന്ത് വലയിലാക്കണം. ഇന്ന് നടക്കുന്ന രണ്ടാം പ്രീക്വാർട്ടറിൽ കരുത്തരായ സ്പെയിൻ അട്ടിമറിക്കാരായ ജോർജ്ജിയയുമായി കളിക്കും. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ പോർച്ചുഗലിനെ മറിച്ചിട്ടാണ് ജോർജ്ജിയക്കാർ നോക്കൗട്ടിൽ സ്പെയിനിനെ നേരിടാൻ യോഗ്യത സ്വന്തമാക്കിയത്. ഗ്രൂപ്പ് ബി-യിൽ കളിച്ച മൂന്ന് മൽസരങ്ങളിലും വിജയം സ്വന്തമാക്കിയവരാണ് അൽവാരോ മൊറാത്തയുടെ സ്പെയിൻ.

# മേരാ ഭാരത്

## 17 വർഷത്തിന് ശേഷം ഇന്ത്യക്ക് ലോക കിരീടം

ബാർബഡോസ്: രോഹിതിനും ഇന്ത്യക്കും ലോകകപ്പ്. ഭാഗ്യനിർഭാഗ്യങ്ങളിൽ ഒരിക്കൽ കൂടി ദക്ഷിണാഫ്രിക്ക നിർഭാഗ്യവാന്മാരായി. അവസാന ഓവറിൽ വിജയിക്കാൻ 16 റൺസ് ആവശ്യമായ ദക്ഷിണാഫ്രിക്കയെ മിന്നും ക്യാച്ചിലുടെ മൽസരത്തിൽ നിന്നും കിരീടത്തിൽ നിന്നും അകറ്റിയത് സുര്യകുമാർ യാദവ്. ഡേവിഡ് മില്ലറെ പുറത്താക്കാനെടുത്ത ക്യാച്ച്. ഹാർദിക് പാണ്ഡ്യയുടെ പന്തിൽ പന്ത് സിക്സറിലേക്ക് പറക്കവെ തട്ടി പിടിച്ച് അതിർത്തിക്ക് പുറത്ത് പോയി വീണ്ടും തിരിച്ചെത്തിയുള്ള ക്യാച്ച്. ഇതോടെ അഞ്ച് പന്തിൽ 16 തന്നെ. കാഗിസോ റബാദ അഞ്ചാം പന്തിൽ ബൗണ്ടറി നേടി. അടുത്ത പന്തിൽ സിംഗിളും. വീണ്ടും സിംഗിൾ. പിന്നെ രണ്ട് പന്തിൽ വേണ്ടത് പത്ത് റൺ. ഇന്ത്യ പ്രാർത്ഥനയിൽ. ഹാർദികിന്റെ പന്ത് വൈഡ്. രണ്ട് പന്തിൽ ദക്ഷിണാഫ്രിക്കക്ക് ജയിക്കാൻ ഒമ്പത് റൺ. അടുത്ത പന്തിൽ റബാദ പുറത്ത്. ഇന്ത്യക്ക് കപ്പ്.... കെന്നിഗ്സ്റ്റൺ ഓവലിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ വിരാത് കോഹ്‌ലിയുടെ മികവിൽ 176 റൺസ് നേടിയിരുന്നു. പക്ഷേ ഹെൻട്രിച്ച് ക്ലാസന്റെ വെടിക്കെട്ടിൽ ദക്ഷിണാഫ്രിക്ക കരുത്ത് കാട്ടി. 169 റൺസ് വരെ അവരെത്തി. ടോസ് നേടിയ ഇന്ത്യൻ നായകൻ രോഹിത് ശർമ വളരെയെളുപ്പത്തിലാണ് ബാറ്റിംഗ് തീരുമാനിച്ചത്. പ്രസന്നമായ ബാർബഡോസ് വെയിലിൽ ഉറച്ച ബാറ്റിംഗ് ട്രാക്കിൽ ഗംഭീരമായി വിരാത് കോഹ്‌ലി തുടങ്ങുകയും ചെയ്തു. ദക്ഷിണാഫ്രിക്കക്കായി പുതിയ പന്തെടുത്ത മാർക്കോ ജാൻസണെതിരെ മൂന്ന് ബൗണ്ടറികളാണ് വിരാത് സ്വന്തമാക്കിയത്. ആദ്യ ഓവറിൽ തന്നെ ഇന്ത്യക്ക് 15 റൺസ്. രണ്ടാം ഓവർ ദക്ഷിണാഫ്രിക്കൻ നായകൻ മാർക്ക് ഐഡൻറാം നൽകിയത് സ്പിന്നർ കേശവ് മഹാരാജിന്. ആദ്യ രണ്ട് പന്തിലും റിവേഴ്സ് സ്വിപ്പിലുടെ പന്ത് ബൗണ്ടറി കടത്തിയ രോഹിത് ശർമ നാലാം പന്തിൽ പുറത്തായി. പുൾ ഷോട്ടിനുള്ള ശ്രമത്തിൽ ഹെൻട്രിച്ച് ക്ലാസന്റെ കരങ്ങളിലായിരുന്നു ഫോമിലുള്ള നായകൻ എത്തിയത്. സമ്പാദ്യം അഞ്ച് പന്തിൽ 09 റൺ മാത്രം. പകരമെത്തിയ റിഷാഭ് പന്ത് രണ്ടാം പന്തിൽ തന്നെ പുറത്തായി. മഹാരാജിനെ കട്ട് ചെയ്യാനുള്ള ശ്രമത്തിൽ പന്ത് ഉയർന്നു പൊന്തി വിക്കറ്റ് കീപ്പർ ക്വിന്റൺ ഡി കോക്കിന്റെ കരങ്ങളിൽ. ഗംഭീര തുടക്കത്തിന് ശേഷം വളരെ വേഗം ഇന്ത്യ പ്രതിരോധത്തിലായി. രണ്ട് ഓവർ പൂർത്തിയാവുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റിന് 23 റൺസ്. പിറകെ സുര്യകുമാർ യാദവും മടങ്ങി. തുടക്കത്തിൽ തന്നെ ഭാഗ്യത്തിന് രക്ഷപ്പെട്ട സുര്യകുമാർ കാഗിസോ റബാദയെ അതിർത്തി കടത്താനുള്ള ശ്രമത്തിൽ ഹെൻട്രിച്ച് ക്ലാസൺ പിടിച്ച് പുറത്താവുമ്പോൾ സമ്പാദ്യം മൂന്ന് റൺ മാത്രം. ഇന്ത്യൻ സ്കോർ 3 ന് 34. പവർ പ്ലേ ഓവറുകൾ കഴിയുമ്പോൾ സ്കോർ മൂന്ന് വിക്കറ്റിന് 45 റൺസ്. വിരാതിനൊപ്പം അക്സർ പട്ടേൽ ക്രീസിൽ. എട്ടാമത് ഓവറിലായിരുന്നു ഇന്ത്യൻ ഇന്നിംഗ്സിലെ ആദ്യ സിക്സർ പിറന്നത്. ഐദൻറാമിനെ അക്സർ പട്ടേൽ ലോംഗ്ഓണിലുടെ ഗ്യാലറിയിലെത്തിച്ചു. വിരാത്- അക്സർ സഖ്യം പിടി നൽകാതെ മുന്നേറിയപ്പോൾ ഇന്ത്യ കളിയിലേക്ക് തിരിച്ചു വന്നു. റബാദയെ സിക്സറിന് പറത്തി അക്സർ പതിനാലാം ഓവറിലെ ആദ്യ പന്തിൽ ഇന്ത്യൻ സ്കോർ 100 കടത്തി. പക്ഷേ അതേ ഓവറിൽ അക്സർ (47) റണ്ണൗട്ടായത് ഇന്ത്യക്ക് ആഘാതമായി. പകരമെത്തിയ ശിവം ദുബേ സെമിയിലെ നിരാശ അകറ്റി വിരാതിന് നല്ല പിന്തുണ നൽകി. പെട്ടെന്നുള്ള വിക്കറ്റ് നഷ്ടങ്ങളിൽ നങ്കൂരക്കാരന്റെ റോളിന് നിർബന്ധിതനായ വിരാത് 50 പന്തിൽ 50 ലെത്തി. പിന്നീട് ടീമിന്റെ ആവശ്യം മനസിലാക്കി അദ്ദേഹം ആക്രമണം നടത്തി. പത്തൊമ്പതാമത് ഓവറിലെ അവസാന പന്തിൽ 59 പന്തിൽ 76 റൺസുമായി വിരാത് പുറത്തായി. അവസാന ഓവറിൽ ദുബേയും (27) ജഡേജയും (2) പുറത്തായി. ഏഴ് വിക്കറ്റിന് 176 റൺസാണ് ഇന്ത്യ 120 പന്തുകളിൽ സമ്പാദിച്ചത്. ടി-20 ഫൈനൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന സ്കോർ. ആഫ്രിക്കൻ ബൗളിംഗിൽ മാർകോ ജാൻസൺ അടി വാങ്ങി. 49 റൺസിന് ഒരു വിക്കറ്റ് മാത്രം. മഹാരാജ് 23 റൺസിന് രണ്ട് വിക്കറ്റ് നേടി. നോർത്ജെ രണ്ട് വിക്കറ്റ് നേടി-26 റൺസ് മാത്രം വഴങ്ങി. ദക്ഷിണാഫ്രിക്കയുടെ മറുപടി തകർച്ചയിലായിരുന്നു. ജസ്പ്രീത് ബുംറയുടെ ആദ്യ ഓവറിൽ തന്നെ റീസാ ഹെൻട്രിക്സ്(4) പുറത്തായി. നായകൻ മാർക്ക്റാമും (4) വേഗം പുറത്തായപ്പോൾ കളി ഇന്ത്യക്കൊപ്പമാണെന്ന് തോന്നി. പക്ഷേ ഡി കോക്കിനൊപ്പമെത്തിയ ട്രിസ്റ്റൺ സ്റ്റബ്സ് കടന്നാക്രമണം നടത്തി 21 പന്തിൽ 31 റൺസ് നേടി. സ്റ്റബ്സിനെ അക്സർ പുറത്താക്കിയതിന് ശേഷമെത്തിയ ഹെൻട്രിച്ച് ക്ലാസണാണ് കളി പൂർണമായി ഇന്ത്യക്ക് അന്യമാക്കിയത്. ഐ.പി.എൽ മൽസരമെന്ന പോലെയായിരുന്നു ക്ലാസൺ സ്പിന്നർമാരെ നേരിട്ടത്. ഡി കോക്ക് (39) അതിനിടെ പുറത്തായതൊന്നും ക്ലാസണെ ബാധിച്ചില്ല. 27 പന്തിൽ നിന്നും 52 റൺസ്. ഹാർദിക് പാണ്ഡ്യയുടെ പന്തിൽ അദ്ദേഹം പുറത്തായെങ്കിലും അതിനിടെ തന്നെ ഡാമേജ് ധാരാളമായിരുന്നു. പക്ഷേ അവസാനത്തിൽ ബുംറ വരുന്നു. ഇന്ത്യയും തിരികെ വരുന്നു. വിജയം സ്വന്തമാക്കുന്നു



*ഫൈനലിലെ അവസാന ഓവറിൽ ഇന്ത്യൻ വിജയം ഉറപ്പാക്കിയതിന് ശേഷം ആഹ്ലാദഭരിതനായി ഇന്ത്യൻ ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യ*

## ബുംറക്ക് സല്യൂട്ട്



**കമാൽ വരദൂർ**

എന്തൊരു ഫൈനൽ..... എന്തൊരു ഫിനിഷിംഗ്..... ഒരു ഘട്ടത്തില് കൈവിട്ട ഫൈനൽ. പിന്നെ അതിമനോഹരമായി ടീം ഇന്ത്യ തിരികെ വന്നു. ഹാർദികിന്റെ അവസാന ഓവറിൽ സുര്യകുമാർ യാദവ് എടുത്ത ക്യാച്ച്. ഡേവിഡ് മില്ലറെ പുറത്താക്കാനുള്ള ആ ക്യാച്ചായിരുന്നു ഇന്ത്യക്ക് കിരീടം സമ്മാനിച്ചത്. ജസ്പ്രീത് ബുംറയുടെ നാല് ഓവറുകൾ- എങ്ങനെ മറക്കുമത്. അപാര മികവിൽ ആ മനുഷ്യനാണ് ഇന്ത്യക്ക് കപ്പ് സമ്മാനിച്ചത്. നാലോവറിൽ 18 റൺസ് മാത്രം നൽകി രണ്ട് വിക്കറ്റ്. ഈ കപ്പിൽ, ഈ ചാമ്പ്യൻഷിപ്പിൽ അദ്ദേഹം പ്രകടിപ്പിച്ച മികവ് അപാരമായിരുന്നു. പിഴച്ചിരുന്നു ഇന്ത്യക്ക്. കപ്പ് അകന്നിരുന്നു ഒരു വേള. വിരാത് കോഹ്‌ലിയും ശിവം ദുബേയും ക്രീസിലുള്ള വേളയിൽ 37 പന്തുകൾക്കിടെ ഇന്ത്യക്ക് ഒരു ബൗണ്ടറി പോലും നേടാനായിരുന്നില്ല. ഈ ഘട്ടത്തിൽ റൺനിരക്ക് താഴോട്ട് പോയതായിരുന്നു ഇന്ത്യൻ സ്കോറിനെ ബാധിച്ചത്. ആദ്യ ഓവറിൽ മാർകോ ജാൻസണെതിരെ 15 റൺസ് നേടി തുടങ്ങിയ ഇന്ത്യക്ക് കേശവ് മഹാരാജിന്റെ ഓവറിൽ രണ്ട് വിക്കറ്റുകളാണ് നേടാനായത്. അചഞ്ചലനായി കളിക്കാറുള്ള രോഹിത് ശർമ രണ്ട് ബൗണ്ടറികൾ നേടി മൂന്നാമതും പന്ത് അതിർത്തി കടത്താനുള്ള ശ്രമത്തിലാണ് പുറത്തായത്. ഇത് തന്നെയായിരുന്നു അദ്ദേഹത്തിന് ഏകദിന ലോകകപ്പ് ഫൈനലിലും സംഭവിച്ചത്. അഹമ്മദാബാദിലെ പിച്ചിൽ ഗ്ലെൻ മാക്സ്‌വെൽ എന്ന ഓസീസ് പാർട്ട് ടൈം സ്പിന്നർക്കെതിരെ നന്നായി തുടങ്ങിയതിന് ശേഷം സ്കൂപ്പ് ചെയ്യാനുള്ള ശ്രമം പാളി പുറത്തായി. സ്പിന്നർമാരെ കാണുമ്പോൾ ഇന്ത്യൻ ബാറ്റർമാർ പ്രകടിപ്പിക്കുന്ന ആലസ്യമായിരുന്നു റിഷാഭ് പന്തിന് വിനയായത്. മുൻപാദത്തിൽ വന്ന് അദ്ദേഹം ക്രോസ് ഷോട്ടിന് ശ്രമിച്ചു. രണ്ടാം ഓവറിൽ തന്നെ രണ്ട് വിക്കറ്റുകൾ പോയപ്പോൾ വിരാതിനെ അത് സമ്മർദ്ദത്തിലാക്കി. റൺനിരക്ക് കുറഞ്ഞു. അക്സർ പട്ടേൽ സ്വതന്ത്രനായി ബാറ്റ് ചെയ്തത് പോലെ ശിവം ദുബേക്ക് തുടക്കത്തിലായില്ല. സെമിയിൽ ആദ്യ പന്തിൽ തന്നെ പുറത്തായ സമ്മർദ്ദം അദ്ദേഹത്തിലുണ്ടായിരുന്നു. ദക്ഷിണാഫ്രിക്ക ബാറ്റ് ചെയ്യവെ ഹെൻട്രിച്ച് ക്ലാസൺ ക്രീസിലുള്ളപ്പോൾ ജസ്പ്രീത് ബുംറയെ വിളിക്കാതെ അക്സർ പട്ടേലിനും കുൽദീപ് യാദവിനും അവസരം നൽകിയപ്പോൾ പതിനഞ്ചാം ഓവറിൽ പിറന്നത് സിക്സറുകൾ മാത്രം. അക്സറിനെതിരെ ക്ലാസൺ മൂന്ന് കൂറ്റൻ സിക്സറുകളാണ് ഈ ഓവറിൽ നേടിയത്. പതിനാറാം ഓവറിലാണ് രോഹിത് ബുംറയെ വിളിച്ചത്. അപ്പോഴേക്കും ദക്ഷിണാഫ്രിക്കയുടെ വിജയ ലക്ഷ്യം നേരിയതായി മാറിയിരുന്നു. 29 പന്തിൽ 29 റൺസ്. 23 പന്തിൽ ക്ലാസൺ അർധ ശതകവും നേടി. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഹൈദരാബാദ് നിരയിൽ തകർത്തടിച്ച ക്ലാസണ് ലോകകപ്പിൽ ഇത് വരെ അത്തരത്തിൽ കസറാൻ കഴിഞ്ഞിരുന്നില്ല. ഇന്നലെ അദ്ദേഹത്തിന്റെ ദിവസമായിരുന്നു എന്ന് തോന്നി. പക്ഷേ ക്ലാസനെ ഹാർദിക് പുറത്താക്കിയതിന് ശേഷം ബുംറ തിരികെ വരുന്നു. പിന്നെ സംഭവിച്ചതെല്ലാം ചരിത്രമായിരുന്നു. ബുംറക്കാണ് നന്ദി.... ഒരായിരം നന്ദി....

## വിനീഷ്യസ് ചിറകിൽ കാനറികൾ

ലാസ്‌വെഗാസ്: ആദ്യ മൽസരത്തിലെ നിരാശ അകറ്റി തകർപ്പൻ വിജയവുമായി ബ്രസീൽ കോപ്പ അമേരിക്ക ഫുട്ബോളിൽ ക്വാർട്ടർ സാധ്യത നിലനിർത്തി. ഗ്രൂപ്പ് ഡി-യിൽ ഇന്നലെ നടന്ന രണ്ടാം മൽസരത്തിലവർ ഒന്നിനെതിരെ നാല് ഗോളുകൾക്ക് പാരഗ്വേയെ തരിപ്പണമാക്കി. സൂപ്പർ സ്ട്രൈക്കർ വിനീഷ്യസ് ജൂനിയർ രണ്ട് വട്ടം വല ചലിപ്പിച്ചപ്പോൾ സാവിഞ്ഞോ, ലുക്കാസ് പാക്വറ്റ എന്നിവരും ലക്ഷ്യം കണ്ടു. ആദ്യ മൽസരത്തിൽ കോസ്റ്ററിക്കക്കെതിരെ ഗോളടിക്കാൻ മറന്നുപോയ ബ്രസീൽ സമ്മർദ്ദ സാഹചര്യത്തിലാണ് രണ്ടാം മൽസരത്തിനിറങ്ങിയത്. ഒമ്പത് തവണ ലാറ്റിനമേരിക്കൻ കിരീടം സ്വന്തമാക്കിയ ബ്രസീലിന് മുപ്പതാം മിനുട്ടിൽ തന്നെ ലീഡെടുക്കാൻ സുവർണാവസരം കിട്ടി. ലുക്കാസ് പാക്വറ്റയുടെ ഷോട്ട് പാരഗ്വേ ഡിഫൻഡറുടെ കൈകളിൽ തട്ടിയതോടെ പെനാൽട്ടി കിക്ക് വിധിക്കപ്പെട്ടു. എന്നാൽ ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ വെസ്റ്റ് ഹാമിനായി കളിക്കുന്ന മധ്യനിരക്കാരന്റെ കിക്ക് പുറത്തേക്കായിരുന്നു. എന്നാൽ നാല് മിനുട്ടിനകം തന്നെ മഞ്ഞപ്പട അർഹമായ ലീഡ് നേടി. പാക്വറ്റ നൽകിയ പന്ത് പാരഗ്വേ വലയിലാക്കിയത് സ്പാനിഷ് ലാലീഗിൽ റയൽ മാഡ്രിഡിനായി പന്ത് തട്ടുന്ന വിനീഷ്യസ് ജൂനിയർ. ആദ്യ പകുതി അവസാനിക്കാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കെ സാവിഞ്ഞോ ബ്രസീൽ ജഴ്സിയിൽ തന്റെ ആദ്യ ഗോൾ നേടിയത് മുൻ ലോക ചാമ്പ്യന്മാർക്ക് കൂടുതൽ കരുത്തായി. പാരഗ്വേ പ്രതിരോധത്തിലെ പിഴവ് ഉപയോഗപ്പെടുത്തിയ ഷോട്ടിലായിരുന്നു സാവിഞ്ഞോയുടെ ഗോൾ. ലാലീഗയിൽ റയൽ നിരയിൽ കത്തിക്കളിക്കാറുള്ള വീനിഷ്യസ് ബ്രസീൽ ജഴ്സിയിൽ കളി മറക്കുന്നു എന്ന ആരോപണത്തെ പമ്പ കടത്തി ഇടവേള കഴിഞ്ഞതും സൂപ്പർ താരം വീണ്ടും പാരഗ്വേ വലയിൽ പന്തെത്തിച്ചു. മൂന്ന് ഗോളിന് പിറകിൽ പോയതിന് ശേഷമായിരുന്നു പാരഗ്വേ ചാമ്പ്യൻഷിപ്പിലെ ആദ്യ ഗോൾ ഒമാർ അൽദെർത്തിലുടെ ഒരു ഗോൾ മടക്കിയത്. അറുപത്തിയഞ്ചാം മിനുട്ടിൽ വിവാദ സാഹചര്യത്തിൽ റഫറി ബ്രസീലിന് അനുകൂലമായി പെനാൽട്ടി വിധിച്ചു. ഇത്തവണയും സ്പോട്ട് കിക്കെടുക്കാൻ എത്തിയത് പാക്വറ്റ തന്നെ. ആദ്യ പെനാൽട്ടി പാഴാക്കിയതിലെ നിരാശ അകറ്റി ഇത്തവണ അദ്ദേഹം വല ചലിപ്പിച്ചതോടെ വിജയം പൂർണമായി. ഇന്നലെ നടന്ന മറ്റൊരു ഗ്രൂപ്പ്-ഡി മൽസരത്തിൽ കൊളംബിയ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് കോസ്റ്ററിക്കയെ തരിപ്പണമാക്കി. പെനാൽട്ടി കിക്കിൽ നിന്നും ലിവർപൂൾ സ്ട്രൈക്കർ ലുയിസ് ഡയസ് ആദ്യ ഗോൾ നേടി. മൽസരത്തിന് ഒരു മണിക്കൂർ പൂർത്തിയാവുമ്പോൾ ഡോവിൻസൺ സാഞ്ചസ് രണ്ടാം ഗോൾ നേടി. ജോൺ കോർദോബയായിരുന്നു മൂന്നാം ഗോൾ സ്വന്തമാക്കിയത്. ഇന്ന് നടക്കുന്ന മൽസരങ്ങളിൽ അർജന്റീന പെറുവിനെയും കാനഡ ചിലിയെയും നേരിടും.



*പാരഗ്വേക്കെതിരെ ഇരട്ട ഗോൾ നേടിയ ആഹ്ലാദത്തിൽ ബ്രസീൽ സ്ട്രൈക്കർ വിനീഷ്യസ് ജൂനിയർ*

## ഇറ്റലി പുറത്ത്

ബെർലിൻ: നിലവിലെ ചാമ്പ്യന്മാരായ ഇറ്റലി യൂറോയിൽ നിന്നും പുറത്തായി. ഇന്നലെ നടന്ന ആദ്യ പ്രീക്വാർട്ടർ പോരാട്ടത്തിലവർ സ്വിറ്റ്സർലൻഡിനോട് രണ്ട് ഗോളിന് തോറ്റു. ആദ്യ പകുതിയിൽ ഫ്രുലറും രണ്ടാം പകുതിയിൽ റൂബൻ വർഗാസും വിജയ ഗോളുകൾ നേടി. മൽസരത്തിന് 37 മിനുട്ട് പ്രായമായപ്പോൾ സ്വിറ്റ്സർലൻഡ് അർഹിക്കുന്ന ലീഡ് സ്വന്തമാക്കി. മനോഹരമായി കളിച്ച റൂബൻ വർഗാസ് നൽകിയ പന്ത് ഉപയോഗപ്പെടുത്തി റെമോ ഫ്രുലറാണ് നിർണായക ഗോൾ നേടിയത്. പന്ത് കാലുകളിലൊതുക്കിയുള്ള ഗംഭീര ഷോട്ട് വിഖ്യാത കാവൽക്കാരൻ ദോനോരുമയെ വീഴ്ത്തി. ആദ്യ പകുതിയുടെ ഇഞ്ചുറി ടൈമിൽ ഫൈബിയാൻ റീഡറിലൂടെ സ്വിസുകാർ രണ്ടാം ഗോളിന് അരികിലെത്തി. പക്ഷേ ഫ്രഞ്ച് ലീഗിൽ പി.എസ്.ജിയുടെ വല കാക്കുന്ന ഇറ്റാലിയൻ കാവൽക്കാരൻ ദോനോരുമ ഫ്രീകിക്കിൽ നിന്നും ഗോളിലേക്ക് പറന്നെത്തിയ പന്ത് കുത്തി പുറത്താക്കി. രണ്ടാം പകുതിയിൽ വർഗാസ് ക്വാർട്ടർ ഉറപ്പാക്കി.



*ഇറ്റലിക്കെതിരെ സ്വിറ്റ്സർലൻഡിന്റെ ആദ്യ ഗോൾ നേടിയ ഫ്രൂലറുടെ ആഹ്ലാദം*

## അലിയ്യുൽ കൂഫി ഉറൂസ് മുബാറക് ഇന്ന് മുതൽ

പെരിങ്ങത്തൂർ: പെരിങ്ങത്തൂർ ജുമുഅത്ത് പള്ളി മഹല്ല് ജമാഅത്ത് കമ്മിറ്റി നേതൃത്വത്തിൽ അശൈഖ് അലിയ്യുൽ കൂഫി തങ്ങൾ ഉറൂസ് മുബാറക് ഇന്ന് മുതൽ ജൂലൈ ആറ് വരെ നടക്കും. ഇന്ന് വൈകീട്ട് നാലിന് മഹല്ല് പ്രസിഡന്റ് കെ.എൻ മുസ്തഫ ഹാജി പതാക ഉയർത്തും. തുടർന്ന് നടക്കുന്ന മൗലീദ് പരായണത്തിനും കൂട്ട സിയാറത്തിനും ഏലംകുളം ബാപ്പു മുസ്‌ലിയാർ നേതൃത്വം നൽകും. രാത്രി ഏഴിന് സമസ്ത ട്രഷറർ കൊയ്യോട് പി.പി ഉമർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. റഫീഖ് സക്കരിയ്യ ഫൈസി കൂടത്തായി മുഖ്യപ്രഭാഷണം നടത്തും.എസ്.എം.എഫ് പ്രീ മാരിറ്റൽ ഓറിയന്റേഷൻ ക്ലാസിന് സിറാജുദ്ദീൻ ദാരിമി കക്കാട് നേതൃത്വം നൽകും.

## ഭാരവാഹികൾ

പരിയാരം:പൊയിൽ കൂവത്തുൽ ഈമാൻ ജമാഅത്ത് കമ്മിറ്റി ജനറൽബോഡി യോഗം പ്രസിഡന്റ് ബഷീർ പൊയിലിന്റെ അധ്യക്ഷതയിൽ ഖത്തീബ് ഫിർദൗസ് ഫൈസി ഇർഫാനി ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ: ബഷീർ എം പൊയിൽ(പ്രസി), മുനീർ എംപി(ജന.സെക്ര), കെപി സി സിദ്ദീഖ്(ട്രഷ), എം അബ്ദുല്ല, എം മുസ്തഫ (വൈസ്.പ്രസി), എം റഷീദ്, അബ്ദുൽ റഷീദ് മാസ്റ്റർ(സെക്രട്ട).

## കോഷൻ ഡെപ്പോസിറ്റ്

ശ്രീകണ്ഠപുരം: ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നിന്നും 2022 മാർച്ച്, 2023 മാർച്ച് കാലയളവിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികളുടെ കോഷൻ ഡെപ്പോസിറ്റ് തിരിച്ചു നൽകും. അർഹരായവർ അവരുടെ ബേങ്ക് പാസ്ബുക്കിന്റെ കോപ്പി ജൂലൈ 15 നകം പ്രിൻസിപ്പലിന്റെ ഓഫീസിൽ എത്തിക്കണം.

# കണ്ണൂർ വാർത്തകൾ


ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ഇരിക്കൂർ മണ്ഡലം വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ ജനറൽ സെക്രട്ടറി കെടി സഹദുല്ലക്ക് മണ്ഡലം പ്രസിഡന്റ് പിടിഎ കോയ മാസ്റ്റർ കൈമാറുന്നു


ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കല്യാശ്ശേരി മണ്ഡലം വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുൽ കരീം ചേലേരിക്ക് മണ്ഡലം പ്രചാരണ വിഭാഗം ജനറൽ കൺവീനർ എ.പി ബദറുദ്ദീൻ കൈമാറുന്നു

# ലിസ്റ്റും തുകയും ഏറ്റുവാങ്ങി നേതാക്കളുടെ പര്യടനം

തളിപ്പറമ്പ്: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പദ്ധതിയിൽ വരിക്കാരായവരുടെ ലിസ്റ്റും തുകയും ഏറ്റുവാങ്ങി രണ്ടാം ദിനവും മുസ്‌ലിംലീഗ് ജില്ലാ ഭാരവാഹികളുടെ പര്യടനം. തളിപ്പറമ്പ് നിയോജക മണ്ഡലം വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ ജനറൽ സെക്രട്ടറി കെടി സഹദുല്ലക്ക് മണ്ഡലം പ്രസിഡന്റ് ഒപി ഇബ്രാഹിം കുട്ടി മാസ്റ്റർ കൈമാറി. ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ഭാരവാഹികളായ എൻ കെ റഫീഖ് മാസ്റ്റർ, മഹമൂദ് അള്ളാംകുളം, സികെ മുഹമ്മദ് മാസ്റ്റർ, പ്രവാസി ലീഗ് ജില്ലാ പ്രസിഡന്റ് സിപിവി അബ്ദുല്ല, മണ്ഡലം ഭാരവാഹികളായ കൊടിപ്പൊയിൽ മുസ്തഫ, ടിവി അസൈനാർ മാസ്റ്റർ, കെ മുസ്തഫ ഹാജി, അബൂബക്കർ വായാട്, സമദ് കടമ്പേരി, ഖത്തർ കെഎംസിസി ജില്ലാ പ്രസിഡന്റ് കെ.പി ഹനീഫ, ചന്ദ്രിക അക്കൗണ്ട്സ് മാനേജർ കെപി മുഹമ്മദ് ശാഫി, സർക്കുലേഷൻ മാനേജർ കെകെ ബഷീർ, പിപി നവാസ് പങ്കെടുത്തു.

കല്യാശ്ശേരി മണ്ഡലം ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ലിസ്റ്റും തുകയും കൈമാറി. പഴയങ്ങാടി റഹീം മേച്ചേരി സൗധത്തിൽ ചേർന്ന യോഗം മണ്ഡലം പ്രസിഡന്റ് എസ്.കെ.പി സക്കരിയ്യയുടെ അധ്യക്ഷതയിൽ ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ ലിസ്റ്റും തുകയും ചന്ദ്രിക പ്രചാരണ വിഭാഗം ജനറൽ കൺവീനർ എ.പി ബദുറുദ്ദീനിൽ നിന്ന് അഡ്വ.അബ്ദുൽ കരീം ചേലേരി ഏറ്റുവാങ്ങി. ജില്ലാ ലീഗ് സെക്രട്ടറി അഡ്വ.എം.പി മുഹമ്മദലി മുഖ്യപ്രഭാഷണം നടത്തി.മണ്ഡലം ജനറൽ സെക്രട്ടറി പി.വി ഇബ്രാഹിം മാസ്റ്റർ, ട്രഷറർ ബി.സി കാസിം, മാടായി പഞ്ചായത്ത് ലീഗ് ജന.സെക്രട്ടറി ഒ ബഷീർ, ചെറുകുന്ന് പഞ്ചായത്ത് ജന.സെക്രട്ടറി കെ.ടി സാജിദ് മാസ്റ്റർ, ടി. സുഹൈൽ, ഒ.പി മുഹമ്മദലി, കെ.ആലികുഞ്ഞി എസ്.അബൂബക്കർ, സിദ്ദീഖ്, പി.സി മൊയ്തു ഹാജി, എം.പി മുഹമ്മദ് കുഞ്ഞി, ടികെ മുസ്തഫ, വിവി ഹാഷിം, വിപി റഷീദ്, ചന്ദ്രികാ സ്റ്റാഫ് അംഗങ്ങളായ കെ.പി. മുഹമ്മദ് ഷാഫി, കെ.കെ. ബഷീർ, പി.പി മുഹമ്മദ് നവാസ് എന്നിവർ പങ്കെടുത്തു.

ശ്രീകണ്ഠപുരം പിടിഎച്ചിൽ നടന്ന ചടങ്ങിൽ ഇരിക്കൂർ മണ്ഡലം ചന്ദ്രിക വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ ജനറൽ സെക്രട്ടറി കെടി സഹദുല്ലക്ക് മണ്ഡലം പ്രസിഡന്റ് പിടിഎ കോയ മാസ്റ്റർ കൈമാറി.ജില്ലാ ഭാരവാഹികളായ സികെ മുഹമ്മദ്, മഹമൂദ് അള്ളാംകുളം, എൻകെ റഫീഖ് മാസ്റ്റർ, മണ്ഡലം ജനറൽ സെക്രട്ടറി ടി എൻഎ ഖാദർ, ട്രഷറർ വിഎ റഹീം, ഭാരവാഹികളായ പിപി ഖാദർ, കെ സലാഹുദ്ദീൻ, കെപി മൊയ്തീൻ കുഞ്ഞി മാസ്റ്റർ, എ അഹമ്മദ് കുട്ടി ഹാജി, യുപി അബ്ദുറഹ്മാൻ, അബൂബക്കർ നെടുവോട്, മുഹമ്മദ് കുഞ്ഞി രയരോം, വിപി മുഹമ്മദ് കുഞ്ഞി, കെ സൈനുദ്ദീൻ, അഷ്റഫ് ചുഴലി, സി.ഖാദർ, എൻ.പി സിദ്ദീഖ്, ഒ വി ഹുസൈൻ ഹാജി, സിസി ഹിദായത്ത്, സിപി മുഹമ്മദ് ദാവൂദ്, എം അസീസ്, വികെ നജീബ്, കെപി മൊയ്തീൻ കുട്ടി സംബന്ധിച്ചു.

പയ്യന്നൂർ മണ്ഡലം ചന്ദ്രിക വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ ലീഗ് പ്രസിഡന്റ് അഡ്വ. അബ്ദുൽ കരീം ചേലേരിക്ക് മണ്ഡലം ചന്ദ്രിക പ്രചാരണ സമിതി ചെയർമാൻ കാട്ടൂർ ഹംസ കൈമാറി. മണ്ഡലം പ്രസിഡന്റ് കെ.കെ അഷ്റഫ് അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഇഖ്ബാൽ കോയിപ്ര, ജില്ലാ സെക്രട്ടറി അഡ്വ.എം.പി മുഹമ്മദലി മണ്ഡലം ഭാരവാഹികളായ എ.പി ഹാരിസ്, പി.കെ അബ്ദുൽ ഖാദർ മൗലവി, പി.എം ലത്തീഫ്, വി. കെ.പി ഇസ്മായിൽ, ടി.പി മുസ്തഫ, പി മുസ്തഫ സംസാരിച്ചു. ടി.പി മഹമൂദ് ഹാജി, വി.കെ ശാഫി പി.പി, മുഹമ്മദലി, എംടിപി സൈഫുദ്ദീൻ മാസ്റ്റർ, ഫായിസ് കവ്വായി, അയ്യൂബ് വട്ട്യേര, ടിപി മുഹമ്മദ് കുഞ്ഞി ഹാജി, ടിപി അസീസ് ഹാജി, എസ്.സി അഷ്റഫ് ടി.മഹമൂദ് ഹാജി, മൻസൂർ പാലത്തറ പങ്കെടുത്തു.


ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പയ്യന്നൂർ മണ്ഡലം വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുൽ കരീം ചേലേരിക്ക് മണ്ഡലം പ്രചാരണ സമിതി ചെയർമാൻ കാട്ടൂർ ഹംസ കൈമാറുന്നു


ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് തളിപ്പറമ്പ് മണ്ഡലം വരിക്കാരുടെ ലിസ്റ്റും തുകയും ജില്ലാ ജനറൽ സെക്രട്ടറി കെടി സഹദുല്ലക്ക് മണ്ഡലം പ്രസിഡന്റ് ഒപി ഇബ്രാഹിം കുട്ടി മാസ്റ്റർ കൈമാറുന്നു


ആദര സംഗമം കണ്ണൂർ കോർപറേഷൻ മേയർ മുസലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു

## ഉന്നത വിജയികളെ കുവൈത്ത് കെഎംസിസി ആദരിച്ചു

കണ്ണൂർ: എസ്എസ്എൽസി, ഹയർ സെക്കന്ററി ഉന്നത വിജയികളെ കുവൈത്ത് കെഎംസിസി കണ്ണൂർ മണ്ഡലം കമ്മിറ്റി ആദരിച്ചു. കണ്ണൂർ കോർപറേഷൻ മേയർ മുസലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. കുവൈത്ത് കെഎംസിസി കണ്ണൂർ മണ്ഡലം പ്രസിഡന്റ് ഡോ. ഗാലിബ് അൽ മഷ്ഹൂർ തങ്ങൾ അദ്ധ്യക്ഷനായി. നിമ്റാഹ് ഇല്യാസ് ഖുർആൻ പാരായണം നടത്തി. കോർപറേഷൻ ക്ഷേമകാര്യ ചെയർപേഴ്സൺ ഷമീമ ടീച്ചർ, കൗൺസിലർ ബീവി, മുൻ ഡെപ്യൂട്ടി മേയർ ഷബീന ടീച്ചർ, കുവൈത്ത് കെഎംസിസി അഴിക്കോട് മണ്ഡലം വൈസ് പ്രസിഡന്റ്, ഷംസീർ, സയ്യിദ് ഇർഫാൻ ബഫഖി തങ്ങൾ, സയ്യിദ് ഇല്ല്യാസ് തങ്ങൾ, റയീസ് പ്രസംഗിച്ചു.



പ്രവാസി സംഗമം ഷമീമ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

## കണ്ണൂർ സി.എച്ച് സെന്റർ പ്രവാസി സംഗമം

കണ്ണൂർ: ജില്ലാ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന കണ്ണൂർ സി.എച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ വിദേശ രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ച് പ്രവാസി സംഗമം നടത്തി. ജനറൽ കൺവീനർ സി.സമീർ അധ്യക്ഷനായി. കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷമീമ ടീച്ചർ ഉദ്ഘാടനം ചെയ്തു. വർക്കിംഗ് ചെയർമാൻ കെ.പി താഹിർ, റസാഖ് അൽവസൽ, പി.കെ റിയാസ്, ടി.ഹംസ, അൽത്താഫ് മാങ്ങാടൻ, പി.പി ഇബ്രാഹിം ഹാജി, പി.കെ.സി ഇബ്രാഹിം ഹാജി, കോളേക്കര മുസ്തഫ, കെ.മുഹമ്മദ് കുഞ്ഞി, കെ.പി.എ സലീം, മശ്ഹൂദ് മാളിയേക്കൽ, സൈനുദ്ദീൻ കണിക്കൽ, പി.വി സിദ്ധീഖ്, മശ്ഹൂദ് നീർച്ചാൽ, അറക്കകത്ത് ഹുസൈൻ ഹാജി, കൊടിയിൽ ശംസുദ്ദീൻ, പി.പി അസ്ഗറലി, മശ്ഹൂദ് തൈക്കണ്ടി പങ്കെടുത്തു. ട്രഷറർ കെ. സൈനുദ്ദീൻ സ്വാഗതവും കൺവീനർ ടി.കെ നൗഷാദ് നന്ദിയും പറഞ്ഞു.

## ചന്ദ്രിക നൂറുൽ മആരിഫ്


പടന്നോട്ട്മൊട്ട മുനീറുൽ ഇസ്‌ലാം സെക്കന്ററി മദ്രസയിൽ ചന്ദ്രിക നൂറുൽ മആരിഫ് പരിപാടി മുസ്തഫ ഹാജി പടന്നോട്ട്, ഖത്തീബ് അബ്ദുൽ ഖാദർ ഫൈസിക്ക് നൽകി ഉദ്ഘാടനം ചെയ്യുന്നു.

### പടന്നോട്ട്മൊട്ട മുനീറുൽ ഇസ്‌ലാം സെക്കന്ററി മദ്രസയിൽ

മുണ്ടേരി: മദ്രസ്സകളിൽ നടന്നുവരുന്ന ചന്ദ്രിക നൂറുൽ മആരിഫ് പരിപാടി പടന്നോട്ട് മൊട്ട ശാഖ മുസ്‌ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പടന്നോട്ട് മൊട്ട മുനീറുൽ ഇസ്‌ലാം മദ്രസയിൽ ആരംഭിച്ചു. മുസ്‌ലിംലീഗ് സീനിയർ നേതാവ് സി.കെ മുസ്തഫ ഹാജി, ഖത്തീബ് അബ്ദുൽഖാദർ ഫൈസിക്ക് പത്രം നൽകി ഉദ്ഘാടനം ചെയ്തു. മുണ്ടേരി പഞ്ചായത്ത് മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി ഹാരിസ് പടന്നോട്ട് അധ്യക്ഷനായി. ശാഖ സെക്രട്ടറി കെ മഷൂദ് സ്വാഗതം പറഞ്ഞു.

ചന്ദ്രിക മുണ്ടേരി പഞ്ചായത്ത് കോർഡിനേറ്റർ ഖാദർ മുണ്ടേരി, പി.സി ഇബ്രാഹിം, ഹാഷിം ചെന്നൈ, വി.പി ഖിള്ർ, സി അഫ്സൽ പങ്കെടുത്തു.


ചന്ദിക നൂറുൽ മആരിഫ് ദാലിൽ മുനവ്വിറുൽ ഇസ്‌ലാം ഹയർ സെക്കന്ററി മദ്റസയിൽ മഹല്ല് പ്രസിഡന്റ് യു.കെ അബ്ദുൽ ഖാദർ ഉ്ദഘാടനം ചെയ്യുന്നു

### ദാലിൽ മുനവ്വറുൽ ഇസ്‌ലാം മദ്രസയിൽ

കണ്ണൂർ: ചന്ദിക നൂറുൽ മആരിഫ് കൊളച്ചേരി ദാലിൽ മുനവ്വിറുൽ ഇസ്‌ലാം ഹയർ സെക്കന്ററി മദ്റസയിലും.ദാലിൽ മഹല്ല് പ്രസിഡന്റ് യു.കെ അബ്ദുൽ ഖാദർ എസ്കെ.എസ്ബിവി ട്രഷറർ മുഹമ്മദ് ഷന് പത്രം കെമാറി. മുസ്‌ലിം ലീഗ് ശാഖ പ്രസിഡന്റ് ഒ.അഷ്റഫ്,ജനറൽ സെക്രട്ടറി എ.പി നൂറുദ്ധീൻ,മഹല്ല് ഖത്തീബ് സിയാദ് ഫൈസി, ശാദുലി ദാലിൽ,ഖാലിദ്.കെ,ആസിഫ്.സി,സദർ മുഅല്ലിം അഷ്റഫ് മൗലവി നമ്പ്രം,മദ്രസ അധ്യാപകരായ അബ്ദുൽ അസീസ്, മുഹമ്മദ് ഹാദിൽ നിസാമി സംബന്ധിച്ചു.

ദുബൈ കെഎംസിസി തളിപ്പറമ്പ മണ്ഡലം വൈസ് പ്രസിഡന്റ് അഹമ്മദ് കമ്പിലാണ് ്പോൺസർ ചെയ്തത്.

## ക്ലസ്റ്റർ ബഹിഷ്കരിച്ച് പ്രതിഷേധിച്ച് കെ.എസ്.ടി.യു

കണ്ണൂർ: വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായി പുറത്തിറക്കിയ അക്കാദമിക്ക് കലണ്ടർ പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് അധിക ശനിയാഴ്ചയായ ഇന്നലെ നടന്ന ക്ലസ്റ്റർ ബഹിഷ്കരിച്ച് കെ.എസ്.ടിയു. അധ്യാപകരുടെ ക്ലസ്റ്റർ തല യോഗം സംസ്ഥാന തലത്തിൽ സംയുക്ത അധ്യാപക സമരസമിതി ആഹ്വാനം ചെയ്ത ബഹിഷ്കരണ സമരം ജില്ലയിലും ബഹിഷ്കരിച്ചത്.

കെ.എസ്.ടി.യു അംഗങ്ങൾ സമരത്തിൽ എല്ലായിടത്തും പങ്കാളികളായി.പ്രശ്നത്തിന് അടിയന്തര പരിഹാരം കാണണമെന്നും അല്ലാത്ത പക്ഷം ശക്തമായ സമരമുറകൾ തുടരുമെന്നും കെ.എസ്.ടി.യു മുന്നറിയിപ്പ് ധൽകി. സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റ് കെ.വി.ടി മുസ്തഫ, ജില്ലാ പ്രസിഡന്റ് സിദ്ദീഖ് കൂടത്തിൽ, സംസ്ഥാന സെക്രട്ടറി പി.മുനീർ, സെക്രട്ടറിയേറ്റ് അംഗം കെ.ടി സാജിദ്, ജില്ലാ ജനറൽ സെക്രട്ടറി കെ മുജീബ് റഹ്മാൻ, ട്രഷറർ അബ്ദുൽ അലി പങ്കെടുത്തു.


മാതോടം ശാഖാ ചന്ദ്രിക സ്പെഷൽ ഡ്രൈവ് പ്രസിഡന്റ് ഇ.വി മുഹമ്മദ്കുഞ്ഞി, ദുബായ് കോളനി കെ.ടി കമാലിനെ ചേർത്ത് ഉദ്ഘാടനം ചെയ്യുന്നു.

## പടിയൂരിൽ ജ്യേഷ്ഠനെ അനുജൻ കുത്തിക്കൊന്ന കേസിൽ കുറ്റപത്രം സമർപ്പിച്ചു

ഇരിക്കൂർ: ജ്യേഷ്ഠനെ അനുജൻ കുത്തിക്കൊന്ന കേസിൽ കോടതിയിൽ പൊലീസ് കുറ്റപത്രം സമർപ്പിച്ചു. പടിയൂർ ചാളം വയൽ കോളനിയിലെ രാജീവനെ(42) അനുജൻ സജീവൻ(40) കുത്തിക്കൊന്ന കേസിലാണ് ഇരിക്കൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ ഐ എം അബ്ദുൽ കരീം 45 ദിവസത്തിനകം കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് (രണ്ട്) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. മെയ് ആറിനാണ് കൊലപാതകം. തുടർന്ന് ഒളിവിൽ പോയ സജീവനെ വനത്തിലടക്കം പൊലീസ് തിരഞ്ഞെങ്കിലും 14ന് കണ്ണൂർ റയിൽവെ സ്റ്റേഷൻ പരിസരത്ത് വെച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. സജീവൻ കണ്ണൂർ സെൻട്രൽ ജയിലിലാണ്. 150 പേജുള്ള വിശദമായ കുറ്റപത്രമാണ് പൊലീസ് തയാറാക്കിയത്.43 സാക്ഷികളും 12 അനുബന്ധ രേഖകളും കുത്താൻ ഉപയോഗിച്ച കത്തിയും കൃത്യം നടക്കുന്ന സമയത്ത് സജീവൻ ധരിച്ചിരുന്ന വസ്ത്രങ്ങളും സംഭവസ്ഥലത്തുനിന്ന് ശേഖരിച്ച് രക്തസാമ്പിളുകളും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

## കൂട്ടുപുഴ പൊലീസ് എയ്ഡ് പോസ്റ്റ് കെട്ടിടം ഉദ്ഘാടനം ഇന്ന്

ഇരിട്ടി: കൂട്ടുപുഴ പൊലീസ് എയ്ഡ് പോസ്റ്റ് കെട്ടിടം ഇന്ന് 10.30ന് സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്യും.കണ്ണൂർ റൂറൽ എസ്പി എം. ഹേമലത അധ്യക്ഷയാകും. സണ്ണി ജോസഫ് എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ചാണ് കൂട്ടുപുഴ പാലത്തിനു സമീപം 320 ചതുരശ്ര അടിയിൽ വരാന്ത, വിശ്രമ മുറി, ശുചിമുറി സൗകര്യങ്ങളോടെ എയ്ഡ് പോസ്റ്റ് കെട്ടിടം പണിതത്.

സംസ്ഥാനാതിർത്തിയായ കൂട്ടുപുഴയിൽ പൊലീസുകാർക്ക് ചെക്ക് പോസ്റ്റ് കെട്ടിടം ഒരുക്കാത്ത അധികൃതരുടെ അവഗണന മാധ്യമങ്ങൾ ഉയർത്തിക്കാട്ടിയതിനെ തുടർന്നാണു അതിർത്തിയിൽ പൊലീസിനായി ചെക്ക് പോസ്റ്റ് കെട്ടിടം ഒരുക്കാൻ ആസ്തി വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ സണ്ണി ജോസഫ് എംഎൽഎ അനുവദിച്ചത്.

## മുസ്‌ലിംലീഗ് യോഗം ഇന്ന്

കണ്ണൂർ: എടക്കാട് മേഖലാ മുസ്‌ലിംലീഗ് യോഗം ഇന്ന് വൈകിട്ട് മൂന്നു മണിക്കും കണ്ണൂർ മണ്ഡലം മുസ്‌ലിംലീഗ് യോഗം വൈകിട്ട് നാലിനും കണ്ണൂർ ബാഫഖി തങ്ങൾ സൗധത്തിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി സി.സമീർ അറിയിച്ചു. ഫ്ലം

## ബാല ചിത്രരചനാ മത്സരം: പുരസ്കാര സമർപ്പണം ഇന്ന്

മാഹി: മാഹി സ്പോർട്സ് ക്ലബ്ബ് ആന്റ് കലാസമിതി മാഹിയുടെ നരങ്ങോളി കുഞ്ഞിക്കണ്ണൻ സ്മാരക സ്വർണ്ണ മെഡലിനായുള്ള ബാലചിത്ര രചന മത്സര വിജയികൾക്കുള്ള പുരസ്കാര സമർപ്പണം ഇന്ന് മാഹി പുത്തലത്തെ കാപ്പിറ്റോൾ വെഡിങ്ങ് സെന്ററിൽ നടക്കും. കാലെ മാമണി സതി ശങ്കർ ഉപഹാര സമർപ്പണം നടത്തും. വന്യ ജീവി ഫോട്ടോഗ്രാഫർ അസീസ് മാഹി ഉദ്ഘാടനം ചെയ്യും. സെയ്ന്റ് തെരേസാസ് സ്കുളിലെ ആദിലക്ഷ്മിക്കാണ് പുരസ്കാരം ലഭിച്ചത്.


മുണ്ടേരി അമ്പാടി എൽ.പി സ്കുളിൽ ചന്ദ്രിക അറിവിൻ തിളക്കം പ്രധാനാധ്യാപിക കെ.സി ഷീബയ്ക്ക് റിയാദ് കെ.എം.സി.സി നേതാവ് മുഹമ്മദ് കണ്ടക്കൈ പത്രം കൈമാറി ഉദ്ഘാടനം ചെയ്യുന്നു

### മുണ്ടേരി എൽ.പി.സ്കൂളിൽ
### ചന്ദ്രിക അറിവിൻ തിളക്കം

മുണ്ടേരി:മുണ്ടേരി സ്കുളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം.

പ്രധാനാധ്യാപിക കെ.സി ഷീബയ്ക്ക് റിയാദ് കെ.എം.സി.സി നതാവ് മുഹമ്മദ് കണ്ടക്കൈ കൈമാറി ഉദ്ഘാടനം ചെയ്തുകണ്ണൂർ മണ്ഡലം മുസ്ലിം ലീഗ് വൈസ് പ്രസിഡന്റ് കെ.പി. അബ്ദുൽ സലാം, ശാഖ പ്രസിഡന്റ് പി.പി. സുബൈർ, മുണ്ടേരി പഞ്ചായത്ത് ചന്ദ്രിക ോ-ഓർഡിനേറ്റർ ഖാദർ മുണ്ടേരി, സി.ഫാറുഖ്, എ അബ്ദുല്ല, സവാദ്. കെ.പി, അബ്ദുൽ അസിസ്, സി. അഹമ്മദ് കുട്ടി, റഷീദ്.സി, അയ്യൂബ്, നാജീഫ്. എം, പി.കെ, ടിച്ചർ നസീറ . കെ.പി,സരസ കെ.എം ങ്കെടുത്തു.




### നാറാത്ത് ഫലാഹ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ
### ചന്ദ്രിക അറിവിൻ തിളക്കം

നാറാത്ത്: ഫലാഹ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ സ്കൂൾ ലീഡർ ഫഹ്മിയ ഫാത്തിമയ്ക്ക് ചന്ദ്രിക കൈമാറി മുസ്‌ലിംലീഗ് ശാഖ പ്രസിഡന്റ് എ.പി അബ്ദുല്ല ഉദ്ഘാടനം ചെയ്യുന്നു. ശാഖ സെക്രട്ടറി പി.പി അഷ്റഫ്, മണ്ഡലം സെക്രട്ടറി പി.പി സുബൈർ, സ്കൂൾ ചെയർമാൻ കെ.എം ഇസ്മയിൽ, കെ .എൻ ഇബ്രാഹിം, കെ.വി ജബ്ബാർ, ടി.പി സമീ, കെ.വി സത്താർ, റഹീം, സുഹൈൽ, പ്രധാനാധ്യാപിക ബിന്ദു, ഡോ.കെ.കെ മുസ്തഫ പങ്കെടുത്തു.

## കുട്ടികളുടെ മരണം മാച്ചേരിക്ക് നൊമ്പരമായി

ചക്കരക്കൽ: മാച്ചേരിയിൽ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ച സംഭവം നാട്ടിനെ നെമ്പരമായി.ഇന്നലെ ഉച്ചയോടെയാണ് കുളിക്കാൻ ഇറങ്ങിയക ുട്ടികൽ മുങ്ങി മരിച്ചത്.

സമീപത്ത് ജോലി ചെയ്യുന്നവരെത്തിയായിരുന്നു കുട്ടികളെ കുളത്തിന് പുറത്തെടുത്തത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിലെ ഏഴാംക്ലാസ് വിദ്യാർഥികളാണ് ഇരുവരും.

മയ്യിത്ത് ഇന്ന് രാവിലെ 11 മണിക്ക് മൗവ്വഞ്ചേരി മദ്രസയിലും 12 മണിക്ക് അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂളിലും പൊതുദർശനത്തിന് ശേഷം ഉച്ചയ്ക്ക് 1.30 ന് പള്ളിക്കണ്ടി ഖബർസ്ഥാനിൽ സംസ്കരിക്കും. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മേയർ മുസ്‌ലിഹ് മഠത്തിൽ, മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കെപി താഹിർ, കണ്ണൂർ മണ്ഡലം പ്രസിഡന്റ് ഫാറുഖ് വട്ടപ്പൊയിൽ, ജനറൽ സെക്രട്ടറി സിസമീർ, പി.കെ റിയാസ് തുടങ്ങിയ നിരവധി പേർ സന്ദർശിച്ചു.

## കാട്ടാന വീടിന്റെ ചുറ്റുമതിൽ തകർത്തു

സുൽത്താൻബത്തേരി: വടക്കനാട് കരിപ്പൂരിൽ കാട്ടാന വീടിൻറെ ചുറ്റുമതിൽ ഭാഗികമായി തകർത്തു. മാഞ്ഞാങ്ങൽ മനോജിൻറെ വീടിൻറെ മതിലാണ് തകർത്തത്. ഇന്നലെ പുലർച്ചെയാണ് സംഭവം. വളപ്പിലെ വാഴക്കൃഷി നശിപ്പിച്ച ആന ജലവിതരണക്കുഴൽ ചവിട്ടിപ്പൊട്ടിച്ചു. സമീപത്തെ വയലിലെ ചോളം, പുല്ല് കൃഷികൾ നശിപ്പിച്ചു. രാത്രി മഴ ശക്തമായതിനാൽ ആനകൾ എത്തിയത് വീട്ടുകാർ അറിഞ്ഞില്ല. ആഴ്ചകളായി കരിപ്പൂരിലുംസമീപങ്ങളിലും മൂന്നു കൊമ്പനാനകളുടെ സാന്നിധ്യമുണ്ട്. ഇതിലൊന്ന് വടക്കനാട് വനത്തിൽ സ്ഥിരമായി തങ്ങുന്ന മുട്ടിക്കൊമ്പനാണ്. അടുത്തകാലത്ത് എത്തിയതാണ് രണ്ടെണ്ണം. രാത്രി കാടിറങ്ങുന്ന കൊമ്പൻമാർ പ്രദേശവാസികളുടെ ഉറക്കംകെടുത്തുകയാണ്.

## ലഹരി വിരുദ്ധ ബോധവൽക്കരണം

മാനന്തവാടി: കണിയാരം എ.എൽ.പി സ്കൂളിൽ രക്ഷിതാക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ബാബുരാജ് ക്ലാസ് നയിച്ചു. വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് നടത്തി.

സ്കൂൾ മാനേജർ റവ.ഫാദർ സോണി വാഴക്കാട് റീഡേഴ്സ് തിയറ്റർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് കെ എം ബീന, പിടിഎ പ്രസിഡണ്ട് ടി ജെ ആഗസ്തി, കെ എം ഷൈല, സാലി പോൾ എന്നിവർ സംസാരിച്ചു. കെ പി ജിൽജ, പി ജെ അനിത,നിഷ സെബാസ്റ്റ്യൻ എന്നിവർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



വയനാട് വാർത്തകൾ

# ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾ

കൽപ്പറ്റ: ജില്ലയിൽ കാലവർഷം ശക്തികുറഞ്ഞ സാഹചര്യത്തിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

സുൽത്താൻ ബത്തേരി താലൂക്കിലെ നൂൽപ്പുഴ, നെന്മേനി ഗ്രാമ പഞ്ചായത്തുകളിലെ മൂന്ന് ക്യാമ്പുകളിലായി 17 കുടുംബങ്ങളിലെ 64 പേരെയാണ് മാറ്റിപ്പാർപ്പിച്ചത്. 28 സ്ത്രീകളും 24 പുരുഷൻമാരും 12 കുട്ടികളെയുമാണ് ക്യാമ്പുകളിൽ ഉള്ളത്. സുൽത്താൻ ബത്തേരി താലൂക്കിലെ നൂൽപ്പുഴ നന്ദന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിലെ ക്യാമ്പിൽ ആറ് കുടുംബങ്ങളിലെ 9 സ്ത്രീകളും 9 പുരുഷൻമാരും 5 കുട്ടിക്കളും ഉൾപ്പടെ 23 പേരെയും നൂൽപ്പുഴ മുക്കുത്തിക്കുന്ന് അങ്കണവാടിയിൽ ഏട്ട് കുടുംബങ്ങളിലെ 13 സ്ത്രീകളും 10 പുരുഷൻമാരും 4 കുട്ടിക്കളും ഉൾപ്പടെ 27 പേരെയും മാറ്റിപ്പാർപ്പിച്ചു. നെന്മേനി ഗ്രാമപഞ്ചായത്തിലെ ചീരാൽ പൂള്ളക്കുണ്ട് അങ്കണവാടിയിൽ മൂന്ന് കുടുംബങ്ങളിലെ 6 സ്ത്രീകളും 5 പുരുഷൻമാരും 3 കുട്ടിക്കളും ഉൾപ്പടെ 14 പേരെ മാറ്റിപ്പാർപ്പിച്ചു.

ജില്ലയിൽ മഴ കുറവായതിനാൽ സുൽത്താൻ ബത്തേരി, വൈത്തിരി താലൂക്കുകളിലെ ചുണ്ടക്കിനി അങ്കണവാടി, കരിങ്കുറ്റി ഗവ ഹയർസെക്കൻഡറി സ്കൂൾ എന്നിവടങ്ങളിൽ പ്രവർത്തിച്ച ക്യാമ്പുകൾ പിരിച്ച് വിട്ടതായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ അറിയിച്ചു.

### കല്ലൂർ പുഴ കരകവിഞ്ഞു

സുൽത്താൻ ബത്തേരി: രണ്ടു ദിവസമായി പെയ്യുന്ന കനത്ത മഴയിൽ കല്ലൂർ പുഴ കരകവിഞ്ഞു. പുഴയോരത്തെ കൃഷിയിടങ്ങളിൽ വെള്ളം കയറി. പ്രദേശത്തെ ഏഴ് കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. മുൻ വർഷങ്ങളിലും പുഴയോരത്തു താമസിക്കുന്ന കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിരുന്നു. കല്ലൂർ പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ തമിഴ്നാട്ടിൽ ഉൾപ്പെടുന്ന ഭാഗങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ മഴയാണ് പെയ്തത്. ശക്തമായ മഴ തുടർന്നാൽ മുത്തങ്ങ വനാതിർത്തിയോടു ചേർന്നുള്ള ഗ്രാമങ്ങളിലെ കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റേണ്ടിവരും.



കരകവിഞ്ഞ കല്ലൂർ പുഴ.

# കാലവർഷം കനക്കാതെ കബനി തീരം

**ജില്ലയുടെ പടിഞ്ഞാറുഭാഗത്തുള്ളതിൽ ലക്കിടി ഉൾപ്പെടെ പല സ്ഥലങ്ങളിലും മെച്ചപ്പെട്ട അളവിൽ മഴ ലഭിക്കുമ്പോൾ കിഴക്കുഭാഗത്തെ പുൽപ്പള്ളി, മുള്ളൻകൊല്ലി പ്രദേശങ്ങളിൽ ദുർബലമാണ് കാലവർഷം.**

കൽപ്പറ്റ: കബനി തീരത്ത് വയനാട്ടിലെ പുൽപ്പള്ളി മേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ തകർത്തുപെയ്യാതെ കാലവർഷം.

ജില്ലയുടെ പടിഞ്ഞാറുഭാഗത്തുള്ളതിൽ ലക്കിടി ഉൾപ്പെടെ പല സ്ഥലങ്ങളിലും മെച്ചപ്പെട്ട അളവിൽ മഴ ലഭിക്കുന്പോൾ കിഴക്കുഭാഗത്തു ഡക്കാൻ പീഠഭൂമിയോടു ചേർന്നുള്ള പുൽപ്പള്ളി, മുള്ളൻകൊല്ലി പ്രദേശങ്ങളിൽ ദുർബലമാണ് കാലവർഷം.

കഴിഞ്ഞ ദിവസം രാവിലെ എട്ടിന് അവസാനിച്ച 24 മണിക്കൂറിൽ ലക്കിടിയിൽ 242 എംഎം മഴയാണ് രേഖപ്പെടുത്തിയത്. ജില്ലയുടെ പടിഞ്ഞാറുഭാഗത്തുള്ള വാളാംതോട് മട്ടിലയം-192, കാപ്പിക്കളം-184, മക്കിയാട്-181 എംഎം എന്നിങ്ങനെ മഴ പെയ്തു.

എന്നാൽ കബനി തീരത്തുള്ള കൊളവള്ളിയിൽ 32 എംഎം മഴയാണ് ലഭിച്ചത്. സമീപ പ്രദേശങ്ങളായ മരക്കടവ്-34.6, പെരിക്കല്ലൂർ ടൗൺ-42, കബനിഗിരി-43.6, മുള്ളൻകൊല്ലി -52, പുൽപ്പള്ളി-63 എംഎം എന്നിങ്ങനെയാണ് മഴ പെയ്തത്. ജില്ലയുടെ പടിഞ്ഞാറ്, കിഴക്ക് ഭാഗങ്ങളിൽ പെയ്യുന്ന മഴയുടെ അളവിലെ അന്തരം പ്രകടമാണ്. ലക്കിടിയെ അപേക്ഷിച്ച് 210 എംഎം കുറവ് മഴയാണ് കൊളവള്ളിയിൽ പെയ്തത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് മഴയുടെ അളവിലെ ഈ വ്യത്യാസത്തിനു കാരണമെന്നു ഹ്യൂം സെൻറർ ഫോർ ഇക്കോളജി ഡയറക്ടറും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ സി.കെ. വിഷ്ണുദാസ് പറഞ്ഞു. വർഷങ്ങളായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ലഭിക്കുന്ന മഴയുടെ അളവിൽ ഏറ്റക്കുറച്ചിലുണ്ട്. ജില്ലയുടെ വിവിധ പ്രദേശങ്ങളിലായി 100 ഇടങ്ങളിൽ ദിവസവും ലഭിക്കുന്ന മഴയുടെ അളവ് 2020 മുതൽ സെൻർ രേഖപ്പെടുത്തുന്നുണ്ട്.

വൃഷ്ടിപ്രദേശങ്ങളിൽ പെയ്യുന്ന മഴ ജില്ലയിൽ ജല സ്രോതസുകളെ സമ്പന്നമാക്കുകയാണ്. കുത്തി ഒഴുകുകയാണ് കബനി നദിയുടെ കൈവഴികളിൽപ്പെടുന്ന പുഴകളും തോടുകളും. താഴ്ന്ന പ്രദേശങ്ങളിൽ കരകവിഞ്ഞാണ് പുഴകളുടെ പ്രവാഹം. ജില്ലയിൽ കല്ലൂർ പുഴയും വെണ്ണിയോട് പുഴയും കരകവിഞ്ഞു. രണ്ടിടങ്ങളിലും ഹെക്ടർ കണക്കിനു തീരദേശം വെള്ളത്തിനടിയിലാണ്.



കനത്ത മഴയിൽ ഒറ്റപ്പെട്ട വെണ്ണിയോട് ചെറിയ മൊട്ടം കുന്നിലെ താമസക്കാർ സുരക്ഷിത സ്ഥലത്തേക്ക് മാറുന്നു

### മരം വീണ് വീടിന്റെ മതിൽ തകർന്നു

പുൽപ്പള്ളി: കാറ്റിലും മഴയിലും റോഡിന് കുറുകേ മരം വീണ് വീടിന്റെ മതില് തകർന്നു.

പുൽപ്പള്ളി മീനംകൊല്ലി റോഡിലാണ് വ്യാഴാഴ്ച ഉച്ചയോടെ വലിയ മരം കടപുഴകി വീണത്. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നിരുന്ന മരം റോഡിന് കുറുകെ വീണപ്പോൾ എതിർവശത്തുള്ള മണലോടിയിൽ ഷെരീഫിൻറെ വീടിൻറെ മുന്നിലെ മതിൽ തകരുകയായിരുന്നു.

മരം വീണതോടെ റോഡിലൂടെയുള്ള ഗതാഗതവും ഏറെ നേരം തടസപ്പെട്ടു. വിവരമറിഞ്ഞ് പുൽപ്പള്ളി പൊലീസും സ്ഥലത്തെത്തി. തുടർന്ന് സ്ഥലമുടമയുടെ നേതൃത്വത്തിൽ മരം മുറിച്ച് നീക്കിയാണ് ഗതാഗതം പുനസ്ഥാപിച്ചത്.



പുൽപ്പള്ളി മീനംകൊല്ലിയിൽ മരംവീണ് വീടിന്റെ മതിൽ തകർന്ന നിലയിൽ.



അധ്യാപകന്റെ നിയമനം റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടു നൂൽപ്പുഴ പഞ്ചായത്ത് മുസ്‌ലിം യൂത്ത് ലീഗ് ഭാരവാഹികൾ സ്കൂൾ പ്രിൻസിപ്പലിനു നിവേദനം നൽകുന്നു

### അധ്യാപക സ്ഥലം മാറ്റം റദ്ദു ചെയ്യണം: പഞ്ചായത്ത് മുസ്‌ലിം യൂത്ത് ലീഗ്

കല്ലൂർ: ക്ലാസിൽ ഇരുന്ന് ഉറങ്ങിയ കാരണത്താൽ മലബാറിലേക്ക് പണിഷ്മെന്റ് ട്രാൻസ്ഫറായി കല്ലൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എത്തുന്ന അധ്യാപകന്റെ നിയമനം റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടു നൂൽപ്പുഴ പഞ്ചായത്ത് മുസ്‌ലിം യൂത്ത് ലീഗ് സ്കൂൾ പ്രിൻസിപ്പലിനും പി.ടി.എ കമ്മിറ്റിക്കും നിവേദനം നൽകി. നിയമന ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം നടത്തുമെന്ന് നേതാക്കൾ അറിയിച്ചു. പ്രസിഡന്റ് മുഹമ്മദ് ആഷിഖ്, ജനറൽ സെക്രട്ടറി സഹീർ അഹമ്മദ്, ട്രെഷറർ അനസ് അവറാൻ, എം എസ് എഫ് പഞ്ചായത്ത് ജനറൽ സെക്രട്ടറി റിസൻഷാ, ഇബ്രാഹിം ബാദുഷ, കരീം കല്ലൂർ, എ കെ നിയാസ്, ഫാരിസ് നായ്ക്കെട്ടി തുടങ്ങിയവർ പങ്കെടുത്തു.

### കായികക്ഷമതാ പരീക്ഷ മാറ്റിവെച്ചു

കൽപ്പറ്റ: ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ഫോറസ്റ്റ് ഡ്രൈവർ( നേരിട്ട് ആൻഡ് എൻ.സി.എ), ബീറ്റ് ഫോറസ്റ്റ് ഓഫീസർ (നേരിട്ട്, ബൈ ട്രാൻസ്ഫർ, എൻ.സി.എ) തസ്തികകളിലേക്ക് ജൂലൈ ഒന്ന്, രണ്ട് തിയതികളിൽ സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളെജ് ഗ്രൗണ്ടിൽ നടത്താനിരുന്ന ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ മാറ്റിവെച്ചതായി ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

## നെല്ലിയമ്പം പ്രദേശത്ത് കാട്ടാന ശല്യം

പനമരം: നെല്ലിയമ്പം പ്രദേശത്ത് കാട്ടാന ആക്രമണം. നീണ്ട ഇടവേളക്ക് ശേഷം നെല്ലിയമ്പം പ്രദേശത്ത് കാട്ടാന ശല്യം രൂക്ഷമായി. കഴിഞ്ഞ ദിവസം രാവിലെയാണ് കാട്ടാന നെല്ലിയമ്പം പ്രദേശത്തെ അദ്വൈതം വീട്ടിൽ ചോയിക്കൊല്ലി വി.ജി വിശേഷിന്റെ തോട്ടത്തിൽ പരാക്രമം നടത്തിയത്. നിരവധി കവുങ്ങുകളും, തെങ്ങുകളും പിഴ് തെറിഞ്ഞു. കാട്ടാന തലങ്ങും വിലങ്ങും സഞ്ചരിച്ചതിനാൽ കാപ്പി ചെടികളും നശിച്ചുപോയിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് ഇവിടെ വഴിയാത്രക്കാരും, ബൈക്ക് യാത്രക്കാരെയും കാട്ടാനയുടെ അക്രമണത്തിന് ഇരയായിരുന്നു. നെല്ലിയമ്പം ഇഷ്ടികകളത്തിനോട് അടുത്തുള്ള സ്വകാര്യ വ്യക്തിയുടെ തോട്ടത്തിൽ ഒറ്റയായും, കൂട്ടമായും കാട്ടാനകൾ എത്താറുണ്ട് തോട്ടങ്ങളിലെ ചക്ക, മാങ്ങയും ലക്ഷ്യം വെച്ചാണ് കാട്ടാനകൾ ഇവിടങ്ങളിൽ എത്തുന്നത്. നെല്ലിയമ്പം, പുഞ്ചവയൽ, പരിയാരം അമ്മാനി എന്നീ പ്രദേശങ്ങൾ കാട്ടാന ശല്യം വളരെയെറെ വർദ്ധിച്ചിട്ടുണ്ട്. പെൻസിംഗും, കിടങ്ങുകളും ഉണ്ടെങ്കിലും കാട്ടാന നാട്ടിലിറന്നത് പതിവ് കാഴ്ചയാണ്. മഴ ആരംഭിച്ചതോടെ കാട്ടാനകളുടെ വരവും. ഒപ്പം ജനങ്ങളുടെ ഭീതിയും വർദ്ധിച്ചിട്ടുണ്ട്.



നെല്ലിയമ്പത്തെ സ്വകാര്യ വ്യക്തിയുടെ തോട്ടത്തിൽ കാട്ടാന നശിപ്പിച്ച തെങ്ങുകൾ



അരിമുള എ യു പി സ്കൂൾ നാലാം ക്ലാസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ സാഹിത്യ ആൽബം എഴുത്തുകാരൻ പി ഇസ്മായിൽ പ്രകാശനം ചെയ്യുന്നു

## പുസ്തകങ്ങളും ഭക്ഷണമായി മാറണം: പി. ഇസ്മായിൽ

കരണി: മനസിന് പോഷകം നൽകുന്ന പുസ്തകങ്ങളും ഭക്ഷണമായി മാറുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാർഥികൾ രൂപാന്തരപ്പെടണമെന്ന് എഴുത്തുകാരനും പ്രഭാഷകനുമായ പി. ഇസ്മായിൽ അഭിപ്രായപ്പെട്ടു. അരിമുള എ യു പി സ്കൂളിൽ ദശദിന വായന ക്യാമ്പയിൻ സമാപനം ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. ഭക്ഷണത്തിൽ മായം കലരുന്നത് ആരോഗ്യത്തിന് ഹാനികരമാവുന്നത് പോലെ അക്ഷരങ്ങളിൽ വിഷം പുരളുന്നത് സമൂഹത്തിൽ കലാപത്തിന് ഹേതുവാകും.

വലിയ വില നൽകി വാങ്ങിക്കുന്ന ആഡംബര വസ്തുക്കൾ പലതിനും അല്പായുസ് മാത്രമാണെങ്കിൽ പുസ്തകങ്ങൾ മനുഷ്യൻ മരിച്ചാലും ജീവിക്കും. വിവിധ പരിപാടികളോടെ സംഘടിപ്പിച്ച ക്യാമ്പയിനിൽ നാലാം ക്ലാസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്ന ആൽബം സംഗമത്തിൽ പ്രകാശനം ചെയ്തു. ഹെഡ്മിസ്ട്രസ് ഉഷ ടീച്ചർ സ്വാഗതം പറഞ്ഞു. വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ ടി എൻ സജിൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ജുബൈർ മാസ്റ്റർ അനൂപ് മാസ്റ്റർ, മജീദ് മാസ്റ്റർ സെബീർ പാറമ്മൽ തുടങ്ങിയവർ സംസാരിച്ചു.

## ലഹരി വിരുദ്ധദിനമാചരിച്ചു

മേപ്പാടി: ഡോ. മൂപ്പൻസ് കോളേജ് ഓഫ് ഫാർമസിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ഫാർമസി, നഴ്സിംഗ് വിദ്യാർത്ഥികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ പ്ലക്കാർഡുകളുമായി ക്യാമ്പസിൽ മനുഷ്യ ചങ്ങല തീർത്തു. ഫാർമസി കോളേജ് പ്രിൻസിപ്പാൾ ഡോ. ലാൽ പ്രശാന്ത് എം എൽ ന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ മനോജ് നാരായണൻ ഉദ്ഘാടനം ചെയ്തു. ജനറൽ മെഡിസിൻ വിഭാഗം മേധാവി ഡോക്ടർ അനീഷ് ബഷീർ, നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ ഡോ. ലിഡ ആൻറണി, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ സൂപ്പി കല്ലങ്കോടൻ, ഡോ. ഷാനവാസ് പള്ളിയാൽ സംസാരിച്ചു. മാനസികാരോഗ്യ വിഭാഗം മേധാവി ഡോ. ഷഫീൻ ഹൈദർ, സിവിൽ എക്സൈസ് ഓഫീസർ വജീഷ് കുമാർ നേതൃത്വം നൽകി. ഫാംഡി വിദ്യാർഥികൾ തയ്യാറാക്കിയ ബോധവൽക്കരണ ലഘുലേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ഡോ രാജേഷ് ആർ എസ് നന്ദി പറഞ്ഞു.



ഡോ. മൂപ്പൻസ് കോളജ് ഓഫ് ഫാർമസിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുന്നു

### ഐ.എച്ച്.ആർ.ഡി; ജൂലൈ എട്ട് വരെ അപേക്ഷിക്കാം

കൽപ്പറ്റ: ഐ.എച്ച്.ആർ.ഡിയുടെ വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള തിയതി ജൂലൈ എട്ട് വരെ നീട്ടി. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് സെക്യൂരിറ്റി,ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ,ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സുകളിലേക്കാണ് പ്രവേശനം.

### ഗസ്റ്റ് അധ്യാപക നിയമനം

കൽപ്പറ്റ: സുൽത്താൻ ബത്തേരി ഗവ ടെക്നിക്കൽ ഹൈസ്ക്കൂളിൽ പാർട്ട് ടൈം മലയാളം അധ്യാപക നിയമനം. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ജൂലായ് രണ്ടിന് രാവിലെ 10 ന് സ്കൂൾ ഓഫീസിൽ എത്തണം.

## സമ്പാദ്യ ശീലത്തിന് 'കരുതൽ 2024' പദ്ധതി

കൽപ്പറ്റ: ജില്ലയിലെ മുഴുവൻ കുടുംബങ്ങളിലും സമ്പാദ്യ ശീലം വളർത്തുന്നതിനും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനുമായി രൂപീകരിച്ച കരുതൽ 2024 പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. രാജ്യത്തെ എല്ലാ ബാങ്കുകളിലും പോസ്റ്റ് ഓഫീസുകളിലുമുള്ള ഒരു ദീർഘകാല നിക്ഷേപ പദ്ധതിയാണ് റിക്കറിംഗ് ഡെപ്പോസിറ്റായ കരുതൽ 2024 പദ്ധതി. പദ്ധതി വഴി വ്യക്തികൾക്ക് സ്ഥിരമായി ഒരു നിശ്ചിത തുക പ്രതിമാസം നിക്ഷേപിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച കാലയളവിൽ മുതലും കൂട്ടു പലിശയും സഹിതം നേടുന്നതിനും സഹായിക്കുന്നു. ജില്ലാ ലീഡ് ബാങ്ക് ഓഫീസ് കൽപ്പറ്റയുടെ അഭിമുഖത്തിൽ നടപ്പാക്കുന്നപദ്ധതിയുടെ ഉദ്ഘാടനം ജില്ലാ കലക്ടർ ഡോ. രേണു രാജ് ജില്ലാ ബാങ്കിംഗ് അവലോകന യോഗത്തിൽ നിർവഹിച്ചു.

സ്ഥിരവും നിശ്ചിതവുമായ തുകകൾ മാസം തോറും നിക്ഷേപിക്കുന്നതിലൂടെ അച്ചടക്കമുള്ള സമ്പാദ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. സമ്പാദ്യ ശീലം വളർത്തുന്നു. ഒറ്റത്തവണ തുക നിക്ഷേപിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇത് പ്രയോജനകരമാണ്. വിദ്യാഭ്യാസം, വിവാഹം, യാത്ര തുടങ്ങിയ ഭാവി സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറാൻ സഹായിക്കുന്നു. ഗ്യാരണ്ടീഡ് റിട്ടേണുകൾ വാഗ്ദാനം ചെയ്യുന്നതും മാർക്കറ്റ് റിസ്കുകൾക്ക് വിധേയമല്ലാത്തതുമായതിനാൽ സുരക്ഷിത നിക്ഷേപമായി കണക്കാക്കപ്പെടുന്നു. ഇത് നഷ്ട സാധ്യത ഏറ്റടുക്കാൻ തയ്യാറല്ലാത്ത സാധാരണ നിക്ഷേപകർക്ക് അനുയോജ്യവുമാകുന്നു. നിക്ഷേപം അവസാനിപ്പിക്കാതെ തന്നെ അത്യാവശ്യത്തിനു പണം ലഭ്യമാക്കുന്നു. നിശ്ചിത പരിധിക്ക് താഴെയുള്ള പലിശയ്ക്ക് ടിഡിഎസ് ഇല്ല. ബാങ്കുകൾ ആർഡികൾ നിയന്ത്രിക്കുന്നതിന് ഓൺലൈൻ സൗകര്യങ്ങൾ നൽകുന്നു. കാലാവധിക്കു മുൻപ് പിൻവലിക്കാനുള്ള അവസരം നൽകുന്നു. ജില്ലയിലെ മുഴുവൻ കുടുംബങ്ങളും കരുതൽ 2024 പദ്ധതിയുടെ ഭാഗമാകണമെന്ന് ജില്ലാ കലക്ടർ പറഞ്ഞു.




'കരുതൽ 2024' പദ്ധതി കളക്ടർ ഡോ.രേണുരാജ് ഉദ്ഘാടനം ചെയ്യുന്നു

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ: ശാരീരിക അളവെടുപ്പും കായികക്ഷമത പരീക്ഷയും മാറ്റി

കോഴിക്കോട് : വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ജനറൽ/എൻസിഎ) (കാറ്റഗറി നം. 027/2022, 303/2022 ) തസ്തികകളുടെ ജൂലൈ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ഗ്രൗണ്ടിൽ നടത്താനിരുന്ന ശാരീരിക അളവെടുപ്പും കായികക്ഷമത പരീക്ഷയും പ്രതികൂല കാലാവസ്ഥ കാരണം മാറ്റിയതായി പിഎസ് സി ജില്ലാ ഓഫീസർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## മാനാഞ്ചിറ–വെള്ളിമാട്കുന്ന് റോഡ് വീതികൂട്ടലിന് കമ്മിറ്റി

കോഴിക്കോട്: മാനാഞ്ചിറ–വെള്ളിമാട് കുന്ന് റോഡ് വീതികൂട്ടൽ പ്രവൃത്തി തുടങ്ങുന്നതിലേക്കായി കമ്മിറ്റിയെ നിയമിക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് അറിയിച്ചു. മൂന്നു മാസത്തിനുള്ളിൽ കമ്മിറ്റി റിപ്പോർട്ട് നൽകും. റിപ്പോർട്ട് നൽകിയാൽ ഉടൻ പ്രവൃത്തി തുടങ്ങാനാകും. നിലവിൽ റോഡിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഈ വർഷം ഒക്ടോബർ–നവംബറോടെ റോഡിന്റെ പണി തുടങ്ങാമെന്നാണ് കരുതുന്നത്. 2025 അവസാനമാകുമ്പോഴേക്കും പ്രവൃത്തി പൂർത്തിയാക്കണം.
വിഷൻ 2030 പദ്ധതിയിൽ മാനാഞ്ചിറ–വെള്ളിമാട് കുന്ന് റോഡ് വീതികൂട്ടൽ ഉൾപ്പെടുത്തുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ജില്ലാ വികസന സമിതി യോഗത്തിൽ പല പ്രവൃത്തികളും ഏറ്റെടുക്കുന്ന ഏജൻസികളുടെ പ്രതിനിധികൾ ഹാജരാകാത്തത് എംഎൽഎ മാർ ചൂണ്ടിക്കാട്ടി.
യോഗത്തിൽ എംഎൽഎമാരായതോട്ടത്തിൽ രവീന്ദ്രൻ, കെ കെ രമ, ഇ കെ വിജയൻ, കാനത്തിൽ ജമീല, പി ടി എ റഹീം, ലിന്റോ ജോസഫ്, കെ എം സച്ചിൻ ദേവ്, ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്, സബ്ബ് കളക്ടർ ഹർഷിൽ ആർ മീണ,എഡിഎം കെ അജീഷ്, അസി. കലക്ടർ ആയുഷ് ഗോയൽ, ജില്ലാ പ്ലാനിംഗ് ഓഫീസർ ഏലിയാമ്മ നൈനാൻ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

# കോഴിക്കോട് വാർത്തകൾ

### 'ഇന്ത്യൻ രാഷ്ട്രീയം തിരഞ്ഞെടുപ്പിന് ശേഷം'
## ചർച്ച സംഘടിപ്പിച്ചു

കോഴിക്കോട്: ഇന്ത്യൻ രാഷ്ട്രീയം ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം എന്ന വിഷയത്തിൽ സിറ്റിസൺസ് അലയൻസ് ഫോർ സോഷ്യൽ ഈക്വാലിറ്റി നടത്തിയ ചർച്ച ആൾ ഇന്ത്യാ മുസ്ലിം മജ്ലിസെ മുഷാവറ പ്രസിഡണ്ട് അഡ്വ ഫിറോസ് അഹമ്മദ് ഉദ്ഘാടനം ചെയ്തു. കേസ് ചെയർമാൻ ടി.പി നസീർ ഹുസ്സൈൻ മോഡറേറ്ററായിരുന്നു. ജനറൽ കൺവീനർ മുഹമ്മദ് അഷ്റഫ്, ഓർഗനൈസിംഗ് സെക്രട്ടറി ഷെഫീഖ് രായംമരക്കാർ, മുസ്തഫ മുഹമ്മദ്, സി.എ ആലിക്കോയ, എഞ്ചിനീയർ മമ്മദ് കോയ, ഖാദർ പാലാഴി, സലീം കുയ്യലിൽ, സാദിഖ് പട്ടേൽതാഴം, മാമു മാസ്റ്റർ, കെ.കെ അബൂബക്കർ, റാഫി, എം ജമാൽ എന്നിവർ സംസാരിച്ചു.

## ഉപഹാര വിതരണം

വടകര: ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും മക്കളിൽ എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനു മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്ക്കാരം സൊസൈറ്റിയുടെ ചെയർമാൻ രമേശൻ പാലേരി സമ്മാനിച്ചു. റോഡപകടങ്ങളിലും മറ്റും മരണപ്പെട്ട രാജേഷ്, രാജു, രാകേഷ് എന്നിവരുടെ കുടുംബങ്ങൾക്കുള്ള ഇൻഷൂറൻസ് തുകയും ചടങ്ങിൽ കൈമാറി.
സൊസൈറ്റി ഡയറക്ടർ വി.കെ. അനന്തൻ അദ്ധ്യക്ഷത വഹിച്ചു. പി. പ്രകാശൻ, പി.കെ. സുരേഷ് ബാബു, ലുഭിന ടി., കെ. ഹരീന്ദ്രൻ, യുഎൽ റിസേർച്ച് ഡയറക്ടർ ഡോ. സന്ദേശ് ഇ.പി, സി.ജി.എം. റോഹൻ പ്രഭാകർ, ജിഎം റോഡ്സ് ഷൈനു പി, ജി.എം ബിൽഡിങ്സ് ടി.പി. രാജീവൻ, ഋത്വിക് രാധൻ, കെ.പി. ഷാബു, ജിഎം ഫിനാൻസ് കെ. പ്രവീൺ കുമാർ എന്നിവരും സംസാരിച്ചു.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ്

കോഴിക്കോട്: 2023–24 അദ്ധ്യയന വർഷം എസ് എസ് എൽ സി, ടി എച്ച് എസ് എൽ സി, പ്ലസ് ടു/വി എച്ച് എസ്സി വിഭാഗങ്ങളിലും, കായിക മേഖലകളിലും ഉന്നത വിജയം കരസ്ഥമാക്കിയ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രോത്സാഹന ക്യാഷ് അവാർഡ് വിതരണം ചെയ്യുന്നതിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം ജൂലൈ ഒന്ന് മുതൽ 15 വരെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ, മത്സ്യത്തൊഴിലാളി പാസ്ബുക്ക്, ആധാർകാർഡ് (രക്ഷിതാവ്, വിദ്യാർത്ഥി), ബാങ്ക് പാസ് ബുക്ക് കോപ്പി (വിദ്യാർത്ഥി), എസ്എസ്എൽസി, പ്ലസ്ടു /വിഎച്ച് എസ്സി സർട്ടിഫിക്കറ്റ്, കായിക മികവിന്റെ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം നൽകണം. ഫോൺ: 0495–2383782.

## കെൽട്രോൺ ജേണലിസം കോഴ്സ്

കോഴിക്കോട്: കെൽട്രോണിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജേണലിസം 2024 –25 ബാച്ചിലേക്ക് ജൂലായ് 10 വരെ അപേക്ഷിക്കാം. കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. പഠനത്തോടൊപ്പം മാധ്യമ സ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം ലഭിക്കും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസും നൽകും. ഉയർന്ന പ്രായപരിധി 30. ക്ലാസുകൾ ജൂലൈയിൽ ആരംഭിക്കും. ഫോൺ: 954495 8182.

## നഗരത്തിൽ ഇന്ന്

- ഇൻഡോർ സ്റ്റേഡിയം: 26ാമത് കേരള സ്റ്റേറ്റ് ജൂനിയർ സീനിയർ തൈക്കോണ്ടോ ചാമ്പ്യൻഷിപ്പ് സമാപനം–5.00
- കല്ലായ് റോഡ് കേരള ബാങ്ക് ഹാൾ: കേരള ബാങ്ക് റിട്ടയറീസ് അസോസിയേഷൻ ജില്ലാ സമ്മേളനം–10.00
- കച്ചേരി കാരന്നൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം: യുവി ശ്രീജയന്റെ കവിതാ സമാഹാരം –4.00
- കെവി നമ്പർ വൺ സ്കൂൾ അങ്കണം: വെൽഫെയർ അസോസിയേഷൻ ഓഫ് കേന്ദ്രീയ വിദ്യാലയ നമ്പർ വൺ ഈസ്റ്റ്ഹിൽ – 10.00
- തണ്ണീർപന്തൽ വേങ്ങേ?രി സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം: സഹൃദയ റസിഡന്റ്സ് വെൽഫയർ അസോസിയേഷൻ വാർഷിക ജനറൽ ബോഡി –2.30. അനുമോദന സദസ്സ് – 5.00

## സിനിമ

**കോഴിക്കോട്**
**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal) (2.30 P.M., 6.00 P.M.)
**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
BIG BEN (MAL) (10:00 AM,05:30 PM)
KALKI -2898 AD (MAL) (10:00 AM, 01:20 PM, 07:00 PM, 10:30 PM)
MAHARAJA (TAMIL) (02:00 PM, 07:00 PM)
NADANNA SAMBHAVAM (MAL) (03:00 PM, 10:30 PM)
PARADISE (MAL) (12:00 PM, 05:00 PM)
PATTAAPAKAL (MAL) (12:00 PM, 05:00 PM)
ULLOZHUKKU (MAL) (12:30 AM, 04:45 PM, 08:00 PM)
**കൈരളി: A/C 4K Dolby:**
KALKI 2898 AD(mal)(10.30AM,02.00PM,05.45PM,09.15PM)
**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,09.00PM)
ULLOZHUKKU-(03.00PM,06.00PM)
PATTAPAKAL-(01.00PM)
**വടകര**
**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam) (10.00, 01.15, 04.30, 07.45)
NADANNA SAMBHAVAM (Malayalam) (11:00, 02:00,08:00)
GOLAM (Malayalam) (05:00PM)
**കുന്ദമംഗലം**
**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
MAHARAJA (U/A) - TAMIL (2:00 PM, 4:40 PM)
GAGANACHARI - Malayalam (11:45 AM, 7:15 PM)
KALKI 2898 AD (U/A) - Malayalam (11:00 AM,12:00 PM, 4:00 PM, 7:30 PM, 9:30 PM, 10:45 PM)
BIG BEN - Malayalam (2:30 PM)
PATTAAPAKAL - Malayalam (9:45 PM)
PARADISE (U/A) - Malayalam (7:45 PM)
KUNDALA PURANAM (U) - Malayalam (5:00 PM)

### മെഡിക്കൽ കോളജിൽ നാൽപത് രോഗികൾക്ക് ഒരാൾ
# നഴ്സുമാർക്ക് ഓവർലോഡ്

കോഴിക്കോട് : ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ ചട്ടങ്ങൾ പ്രകാരം നഴ്സ് രോഗി അനുപാതം 1:4 ആണെങ്കിലും മെഡിക്കൽ കോളജ് ആശുപത്രിയിലേ അനുപാതം ഒരു നഴ്സിന് നാൽപത് രോഗികൾ. ഇത് 1:10 എങ്കിലുമാക്കി പുനഃക്രമീകരിക്കുകയാണെങ്കിൽ മാത്രമേ രോഗികൾക്ക് ആവശ്യമായ പരിചരണം ലഭ്യമാകുവെന്ന് കേരള ഗവ.നഴ്സസ് യൂണിയൻ പറയുന്നു.
ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ ചട്ടങ്ങളിലെ നിർദേശ പ്രകാരം മെഡിക്കൽ കോളേജിൽ 1004 ഹെഡ് നഴ്സുമാർ, 4008 നഴ്സിങ് ഓഫിസർമാർ, 937 നഴ്സിങ് അസിസ്റ്റന്റുമാർ, 1669 ഹോസ്പിറ്റൽ അസിസ്റ്റന്റുമാർ (അറ്റൻഡർമാർ) എന്നിങ്ങനെ തസ്തിക വേണമെന്നാണ് കണ്ടെത്തിയത്. എന്നാൽ നഴ്സുമാരും ഹെഡ് നഴ്സുമാരും കൂടി ആകെ 500 പേരാണ് മെഡിക്കൽ കോളേജിലുള്ളത്. 200 നഴ്സിങ് അസിസ്റ്റന്റ്, ദിവസവേതനത്തിൽ നിയമിക്കപ്പെടുന്ന 220 പേർ എന്നിവരും ചേരുന്നതാണ് അംഗസഖ്യ.
മെഡിക്കൽ കോളേജിലെ എട്ട് ചികിത്സാ കേന്ദ്രങ്ങളിലേക്കാണ് ഈ നഴ്സുമാരെ വെച്ച് മുന്നോട്ട് നീക്കുന്നത്. സൂപ്പർ സ്പെഷ്യൽറ്റി ബ്ലോക്കിൽ 2016ൽ 250 തസ്തിക അനുവദിച്ചതിന് ശേഷം കാര്യമായ നിയമനങ്ങളൊന്നു ഇവിടെ നടന്നിട്ടില്ല. മാതൃശിശു സംരക്ഷണ കേന്ദ്രത്തിലേക്കുള്ള തസ്തികയും ഉൾപ്പെടുന്ന ഇതിൽ 175 പേർ നഴ്സുമാരാണ്. ഇത്രയേറെ ജോലി ഭാരം നേരിടുന്നവരിൽപ്പെട്ട എൻഎച്ച്എമ്മിലെ നഴ്സുമാർക്ക് കഴിഞ്ഞ ഒന്നരമാസമായി ശമ്പള മുടങ്ങിയ അവസ്ഥയിലുമാണ്. കേന്ദ്രത്തിന് ഫണ്ടില്ലെന്ന് പറഞ്ഞാണ് ഈ വിഭാഗത്തിനോട് സർക്കാർ ക്രൂരത തുടരുന്നത്.
മറ്റ് സർക്കാർ ആശുപത്രികളിൽ നഴ്സുമാരെയും ആരോഗ്യ പ്രവർത്തകരെയും നിയമിക്കുന്നതിനോട് പുറംതിരിഞ്ഞു നിൽക്കുകയാണ് ആരോഗ്യ വകുപ്പ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ജീവനക്കാരുടെ കുറവ് കോഴിക്കോട് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടും ഒഴിവ് വന്ന തസ്തികകളിൽ പോലും ആരോഗ്യവകുപ്പ് നിയമനങ്ങൾ നടത്തിയിട്ടില്ല. മെഡിക്കൽ കോളജ് ആശുപത്രിയിലെ സർജിക്കൽ സൂപ്പർ സ്പെഷ്യൽറ്റി കോംപ്ലക്സ് (പിഎംഎസ്എസ്വൈ ബ്ലോക്ക്) പ്രവർത്തനം തുടങ്ങിയപ്പോൾ പോലും പുതിയ നിയമനം നടത്താതെ നിലവിലെ ജീവനക്കാർക്ക് മേൽ അമിത ജോലി ഭാരം നൽകുന്ന സമീപനമാണ് ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടായത്. നഴ്സുമാരാണ് ഇതിൽ ഏറെ വെല്ലുവിളി നേരിട്ടു വരുന്നത്.

## നടപടി സ്വീകരിക്കണം

കോഴിക്കോട്: നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ വനിതാ ഫോറം സ്റ്റേറ്റ് കമ്മിറ്റി യോഗം ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു. വനിതാ ഫോറം സംസ്ഥാന പ്രസിഡണ്ട് ടി. വനജയുടെ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. വേലായുധൻ ഉദ്ഘാടനം ചെയ്തു. കെ.വി മുരളി, ജോർജ് പി. അബ്രഹാം, എം. വാസന്തി, ടി.എസ് രാധാമണി, ഗരിജ ജോജി, തങ്കമ്മ വേലായുധൻ, ഗീത കൊമ്മേരി, സി. പ്രേമവല്ലി, എം. കുഞ്ഞുമുത്തു, എസ്.എസ് ഗീത ഭായ്, ആലിസ് സക്കറിയ എന്നിവർ സംസാരിച്ചു.

## റേഷൻ വ്യാപാരികളുടെ പ്രശ്നത്തിൽ വാഗ്ദാനം മാത്രം

കോഴിക്കോട്: സംസ്ഥാനത്തെ റേഷൻ വ്യാപാര മേഖലയിലെ പ്രശ്നങ്ങൾ ഏറെ സങ്കീർണ്ണമായി നിലനിൽക്കെ വ്യാപാരികളുടെ ആവശ്യങ്ങൾക്കു പരിഹാരം കാണുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ശ്രമിക്കുമെന്ന് മാത്രം വാഗ്ദാനം നൽകി ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി ആർ അനിൽ. കെ സ്റ്റോറുകളുടെ പ്രവർത്തനങ്ങളുടെ കോഴിക്കോട് മേഖലാ തല അവലോകന യോഗവും റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക ആയിട്ടുള്ള ഫയലുകളുടെ അദാലത്തും ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.
ഓണത്തിന് മുമ്പ് 1000 കെ സ്റ്റോറുകൾ പ്രവർത്തനമാരംഭിക്കും. കെ സ്റ്റോർ പദ്ധതി വഴി വ്യാപാരികളുടെ വരുമാനം വർധിപ്പിക്കാനും ഗ്രാമീണമേഖലയിൽ റേഷൻകടകൾ ശക്തിപ്പെടുത്താനും സാധിച്ചു. റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗത്വം സമയബന്ധിതമായി പുതുക്കാൻ സാധിക്കാത്ത റേഷൻ വ്യാപാരികൾക്ക് അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ട്. അവർക്ക് പിഴപ്പലിശ ഒഴിവാക്കി അംഗത്വ ഫീസ് മാത്രം അടച്ചു അംഗത്വം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. കോഴിക്കോട് ജില്ലയിൽ 1082 കേസുകളാണ് അദാലത്തിൽ പരിഹരിക്കുക. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. സിവിൽ സപ്ലൈസ് കമ്മീഷണർ ഡോ. ഡി സജിത് ബാബു, ജില്ലാ സപ്ലൈ ഓഫീസർ മനോജ് കുമാർ കെ കെ, റേഷൻ വ്യാപാരി ക്ഷേമനിധി അംഗം മുഹമ്മദലി, താലൂക്ക് സപ്ലൈ ഓഫീസർമാർ, മറ്റ് ഉദ്യോഗസ്ഥർ പങ്കെടുത്തു.



നീതി നിഷേധത്തിനെതിരെ പൊതുവിദ്യാഭ്യാസ സംരക്ഷിക്കാൻ കെ.പി.എസ്.ടി.എ കോഴിക്കോട് ജില്ലാ കമ്മറ്റി ഡി.ഡി.ഇ ഓഫീസിലേക്ക് നടത്തിയ മാർച്ച് എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.

## സർക്കാറിന്റെ ജനാധിപത്യവിരുദ്ധത പൊതു വിദ്യാഭ്യാസത്തെ തകർക്കുന്നു

കോഴിക്കോട്: സർക്കാർ സ്വീകരിക്കുന്ന ഏകപക്ഷീയ നിലപാടുകൾ പൊതുവിദ്യാഭ്യാസ രംഗം കലുഷിതമാക്കുകയാണെന്ന് എം.കെ .രാഘവൻ എം പി അഭിപ്രായപ്പെട്ടു. അക്കാദമിക കലണ്ടർ അശാസ്ത്രീയവും മനഃശാസ്ത്ര വിരുദ്ധവുമാണ്. കെ.പി.എസ്.ടി.എ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഡിഡിഇ ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ.പി.എസ്.ടി എ സംസ്ഥാന ജനറൽ സെക്രട്ടറി പി കെ അരവിന്ദൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡണ്ട് ടി.ടി.ബിനു അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഇ.കെ.സുരേഷ്, എം കൃഷ്ണമണി, പി.എം ശ്രീജിത്ത്, ടി.അശോക് കുമാർ, ടി ആബിദ്, സജീവൻ കുഞ്ഞോത്ത്, പി.രാമചന്ദ്രൻ, ഷാജു പി കൃഷ്ണൻ, ടി.കെ പ്രവീൺ, പി.കെ രാധാകൃഷ്ണൻ, എ രഷീദ, ടി.സി സുജയ സംസാരിച്ചു.

## കെ.എ.ടി.എഫ് ജില്ലാ ലീഡേഴ്സ് ക്യാമ്പ് തുടങ്ങി

പൂനൂർ: കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ കോഴിക്കോട് റവന്യു ജില്ലാ ലീഡേഴ്സ് ക്യാമ്പിന് കട്ടിപ്പാറ ബ്രീസ് ലാന്റിൽ തുടക്കമായി. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജന: സെക്രട്ടറി പി.കെ ഫിറോസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി.കെ അബ്ദുൽ ഹഖീം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം നാസർ എസ്റ്റേറ്റ് മുക്ക് മുഖ്യാതിയായി. സംസ്ഥാന സെക്രട്ടറി എം.എ ലത്തീഫ് മുഖ്യ പ്രഭാഷണം നടത്തി. കെ.കെ അബ്ദുള്ള, കെ. നൂറുൽ അമീൻ, ഉമ്മർ ചെറൂപ്പ, കെ.കെ ഷറഫുന്നിസ, സലാം കാവുങ്ങൽ, എം.പി ഫസൽ, എൻ. കെ ഷമീന, ഷാജഹാൻ അലി അഹമ്മദ്, ഷമീം അഹ്മദ്, പി. മുഹമ്മദലി, ടി.കെ. അബ്ദുൽ അസീസ്, എ. അബ്ദുറഹീം, എം.കെ റഫീഖ്, ഐ. സൽമാൻ സംസാരിച്ചു. ഓറ ക്രാഫ്റ്റ് ഇന്റർനാഷണൽ ഡയരക്ടർ റഷീദ് കൊടിയുറ ക്ലാസെടുത്തു. സംഘടനാ സെഷനിൽ സംസ്ഥാന സെക്രട്ടറി നൗഷാദ് കോപ്പിലാൻ വിഷയാവതരണം നടത്തി. ഇശൽ വിരുന്ന് സെഷൻ മാപ്പിളപ്പാട്ട് ഗവേഷകൻ ഫൈസൽ എളേറ്റിൽ ഉദ്ഘാടനം ചെയതു. ഇന്ന് ഉച്ചക്ക് സമാപന സെഷൻ മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് എം.എ. റസാഖ് മാസ്റ്റർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി സി.പി.എ അസീസ് മാസ്റ്റർ പങ്കെടുക്കും.




കെ.എ.ടി.എഫ് റവന്യു ജില്ലാ ലീഡേഴ്സ് ക്യാമ്പ് പി.കെ ഫിറോസ് ഉദ്ഘാടനം ചെയ്യുന്നു.

## വികലമായ നയങ്ങൾ ഭൂമി കൈമാറ്റ മേഖലയെ തകർക്കുന്നു

കോഴിക്കോട് : കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വികലമായ സാമ്പത്തിക നയം മൂലം ഭൂമി കൈമാറ്റ മേഖല തകരുകയാണെന്ന് എം കെ രാഘവൻ എം.പി. റിയൽ എസ്റ്റേറ്റ് ഏജൻസ് അസോസിയേഷൻ ഐ.എൻ.ടി.യു.സി ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ മേഖലയിൽ ജോലി ചെയ്തുവരുന്നവർക്ക് അർഹമായ അംഗീകാരവും അവകാശങ്ങളും നേടിയെടുക്കാൻ തൊഴിലാളികൾ ഒന്നിക്കണമെന്നും അദ്ദേഹം പറഞ്ഞു.
ജില്ലാ പ്രസിഡണ്ട് കെ രാജീവ് അധ്യക്ഷത വഹിച്ചു.
ഐഎൻടിസി സംസ്ഥാന ജനറൽ സെക്രട്ടറി മനോജ് എടാണി, യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി ജനാർദ്ദനൻ, കെ. ഷാജി, എം ടി സേതുമാധവൻ, തസ്ലിന വി പി, മടപ്പള്ളി മോഹനൻ, ഫൈസൽ പട്ടേൽത്താഴം, ഇ.വി ഗോപാലൻ, രഞ്ജിത്ത് കണ്ണോത്ത്, വി.വി ദിനേശൻ,കുര്യൻ ചെമ്പനാനി, ടി.കെ നാരായണൻ, റാണേഷ് ബേപ്പൂർ, ഫസലുറഹ്മാൻ സംസാരിച്ചു.

## വിമാന കമ്പനികൾ പ്രവാസികളെ കൊള്ളയടിക്കുന്നത് നിർത്തണം: കെ.എം.സി. സി

നാദാപുരം: ടിക്കറ്റ് നിരക്ക് അടിക്കടി വർദ്ധിപ്പിച്ച് സാധാരണക്കാരായ പ്രവാസികളെ കൊള്ളയടിക്കുന്ന നിലപാടാണ് വിമാന കമ്പനികൾ സ്വീകരിക്കുന്നതെന്നും ഇത് അവസാനിപ്പിക്കുന്നില്ലെങ്കിൽ ശക്തമായ സമര പരിപാടികൾക്ക് നേതൃത്വം നൽകുമെന്നും ദുബായ് കെ എം സി സി കോഴിക്കോട് ജില്ലാ പ്രസിഡണ്ട് കെ പി മുഹമ്മദ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.
ഗൾഫിൽ നിന്ന് നാട്ടിലേക്ക് വരാനും തിരിച്ചു പോകാനും ഭീമമായ തുകയാണ് എല്ലാ വിമാന കമ്പനികളും ഇപ്പോൾ ഈടാക്കുന്നത്. ഇത് സംബന്ധിച്ച് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും നിരക്ക് വർദ്ധനയിൽ യാതൊരു മാറ്റവും ഇല്ല. മാത്രവുമല്ല, നേരാംവണ്ണം സർവ്വീസ് കൊടുക്കാനും പല വിമാന കമ്പനികളും തയ്യാറാവുന്നില്ല. അപ്രതീക്ഷിതമായി സർവ്വീസ് നിർത്തിവെച്ച് യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. സാധാരണക്കാരായ യാത്രക്കാരെ പിഴിയാൻ കാണിക്കുന്ന ആവേശ ത്തിന്റെ പകുതിയെങ്കിലും സേവന രംഗത്തും കാണിക്കാൻ കമ്പനികൾ തയ്യാറാവണം. തോന്നിയ പോലെ നിരക്ക് കൂട്ടുന്ന പ്രവണത അവസാനിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് അടിയന്തിര നടപടികൾ ഉണ്ടാവണമെന്നും കെ പി മുഹമ്മദ് ആവശ്യപ്പെട്ടു.

## കോഴിക്കോട് വീണ്ടും കഞ്ചാവ് വേട്ട

കോഴിക്കോട്: ഒറീസയിൽ നിന്നും കോഴിക്കോട്ടേക്ക് ട്രെയിനിൽ കടത്തിക്കൊണ്ടുവന്ന 6.200 കിലോ കഞ്ചാവുമായി രണ്ട് അന്യസംസ്ഥാനതൊഴിലളികൾ പിടിയിൽ. കോഴിക്കോട് ടൗൺ അസിസ്റ്റൻറ് കമ്മീഷണർ കെ.ജി സുരേഷിന്റെ നേതൃത്വത്തിലുള്ള സിറ്റി ക്രൈം സ്കോഡും കസബ പോലീസും ചേർന്നാണ് പ്രതികളെ പിടികൂടിയത്. ഒറീസ സ്വദേശിയായ ബിഹാറ ചരൺ സേത്തി (48) ബൽറാം ഗൗഡ (35) എനിവരെയാണ് ഇന്ന് വൈകുന്നേരം മാങ്കാവ് ആഴ്ചവട്ടം സ്കൂളിന് സമീപം വെച്ച് പിടികൂടിയത്.ഈ മാസം മൂന്നാം തവണയാണ് പോലിസ് പിടികൂടുന്നത് ഒറിസ്സയിൽ നിന്ന് വൻതോതിൽ കഞ്ചാവ് കേരളത്തിൽ എത്തിച്ച് വിൽപ്പന ആരംഭിച്ച വിവരം പോലീസിന് ലഭിച്ചതിനെ തുടർന്ന് ഇവർ കഴിഞ്ഞ കുറെ നാളുകളായി പോലീസിന്റെ രഹസ്യ നിരീക്ഷണത്തിൽ ആയിരുന്നു. ഇങ്ങനെ കോഴിക്കോട്ടേക്ക് എത്തിക്കുന്ന കഞ്ചാവ് മൊത്തമായും ചില്ലറയായും ഇവരിൽനിന്ന് കൈപ്പറ്റുന്ന മയക്കുമരുന്ന് മാഫിയകളെ കുറിച്ച് വ്യക്തമായ വിവരം പ്രതികളെ ചോദ്യം ചെയ്തതിൽ നിന്ന് പോലീസിനു ലഭിച്ചിട്ടുണ്ട്. മാസത്തിൽ ഒന്നും രണ്ടും തവണയാണ് ഇവർ ഒറീസയിൽ പോയി കിലോ കണക്കിന് കഞ്ചാവുമായി കോഴിക്കോട് എത്തിക്കുന്നത് .ഇത്തരത്തിൽ കഞ്ചാവ് കച്ചവടം ചെയ്യുന്ന ഒട്ടേറെ അന്യസംസ്ഥാന തൊഴിലാളികൾ പോലീസിന്റെ നിരീക്ഷണത്തിലുണ്ട്. സമീപകാലത്ത് 30 ഓളം അന്യസംസ്ഥാന തൊഴിലാളികളിൽ നിന്ന് 100 ഓളം കിലോ പോലീസ് പിടിച്ചിട്ടുണ്ട്. കസബപോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ബാവ അക്കരക്കാരൻ, അസി. സബ് ഇൻസ്പെക്ടർ രജീഷ് എൻ, എസ്.സി.പി.ഒ മാരായ രജീഷ് എ.കെ, സജേഷ് കുമാർ പി, സി.പി.ഒമാരായ ജംഷാദ്, ഷിംജിത്ത്, രതീഷ് എൻ, സിറ്റി ക്രൈം സ്ക്വാഡിലെ ഷാലു എം, സുജിത്ത് സി.കെ, സൈബർ സെല്ലിലെ രൂപേഷ് എന്നിവരായിരുന്നു അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

## കാർഷിക മേഖല പ്രതിസന്ധിയിൽ, അടിയന്തര നടപടിയെടുക്കണമെന്ന് കർഷക കോൺഗ്രസ്

കോഴിക്കോട്. കൃഷി നഷ്ടത്തിലായ കർഷകരെ സഹായിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കർഷക കോൺഗ്രസ് ജില്ലാ പ്രസിഡന്റ് അഡ്വ ബിജു കണ്ണന്തറ ആവശ്യപ്പെട്ടു. വിലയിടിവും ഉൽപാദനക്കുറവും രോഗ കീടബാധയും വന്യമൃഗ ശല്യവുമെല്ലാം കർഷകരുടെ പ്രതീക്ഷകളെ തകിടം മറിച്ചിരിക്കുകയാണ്.
സംഭരിച്ച നെല്ലിന്റെയും തേങ്ങയുടെയും വിത്തു തേങ്ങയുടെയും പണം സാമ്പത്തിക പ്രതിസന്ധിയുടെ പേരു പറഞ്ഞ് സർക്കാർ കൈമലർത്തുമ്പോൾ കർഷകരുടെ ദുരിതം പൂർണമാകുന്നു. ഉൽപാദന ചെലവും പണിക്കൂലിയും അനുദിനം കുതിക്കുമ്പോൾ നാളികേര വില താഴോട്ട് പോവുകയാണ്. തേങ്ങ സംഭരിച്ച പണം മാസങ്ങളായി കുടിശികയാണ്. നാളികേര, കൊപ്ര സംഭരണം ശരിയായ രീതിയിൽ നടക്കുന്നില്ല. വിത്തു തേങ്ങ സംഭരണം കാര്യക്ഷമമല്ല. മിക്ക കൃഷികളും ഉത്പാദന ചെലവുപോലും തിരിച്ചു കിട്ടാത്ത രീതിയിൽ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കർഷകർക്ക് കൈത്താങ്ങാവാൻ സർക്കാരിന് ബാധ്യതയുണ്ട്. കർഷകരെ സഹായിക്കാൻ ആശ്വാസ നടപടികൾ പ്രഖ്യാപിക്കുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ സമരങ്ങൾക്ക് കർഷക കോൺഗ്രസ് തയ്യാറാകുമെന്നും അദ്ദേഹം പറഞ്ഞു.

## മുഅല്ലിം മൻസിലിന് കുറ്റിയടിച്ചു

മാവൂർ : സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകുന്ന മുഅല്ലിം മൻസിലിന്റെ കുറ്റി അടിക്കൽ കർമ്മം സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് കെ കെ ഇബ്രാഹീം മുസ്ലിയാർ നിർവഹിച്ചു. മാവൂർ മേഖലാ പ്രസിഡണ്ട് പി അബ്ദുറഹ്മാൻ ബാവ ഹാജി അധ്യക്ഷത വഹിച്ചു. എൻ കെ ബഷീർ ദാരിമി പന്തിപ്പൊയിൽ, മുഹമ്മദ് ബാഖവി, പി,ഹസൈനാർ ഫൈസി, എ. ആലിക്കോയ മുസ്ലിയാർ, സി പി എ സലാം മൗലവി, മൂസ മുസ്ലിയാർ മാവൂർ, അർഷാദ് കുറ്റിക്കടവ്, ആർ വി എ സലാം മൗലവി കുറ്റിക്കടവ്, ശാക്കിർ കുറ്റിക്കടവ്, ഹസ്സൻകുട്ടി, സക്കീർ അലി, എ ജാസിർ ഫൈസി സംസാരിച്ചു.

## സ്റ്റാറ്റിസ്റ്റിക്സ് ദിനം ആചരിച്ചു

കോഴിക്കോട്: നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ് പതിനെട്ടാമത് ദേശീയ സ്റ്റാറ്റിസ്റ്റിക് ദിനം ആചരിച്ചു. ഫാറൂഖ് കോളേജ് പിജി ആൻഡ് റിസർച്ച് ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റാറ്റിസ്റ്റിക്സുമായി സഹകരിച്ച് ഫാറൂഖ് കോളജ് എ.വി.ടി. ഹാളിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ ഡോ. ആയിഷ സ്വപ്ന ഉദ്ഘാടനം ചെയ്തു.
എൻ.എസ്.എസ്.ഒ ഡയറക്ടറും റീജണൽ മേധാവിയുമായ മുഹമ്മദ് യാസിർ എഫ്. മുഖ്യ പ്രഭാഷണം നടത്തി.

## അതിജീവിത വീണ്ടും സമരത്തിന്

കോഴിക്കോട്: മെഡിക്കൽ കോളജ് ഐ.സി.യു പീഡനക്കേസ് അതിജീവിത വീണ്ടും സമരത്തിനൊരുങ്ങുന്നു. പുനരന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി നൽകിയിട്ടും ഗൈനക്കോളജിസ്റ്റ് ഡോ. പ്രീതിക്കെതിരെയും ജൂനിയർ ഡോക്ടർക്കെതിരെയും നടപടി ഉണ്ടാകാത്ത സാഹചര്യത്തിലാണ് സമരത്തിനൊരുങ്ങുന്നത്. തിങ്കളാഴ്ച മെഡിക്കൽ കോളജ് പ്രിൻസിപ്പലിനെ കാണും.
ഐ സി യു പീഡനക്കേസിൽ അതിജീവിതയുടെ ആരോപണം ശരിവെച്ച് എ സി പി ജേക്കബ് സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. അതിജീവിത ഉന്നയിച്ചത് പോലെ ഗൈനക്കോളജിസ്റ്റ് ഡോ. പ്രീതി മൊഴി രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. കൂടെ വന്നെന്ന് പറയുന്ന ജൂനിയർ ഡോക്ടർ ഡോ. ഫാത്വിമ ബാനു ഇല്ല എന്നും അനിത സിസ്റ്റർ അടക്കം മൂന്ന് കോളജ് ജീവനക്കാർ മൊഴി നൽകിയതും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. അനിത സിസ്റ്റർ, അതിജീവിത എന്നിവർ ദുരുദ്ദേശത്തിൽ പ്രവർത്തിക്കുന്നു എന്ന മുൻ എ സി പി സുദർശന്റെ കണ്ടെത്തൽ പുനരന്വേഷണ റിപ്പോർട്ടിലില്ല.



പന്തീരാങ്കാവ് മേഖല ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ സമാഹരിച്ച അർജിത്ത് മോൻ ചികിത്സാ സഹായ ഫണ്ട് എം.കെ രാഘവൻ എം.പി കൈമാറുന്നു

## ചികിത്സാ സഹായ ഫണ്ട് കൈമാറി

കോഴിക്കോട്: കരൾ മാറ്റ ശസ്ത്രക്രിയക്ക് വിധേയനാകുന്ന പെരളശ്ശേരി രാകേഷിന്റെ ആറ് മാസം പ്രായമുള്ള അർജിത്തിന്റെ ചികിത്സാ സഹായ കമ്മറ്റിക്ക് കൈത്താങ്ങൊരുക്കാൻ പന്തിരാങ്കാവ് മേഖല ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ബസ്സുടമകളും ജീവനക്കാരും പൊതുജനങ്ങളിൽ നിന്ന്സമാഹരിച്ച ആറ് ലക്ഷത്തി അയ്യായിരം രൂപ എം.കെ. രാഘവൻ എം.പി ചികിത്സാ സഹായ കമ്മറ്റിക്ക് കൈമാറി. ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ രാധാകൃഷ്ണൻ അധ്യക്ഷനായി.
ജില്ലാ പഞ്ചായത്തംഗം രാജീവ് പെരുമൺ പുറ, ദിനേശ് പെരുമണ്ണ, ഗ്രാമ പഞ്ചായത്തംഗം രമ്യ തട്ടാരിൽ, മൂസ്സസുൽത്താൻ, വി.പി. അസൈനാർ, ചലച്ചിത്രതാരം നവാസ് വള്ളിക്കുന്ന് സംസാരിച്ചു.



കെ എ ടി എഫ് ജില്ലാ ലീഡേഴ്സ് ക്യാമ്പ് പി കെ ഫിറോസ് ഉദ്ഘാടനം ചെയ്യുന്നു

## കെ എ ടി എഫ് ജില്ലാ ലീഡേഴ്സ് ക്യാമ്പിന് തുടക്കം

പൂനൂർ: കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ജില്ലാ ലീഡേഴ്സ് ക്യാമ്പിന് കട്ടിപ്പാറ ബ്രീസ് ലാന്റിൽ തുടക്കമായി. യൂത്ത് ലീഗ് സംസ്ഥാന ജന: സെക്രട്ടറി പി.കെ ഫിറോസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി.കെ അബ്ദുൽ ഹഖീം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം നാസർ എസ്റ്റേറ്റ് മുക്ക് മുഖ്യാതിയായി. സംസ്ഥാന സെക്രട്ടറി എം.എ ലത്തീഫ് മുഖ്യ പ്രഭാഷണം നടത്തി. കെ.കെ അബ്ദുള്ള, കെ. നൂറുൽ അമീൻ, ഉമ്മർ ചെറൂപ്പ, കെ.കെ ഷറഫുന്നിസ, സലാം കാവുങ്ങൽ, എം.പി ഫസൽ, എൻ. കെ ഷമീന, ഷാജഹാൻ അലി അഹമ്മദ്, ഷമീം അഹ്മദ്, പി. മുഹമ്മദലി, ടി.കെ. അബ്ദുൽ അസീസ്, എ. അബ്ദുറഹിം, എം.കെ റഫീഖ്, ഐ. സൽമാൻ സംസാരിച്ചു. ഓറ ക്രാഫ്റ്റ് ഇന്റർനാഷണൽ ഡയരക്ടർ റഷീദ് കൊടിയുറ ക്ലാസെടുത്തു. സംഘടനാ സെഷനിൽ സംസ്ഥാന സെക്രട്ടറി നൗഷാദ് കോപ്പിലാൻ വിഷയാവതരണം നടത്തി. ഇശൽ വിരുന്ന് സെഷൻ ഫൈസൽ എളേറ്റിൽ ഉദ്ഘാടനം ചെയതു. ഇന്ന് ഉച്ചക്ക് സമാപന സെഷൻ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡണ്ട് എം.എ. റസാഖ് മാസ്റ്റർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി സി.പി.എ അസീസ് മാസ്റ്റർ പങ്കെടുക്കും.

# പ്രാദേശിക വാർത്തകൾ

## എസ്.കെ.എസ്.എസ്.എഫ് കാമ്പയിൻ

നന്തി ബസാർ : എസ്.കെഎസ്.എസ്.എഫ് പയ്യോളി മേഖല കമ്മിറ്റി സംഘടിപ്പിച്ച മതം മധുരമാണ് കാമ്പയിൻ മേഖലാതല ഉദ്ഘാടനം പുറക്കാട് അകലാപ്പുഴ ലൈക് വ്യൂ പാലസിൽ നടന്നു. പാറപ്പള്ളി തമീമുൽ അൻസ്വാരി ദഅവ കോളജ് പ്രൻസിപ്പിൽ അഹ്മദ് സുഹൈൽ ഹൈതമി ഉദ്ഘാടനം നിർവ്വഹിച്ചു . അബ്ദുൽ അസീസ് കെ .കെ. പി അധ്യക്ഷനായി . ഷാക്കിർ യമാനി, ജാഫർ ദാരിമി കോടിക്കൽ,അബ്ദുറസാഖ് റഹ്മാനി, ജാഫർ ദാരിമി , റാഷിദ് ഹൈതമി , അർഷാദ് ദാരിമി , മുഹമ്മദ് തർഖവി ദാരിമി, ജുനൈദ് ദാരിമി,ഹാമിദ് മുജ്തബ ഹൈതമി , ജംഷാദ് പതിയാരക്കര സംസാരിച്ചു




എസ്.കെഎസ്.എസ്.എഫ് പയ്യോളി മേഖല കാമ്പയിൻ അഹമദ് സുഹൈൽ ഹൈതമി ഉദ്ഘാടനം ചെയ്യുന്നു

## ഇസ്മായിൽ കൂട്ടായ്മ ജില്ലാസംഗമം ഇന്ന് പേരാമ്പ്രയിൽ

പേരാമ്പ്ര: ഇസ്മായിൽ കൂട്ടായ്മ ജില്ലാ കമ്മറ്റി സംഘടിപ്പിക്കുന്ന ഇസ്മായിൽ സംഗമം ഇന്ന് ഉച്ചക്ക് 2 ന് പേരാമ്പ്ര എൻ.ഐ.എം.എൽ.പി സ്കൂളിൽ നടക്കും. ഡോ. ഇസ്മായിൽ ബദവി എടവരാട് ഉദ്ഘാടനം ചെയ്യും. ഡോ.ഇസ്മായിൽ മുജദ്ദിദി അധ്യക്ഷനാകും. ഡോ.ഇസ്മായിൽ മരി തേരി മുഖ്യപ്രഭാഷണം നടത്തും. ഇസ്മായിൽമാരുടെ മക്കളിൽ എൻ.എസ്.എസ്, യു.എസ്.എസ്, എസ്.എസ്.എൽ.സി, പ്ലസ് ടു വിജയികളായവർക്ക് ഉപഹാരം നൽകും.

## ഖാസി ഫൗണ്ടേഷൻ പഞ്ചായത്ത് കമ്മിറ്റി രൂപീകരിക്കും

ബാലുശ്ശേരി : പാണക്കാട് ഖാസി ഫൗണ്ടേഷൻ ബാലുശ്ശേരി മണ്ഡലം കമ്മിറ്റി യോഗം സകരിയ്യ ഫൈസി ഉദ്ഘാടനം ചെയ്തു. അഹമ്മദ് കുട്ടി ഉണ്ണികുളം അധ്യക്ഷം വഹിച്ചു. മണ്ഡത്തിലെ ഒമ്പത് പഞ്ചായത്തുകളിലേയും മഹല്ല്കമ്മിറ്റി അംഗങ്ങളെ പങ്കെടുപ്പിച്ച് എല്ലാപഞ്ചായത്തുകളിലും പാണക്കാട് ഖാസി ഫൗണ്ടേഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. എംകെ.പരീദ്മാസ്റ്റർ സ്വാഗതം പറഞ്ഞു. എംകെ.അബ്ദുസ്സമദ്, എം.പോക്കർ കുട്ടിമാസ്റ്റർ,സിറാജ് നടുവണ്ണൂർ, കെപി.അബ്ദുള്ള,കെസി.ബഷീർ,മണോലി ഇബ്രാഹിം,ഹസ്സൻകോയ ടി, കുഞ്ഞായിക്കൽ അബ്ദുറഹിമാൻ,അബ്ദുസ്സലാം,പ്രസംഗിച്ചു .

## ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനം

ബാലുശ്ശേരി: എ സി ഷൺമുഖദാസിന്റെ സ്മരണാർത്ഥം ബാലുശ്ശേരിയിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനം ചെയ്തു. .കെ എം സച്ചിൻദേവ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. ബാലുശ്ശേരിപഞ്ചായത്ത് പ്രസിഡൻറ് രൂപലേഖ കൊമ്പിലാട് അധ്യക്ഷത വഹിച്ചു. പുരുഷൻ കടലുണ്ടി മുഖ്യാതിഥിയായി. പഞ്ചായത്ത് വൈസ് പ്രസിഡൻറ് അസൈനാർ എമ്മച്ചംകണ്ടി,ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അനിത വി കെ, സബിത ഡി ബി, ഹരീഷ് നന്ദനം, എം ഗിരീഷ്, പി പി രവീന്ദ്രനാഥ്, വി സി വിജയൻ, അസീസ് ടി എം, ശിവൻ പൊന്നാറമ്പത്ത്, മുസ്തഫ ദാരുകല, സുജ ബാലുശ്ശേരി പങ്കെടുത്തു.

## ബാലുശ്ശേരിയിൽ വാനര ശല്യം രൂക്ഷം

ബാലുശ്ശേരി: ബാലുശ്ശേരി മേഖലയിൽ വാനര ശല്യം രൂക്ഷം. കാടിറങ്ങിയെത്തുന്ന കുരങ്ങുകൾ നാട്ടിൽ യഥേഷ്ട വിഹാരം നടത്തി നാശം വിതയ്ക്കുകയാണ്. കോട്ട വെട്ടയ്ക്കൊരുമകൻ ക്ഷേത്ര പരിസര പ്രദേശത്താണിപ്പോൾ കുരങ്ങുകൾ ശല്യമായിരിക്കുന്നത്. വീടുകളിലും തൊടികളിലുമെത്തി കൃഷി നാശവും, മറ്റു നാശനഷ്ടവും ഉണ്ടാക്കുന്നു. വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയിലാണ് കുട്ടികളും മറ്റും. കൂട്ടമായെത്തി അക്രമം അഴിച്ചുവിടുന്നു. ടൈറസ് വീടുകളിലെ മുകൾ നിലകളിലുള്ള ഷീറ്റ്പന്തൽ സുരക്ഷിത താവളമാക്കി ഉണക്കാനിടുന്ന വസ്ത്രം മറ്റും നശിപ്പിക്കുന്നു.

## സിനിമ

**കോഴിക്കോട്**

**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal)
(2.30 P.M., 6.00 P.M.)

**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
BIG BEN (MAL) (10:00 AM,05:30 PM)
KALKI -2898 AD (MAL)
(10:00 AM, 01:20 PM, 07:00 PM, 10:30 PM)
MAHARAJA (TAMIL) (02:00 PM, 07:00 PM)
NADANNA SAMBHAVAM (MAL)
(03:00 PM, 10:30 PM)
PARADISE (MAL) (12:00 PM, 05:00 PM)
PATTAAPAKAL (MAL) (12:00 PM, 05:00 PM)
ULLOZHUKKU (MAL) (12:30 AM, 04:45 PM, 08:00 PM)

**കൈരളി: A/C 4K Dolby:**
KALKI 2898 AD(mal)(10.30AM,02.00PM,05.45PM,09.15PM)

**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,09.00PM)
ULLOZHUKKU-(03.00PM,06.00PM)
PATTAPAKAL-(01.00PM)

**വടകര**

**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam)
(10.00, 01.15, 04.30, 07.45)
NADANNA SAMBHAVAM (Malayalam) (11:00, 02:00,08:00)
GOLAM (Malayalam) (05:00PM)

**കുന്ദമംഗലം**

**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
MAHARAJA (U/A) - TAMIL (2:00 PM, 4:40 PM)
GAGANACHARI - Malayalam (11:45 AM, 7:15 PM)
KALKI 2898 AD (U/A) - Malayalam
(11:00 AM,12:00 PM, 4:00 PM, 7:30 PM, 9:30 PM, 10:45 PM)
BIG BEN - Malayalam (2:30 PM)
PATTAAPAKAL - Malayalam (9:45 PM)
PARADISE (U/A) - Malayalam (7:45 PM)
KUNDALA PURANAM (U) - Malayalam (5:00 PM)

## മേപ്പയൂർ–നെല്യാടി–കൊല്ലം റോഡ്

# പ്രതിഷേധം കനക്കുന്നു

## അസി.കലക്ടർ സന്ദർശനം നടത്തി

മേപ്പയൂർ: പൊട്ടിപ്പൊളിഞ്ഞ് യാത്ര ദുഷ്കരമായ മേപ്പയൂർ നെല്യാടി കൊല്ലം റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മേപ്പയ്യൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റിയുടേയും,കീഴരിയൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റിയുടേയും ശക്തമായ പ്രതിഷേധത്തെ തുടർന്ന് അസി.കലക്ടർ ആയുഷ് ഗോയൽ റോഡ് സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി. മേപ്പയൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റി മേപ്പയൂർ ടൗണിൽ സമര പ്രഖ്യാപന പൊതുയോഗവും തുടർന്ന് കൊയിലാണ്ടി പൊതുമരാമത്ത് വകുപ്പ് ഓഫീസിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചിരുന്നു. കീഴരിയൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റി കീഴരിയൂർ സെന്ററിൽ പ്രതിഷേധ സംഗമം നടത്തി. അടുത്ത ദിവസം പൊതുമരാമത്ത് ഓഫീസിലേക്ക് മാർച്ച് നടത്താനിരിക്കെയാണ് അസി:കലക്ടറുടെ സന്ദർശനം. മേപ്പയൂർ പഞ്ചായത്തിലെ കല്ലങ്കി മുതൽ മേപ്പയൂർ ടൗൺ വരെയുള്ള പ്രദേശത്തെ പ്രശ്നങ്ങൾ അദ്ദേഹം വിലയിരുത്തി.ജലജീവൻ മിഷൻ ഉദ്യോഗസ്ഥർ,വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ,പഞ്ചായത്ത് സെക്രട്ടറി എന്നിവരുമായി അദ്ദേഹം ചർച്ച നടത്തി.വിവിധ കാരണങ്ങളാൽ കേടുപാടുകൾ സംഭവിച്ച റോഡിൽ ഗതാഗതം ദു:സ്സഹമായിരിക്കുന്നു.വെള്ളക്കെട്ടുകൾ കാരണം യാത്ര തടസ്സപ്പെട്ടുകൊണ്ടിരിക്കയാണ്.വെള്ളക്കെട്ടുകൾ അപകടകരമായ അവസ്ഥയിലാണെന്ന് ഉദ്യാഗസ്ഥ സംഘത്തിന് ബോധ്യപ്പെട്ടു.ദുരന്തനിവാരണ നിയമമനുരിച്ചുള്ള നടപടിസ്വീകരിക്കുന്നതിനും,വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് സെക്രട്ടറി കെ.പി അനിൽ കുമാറിന് അസി.കലക്ടർ നിർദ്ദേശം നൽകി. പഞ്ചായത്ത് പ്രസിഡന്റ് കെ.ടി രാജൻ ഒപ്പമുണ്ടായിരുന്നു.




കല്ലങ്കി മേപ്പയൂർ റോഡ് അസി. കലക്ടർ ആയുഷ് ഗോയൽ സന്ദർശിക്കുന്നു



കൂമുള്ളി അങ്ങാടിയിൽ കടയിൽ വെള്ളം കയറിയ നിലയിൽ

## ഓവുചാൽ അടഞ്ഞു; കടയിൽ വെള്ളം കയറി

അത്തോളി: കനത്ത മഴയിൽ കടയിൽ വെള്ളം കയറി.അത്തോളി കൂമുള്ളി അങ്ങാടിയിൽ മൊടക്കല്ലൂർ എയുപി സ്കൂളിനു സമീപമുള്ള കടയിലാണ് മഴവെള്ളം കയറിയത്. പ്രദേശത്തെ മണ്ണടിഞ്ഞ ഓവുചാലുകൾ സ്ലാബുകൾ നീക്കി ശുചിയാക്കാത്തതിനാലാണ് ഒഴുകി പോകാൻ കഴിയാതെ വെള്ളം കയറാൻ കാരണമെന്നാണ് വ്യാപാരികൾ പറയുന്നത്. പൊതുവെ താഴ്ചയുള്ള പ്രദേശമായതിനാൽ ഈ ഭാഗങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. എന്നാൽ കടകളിലേക്ക് വെള്ളം കയറുന്നത് ആദ്യമായാണ്. ഒരു മഴ പെയ്താൽ റോഡിലൂടെ നടക്കാൻ പോലും പറ്റാത്ത അവസ്ഥയാണ്. സമീപത്തെ സ്കൂളിലേക്കും അങ്കണവാടികളിലേക്കും കുട്ടികളടക്കം നടന്നു പോകുന്ന വഴിയിലാണ് ദുരവസ്ഥ.

## സി. കെ. ജി അനുസ്മരണം

നന്തി ബസാർ : സി കെ ജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ സാമൂഹ്യ ശാസ്ത്രക്ലബ്ബ് സി കെ ഗോവിന്ദൻനായർ അനുസമരണം സംഘടിപ്പിച്ചു. സ്വാതന്ത്ര്യസമര സേനാനി , പ്രഗത്ഭമതിയായ കെ പി സി സി പ്രസിഡന്റ് ഗാന്ധിയൻ, തുടങ്ങിയ നിലകളിൽ ജ്വലിച്ച് നിന്ന സി.കെ ഗോവിന്ദൻ നായരുടെ 60ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് നടന്ന പരിപാടി എം.കെ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപിക ടി. ഒ. സജിത അദ്ധ്യക്ഷയായി. ഡപ്യൂട്ടി ഹെഡ് മാസ്റ്റർ ടി സതീഷ് ബാബു, എം. കെ അയിഷാബി, രാജീവ് കുമാർ ശരണ്യാസായ് പ്രസംഗിച്ചു.

## വിജയോത്സവം

അത്തോളി: ജിവിഎച്ച്എസ്എസ് എസ് എസ് എൽ സി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയായ 'വിജയോത്സവം' ഹയർ സെക്കന്ററി പ്രിൻസിപ്പൽ കെ.കെ മീന ഉദ്ഘാടനം ചെയ്തു. ആകാശവാണി ഗൈഡൻസ് ട്രെയിനർ എം.വി സക്കറിയ മോട്ടിവേഷൻ ക്ലാസെടുത്തു. സന്ദീപ് കുമാർ നാലുപുരക്കൽ അധ്യക്ഷനായി.വി എച്ച് എസ് ഇ പ്രിൻസിപ്പൽ കെ.പി ഫൈസൽ ഉപഹാര സമർപ്പണം നടത്തി. ഹെഡ്മിസ്ട്രസ്സ് വി.ആർ സുനു ,വി.കെ.സാബിറ ,.കെ എം മണി, കെ.ശ്രീലേഖ സംസാരിച്ചു.

## ക്വിസ് മത്സരം

അത്തോളി :കൊങ്ങന്നൂർ മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല ബാലവേദിയുടെ വായന വാരാചരണത്തിന്റെ ഭാഗമായി നടന്ന ക്വിസ് മത്സരം കൊയിലാണ്ടി താലൂക്ക് ലൈബ്രറി കൗൺസിൽ മെമ്പർ കെ.ടി ബാബു ഉദ്ഘാടനം ചെയ്തു. അഷ്റഫ് കളത്തിൽ അദ്ധ്യക്ഷനായി.വിജയികൾക്ക്ള്ള സമ്മാന വിതരണം എൻ.പ്രദീപൻ നിർവ്വഹിച്ചു.പി.കെ സജിത, എൻ. രജിത,വി. പി അനുഗ്രഹ്,എ. എം വൈഗസംസാരിച്ചു

## പേരാമ്പ്ര മത്സ്യ മാർക്കറ്റിൽ

# തൊഴിലാളികൾ ദുരിതത്തിൽ എസ്.ടി.യു പ്രക്ഷോഭത്തിലേക്ക്

പേരാമ്പ്ര: രണ്ടുവർഷം മുമ്പ് ഏറെ കൊട്ടിഘോഷിച്ച് ഉദ്ഘാടനം നടത്തിയ പേരാമ്പ്ര പഞ്ചായത്ത് മത്സ്യ മാർക്കറ്റിന്റെ അവസ്ഥ ഏറെ ദയനീയം .മാർക്കറ്റിലെ തൊഴിലാളികൾക്ക് മത്സ്യം വിൽക്കാനാവാത്ത അവസ്ഥയാണിപ്പോൾ. നിലത്ത് പതിച്ച ടൈൽസ് പൊട്ടിപ്പൊളിഞ്ഞു. മാർക്കറ്റിനകത്ത് വെള്ളം കെട്ടി നിൽക്കുന്നു. മലിനജലം ഓടയിൽ നിന്ന് ഒഴുകിപ്പോകാതെ ദുർഗന്ധം പരത്തുകയാണ്. സഹിക്കവയ്യാത്ത കൊതുകുശല്യവുമുണ്ട്. പരിസരമാകെ വൃത്തിഹീനമായതിനാൽ തൊഴിലാളികളുടെ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നു. മാർക്കറ്റിന്റെ ശോച്യാവസ്ഥ പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് നേതൃത്വം നൽകുമെന്ന് മത്സ്യ വിതരണ തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) ഏരിയ കൺവൻഷൻ മുന്നറിയിപ്പു നൽകി.സംസ്ഥാന പ്രസിഡന്റ് എം.കെ. സി കുട്ട്യാലി ഉദ്ഘാടനം ചെയ്തു. കെ.ടി കുഞ്ഞമ്മദ് സ്വാഗതം പറഞ്ഞു. കക്കാട്ട് റാഫി അധ്യക്ഷത വഹിച്ചു. മൂശാരികണ്ടി ഇബ്രാഹിം, കോമത്ത് കുഞ്ഞിമൊയ്തീൻ, ഷാജി കൂത്താളി, മുബീഷ് ചാലിൽ, സലാം പാറപ്പുറം, മൂശാരികണ്ടി കുട്ട്യാലി, സി.സി മജീദ്, കെ. സി.എം മജീദ്, എ.കെ അസീസ് ,എം. കെ അസീസ്, സവാദ് സംസാരിച്ചു.



പേരാമ്പ്ര ഏരിയ മത്സ്യവിതരണ തൊഴിലാളി ഫെഡറേഷൻ എസ്.ടി.യു കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് എം.കെ.സി കുട്ട്യാലി ഉദ്ഘാടനം ചെയ്യുന്നു.

## ഗ്ലോബൽ ചേമഞ്ചേരി കെ എം സിസി കുടുംബ സംഗമം ഇന്ന്

കാപ്പാട്:ഗ്ലോബൽ ചേമഞ്ചേരി കെ എം സി സി സംഘടിപ്പിക്കുന്ന ഫാമിലി മീറ്റും ആദരം 2024ഉം റിലീഫ് വിതരണ ഉദ്ഘാടനവും കലാവിരുന്നും ഇന്ന് വൈകുന്നേരം 4 ന് പൂക്കാട് എഫ് എഫ് ഹാളിൽ പി.കെ കെ ബാവ ഉദ്ഘാടനം ചെയ്യും. അബൂട്ടി മാഷ് ശിവപുരം , ടി ടി ഇസ്മയിൽ , ഷഹനാസ് പാണക്കാട്പങ്കെടുക്കും

## ചരമവാർഷികം

പേരാമ്പ്ര:ചെറുവണ്ണൂരിലെ കോൺഗ്രസ് നേതാവ് കെ. വി.കുഞ്ഞിക്കണാരന്റെ ഒന്നാം ചരമവാർഷികം കോൺഗ്രസ് കമ്മിറ്റി നടത്തി, ഇ.കെ സമീർ മാസ്റ്റർഅദ്ധ്യക്ഷനായി. ഡി.സി.സി ജനറൽ സിക്രട്ടറി ഇ.അശോകൻ ഉദ്ഘാടനം ചെയ്തു. ആർ.പി ശോഭിഷ്, വി.ബി രാജേഷ് മാസ്റ്റർ, എ.കെ ഉമ്മർ, എ.ബാലകൃഷ്ണൻ, എൻ.പത്മനാഭൻ മാസ്റ്റർ, വി.ദാമോദരൻ, എം.പി കുഞ്ഞികൃഷ്ണൻ, വിജയൻ ആവള, എം.പി വിനീഷ്, ഷീഗിൽ കുറിഞ്ഞേരി സംസാരിച്ചു

## സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്കുള്ള വഴി പൊളിച്ചുമാറ്റിയതായി പരാതി

മേപ്പയൂർ:അസി. കലകടറുടെ സന്ദർശനത്തിന്റെ പേരിൽ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്കുള്ള വഴി പൊളിച്ചുമാറ്റിയതായി പരാതി .മേപ്പയൂർനെല്ലിയാടികൊല്ലം റോഡിൽ യാത്ര ദുഷ്കരമായതിനെ തുടർന്ന് വെള്ളിയാഴ്ച അസ കലക്ടർ ആയുഷ് ഗോയൽ ഇവിടെ സന്ദർശനം നടത്തിയിരുന്നു.തുടർന്ന് ദുരന്തനിവാരണ നടപടി സ്വീകരിക്കാനും,വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കാൻ മപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് കുറുങ്ങോട്ടു താഴെയിൽ സ്വകാര്യ ഉടമയുടെ കെട്ടിടത്തിലേക്കുള്ള വഴി പൊളിച്ചുമാറ്റിയതായി പരാതി. കെട്ടിടത്തിന് തൊട്ടടുത്തുള്ള വീടുകളിലേക്കും ബിൽഡിങ്ങുകളിലേക്കുമുള്ള വഴികൾ പൊളിച്ചു മാറ്റാതെയാണ് ഏകപക്ഷീയമായിബിൽഡിങ്ങിലേക്കുള്ള വഴി പൊളിച്ചുമാറ്റിയതെന്ന് ബിൽഡിംഗ് ഉടമ പറയുന്നു. മേപ്പയൂർനെല്യാടി റോഡ് വർഷങ്ങളോളമായി വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും ഉപയോഗിക്കാൻ പറ്റാത്ത രീതിയിലാണുള്ളത്. യാത്രാക്ലേശം കൂടിയതിനെ തുടർന്ന് യു.ഡി.എഫ് സമരം ചെയ്തതിന്റെ ഫലമായാണ് കലക്ടർ സന്ദർശനം നടത്തിയത്.നിയമം നടപ്പിലാക്കുമ്പോൾ എല്ലാവർക്കും തുല്യ രീതിയിൽ നടപ്പിലാക്കാതെ ഒരു വ്യക്തിയുടെ ബിൽഡിങ്ങിലേക്കുള്ള വഴി മാത്രം പൊളിച്ചു മാറ്റിയതിനെതിരെ പ്രതിഷേധം ശക്തമായിട്ടുണ്ട്.അതേസമയം വെള്ളക്കെട്ടുകളുള്ള സ്ഥലം എത്രയും പെട്ടെന്ന് പൊളിച്ചുനീക്കണമെന്ന് അസി. ജില്ലാ കലക്ടറുടെ നിർദ്ദേശമാണ് നടപ്പിലാക്കിയതെന്നും ബാക്കിവരുന്ന വെള്ളക്കെട്ടുകളുള്ള ഭാഗങ്ങൾ ഉടൻ പൊളിച്ചുമാറ്റുമെന്നും മേപ്പയ്യൂർപഞ്ചായത്ത് സെക്രട്ടറി അനിൽകുമാർ പറഞ്ഞു.




മേപ്പയൂർ കുറുങ്ങോട്ട് താഴയിൽ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്കുള്ള വഴി ജെ.സി.ബി ഉപയോഗിച്ച് പൊളിച്ചുമാറ്റുന്നു

## വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും സീറ്റ് നൽകി വാകയാട് ഹയർ സെക്കണ്ടറി

നടുവണ്ണൂർ: എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം കടമ്പയായി തുടരുമ്പോഴും വിവാദങ്ങൾ സംസ്ഥാനത്തുടനീളംകത്തി പടരുമ്പോഴും നൂറു ശതമാനം വിജയം വരിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്തിയ വിദ്യാലയമെന്ന ഖ്യാതി വാകയാട് ഹയർ സെക്കണ്ടറി സ്കൂളിന്. സ്കൂളിൽ പഠിച്ച വിദ്യാർത്ഥികളെ ഒരാശങ്കയും ബാധിച്ചില്ല. പരീക്ഷ എഴുതിയ 102 വിദ്യാർത്ഥികളിൽ മെറിറ്റിൽ സീറ്റു ലഭിക്കാത്ത 30 വിദ്യാർത്ഥികൾക്കും അവർക്കിഷ്ടപ്പെട്ട സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങൾഗ്രേഡ് പോയിന്റ്ടിസ്ഥാനപ്പെടുത്തി ക്ലാസ് ആരംഭിക്കുന്നതിനു മുമ്പേ പ്രവേശനം മാനേജ്മെന്റ് ഉറപ്പു വരുത്തി. എസ്.എസ്.എൽ.സി.പരീക്ഷയുടെ ഫലം വന്ന ഉടനെ പരീക്ഷ എഴുതിയവരുടെ പട്ടിക തയ്യാറാക്കുന്നു .പിന്നീട് ഫോക്കസ് പോയന്റ് എന്നവാട്ട്സപ്പ് ഗ്രൂപ്പിൽ മുഴുവൻ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി കമ്പ്യൂട്ടർ ചുമതല കൂടി വഹിക്കുന്ന അധ്യാപകനായ യു.എസ് രത്തീഷിന് ചുമതല നൽകുന്നു. മെറിറ്റിൽപ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളെ ഒഴിവാക്കി വിഷയമെടുത്ത അധ്യാപകരുമായി ചർച്ച ചെയ്തതിനു ശേഷം രക്ഷിതാക്കളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ഇഷ്ട ഗ്രൂപ്പ് നൽകുന്നു. 30 സീറ്റുകൾ നൽകിയെന്ന് മാനേജർ ഒ.എം.കൃഷ്ണകുമാർവെളിപ്പെടുത്തി.പ്രസിഡണ്ട് സി.കെ.അശോകൻ, സെക്രട്ടറിവി.പി.ഗോവിന്ദൻ കുട്ടികെ.അബ്ദുൾ സലാംപി.രവീന്ദ്രൻ , പ്രിൻസിപ്പാൾഡോ.പി.ആബിദ, പ്രഥമാധ്യാപിക എന്നിവരോടൊപ്പംമാനേജ്മെന്റിൽ സീറ്റു ലഭിച്ച വിദ്യാർത്ഥികൾസന്തോഷം പങ്കുവെച്ചു.

## വിമാന കമ്പനികൾ പ്രവാസികളെ കൊള്ളയടിക്കുന്നത് നിർത്തണം: കെ.എം.സി.സി

നാദാപുരം: ടിക്കറ്റ് നിരക്ക് അടിക്കടി വർദ്ധിപ്പിച്ച് സാധാരണക്കാരായ പ്രവാസികളെ കൊള്ളയടിക്കുന്ന നിലപാടാണ് വിമാന കമ്പനികൾ സ്വീകരിക്കുന്നതെന്നും ഇത് അവസാനിപ്പിക്കുന്നില്ലെങ്കിൽ ശക്തമായ സമര പരിപാടികൾക്ക് നേതൃത്വം നൽകുമെന്നും ദുബായ് കെ എം സി സീ ജില്ലാ പ്രസിഡണ്ട് കെ പി മുഹമ്മദ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഗൾഫിൽ നിന്ന് നാട്ടിലേക്ക് വരാനും തിരിച്ചു പോകാനും ഭീമമായ തുകയാണ് എല്ലാ വിമാന കമ്പനികളും ഇപ്പോൾ ഈടാക്കുന്നത്. ഇത് സംബന്ധിച്ച് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും നിരക്ക് വർദ്ധനയിൽ യാതൊരു മാറ്റവും ഇല്ല. മാത്രവുമല്ല, നേരാംവണ്ണം സർവ്വീസ് കൊടുക്കാനും പല വിമാന കമ്പനികളും തയ്യാറാവുന്നില്ല. അപ്രതീക്ഷിതമായി സർവ്വീസ് നിർത്തിവെച്ച് യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. സാധാരണക്കാരായ യാത്രക്കാരെ പിഴിയാൻ കാണിക്കുന്ന ആവേശ ത്തിന്റെ പകുതിയെങ്കിലും സേവന രംഗത്തും കാണിക്കാൻ കമ്പനികൾ തയ്യാറാവണം. തോന്നിയ പോലെ നിരക്ക് കൂട്ടുന്ന പ്രവണത അവസാനിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## പൊതുജനാരോഗ്യ സമിതി രൂപീകരിച്ചു

പേരാമ്പ്ര: ചെറുവണ്ണൂർപഞ്ചായത്തിൽ പൊതുജനാരോഗ്യ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പൊതുജനാരോഗ്യ സമിതി രൂപീകരിച്ചു. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഷിജിത്ത് എൻ. ടി അധ്യക്ഷത വഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ആർ .കെ രാജു ,മെഡിക്കൽഓഫീസർ ഡോ.ജാസ്മിൻ പി.കെ, പി.വി മനോജ് കുമാർ പഞ്ചായത്ത് സെക്രട്ടറി കെ. സുമേഷ്, ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. സുകേഷ് കുമാർ, ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.സിബി രവീന്ദ്രൻ, വെറ്റിനറി സർജൻ ഡോ. സുഹാസ്, കൃഷി അസി.അശ്വിനി, സായൂജ്.എസ്. ബി സംസാരിച്ചു.

## വായനാവാരാഘോഷത്തിന് സമാപ്തി

ആയഞ്ചേരി: കടമേരി എം.യു.പി. സ്കൂൾ വായനാവാരാഘോഷത്തിന് സമാപ്തി. വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും വായനയുടെ ലോകത്തേക്ക് ആനയിക്കുന്ന വിവിധങ്ങളായ പദ്ധതികളാണ് ആസൂത്രണം ചെയ്തത്. വാരാഘോഷ സമാപനവും വിദ്യാരംഗം ക്ലബ്ബ് ഉദ്ഘാടനവും കവി സോമൻ കടലൂർ നിർവഹിച്ചു. കഥകൾ പറഞ്ഞും കവിത ചൊല്ലിയും നർമ്മത്തിൽ ചാലിച്ച അനുഭവങ്ങൾ പങ്കുവെച്ചും വിദ്യാർത്ഥികളുമായി സംവദിച്ചും സദസ്സിനെ വായനയുടെ ആവശ്യകത അദ്ദേഹം ബോധ്യപ്പെടുത്തി. രക്ഷിതാക്കൾക്കായി നടത്തിയ സാഹിത്യ പ്രശ്നോത്തരി മത്സര വിജയികൾക്കുള്ള ഉപഹാര സമർപ്പണവും അമ്മ വായനക്കുള്ള ലൈബ്രറി പുസ്തക വിതരണ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. വാർഡ് മെമ്പർ ടി.കെ. ഹാരിസ് അധ്യക്ഷനായി.പ്രധാനഅധ്യാപകൻ ടി.കെ.നസീർ, എ.കെ. സുബൈർ, കെ. അബ്ദുറഹിമാൻ, കെ. രതീഷ് ,പി. പ്രേംദാസ്,കെ.കെ.സഫീറ, എൽ.ജി. നീതു, പി.പി.എം. ജസ്മിന സംസാരിച്ചു.



കടമേരി എം.യു.പി. സ്കൂൾ വായന വാരാഘോഷ സമാപനം കവി സോമൻ കടലൂർ ഉദ്ഘാടനം ചെയ്യുന്നു

## പൊതുവാർത്തകൾ

# മഴയിൽ വ്യാപക നാശം

നാദാപുരം: കനത്ത മഴയിൽ വരിക്കോളിയിൽ വീടിന്റെ ചുറ്റുമതിൽ തകർന്നു. ചമ്മത്തിൽ നൗഫലിന്റെ വീടിന്റെ ചുറ്റുമതിലാണ് അയൽവാസിയായ ചമ്മത്തിൽ രാജന്റെ വീടിന്റെ മുറ്റത്തേക്ക് തകർന്നു വീണത്. രാജന്റെ വീടിന് പിൻഭാഗത്ത് കേടുപാട് സംഭവിച്ചു.

**തൊട്ടിൽപ്പാലം:** കാവിലുംപാറ പഞ്ചായത്തിലെ പല ഗ്രാമീണ റോഡുകളും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതം ദുഷ്കരമായ അവസ്ഥയിലായി. നിരവധി സ്കൂൾ വാഹനങ്ങൾ കടന്നുപോകുന്ന പൈക്കളങ്ങാടി പൂക്കാട് റോഡ് ജലജീവൻ മിഷൻ പൈപ്പിടാൻ വെട്ടിപ്പൊളിച്ചതിനാലും മറ്റും കുണ്ടും കുഴിയും നിറഞ്ഞ് വാഹനങ്ങൾ യാത്ര തുടരാൻ കഴിയാത്ത വിധം താഴ്ന്ന് പോകുന്ന സ്ഥിതിയിലാണ്. കഴിഞ്ഞ ദിവസം ഈ റോഡിലെ കുഴിയിൽ സ്കൂൾ ബസ് താഴ്ന്നു പോയതിനാൽ കുട്ടികളെ പാതി വഴിയിൽ ഇറക്കി വിടേണ്ടി വന്നു. കുഴിയിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ കുഴിയുടെ ആഴം മനസ്സിലാക്കാതെ ഡ്രൈവർമാർ സ്കൂൾ വാഹനങ്ങൾ മുന്നോട്ടെടുക്കുമ്പോൾ കുഴിയിൽ ചാടുന്ന ആഘാതത്തിൽ കുട്ടികൾക്ക് പരിക്ക് പറ്റുന്നതായും ആക്ഷേപമുണ്ട്.നേരത്തെ റോഡിന് പഞ്ചായത്ത് ഫണ്ട് അനുവദിച്ചപ്പോൾ മുഴുവൻ റീ ടാറിങ് ചെയ്യേണ്ടതില്ലെന്ന് പറഞ്ഞ് ഫണ്ട് വെട്ടിക്കുറച്ച് പകുതി ഭാഗം മാത്രം റീ ടാറിങ് നടത്തുകയായിരുന്നു. അതിനാൽ റീ ടാറിങ് ചെയ്യാത്ത ഭാഗം പാടെ തകർന്ന നിലയിലാണ്. രോഗികളെ സമീപത്തെ ആശുപത്രിയിലേക്കെത്താനും വിദ്യാർത്ഥികൾ സ്കൂളുകളിലേക്കെത്താനും ആശ്രയിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.



നാദാപുരം വരിക്കോളിയിൽ ചമ്മത്തിൽ നൗഫലിന്റെ വീട്ടുമതിൽ തകർന്നു വീണപ്പോൾ



പൈക്കളങ്ങാടി പൂക്കാട് റോഡിൽ സ്കൂൾ വാഹനം താഴ്ന്ന നിലയിൽ



മതിൽ തകർന്ന് അപകടാവസ്ഥയിലായ ഇയ്യങ്കോട് തയ്യുള്ളതിൽ ബാലന്റെ വീട്

**ചേരാപുരം:** ശക്തമായ മഴയിൽ റോഡിൽ വെള്ളം കയറിയതിനാൽ കക്കട്ട്-അരൂർ തീക്കുനി റൂട്ടിൽ വാഹന ഗതാഗതം താറുമാറായി. ബസ് സർവീസ് പൂർണമായി നിലച്ചു. അരൂർ-തീക്കുനി റോ ഡിൽ പല ഭാഗത്തും വെള്ളമുയർന്നു. റോഡിന് ഇരുവശത്തുമുള്ള വീടുകളിലും വെള്ളം കയറി. വെള്ളം ഒഴുകി പോകാൻ ശരിയായ സംവിധാനമില്ലാത്തതാണ് റോഡിൽ വെള്ളം ഉയരാൻ കാരണമെന്ന് നാട്ടുകാർ പറഞ്ഞു. ഏറെ കാലമായി അനുഭവപ്പെടുന്ന പ്രയാസമാണിത്.

**നാദാപുരം:** മതിൽ തകർന്ന് വീട് അപകട ഭീഷണിയിലായി. ഇയ്യങ്കോട് കാക്കാറ്റിലിലെ തയ്യുള്ളതിൽ ബാലന്റെ ഇരുനില വീടിന്റെ മുൻവശത്തെ മുറ്റത്തെ മതിലാണ് കനത്ത മഴയിൽ തകർന്നത്. അഞ്ച് മീറ്ററോളം ഉയരമുള്ള മതിൽ ചെങ്കലും മണ്ണും ഉൾപെടെ റോഡിലേക്കാണ് തകർന്ന് വീണത്. വീടിന്റെ അടുക്കളയോട് ചേർന്ന സ്ഥാപിച്ച ഇരുമ്പ് ഷീറ്റുൾ നിലംപതിച്ചു. ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. നാദാപുരം വില്ലേജിൽ പരാതി നല്കി.

## ലഹരി വിരുദ്ധ ദിനം

ആയഞ്ചേരി: ലഹരി വിരുദ്ധ ദിനത്തിൽ കടമേരി എം.യു.പി സ്കൂൾ ഹെൽത്ത് ക്ലബ്ബ്, ജാഗ്രത സമിതി ലഹരി വിരുദ്ധ റാലി നടത്തി. റെയിഞ്ച് അസി. എക്സൈസ് ഇൻസ്പെക്ടർ എം.എം ശൈലേഷ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. വാർഡ് മെമ്പർ ടി.കെ. ഹാരിസ്, പ്രധാനാധ്യാപകൻ ടി.കെ നസീർ, കെ. അബ്ദുറഹിമാൻ, പി പ്രേംദാസ്, കെ.കെ സഫീറ, കെ.അഷ്റഫ്, രാഹുൽ ആക്കിലേരി, ബി. ബബിത, എ.ശ്യാം രാജ് , സി.എച്ച് സായിസ്, പി. അഹമ്മദ്, വി.പി സുഹറ, എൽ.ജി നീതു, കെ. സി ഫാസിൽ നേതൃത്വം നൽകി. .

ആയഞ്ചേരി :പഞ്ചായത്ത് മംഗലാട് വാർഡ് അങ്കണവാടിയിൽ വാർഡ് മെമ്പർ എ. സുരേന്ദ്രൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പനയുള്ളതിൽ അമ്മത് ഹാജി, കുളങ്ങരത്ത് നാരായണക്കുറുപ്പ്, ഇ.പി കുഞ്ഞബ്ദുള്ള, ജെ.എച്ച്.ഐ നൂറാ ഫാത്തിമ, ടി.കെ റീന, റീനടീച്ചർ , റീജ, ദീപ തിയ്യർ കുന്നത്ത്, മാലതി ഒന്തമ്മൽ, നിഷ നുപ്പറ്റ വാതുക്കൽ, രഷില എള്ളോടി, പ്രജിത പാലോള്ളതിൽ, ഷൈനി കുറ്റിക്കാട്ടിൽ, ലൈജ തയ്യിൽ സംബന്ധിച്ചു.

കുറ്റ്യാടി: വിദ്യാലയങ്ങൾ ലഹരി വിരുദ്ധ ഇടങ്ങളായി മാറ്റുന്നതിന് അധ്യാപകരും രക്ഷിതാക്കളും ചേർന്ന് പ്രവർത്തനങ്ങൾ നടത്തണമെന്ന് കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ യു.പി.വിപിൻ പറഞ്ഞു. കുന്നുമ്മൽ ഉപജില്ല ജാഗ്രത സമിതി പ്രവർത്തനോദ്ഘാടനം വടയം സൗത്ത് എൽ.പി.സ്കൂളിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പി.എം.അബ്ദുറഹ്മാൻ അധ്യക്ഷനായി. ജുഗുനു തെക്കയിൽ പ്രധാനാധ്യാപിക സി.സി.തങ്കമണി, കെ.പി.ദിനേശൻ, പി.പി.ദിനേശൻ, അനുഷ അശോക്, എസ്.എസ്.അമൽ കൃഷ്ണ സംസാരിച്ചു.ഭാരവാഹികൾ: എസ്.എസ്.അമൽ കൃഷ്ണ (കൺ) പ്രീതി (ജോ: കൺ)

## വിദ്യാരംഗം ഉദ്ഘാടനം

നാദാപുരം: കക്കംവെള്ളി എൽ.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം അധ്യാപകനും എഴുത്തുകാരനുമായ ടി.വി.കെ നാദാപുരം നിർവഹിച്ചു. പ്രധാനധ്യാപിക സ്മിത അധ്യക്ഷത വഹിച്ചു. പി.ടി.എ പ്രസിഡന്റ് സജ്ന, രത്തിന, രബിഷ സംസാരിച്ചു.

## നാദാപുരത്ത് ഇതര സംസ്ഥാന തൊഴിലാളിക്ക് മലേറിയ സ്ഥിരീകരിച്ചു

നാദാപുരം: പഞ്ചായത്ത് പതിനെട്ടാം വാർഡിൽ ഇതര സംസ്ഥാന തൊഴിലാളിക്ക് മലേറിയ സ്ഥിരീകരിച്ചു. ഈ മാസം പശ്ചിമ ബംഗാളിൽ നിന്നു നാദാപുരത്തെത്തിയ ഇദ്ദേഹത്തിന് പനി പിടിപെട്ടിട്ട് ഒരാഴ്ചയായി. രണ്ടു ദിവസം മുൻപ് താദാപുരം താലുക്ക് ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. രക്ത പരിശോധനയിൽ മലേറിയയും ഡങ്കുവും പോസിറ്റീവായതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയിരിക്കുകയാണ്. ഇദ്ദേഹം ജോലി ചെയ്തു വരുന്ന സ്ഥാപനത്തിന് ചുറ്റുമുള്ള 100 വീടിനെ പ്രത്യേക ക്ലസ്റ്ററാക്കി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി അറിയിച്ചു.

## പെൻഷൻ തിരിച്ച് അയക്കുന്നതായി പരാതി

വാണിമേൽ: ക്ഷേമ പെൻഷനുകൾ സ്ഥിരമായി കൈപറ്റുകയും ഇടക്കാലത്ത് മരണപ്പെടുകയും ചെയ്യുന്ന ഏതാനും ഗുണഭോക്താക്കൾ അവർ ജീവിച്ചിരിക്കെ അവരുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടും രോഗശയ്യയിലായത് കൊണ്ടോ മറ്റ് കാരണങ്ങൾ കൊണ്ടോ കൈപ്പറ്റാൻ കഴിയാതെ വരികയും മരണശേഷം ജീവിച്ചിരിപ്പില്ല എന്ന കാരണം കാണിച്ച് പെൻഷൻ തുക തിരിച്ചയക്കുകയും ചെയ്യുന്ന തായി പരക്കെ പരാതി ഉയർന്നു. പെൻഷൻ വീടുകളിൽ എത്തിക്കുന്ന ഏജൻസികളിലാണത്രെഇത് കൂടുതലായും കണ്ട് വരുന്നത് പെൻഷൻ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അവ ഏജന്റ്മാർ സ്വീകരിക്കുകയും ചെയ്താൽ അർഹർക്ക് എത്തിക്കാൻ കാലതാമസം നേരിടുന്നുണ്ട് ഈ കാലയളവിൽ പെൻഷൻ സ്വീകരിക്കേണ്ട വ്യക്തികൾ മരണപ്പെട്ടാൽ പൂർണ്ണ ഉത്തരവാദിത്വം ഏജന്റ് മാർക്കെന്നിരിക്കെ, അവ മടക്കി അയക്കുന്നത് നീതീകരിക്കാൻ കഴിയാത്തതാണ്. പെട്ടെന്നുള്ള മരണങ്ങൾ നിത്യ സംഭവമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്പരിഹാരം കാണാൻ ബേങ്കും സർക്കാരും തീരുമാനം എടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## യൂത്ത് ലീഗ് ഭാരവാഹികൾ

പുറമേരി: മുസ്‌ലിം യൂത്ത് ലീഗ് എളയടം ശാഖ പുതിയ കമ്മിറ്റി നിലവിൽ വന്നു. ഭാരവാഹികൾ: മുഹമ്മദ് കെ.കെ ( പ്രസി), ഫാസിൽ പൊന്നാംകോട്ട്, മിസ്ഹബ് കൊമ്മിണികണ്ടി, അജ്മൽ എൻ.കെ (വൈ. പ്രസി), സുബൈർ പെരുമുണ്ടശ്ശേരി (ജന. സെക്രട്ടറി ), റാഹിൽ കെ.പി, റഫ്നാസ് എടക്കോട്ട്, റുമൈസ് കെ.കെ (ജോ.സെക്രട്ട), ബിലാൽ വി.പി (ട്രഷ) അർഷാദ് വിപി അധ്യക്ഷത വഹിച്ചു. പോക്കർ ഹാജി കപ്ലിക്കണ്ടി ഉദ്ഘാടനം ചെയ്തു. ഹക്കീം കപ്ലിക്കണ്ടി, മുഹമ്മദ് മാസ്റ്റർ കീഴ്പാട്ട്, നജീബ് വി.പി സംസാരിച്ചു

## ഷാഡോ ഫിറ്റ്നസ് സെന്റർ ഉദ്ഘാടനം ഇന്ന്

നാദാപുരം: ഫിറ്റ്നസ് ഗ്രൂപ്പായ ഷാഡോ ഫിറ്റ്നസ് സെന്ററിന്റെ എട്ടാമത് ബ്രാഞ്ച് ഇന്ന് നാദാപുരത്ത് പ്രവർത്തനമാരംഭിക്കും. പോലീസ് സ്റ്റേഷൻ പരിസരത്ത് അത്യാധുനിക സംവിധാനങ്ങളോടെ ആരംഭിക്കുന്ന സെന്ററിന്റെ ഉദ്ഘാടനം വൈകിട്ട് നാലു മണിക്ക് പാണക്കാട് സയ്യിദ് മുനവർ അലി ശിഹാബ് തങ്ങൾ നിർവഹിക്കും

7000 സ്ക്വയർ ഫീറ്റിൽ ജില്ലയിലെ തന്നെ ഏറ്റവും വിശാലമായ സെന്ററാണ് . രാവിലെ 7 മണി മുതൽ രാത്രി വരെ ഷിഫ്റ്റുകളായി ശരീര സൗന്ദര്യ, കായിക ക്ഷമത പരിശീലനം നൽകും. വൈകിട്ട് 4 മണി വരെയുള്ള സമയം സ്ത്രീകൾക്ക് മാത്രമാണ്. ഷാഫി പറമ്പിൽ എം പി മുഖ്യാതിഥി ആയിരിക്കും. സിനിമാതാരം ശിവജിത്ത്, മോഡൽ ഷിയാസ് കരീം, മാപ്പിളപ്പാട്ട് ഗായകൻ ആബിദ് കണ്ണൂർ, സിനിമ പിന്നണിഗായകൻ ദീപക് ജൂനിയർ, ശ്രീലക്ഷ്മി എന്നിവർ നയിക്കുന്ന സംഗീതവിരുന്നും ശരീര സൗന്ദര്യ പ്രദർശനവും നടക്കും. മിസ്റ്റർ വേൾഡ്, മിസ്റ്റർ ഇന്ത്യ കാർത്തിക് ഈശ്വർ, മിസ്റ്റർ വേൾഡ് മിസ്റ്റർ ഏഷ്യ സച്ചിൻ പി, മിസ്റ്റർ കോഴിക്കോട് നിയാസ് കെ കെ പങ്കെടുക്കും. വാർത്താ സമ്മേളനത്തിൽ മാനേജിംഗ് പാർട്ണർമാരായ കെ പി മുഹമ്മദ്, കടോളി അബൂബക്കർ ഹാജി, റഈസ് പങ്കെടുത്തു.

## കെയർ ഗിവർ നിയമനം

തൊട്ടിൽപ്പാലം : കാവിലുംപാറ പഞ്ചായത്തിൽ നിലവിലുള്ള പകൽവീട് കെയർ ഗിവറുടെ താൽകാലിക ഒഴിവിലേക്ക് നിയമിക്കുന്നതിനായി പ്ലസ്ടു യോഗ്യതയുള്ളവർക്കായി ജൂലൈ 4ന് രാവിലെ 11ന് പഞ്ചായത്ത് ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രായ പരിധി 18 50. താൽപര്യമുള്ളവർ ഹാജരാവുക.

## സിനിമ

**കോഴിക്കോട്**

**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal)
(2.30 P.M., 6.00 P.M.)

**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
BIG BEN (MAL) (10:00 AM,05:30 PM)
KALKI -2898 AD (MAL)
(10:00 AM, 01:20 PM, 07:00 PM, 10:30 PM)
MAHARAJA (TAMIL) (02:00 PM, 07:00 PM)
NADANNA SAMBHAVAM (MAL)
(03:00 PM, 10:30 PM)
PARADISE (MAL) (12:00 PM, 05:00 PM)
PATTAAPAKAL (MAL) (12:00 PM, 05:00 PM)
ULLOZHUKKU (MAL) (12:30 AM, 04:45 PM, 08:00 PM)

**കൈരളി: A/C 4K Dolby:**
KALKI 2898 AD(mal)(10.30AM,02.00PM,05.45PM,09.15PM)

**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,09.00PM)
ULLOZHUKKU-(03.00PM,06.00PM)
PATTAPAKAL-(01.00PM)

**വടകര**

**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam)
(10.00, 01.15, 04.30, 07.45)
NADANNA SAMBHAVAM (Malayalam) (11:00, 02:00,08:00)
GOLAM (Malayalam) (05:00PM)

**കുന്ദമംഗലം**

**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
MAHARAJA (U/A) - TAMIL (2:00 PM, 4:40 PM)
GAGANACHARI - Malayalam (11:45 AM, 7:15 PM)
KALKI 2898 AD (U/A) - Malayalam
(11:00 AM,12:00 PM, 4:00 PM, 7:30 PM, 9:30 PM, 10:45 PM)
BIG BEN - Malayalam (2:30 PM)
PATTAAPAKAL - Malayalam (9:45 PM)
PARADISE (U/A) - Malayalam (7:45 PM)
KUNDALA PURANAM (U) - Malayalam (5:00 PM)

## സി.കെ. ഗോൾഡ് ആന്റ് ഡയമണ്ട് വടകര ഷോറും ഉദ്ഘാടനം നാളെ

വടകര: സ്വർണാഭരണ നിർമ്മാണ രംഗത്ത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിന്റെ പാരമ്പര്യവുമായി സി.കെ. ഗോൾഡ് ആന്റ് ഡയമണ്ടിന്റെ വടകര ഷോറൂം ഉത്ഘാടനം നാളെ കാലത്ത് 11 ന് പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ നിർവ്വഹിക്കും. മികവും വിട്ടുവീഴ്ചയില്ലാത്ത പരിശുദ്ധിയും ,ഏതൊരു സാധാരണക്കാരന്റെയും ബജറ്റിൽ ഒതുങ്ങുന്നതുമായ ,വൈവിധ്യമായ കളക്ഷൻസുമായാണ് കടത്തനാടിന്റെ മണ്ണിൽ സി.കെ. ഗോൾഡ് ആന്റ് ഡയമണ്ടിന്റെ നാലാമത് ഷോറും പ്രവർത്തനം തുടങ്ങുന്നത്.കേരള, മുബൈ,കൽക്കത്ത, സിങ്കപ്പൂർ കളക്ഷൻസ് കൾക്ക് പുറമെ പഗോഡ ,ദിവാൻ , പ്രഷ്യ ബ്രാന്റുകളുടെ അതിവിപുലമായ ശേഖരണമാണ് ഷോറുമിൽ ഒരുക്കിയിട്ടുള്ളത്.ഉദ്ഘാടന ദിവസം ഷോറൂം സന്ദർശിക്കുന്നവരിൽ നിന്നു തിരഞ്ഞെടുക്കുന്ന ഭാഗ്യശാലിക്ക് 1 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും നല്കുന്നുണ്ട്. വാർത്താ സമ്മേളനത്തിൽ ചെയർമാൻ റജീഫ് സി.കെ, മാനേജിംഗ് ഡയറക്ടർ സജീർ സി.കെ, ഡയരക്ടർമാരായ സുഹൈൽ, മെഹറൂഫ് , നൗഷാദ് പങ്കെടുത്തു.

## വെള്ളക്കെട്ട്: നോഡൽ ഓഫീസറെ നിയമിച്ചു

കോഴിക്കോട്: ദേശീയപാത 66 ൽ പണി നടന്നു കൊണ്ടിരിക്കുന്ന വടകര-കൊയിലാണ്ടി ഭാഗത്ത് വെള്ളക്കെട്ട് മൂലം ഉണ്ടാകുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സബ് കളക്ടർ ഹർഷിൽ ആർ മീണയെ നോഡൽ ഓഫീസറായി നിയമിച്ചു. വിഷയത്തിൽ അടിയന്തിര പരിഹാരം കാണാൻ നോഡൽ ഓഫീസറെ നിയമിച്ചത്.ദേശീയപാതയിൽ പണി നടക്കുന്നതിനാൽ പയ്യോളി, അഴിയൂർ, വടകര ഭാഗങ്ങളിൽ വെള്ളക്കെട്ട് പ്രശ്നമുണ്ടെന്ന് കലക്ടർ സ്നേഹിൽ കുമാർ സിംഗ് വ്യക്തമാക്കി. തിക്കോടി, അയനിക്കാട്, പയ്യോളി ഭാഗങ്ങളിൽ ബോട്ടിൽ സഞ്ചരിക്കേണ്ട അവസ്ഥയാണെന്ന് എം എൽഎ കാനത്തിൽ ജമീല ഉന്നയിച്ചു. പയ്യോളിയിലെ പ്രശ്നം കൾവർട്ട് നിർമ്മിച്ചാൽ പരിഹരിക്കാമെന്നും എന്നാൽ ജനങ്ങളുടെ പ്രതിഷേധം കാരണം പണി തുടങ്ങാൻ കഴിയുന്നില്ലെന്നും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. ദേശീയപാതയിലെ പ്രവൃത്തി കാരണം മൂരാട് ഭാഗത്ത് വൈദ്യുതി പോസ്റ്റുകൾ അപകടാവസ്ഥയിലായ കാര്യവും യോഗം ചൂണ്ടിക്കാട്ടി.

## വാണിമേൽ ക്രസന്റിൽ ചന്ദ്രിക അറിവിൻ തിളക്കം

വാണിമേൽ:ചന്ദ്രിക അറിവിൻ തിളക്കം ക്രസന്റ് ഹൈസ്കൂളിൽ തുടക്കം. ഖത്തർ കെ.എം.സി.സി സംസ്ഥാന സെക്രട്ടറി എം.പി ഷംസുദ്ദീൻ വിദ്യാർത്ഥി പ്രതിനിധികളായ നേദിക സി.എച്ച്, അലോന എന്നിവർക്ക് പത്രം കൈമാറി ഉദ്ഘാടനം നിർവഹിച്ചു. പ്രധാനാധ്യാപകൻ അഷ്റഫ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ചന്ദ്രിക റിപ്പോർട്ടർ എം.കെ അഷ്റഫ് പദ്ധതി വിശദീകരിച്ചു. അഷ്റഫ് കൊറ്റാല, കെ കെ മൊയ്തു, കെ.വി കുഞ്ഞമ്മദ്, റിട്ട. അധ്യാപകൻ മോഹൻ ദാസ് സംസാരിച്ചു.



വാണിമേൽ ക്രസന്റ് ഹൈസ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം ഖത്തർ കെ.എം.സി.സി സംസ്ഥാന സെക്രട്ടറി എം.പി ഷംസുദ്ദീൻ വിദ്യാർത്ഥി പ്രതിനിധികളായ നേദിക അലോന എന്നിവർക്ക് പത്രം കൈമാറി ഉദ്ഘാടനം ചെയ്യുന്നു

## വിമാന കമ്പനികൾ പ്രവാസികളെ കൊള്ളയടിക്കുന്നത് നിർത്തണം കെഎംസിസി

നാദാപുരം: ടിക്കറ്റ് നിരക്ക് അടിക്കടി വർദ്ധിപ്പിച്ച് സാധാരണക്കാരായ പ്രവാസികളെ കൊള്ളയടിക്കുന്ന നിലപാടാണ് വിമാന കമ്പനികൾ സ്വീകരിക്കുന്നതെന്നും ഇത് അവസാനിപ്പിക്കുന്നില്ലെങ്കിൽ ശക്തമായ സമര പരിപാടികൾക്ക് നേതൃത്വം നൽകുമെന്നും ദുബായ് കെ എം സി സി കോഴിക്കോട് ജില്ലാ പ്രസിഡണ്ട് കെ പി മുഹമ്മദ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഗൾഫിൽ നിന്ന് നാട്ടിലേക്ക് വരാനും തിരിച്ചു പോകാനും ഭീമമായ തുകയാണ് എല്ലാ വിമാന കമ്പനികളും ഇപ്പോൾ ഈടാക്കുന്നത്. ഇത് സംബന്ധിച്ച് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും നിരക്ക് വർദ്ധനയിൽ യാതൊരു മാറ്റവും ഇല്ല. മാത്രവുമല്ല, നേരാംവണ്ണം സർവ്വീസ് കൊടുക്കാനും പല വിമാന കമ്പനികളും തയ്യാറാവുന്നില്ല. അപ്രതീക്ഷിതമായി സർവ്വീസ് നിർത്തിവെച്ച് യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. സാധാരണക്കാരായ യാത്രക്കാരെ പിഴിയാൻ കാണിക്കുന്ന ആവേശ ത്തിന്റെ പകുതിയെങ്കിലും സേവന രംഗത്തും കാണിക്കാൻ കമ്പനികൾ തയ്യാറാവണം. തോന്നിയ പോലെ നിരക്ക് കൂട്ടുന്ന പ്രവണത അവസാനിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് അടിയന്തിര നടപടികൾ ഉണ്ടാവണമെന്നും കെ പി മുഹമ്മദ് ആവശ്യപ്പെട്ടു.

## 18 പേർക്ക് ബ്ലാക്ക് ബെൽറ്റ്

വാണിമേൽ: ഷോട്ടോകാൻ കരാട്ടെ ഡോ ഇന്ത്യൻ അസോസിയേഷൻ സംഘടിപ്പിച്ച ബ്ലാക്ക് ബെൽട്ട് ഗ്രേഡിങ് ടെസ്റ്റിൽ വാണിമേൽ ബി എം എ കരാട്ടെ അക്കാദമിയിലെ 18 പേർ ബ്ലാക്ക് ബെൽറ്റ് കരസ്ഥമാക്കി. വയനാട് മീനങ്ങാടിയിലാണ് ഗ്രഡിങ്ങ് നടന്നത്. 18 പേരിൽ എട്ടു പേർ പെൺകുട്ടികളാണ്. ആറാം ക്ലാസ് മുതൽ കരാട്ടെ പരിശീലനം ആരംഭിച്ച മിടുക്കികൾ എസ്.എസ്.എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി ഇപ്പോൾ ഹയർ സെക്കന്ററി വിദ്യാർത്ഥിനികളാണ്. നാദാപുരം മേഖലയിൽ നിന്ന് ഇത്രയും പെൺകുട്ടികൾ ഒരുമിച്ച് ബ്ലാക്ക് ബെൽറ്റ് നേടുന്നത് ആദ്യമായാണ്. സംസ്ഥാന-ജില്ലാ ചാമ്പ്യൻഷിപ്പുകളിൽ കരാട്ടെ, തയ്ക്വാണ്ടോ, ജൂഡോ മത്സരങ്ങളിൽ ചാമ്പ്യന്മാരായ ഇവർ ബി. എം.എ മാർഷൽ ആർട്സ് അക്കാദമിയിൽ ചീഫ് ഇൻസ്ട്രക്ടർമാരായ സെൻസായ് സജീർ മാസ്റ്റർ, സെൻസായ് റഷീദ് മാസ്റ്റർ എന്നിവരുടെ കീഴിൽ ആറു വർഷത്തെ പരിശീലനത്തിനൊടുവിലാണ് മാസ്റ്റർ ഡിഗ്രി കരസ്ഥമാക്കുന്നത്. മെഡൽ, സർട്ടിഫിക്കറ്റ് വിതരണത്തിൽ കെ.കെ രമ എം. എൽ.എ, സെൻസായ് അജിത്ത്കുമാർ പങ്കെടുത്തു.



കരാട്ടെ ചാമ്പ്യൻഷിപ്പിൽ ബ്ലാക്ക് ബെൽറ്റ് നേടിയ വാണിമേൽ ബി.എം.എ അക്കാദമി അംഗങ്ങൾ

## യുഎൽസിസിഎസ് ഉപഹാര വിതരണം

വടകര്: ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും മക്കളിൽ എസ്എസ്എൽസിക്കു മികച്ച വിജയം നേടിയ 65-ഉം പ്ലസ് ടുവിനു മികച്ച വിജയം നേടിയ 33-ഉം വിദ്യാർത്ഥികൾക്കു പുരസ്ക്കാരം നല്കി. ചെയർമാൻ രമേശൻ പാലേരി പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. റോഡപകടങ്ങളിലും മറ്റും മരിച്ച രാജേഷ്, രാജു, രാകേഷ് എന്നിവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം മുതൽ 30 ലക്ഷം രൂപ വരെയുള്ള ഇൻഷറൻസ് തുകയും കൈമാറി. ഇതിൽ രണ്ടുപേരുടെ നഷ്ടപരിഹാരം കുടുംബങ്ങളുടെ താത്പര്യപ്രകാരം മക്കളുടെ പേരിൽ സ്ഥിരനിക്ഷേപമാക്കി. സത്യചന്ദ്രൻ സർദാർ എന്ന തൊഴിലാളിയുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം അമ്മയുടെ അക്കൗണ്ടിലും നിക്ഷേപിച്ചുനൽ കി. ഡയറക്ടർ വി.കെ. അനന്തൻ അദ്ധ്യക്ഷനായി. പി. പ്രകാശൻ, പി.കെ. സുരേഷ് ബാബു, ലുബിന ടി., കെ. ഹരീന്ദ്രൻ, ഡോ. സന്ദേശ് ഇ. പ, സി.ജി.എം. റോഹൻ പ്രഭാകർ, ഷൈനു പി, ജി.എം ബിൽഡിങ്സ് റ്റി.പി. രാജീവൻ, ഋത്വിക് രാധൻ, കെ.പി. ഷാബു, കെ. പ്രവീൺ കുമാർ സംസാരിച്ചു.

## സ്കൂളിൽ ശുചിത്വ പരിശോധന

ചേരാപുരം: വേളം പഞ്ചായത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കാൻ പരിശോധന നടത്തി. പാചകപുരയിലെയും പരിസരങ്ങളിലെയും വൃത്തി പരിശോധിച്ചു. പഞ്ചായത്ത് പ്രസിഡന്റ് നയീമ കുളമുള്ളതിൽ വൈസ് പ്രസിഡന്റ് കെ സി ബാബു മാസ്റ്റർ, കിണറുള്ളതിൽ അസീസ്, എം സുമ, തായന ബാലമണി, ഹെൽത്ത് ഇൻസ്പെക്ടർ ഹമീദ്, രജ്ജിത്ത്, നിഖിൽ രാജ് പങ്കെടുത്തു.




യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി വടകരയിൽ നടത്തിയ ഏകദിന ഉപവാസം ഡിസിസി പ്രസിഡന്റ് അഡ്വ:കെ.പ്രവീൺകുമാർ ഉദ്ഘാടനം ചെയ്യുന്നു

## യൂത്ത് കോൺഗ്രസ് ഉപവാസ സമരം

വടകര:വ്യാജ കാഫിർ സ്ക്രീൻഷോട്ട് നിർമ്മിച്ച് സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി വടകരയിൽ നടത്തിയ ഏകദിന ഉപവാസം ഡിസിസി പ്രസിഡന്റ് അഡ്വ:കെ.പ്രവീൺകുമാർ ഉദ്ഘാടനം ചെയ്തു.എം എസ് എഫ് പ്രവർത്തകൻ മുഹമ്മദ് കാസിം അല്ല സ്ക്രീൻഷോട്ട് ഉണ്ടാക്കിയത് എന്ന് പോലീസ് ഹൈക്കോടതിയിൽ സത്യവാങ്മൂലം കൊടുത്ത സാഹചര്യത്തിൽ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗൂഢാലോചന നടത്തിയ സിപിഎം നേതാക്കളെയും, ഈ സ്ക്രീൻഷോട്ട് പ്രചരിപ്പിച്ച മുൻ എംഎൽഎ കെ.കെ ലതികേക്കെതിരെയും നിയമനടപടികൾ സ്വീകരിച്ചില്ലെങ്കിൽ ശക്തമായ സമരത്തിന് നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ സിഡന്റ് ആർ. ഷഹിൻ അധ്യക്ഷ്യം വഹിച്ചു. വി.എം ചന്ദ്രൻ,ഐ.മൂസ,സത്യൻ കടിയങ്ങാട്, സുനിൽ മടപ്പള്ളി, കോട്ടയിൽ രാധാകൃഷ്ണൻ, വി.പി ദുൽഖിഫിൽ,സൂഫിയാൻ ചെറുവാടി,വൈശാൽ കല്ലാട്ട്,ടി.എം നിമേഷ്,ബവിത്ത് മലോൽ,എസ്.സുനന്ദ്,സൂരജ്. വി. ടി സംസാരിച്ചു

## അനുമോദന സംഗമം ഇന്ന്

നാദാപുരം: ചെക്യാട് പഞ്ചായത്തിൽ നിന്നു എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നു. ഇന്ന് രണ്ടുമണിക്ക് പാറക്കടവ് എസ് യു ഐ സി സെന്റർ ഓഡിറ്റോറിയത്തിൽ സംഗമം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. കരിയർ ഗൈഡൻസ് ക്ലാസും ഉണ്ടായിരിക്കും.

## വൈബ് വിജയാരവം ഞായറഴ്ച

വടകര: കെ.കെ രമ എം.എൽ.എയുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ വൈബിന്റെ വടകര കമണ്ഡലത്തിലെ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന പരിപാടിയായ വിജയാരവം ഞായറാഴ്ച രാവിലെ 9മണിക്ക് വടകര ടൗൺ ഹാളിൽ നടക്കും. ഷാഫി പറമ്പിൽ എം.പി നിർവഹിക്കും. ഡോ.ശശികുമാർ പുറമേരി ബോധവത്കരണ ക്ലാസ് നടത്തും. കെ.ടി മോഹൻദാസ് അധ്യക്ഷനാകും.

## ഗവ.പോസ്റ്റ്മെട്രിക് ഹോസ്റ്റൽ പ്രവേശനം

പാലക്കാട്: പട്ടികജാതി വികസന വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന ഗവ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനത്തിന് താൽപര്യമുള്ള കണ്ണാടി (പെൺ), ജൈനിമേട് (ആൺ) സർക്കാർ / എയിഡഡ് പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ /ഒ.ബി.സി./ മറ്റ് സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജാതി, വരുമാനം, നേറ്റിവിറ്റി, വിദ്യാഭ്യാസ യോഗ്യത, അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയതിനു ശേഷം 15 ദിവസത്തിനകം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോം പോസ്റ്റ്മെടിക് ഹോസ്റ്റലുകൾ, ബ്ലോക്ക്/നഗരസഭ/ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ലഭിക്കും. ഫോൺ: 0491 2505005



ഉപജില്ലാ സുബ്രതോ കപ്പ് ഇന്റർ സ്കൂൾ ഫുട് ബോൾ ടൂർണമെന്റിൽ അണ്ടർ 15 ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂൾ മണ്ണാർക്കാട്

**പാലക്കാട് വാർത്തകൾ**

# കഞ്ചിക്കോട് ജനവാസ മേഖലയിൽ ഭീതിപരത്തി കാട്ടാന

പാലക്കാട്: കഞ്ചിക്കോട് ജനവാസ മേഖലയിൽ ഭീതിപരത്തി കാട്ടാന. തുരത്താൻ ശ്രമിച്ച നാട്ടുകാർക്കു നേരെ പാഞ്ഞടുത്ത കാട്ടാനയിൽ നിന്ന് തലനാരിഴക്കാണ് ആളുകൾ രക്ഷപ്പെട്ടത്. എ.വി.പി വല്ലടി റോഡിൽ സൂര്യപ്പൊറ്റ ഭാഗത്താണ് ഇന്നലെ ആറു മണിയോടെ അപ്രതീക്ഷിതമായി കാട്ടാനയെ കണ്ടത്. വാളയാർ, കഞ്ചിക്കോട്, മലമ്പുഴ ഭാഗങ്ങളിൽ ഭീതി വിതച്ചു വിലസുന്ന ചുരുളി കൊമ്പനാണ് സൂര്യപ്പൊറ്റയിലെത്തിയത്. വെള്ളിയാഴ്ച അർദ്ധരാത്രിയോടെ കാടിറങ്ങിയ കൊമ്പൻ സൂര്യപ്പൊറ്റയിലെ മുത്തുവമ്മയുടെ മാന്തോപ്പിൽ നിന്നാണ് അതിരാവിലെ കാടു കയറാനായി റോഡിലേക്ക് ഇറങ്ങിയത്. രാവിലെ മദ്റസയിലേയ്ക്ക് പോകുന്ന കുട്ടികളും കമ്പനി തൊഴിലാളികളും യാത്ര ചെയ്യുന്ന പ്രധാന റോഡാണ് സൂര്യപ്പൊറ്റ വല്ലടി റോഡ്. അപ്രതീക്ഷിതമായി റോഡിൽ കാട്ടാനയെ കണ്ട നാട്ടുകാർ ഭയന്നോടി. ബഹളം വെച്ച് ആനയെ തുരത്താൻ ശ്രമിക്കുന്നതിനിടെ ചിഹ്നം വിളിച്ച് ആന ആളുകൾക്ക് നേരെ പാഞ്ഞടുത്തു. സൂര്യപ്പൊറ്റയിലെ ബാലകൃഷ്ണന്റെ വീടിനു മുൻപിലെത്തിയ ആന ഗേറ്റ് തകർത്ത് വീട്ടിനകത്തേയ്ക്ക് കയറാൻ ശ്രമിച്ചെങ്കിലും പിന്നീട് പിന്മാറി. വാളയാർ, നടുപ്പതി, കഞ്ചിക്കോട്, മലമ്പുഴ, കൊട്ടേക്കാട് മേഖലയിൽ നിരവധിയാളുകൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും അടുത്തുണ്ടായ ദാരുണ സംഭവമാണ് ഒരു മാധ്യമപ്രവർത്തകന്റെ മരണം. വിവരമറിയിച്ചിട്ടും വനംവകുപ്പ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് എത്തിയില്ലെന്ന പരാതിയിമുണ്ട് നാട്ടുകാർക്ക്.



ഇന്നലെ കഞ്ചിക്കോട്ട് ജനവാസ മേഖലയിലിറങ്ങിയ ചുരുളിക്കൊമ്പൻ



മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭിന്നശേഷിക്കാർക്ക് നൽകുന്ന സ്കൂട്ടറുകളുടെ താക്കോൽ ദാനം അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## ഭിന്നശേഷിക്കാർക്ക് സ്കൂട്ടറുകൾ വിതരണം ചെയ്തു

മണ്ണാർക്കാട്: മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടറുകൾ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് 15 കുടുംബങ്ങൾക്കാണ് സ്കൂട്ടറുകൾ നൽകിയത്. വാഹനത്തിന്റ താക്കോലും രേഖകളും അഡ്വ. എൻ.ഷംസുദ്ദീൻ എം. എൽ .എ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പ്രീത അധ്യക്ഷനായി. വൈസ്പ്രസിഡന്റ് ബഷീർ തെക്കൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ പി.പി സജ്ന സത്താർ, ജസീന അക്കര, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി ചെയർമാൻമാരായ ചെറുട്ടി മുഹമ്മദ്, ബിജി ടോമി, കെ.പി ബുഷ്റ, അംഗങ്ങളായ മുസ്തഫ വറോടൻ, പി.വി കുര്യൻ, പടുവിൽ കുഞ്ഞിമുഹമ്മദ്, പി. ഷാനവാസ്, മണികണ്ഠൻ വടശ്ശേരി, ആയിഷ ബാനു കാപ്പിൽ, ഓമന രാമചന്ദ്രൻ, ബി.ഡി.ഒ ഡി.അജിത് കുമാരി, സി.ഡി.പി.ഒ നിർമ്മല, കെ.റംലത്ത്, റഫീന റഷീദ്, സി.കെ സുബൈർ, കെ.ടി അബ്ദുല്ല, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി.അഹമദ് അഷറഫ്, റഷീദ് ആലായൻ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ കെ.ജി ബാബു, ടി.എ സലാം മാസ്റ്റർ, അസീസ് ഭീമനാട്, കാസിം ആലായൻ, പൊൻപാറ കോയക്കുട്ടി, ഹസ്സൻ മുഹമ്മദ്, ചന്ദ്രദാസൻ മാസ്റ്റർ, മുനീർ താളിയിൽ, അബു വറോടൻ, ഡോ. സാമുവൽ സംബന്ധിച്ചു.




കല്ലടിക്കോട് ഗവ: ആശുപത്രിക്ക് മുമ്പിൽ കരിമ്പാ പഞ്ചായത്ത് മുസ്‌ലിംലീഗ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ സമരം ജില്ലാ സെക്രട്ടറി എം.എസ്.നാസർ ഉദ്ഘാടനം ചെയ്യുന്നു

## കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ.പി. ആരംഭിക്കണം: മുസ്‌ലിംലീഗ്

തച്ചമ്പാറ: കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിനു മുമ്പിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരിമ്പ പഞ്ചായത്ത് മുസ്‌ലിംലീഗ് കമ്മിറ്റി പ്രതിഷേധ സമരം സംഘടിപ്പിച്ചു. സമീപപ്രദേശങ്ങളിലുൾപ്പെടെയുള്ള അനേകം രോഗികളുടെ ആശ്രയകേന്ദ്രമായ ഈ സർക്കാർ ആശുപത്രിയിൽ ഈവനിംഗ് ഒ.പി ഇല്ലാത്തതിനാൽ ജനങ്ങൾ പ്രയാസത്തിലാണ്. പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിഷേധം സംഘടിപ്പിച്ചത്. മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി എം.എസ്.നാസർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റ് പി.കെ.എം. മുസ്തഫ അധ്യക്ഷനായി. ജനറൽസെക്രട്ടറി സലാം അറോണി സ്വാഗതവും ഷിഹാബ് ചല്ലിപറമ്പിൽ നന്ദിയും പറഞ്ഞു. യൂസഫ് പാലക്കൽ, ഗ്രാമ പഞ്ചായത്തംഗം പി. റമീജ പ്രസംഗിച്ചു. സി.വി. യൂസഫ്, എ.എം മുഹമ്മദ്ഹാരിസ്, എ.യു സിദ്ദീക്ക്, സമദ് വെട്ടം, എം.പി.മുഹമ്മദ് അലി, കാദർ പറക്കാട്, ഗഫൂർ ചല്ലി പറമ്പിൽ ഷഹനാസ് എ.എച്ച്, ഫവാസ് പി.എം നേതൃത്വം നൽകി.

## ക്ലസ്റ്റർ സെന്ററുകളിൽ അധ്യാപകരുടെ പ്രതിഷേധം

മണ്ണാർക്കാട്: അക്കാദമിക് കലണ്ടർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംയുക്ത അധ്യാപക സമിതിയുടെ നേതൃത്വത്തിൽ ക്ലസ്റ്റർ അധ്യാപക പരിശീലനയോഗം ബഹിഷ്ക്കരിച്ച് പരിശീലനകേന്ദ്രങ്ങളിൽ പ്രതിഷേധം സംഘടിപ്പിച്ചു. വിദ്യാഭ്യാസ അവകാശ നിയമത്തിലെയും കെ.ഇ.ആറിലെയും വകുപ്പുകൾ ദുർവ്യാഖ്യാനം ചെയ്താണ് അക്കാദമിക ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കലണ്ടർ തയ്യാറാക്കപ്പെട്ടതെന്നും ഈപ്രശ്നത്തിൽ കോടതിക്ക് മുമ്പിൽ നിലപാട് അറിയിക്കാൻ സർക്കാർ തയ്യാറാകാതിരുന്നത് വഞ്ചനയാണെന്നും നേതാക്കൾ കുറ്റപ്പെടുത്തി. വിവിധ പരിശീലനകേന്ദ്രങ്ങളിൽ നടന്ന പ്രതിഷേധ പരിപാടികളിൽ കെ.എസ്.ടി.യു സംസ്ഥാന അസോസിയേറ്റ് സെക്രട്ടറി സിദ്ദീഖ് പാറോക്കോട്, കെ.എ.ടി.എഫ് ജില്ലാ പ്രസിഡന്റ് കരീം മട്ടുപ്പാറ, കെ.എസ്.ടി.യു സംസ്ഥാന സെക്രട്ടറി ഇ.ആർ അലി, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സി.എച്ച് സുൽഫികറലി, ജില്ലാ ജനറൽ സെക്രട്ടറി കെ.പി.എ സലീം, കെ.എ.ടി.എഫ് ഉപജില്ലാ പ്രസിഡന്റ് മുഹമ്മദാലി, അൻവർ സാദത്ത്, സഫ്വാൻ നാട്ടുകൽ, കെ.എസ്.ടി.യു ഉപജില്ലാ പ്രസിഡന്റ് സലീം നാലകത്ത്, സെക്രട്ടറി ടി.പി മൻസൂർ, കെ.ജി മണികണ്ഠൻ, യൂനുസ് സലിം , എൻ ഷാനവാസലി, പി.കെ നൗഷാദ്, ഷമീർ മുഹമ്മദ്, സിദാൻ സിദ്ദീഖ്, സി.ടി ഷാഫി, ഷിഹാബുദ്ദീൻ നാലകത്ത്, യൂനുസ് തുടങ്ങിയവർ പ്രസംഗിച്ചു.



അധ്യാപകരുടെ ക്ലസ്റ്റർ ബഹിഷ്കരണ സമരത്തിൽ കെ.എസ്.ടി.യു സംസ്ഥാന അസോസിയേറ്റ് സെക്രട്ടറി സിദ്ദീഖ് പാറോക്കോട് സംസാരിക്കുന്നു

## വിദേശമദ്യം നിർമിച്ചു നൽകാമെന്ന് പറഞ്ഞ് തട്ടിപ്പ്; രണ്ടുപേർ പിടിയിൽ

പട്ടാമ്പി: വിദേശ മദ്യം നിർമിച്ച് നൽകാമെന്നും വിദേശമദ്യത്തിന്റെ വിവിധ ബ്രാൻഡുകൾ കേരള ബിവറേജസ് കോർപ്പറേഷന് വിതരണം ചെയ്യാനായി അവകാശം എടുത്തു നൽകാമെന്നും പറഞ്ഞ് തട്ടിപ്പ് നടത്തിയ രണ്ടുപേരെ പട്ടാമ്പി പൊലീസ് അറസ്റ്റ് ചെയ്തു. പഞ്ചാബ് സ്വദേശി കരുൺ കൗറ(39), എറണാംകുളം സ്വദേശി ശ്രീകുമാർ(62) എന്നിവരാണ് പിടിയിലായത്. ഇതുമായി ബന്ധപ്പെട്ട് 74ലക്ഷം രൂപ കൂറ്റനാട് തെക്കേ വാവന്നൂർ സ്വദേശി മനോജിന്റെ പക്കൽ നിന്ന് പ്രതികൾ കൈപ്പറ്റിയിരുന്നു. 2022ലാണ് സംഭവം. കരാർപ്രകാരം ഒന്നും നടപ്പാക്കാതിരിക്കുകയും കൊടുത്ത പണം തിരികെ ലഭിക്കാതിരിക്കുകയും ചെയ്തതോടെയാണ് മനോജ് പട്ടാമ്പി പൊലീസിൽ പരാതി നൽകിയത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് രണ്ടുവർഷത്തിന് ശേഷം പ്രതികൾ പിടിയിലായത്. കരുൺ ഡൽഹിയിൽ വെച്ചും ശ്രീകുമാർ എറണാകുളത്ത് വെച്ചുമാണ് പിടിയിലായത്. കരുണിനെതിരെ സമാന പരാതിയിൽ 12 കേസുകളുണ്ട്. പ്രതികളെ പട്ടാമ്പി കോടതിയിൽ ഹാജരാക്കി. എസ്.എച്ച്.ഒ. എൻ.ബി ഷൈജു, എസ്.ഐ. കെ.പി ജയരാജ്, എ.എസ്.ഐ എൻ.എസ് മണി, സി.പി.ഒ അൻവർ സാദത്ത് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.



കരുൺ കൗറ, ശ്രീകുമാർ

## ഫാളില ഫളീല ക്ലാസ് ഉദ്ഘാടനവും സനദ്ദാനവും

ആറങ്ങോട്ടുകര: ദേശമംഗലം തലശ്ശേരി എം.എസ്.എ വുമൺസ് കോളജിലെ ഫാളില ആറാം ബാച്ചിന്റെയും, ഫളീല നാലാം ബാച്ചിന്റെയും, പി.പി.ടി.ടി.സിയുടെയും ക്ലാസ് ഉദ്ഘാടനം സമസ്ത കേന്ദ്ര മുശാവറ അംഗം എം.വി ഇസ്മായിൽ മുസ്‌ലിയാർ നിർവഹിച്ചു. സയ്യിദ് പി.ടി.പി തങ്ങൾ അധ്യക്ഷത വഹിച്ചു. അഡ്വ.ഓണമ്പിള്ളി മുഹമ്മദ് ഫൈസി മുഖ്യപ്രഭാഷണം നടത്തി. ബഷീർഫൈസി ദേശമംഗലം, ഫാളില സംസ്ഥാന കോഡിനേറ്റർ സഹദ് ഫൈസി അൽബുർഹാനി, മുഫത്തിശ് സലീം അൻവരി കയറാടി, ഗ്രാമപഞ്ചായത്ത് അംഗം ഇബ്രാഹിം, ഷഹീർ ദേശമംഗലം, എംപി അബ്ദുള്ള കോയ തങ്ങൾ, കെ.എം മുഹമ്മദ്, മുജീബ്റഹ്മാനി, ആദിൽ ഹുദവി, ടി.എ ഏന്തീൻകുട്ടി, കെ.എ മുഹമ്മദ്, മമ്മികുട്ടി മാസ്റ്റർ, ഇ.എം ഹൈദ്രോസ്, സി.എം അബൂബക്കർ, ടി.കെ മൊയ്തീൻകുട്ടി, അജ്മൽ ബാഖവി, അബ്ദുറഹ്മാൻ വറവട്ടൂർ, പി.മുഹമ്മദ് കുട്ടി, റഷീദ് മാസ്റ്റർ, പി.കമ്മുണ്ണി സംസാരിച്ചു. മാനേജർ ടി.പി ഹംസ സ്വാഗതവും സെക്രട്ടറി ടി.എം ഹംസ നന്ദിയും പറഞ്ഞു. ശേഷം നടന്ന ഫാളില ഫളീല നേടിയവരെ ആദരിക്കലും സനദ് ദാനവും പാണക്കാട് സയ്യിദത്ത് സുൽഫത്ത് ബീവി നിർവഹിച്ചു. സുമയ്യ ഓണമ്പിള്ളി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് അംഗം റഷീദ, നിഷ സുനിൽ സംബന്ധിച്ചു.

### രണ്ടാം വിള നെല്ലിന്റെ വിലയും ഉഴവ് കൂലിയും നൽകിയില്ല

## ഷൊർണൂർ കൃഷിഭവന് മുമ്പിൽ കുത്തിയിരിപ്പ് സമരം നടത്തി പാടശേഖര സമിതി

ഷൊർണൂർ: ഷൊർണൂർ നഗരസഭ കൃഷിഭവന് കീഴിലുള്ള കർഷകർക്ക് രണ്ടാംവിള നെൽകൃഷി ചെയ്ത 2023-24 വർഷത്തെ ഉഴവ് കൂലി, എസ്.ഡി.ആർ, സപ്ലൈകോക്ക് നെല്ല് വിറ്റ വില എന്നിവ ലഭിക്കാത്തതിൽ പ്രതിഷേധിച്ച് നഗരസഭയിലെ കാരക്കാട് പാടശേഖര സമിതി പ്രസിഡണ്ട് വിജയപ്രകാശ് ശങ്കർ, സെക്രട്ടറി ബിജു സി. എന്നിവർ ഇന്നലെ ഷൊർണൂർ കൃഷിഭവൻ ഓഫീസിന് മുമ്പിൽ കുത്തിയിരിപ്പ് സത്യാഗ്രഹം നടത്തി. ഷൊർണൂർ കൃഷിഭവന് മുമ്പിൽ 15 പാടശേഖര സമിതികളുണ്ട്. സാധാരണയായി ഞാറ് നട്ട് ഒരു മാസത്തിനകം നൽകാറുള്ളതാണ് ഉഴവ് കൂലി. ജില്ലയിൽ പത്ത് മാസമായിട്ടും ഉഴവ് കൂലി ലഭിക്കാത്തത് ഷൊർണൂരിലെ കർഷകർക്കാണ്.നഗരസഭയിലെ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക നൽകേണ്ടത്. ജില്ലാ വികസന സമിതി അനുമതി നൽകിയിട്ടും ഉഴവ് നൽകാതെ തുക സ്പിൽ ഓവറാക്കുകയായിരുന്ന, കൃഷി ഫീൽഡ് ഓഫീസറുടെ അനാസ്ഥയാണ് കാരണമെന്ന് കർഷകർ പറയുന്നു. ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണമെന്നും കർഷകർ ആവശ്യപ്പെടുന്നു. കർഷകരിൽ നിന്ന് നെല്ല് വാങ്ങിയ സപ്ലൈകോയും വില നൽകാതെ കർഷകരെ വട്ടം കറക്കുകയാണ്. ഈ സാഹചര്യത്തിലായിരുന്നു കുത്തിയിരിപ്പ് സത്യാഗ്രഹം നടത്തിയത്. പാടശേഖര സമിതി ഭാരവാഹികൾ കൃഷിമന്ത്രി, എം.എൽ. എ., ഷൊർണൂർ നഗരസഭാ ചെയർമാൻ എം. കെ.ജയപ്രകാശ് എന്നിവരുമായി ബന്ധപ്പെടുകയും, അവർ വിവിധ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് എസ്.ഡി. ആർ.ഒരാഴ്ചക്കകവും, നെല്ലിന്റെ വില പത്ത് ദിവസത്തിനകവും കർഷകർക്ക് ലഭ്യമാക്കാമെന്ന ഉറപ്പിൽ വൈകുന്നേരമാണ് സത്യാഗ്രഹം അവസാനിപ്പിച്ചത്.




കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വൈകുന്നതിൽ പ്രതിഷേധിച്ച് പാടശേഖര സമിതി ഭാരവാഹികൾ ഷൊർണൂർ കൃഷിഭവന് മുമ്പിൽ നടത്തിയ കുത്തിയിരിപ്പ് സത്യാഗ്രഹം

## നാഷണൽ ഹൈവേ അതോറിറ്റി ഓഫീസ് യൂത്ത് കോൺഗ്രസ് ഉപരോധിച്ചു

പെരിന്തൽമണ്ണ :യൂത്ത് കോൺഗ്രസ് മങ്കട നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈവേ അതോറിറ്റിയുടെ ഓഫീസ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഉപരോധിച്ചു.പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ അങ്ങാടിപ്പുറം മേൽപാലംത്തിന് സമീപമുള്ള കുണ്ടും കുഴിയും അടിയന്തരമായി റിടാറിങ് നടത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് ഉപരോധിച്ചത്. ഉപരോധ സമരം ഡിസിസി നിർവഹണസമിതി അംഗം കെ.സ് അനീഷ് ഉദ്ഘാടനം ചെയ്തു. ഷഫീഖ് വടക്കും പുറത്ത് അധ്യക്ഷനായി. സുഹൈൽ ബാബു വലമ്പൂർ ഷാഹിദ് ആനക്കയം ജബ്ബാർ കെ ടി മാത്യൂ ,ഫൈസൽ വലമ്പൂർ സക്കീർ ഹുസൈൻ പുഴക്കാട്ടിരി ഫായിസ് . ലിജോ പരിയാപുരം ഇഖ്ബാൽ കൂട്ടിലങ്ങാടി ഷഹീം പര്യാപുരം പ്രസംഗിച്ചു.

## ബോധവത്കരണ ക്ലാസ്

മണ്ണാർക്കാട്: കോട്ടോപ്പാടം സൗത്ത് എ.എം.എൽ.പി സ്കൂളിൽ ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കായി ലഹരി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ മാനേജർ കല്ലടി അബൂബക്കർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് അക്കര അബൂബക്കർ അധ്യക്ഷനായി. സിവിൽ പൊലീസ് ഓഫീസർ എ.ഫസലുറഹീം ക്ലാസെടുത്തു. പ്രധാനാധ്യാപിക ടി.കെ ആമിനക്കുട്ടി, പി.ഗീത, ഒ. ഇർഷാദ്, സീന, ശ്രീജ, രേഖ, പ്രഭാവതി, സാജിദ്, സുനിത സംബന്ധിച്ചു. അലി സ്വാഗതവും സ്റ്റാഫ് സെക്രട്ടറി പി. ലീന നന്ദിയും പറഞ്ഞു.

## അധ്യാപക ഒഴിവ്

ചാപ്പനങ്ങാടി: പി.എം.എസ്.എ. വി.എച്ച്.എസ്. സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.ടി. ജൂനിയർ ഇക്കണോമിക്സ് വിഷയത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള അഭിമുഖം നാളെ ഉച്ചക്ക് രണ്ട് മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും.

## ഐ.ടി.ഐ അപേക്ഷ 5 വരെ

പാലക്കാട്: പെരുമാട്ടി ഗവ ഐ.ടി.ഐയിൽ ആഗസ്റ്റ് 2024 വർഷത്തെ എൻ. സി. വി.ടി പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂലൈ അഞ്ച്. www.itiadmissions.kerala.gov.in എന്ന വിലാസത്തിൽ അപേക്ഷിക്കാം. അപേക്ഷ ഫീ 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് www.det.kerala.gov.in. ഫോൺ: 04923 234235, 9995452433



ഒറ്റപ്പാലം മണ്ഡലം വനിതാലീഗ് കൺവൻഷൻ മുസ്‌ലിംലീഗ് സംസ്ഥാന പ്രവർത്തകസമിതി അംഗം പി.എ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## നിയമസഭയിലും പാർലിമെന്റിലും സ്ത്രീകൾക്ക് 50% സംവരണം നടപ്പാക്കണം

ഒറ്റപ്പാലം: പാർലിമെന്റിലും നിയമസഭയിലും വനിതകൾക്ക് 50%സംവരണം നടപ്പാക്കണമെന്ന് ഒറ്റപ്പാലം നിയോജക മണ്ഡലം വനിതാലീഗ് കമ്മിറ്റി ആവശ്യപ്പെട്ടു. തോട്ടര മുസ്‌ലിംലീഗ് ഓഫീസിൽ ചേർന്ന വനിതാലീഗിന്റെ റൈസ്& ത്രയ്വ് കാമ്പയിന്റെ ഭാഗമായി നടന്ന കൺവൻഷൻ മുസ്‌ലിംലീഗ് സംസ്ഥാന പ്രവർത്തകസമിതി അംഗം പി.എ തങ്ങൾ ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലം വനിതാലീഗ് പ്രസിഡന്റ് പി.ടി സഫിയ അധ്യക്ഷയായി. മണ്ഡലം നിരീക്ഷക നബീസ ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. നിയോജകമണ്ഡലം മുസ്‌ലിംലീഗ് ജനറൽസെക്രട്ടറി സി.പി സാദിഖ്, സെക്രട്ടറി അബ്ദുല്ല ഷാക്കിർ, വനിതാലീഗ് ജില്ലാ വൈസ്പ്രസിഡന്റുമാരായ ഷീബ പാട്ടത്തൊടി, അനിത ഷൗക്കത്ത്, കരിമ്പുഴ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.സാജിറ, ഒറ്റപ്പാലം മുനിസിപ്പാലിറ്റി ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി ചെയർപേഴ്സൺ ഫൗസിയ, പി.ടി കമറുൽ ലൈല, ഹൈരുന്നിസ കുന്നത്ത്, കെ.ബിന്ദു, ശൈലജ ശിവശങ്കർ, അസ്മബി, സുലൈഖ, വി.ടി ബുഷറ, പി.റംല, കെ.ആത്തിക്ക, സി.ഫൗസിയ, കെ. ഫാത്തിമ, മൈമൂന, മണ്ഡലം വനിതാലീഗ് ജനറൽ സെക്രട്ടറി സുഹറ ഫിറോസ്, സുഹറ സൈതലവി പ്രസംഗിച്ചു.

## പെരിന്തൽമണ്ണയിൽ ക്ലസ്റ്റർ ബഹിഷ്കരണം പൂർണം

പെരിന്തൽമണ്ണ: ഉപജില്ലയിൽ ക്ലസ്റ്റർ ബഹിഷ്കരണം പൂർണ്ണം യു.പി അറബിക് സെക്ഷൽനിൽ ആർ.പിമാരില്ലാതെയാണ് ക്ലസ്റ്റർ പരിശീലനം നടന്നത്. എൽ.പിയിലും ഹൈസ്കൂളിലും നാമമാത്രമായ ആർ.പിമാരുടേയും അധ്യാപകരുടെയും പങ്കാളിത്തവുമാണുണ്ടായത്. വിരലിലെണ്ണാവുന്ന പങ്കാളിത്തത്തിൽ തന്നെ അപ്രൂവൽ അകാത്തവരും പ്രൊബേഷൻ കഴിയാത്തവരും പലരും ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്നവരുമാണ്. ഡിജിഇയുടെ ഭീഷണി സർകുലർ അവഗണിച്ചാണ് ക്ലസ്റ്റർ ബഹിഷ്കരിച്ചത്.പൊതു വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ക്ലസ്റ്റർ നടക്കുന്ന പെരിന്തൽമണ്ണ ബി.ആർ.സി അമ്മിനിക്കാട് യു.പി സ്കൂൾ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

കാലങ്ങളായി തുടരുന്ന പൊതു വിദ്യാഭ്യാസ രംഗത്തെ കേരളാ മോഡലിന് തുരങ്കം വക്കുന്ന ഏകീകരണമെന്ന പരിഷ്കാരത്തിൽ നിന്ന് സർക്കാറും വിദ്യാഭ്യാസ വകുപ്പും പിൻമാറുക,ഭരണപക്ഷ അധ്യാപക സംഘടനക്ക് സ്വാധീനമില്ലെന്ന കാരണത്താൽ മാത്രം മികച്ച രീതിയിൽ മുന്നോട്ടു പോകുന്ന ഹയർ സെക്കന്ററി മേഖലയെ ഇല്ലാതാക്കാനുള്ള നീക്കം ഉപേക്ഷിക്കുക,പാഠ്യ പദ്ധതി പരിഷ്കരണത്തിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കുക,പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുക , ക്ഷാമബത്ത കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക,ഹയർ സെക്കന്ററി മേഖലയിലെ സ്ഥാനക്കയറ്റ - തസ്തിക നിർണയ നടപടികൾ വേഗത്തിലാക്കുക,അധ്യാപക നിയമനങ്ങൾ അംഗീകരിക്കുക,പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ക്ലസ്റ്റർ ബഹിഷ്കരിച്ചത്. സംസ്ഥാന വ്യാപകമായി സംയുക്ത അധ്യാപക സമിതിയുടെയും പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെയും ആഭിമുഖ്യത്തിലാണ് ക്ലസ്റ്റർ ബഹിഷ്കരിക്കുന്നത്.

## ശുചീകരണ തൊഴിലാളി നിയമനം

മണ്ണാർക്കാട്: മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ ശുചീകരണ തൊഴിലാളികളുടെ നിയമന കാലാവധി അവസാനിച്ചതിനാൽ വീണ്ടും നിയമനം നടത്തുന്നതിനായി ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അടുത്ത് മാസം അഞ്ചിനകം അപേക്ഷ നഗരസഭയിൽ ലഭിച്ചിരിക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

## ഐഎംഎ കൊച്ചി ഡോക്ടേഴ്സ് ദിനാചരണം

കൊച്ചി: ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ മുതിർന്ന ഡോക്ടർമാരെ ആദരിക്കലും ഡോക്ടേഴ്സ് ദിനാചരണവും നാളെ കലൂർ ഐഎംഎ ഹൗസിൽ നടക്കും. രാത്രി 7.30ന് നടക്കുന്ന സമ്മേളനം മുരളി തുമ്മാരുകുടി ഉദ്ഘാടനം ചെയ്യും. ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. എം.എം ഹനീഷ് അധ്യക്ഷത വഹിക്കും. മുതിർന്ന ഡോക്ടർമാരായ ബെന്നി തോമസ്, ഇഡിക്കുള കെ മാത്യൂസ്, ടി എൽ പി പ്രഭു, ഗ്രേസി തോമസ് എന്നിവരെ ചടങ്ങിൽ ആദരിക്കും. ഐഎംഎ കൊച്ചി മുൻ പ്രസിഡന്റ് എസ് ശ്രീനിവാസ കമ്മത്ത്, ഐഎംഎ കൊച്ചി പ്രസിഡന്റ് ഇലക്ട് ജേക്കബ് അബ്രാഹം, ഐഎംഎ ഹൗസ് ചെയർമാൻ വി പി കുര്യെയ്പ്പ്, വുമൺ ഐഎംഎ ചെയർ പേഴ്സൺ മേരി സൈമൺ, ഐഎംഎ കൊച്ചി സെക്രട്ടറി ജോർജ് തുകലൻ, ട്രഷറർ സച്ചിൻ സുരേഷ് തുടങ്ങിയവർ സംസാരിക്കും.

## കൊച്ചി മെട്രോ ചിത്രരചനാ മത്സരം

കൊച്ചി: കൊച്ചി മെട്രോയുടെ വാർഷികാഘോഷങ്ങളുടെ ഭാഗമായി കലൂർ മെട്രോ സ്റ്റേഷൻ ഗ്രൗണ്ടിൽ നടക്കുന്ന കൊച്ചി മെട്രോ മെഗാ ഫുഡ് ഫെസ്റ്റിന്റെ ഭാഗമായി കുട്ടികളുടെ ചിത്രരചന മത്സരം സംഘടിപ്പിച്ചു.
കൊച്ചി മെട്രോ എന്ന തീം അടിസ്ഥാനമാക്കിയാണ് മത്സരം സംഘടിപ്പിച്ചത്. കൊച്ചി മെട്രോ റെയിൽ ഫിനാൻസ് ഡയറക്ടർ അന്നപൂരണി ഉദ്ഘാടനം ചെയ്തു. ബിജിപാൽ മുഖ്യാതിഥിയായിരുന്നു. കെഎംആർഎൽ ചീഫ് ജനറൽ മാനേജർ ഷാജി ജനാർദനൻ, ഷമീർ വളവത്ത്, കെ.പി ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.



# എടവനക്കാട്ടെ സമരം ഫലം കാണുന്നു, അടിയന്തര നടപടി സ്വീകരിക്കുമെന്ന് കളക്ടർ

കൊച്ചി: രൂക്ഷമായ കടലാക്രമണം നേരിടുന്ന എടവനക്കാട് പഞ്ചായത്തിൽ താത്കാലിക പരിഹാര നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമെന്ന് ജില്ലാ കളക്ടറുടെ ഉറപ്പ്. കടലാക്രമണം രൂക്ഷമായ സാഹചര്യത്തിൽ എടവനക്കാട് സമരസമിതിയുമായി നടത്തിയ ചർച്ചയിലാണ് ജില്ലാ കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്. പ്രശ്നത്തിൽ അടിയന്തര ഇടപെടലിനായി സർക്കാർ തലത്തിൽ പ്രശ്നം അവതരിപ്പിക്കുമെന്നും കളക്ടർ ചർച്ചയിൽ പറഞ്ഞു.
കടൽഭിത്തി നിർമിക്കാത്ത സർക്കാർ നിലാപാടിൽ പ്രതിഷേധിച്ച് പഞ്ചായത്തിൽ കഴിഞ്ഞ ദിവസം ജനകീയ സമിതി ഹർത്താൽ സംഘടിപ്പിച്ചിരുന്നു. ഇതേതുടർന്നാണ് ജനപ്രതിനിധികളെ കളക്ടർ ചർച്ചക്ക് വിളിച്ചത്.
പ്രശ്നത്തിന് താത്കാലിക പരിഹാരം എന്ന നിലയിൽ 330 മീറ്ററിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തി നിർമാണം 15 ദിവസത്തിനകം പൂർത്തിയാക്കും. 40 ലക്ഷം രൂപ ചെലവിലാണ് താത്കാലിക സംരക്ഷണ ഭിത്തി നിർമിക്കുക. തോട്ടിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കുന്നതിന് അഞ്ച് ലക്ഷം രൂപ ചെലവിൽ തോട് ശുചീകരണം ഏഴ് ദിവസത്തിനകം പൂർത്തിയാക്കും.
കടൽഭിത്തി തകർന്നു കിടക്കുന്ന മേഖലയിൽ കരിങ്കല്ല് ഉപയോഗിച്ച് ഭിത്തി നിർമിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതയും പരിശോധിക്കും. തകർന്നു കിടക്കുന്ന റോഡ് പുനർനിർമിക്കുന്നതുമായി ബന്ധപ്പെട്ട് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ എൻജിനീയർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അധികൃതർ എന്നിവരോട് പരിശോധന നടത്താൻ നിർദേശിച്ചിട്ടുണ്ട്.
കടലാക്രമണ ഭീഷണിയിൽ നിന്നുള്ള ശാശ്വത പരിഹാരം എന്ന നിലയിൽ രണ്ട് പദ്ധതി നിർദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. 56 കോടി ചെലവിൽ ടെട്രാപോഡ് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമിക്കുന്ന പദ്ധതിയും തീരദേശ വികസന കോർപറേഷന്റെ 230 കോടി രൂപയുടെ പദ്ധതിയും. തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതിക്കായി 40ശതമാനം തുക ജിഡയും 60% തുക കേന്ദ്ര സർക്കാരുമാണ് നൽകേണ്ടത്. കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ജില്ലാ കളക്ടർ യോഗത്തിൽ അറിയിച്ചു.
ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് ഹസീന അബ്ദുൾസലാം, വൈസ് പ്രസിഡന്റ് വി.കെ ഇക്ബാൽ, ഫോർട്ട്കൊച്ചി സബ് കളക്ടർ കെ.മീര, ഡെപ്യൂട്ടി കളക്ടർ വി.ഇ അബ്ബാസ്, മേജർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ബി.അബ്ബാസ്, സമരസമിതി അംഗങ്ങൾ പങ്കെടുത്തു.

## അങ്കമാലിയിൽ ചാരായ വേട്ട

അങ്കമാലി: ടൗണിലെ പള്ളിപ്പാട്ട് മോനച്ചൻ എന്ന വർഗീസിന്റെ വീട്ടിൽ നിന്ന് വെള്ളിയാഴ്ച രാത്രി 31 ലിറ്റർ ചാരായവും, 430 ലിറ്റർ വാഷും, വാറ്റുപകരണങ്ങളും ആലുവ സർക്കിൾ എക്സൈസ് സംഘം നടത്തിയ മിന്നൽ പരിശോധനയിൽ പിടിച്ചെടുത്തു. വീടിന്റെ ഒന്നാം നിലയിലായിരുന്നു അതീവ രഹസ്യമായി ചാരായം വാറ്റിയിരുന്നത്. എക്സൈസ് മേധാവിക്ക് രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയതായിരുന്നു മിന്നൽ പരിശോധന.
ചാരായം വാറ്റ് തുടങ്ങിയിട്ട് എത്ര നാളായിയെന്നും, മറ്റുമുള്ള വിവരങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർ അന്വേഷിച്ച് വരികയാണ്.

## കുന്നുകര എം ഇ എസ് എൻജിനീയറിങ് കോളജ്: കൊച്ചിയിൽ സ്പോട്ട് അഡ്മിഷൻ രണ്ടിന്

മട്ടാഞ്ചേരി: കുന്നുകര എംഇഎസ് എൻജിനീയറിങ് കോളേജിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 2ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെ പറവാന മുക്കിലെ (കപ്പലണ്ടിമുക്ക്) എംഇഎസ് താലൂക്ക് ഓഫിസിൽ വെച്ച് നടക്കും.ഇവിടെ നിന്ന് അഡ്മിഷൻ എടുക്കുന്ന എല്ലാ വിദ്യാർഥികൾക്കും കോളേജ് ബസ് സൗകര്യം സൗജന്യമാണ്. ദൂരെ നിന്നും വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള അർഹതപ്പെട്ട പെൺകുട്ടികൾക്ക് താമസവും ഭക്ഷണവും എംഇഎസ് ഹോസ്റ്റലിൽ സൗജന്യമായി നൽകും. പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് വഴി ട്യൂഷൻ ഫീസ് ഇളവ് നൽകുന്നതാണ്. കോളേജിന്റെ നേതൃത്വത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ജോലി നേടുവാൻ സൗകര്യമൊരുക്കുന്ന വിപുലമായ ട്രെയിനിങ് ആൻഡ് പ്ലേസ്മെന്റ് ഡിപ്പാർട്ട്മെൻറ് കോളേജിൽ പ്രവർത്തിക്കുന്നതായും ഭാരവാഹികൾ അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ: 72930 00900, 94477 81611.

## സീറ്റ് ഒഴിവ്

പെരുമ്പാവൂർ: തുരുത്തിപ്ലി സെന്റ് മേരീസ് കോളജിൽ ബി.എസ്.ഡബ്യൂ, എം.എസ്. ഡബ്യൂ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ബി.കോം, ബി.സി.എ., ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.ബി.എ., ബി.എ. ഇംഗ്ലീഷ്, എം.കോം, എം.എ. ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിവരങ്ങൾക്ക് 9072305206.

## അധ്യാപക ഒഴിവ്

പെരുമ്പാവൂർ: തുരുത്തിപ്ലി സെന്റ് മേരീസ് കോളേജ് ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡിസിൽ അധ്യാപക ഒഴിവുണ്ട്. കമ്പ്യൂട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് യോഗ്യത എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് / എം.സി.എ., ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് യോഗ്യത ബിരുദം, ഏതെങ്കിലും വിഷയത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം. താത്പര്യമുള്ളവർ ബയോഡേറ്റ 5നകം കോളജ് ഓഫീസിൽ നേരിട്ടോ stmarycms@gmail.com എന്ന മെയിലിൽ അയക്കുക. ഫോൺ: 9072305206.

## കെ. പോൾ തോമസ് സാധൻ ചെയർപേഴ്സൺ

കൊച്ചി: ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസിനെ മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ സംഘടനയും റിസർവ് ബാങ്ക് അംഗീകരിച്ച നിയന്ത്രണ സംവിധാനവുമായ സാധന്റെ ചെയർപേഴ്സണായി തിരഞ്ഞെടുത്തു. ന്യൂഡൽഹിയിൽ നടന്ന 26ാമത് വാർഷിക ജനറൽ ബോഡി യോഗത്തിലാണ് മുമ്പ് സാധന്റെ കോചെയർ ആയിരുന്ന പോൾ തോമസിനെ ചെയർപേഴ്സണായി നിയമിച്ചത്.

## സ്കൂൾ വിദ്യാർഥികൾക്ക് 2 ലക്ഷം രൂപ സമ്മാനിച്ചു

കാലടി: മഞ്ഞപ്ര നടമുറി എൽ.പി സ്കൂൾ വിദ്യാർഥികൾക്ക് സഹായമായി 2 ലക്ഷം രൂപ നൽകി. 25 കുട്ടികൾക്ക് ഒരു വർഷത്തേക്കുള്ള യാത്രാചിലവിലേക്കാണ് തുക നൽകിയിരിക്കുന്നത്.
ജില്ലാ അസോസിയേഷൻ (ഇ.ഡി.എ)കുവൈറ്റ്,എൻ.ആർ.ഐ അസോസിയേഷൻ അങ്കമാലി,എ.എൻ.ആർ.ഐ.എ അബുദാബി, എന്റെ ഗ്രാമം വാട്സ്ആപ് ഗ്രൂപ്പ് അയ്യമ്പുഴ, മിലാനൊ ഫുഡ് ലൈൻ മഞ്ഞപ്ര എന്നീ സംഘടനകൾ സ്ഥാപനങ്ങൾ നിരവധി വ്യക്തികളുടേയും സഹകരണത്തോടെ സ്കൂളിലെ പൂർവ്വ വിദ്യാർഥിസംഘടനയുടെ (സ്റ്റുഡൻസ് സപ്പോർട്ട് അസോസിയേഷൻ) നേതൃത്വത്തിലാണ് സഹായധനം സമാഹരിച്ച് നൽകിയത്.കഴിഞ്ഞ ദിവസം സ്കൂളിന്റെ വാർഷിക പൊതുയോഗത്തിൽ ലതീഷ് ചുള്ളി, എറണാകുളം ജില്ലാ അസോസിയേഷൻ തങ്കച്ചൻ ജോസഫ്, ബെന്നി ചെറിയാൻ, റിജു കാവാലിപ്പാടാൻ, നീതു ലതീഷ്,പ്രിൻസ് പോൾ,മഹേഷ് സുബ്രൻ,ബാബു മറ്റത്തിൽ,കെ.പി ഷാജി എന്നിവർ ചേർന്നാണ് തുക കൈമാറിയത്.
സ്കൂൾ മാനേജർ ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ, പ്രധാനാധ്യാപിക സിസ്റ്റർ റോസ് ലിൻഡ്, വാർഡ് മെമ്പർ സാജു കോളാട്ടുകുടി എന്നിവർ ചടങ്ങിൽ തുക ഏറ്റുവാങ്ങി.


എംഇഎസ് മെറിറ്റ് അവാർഡ് വിതരണം കെ.ജെ മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## എം.ഇ.എസ് മെറിറ്റ് അവാർഡ് വിതരണം

മട്ടാഞ്ചേരി:എം.ഇ.എസ്.കൊച്ചി താലൂക്ക് കമ്മിറ്റിയും എം ഇ എസ് കോളജ് കൊച്ചിയും സംയുക്തമായി സംഘടിപ്പിച്ച മെറിറ്റ് അവാർഡ് വിതരണം കെ.ജെ മാക്സി എം.എൽ.എ.ഉദ്ഘാടനം ചെയ്തു. പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്കാണ് അവാർഡ് നൽകിയത്.
താലൂക്ക് പ്രസിഡന്റ്കെ.എം ഹസൻ അധ്യക്ഷത വഹിച്ചു. കെ.എം ലിയാഖത്ത് അലിഖാൻ,കെ.എ മുഹമ്മദ് അഷറഫ്, ടി.എം സക്കീർ ഹുസൈൻ, എം.എം അഷറഫ്,കെ.എൽ ജോസഫ്, ഇ.എം നിസാർ,വി.യു ഹംസക്കോയ, മാർഗരറ്റ്,ബി.എച്ച് മുഹമ്മദ് നിസാർ, ഡോ.പി.കെ യാക്കൂബ്, വി.പി ബഷീർ,അബ്ദുൽ ജബ്ബാർ,കെ.എ സലീം, കെ.എം ഷാഹുൽ ഹമീദ്, എം.എം സലീം, ഷൈജു ഇരട്ടക്കുളം, കെ.ബി അഷറഫ്, ബി.എ ഹംസ, ജിബിൻ അഷറഫ് തുടങ്ങിയവർ പ്രസംഗിച്ചു.

## ബൈക്ക് മോഷണം; രണ്ടുപേർ പിടിയിൽ

അങ്കമാലി: ബൈക്ക് മോഷണം രണ്ട് പേർ അറസ്റ്റിൽ. ചാലക്കുടി ചന്ദനക്കുന്ന് ചെങ്കിനിയാടൻ ലിബിൻ (23), അതിരപ്പിള്ളി വെറ്റിലപ്പാറ പെരുമ്പിള്ളി വിഷ്ണു (അച്ചു 22) എന്നിവരെയാണ് അങ്കമാലി പൊലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 18ന് അങ്കമാലി റെയിൽവേ സ്റ്റേഷനു സമീപം പാർക്ക് ചെയ്ത ബൈക്കാണ് ഇവർ മോഷ്ടിച്ച് കടന്ന് കളഞ്ഞത്. തുടർന്ന് നമ്പർ പ്ലേറ്റ് മാറ്റി ഉപയോഗിച്ചുവരികയായിരുന്നു. വെള്ളിക്കുളങ്ങരയിൽ വച്ചാണ് ഇവർ പിടിയിലാകുന്നത്. ലിബിൻ പോക്സോ കേസിൽ പ്രതിയാണ്. രണ്ടു പേർക്കും മോഷണ കേസുകളുണ്ട്. ഇൻസ്പെക്ടർ പി.ലാൽകുമാർ, എസ്ഐ കെ.പി വിജു, സീനിയർ സിപിഒമാരായ പി.വി വിജീഷ്, ടി.പി ദിലീപ് കുമാർ , പി.എം സിജാസ്, അജിതാ തിലകൻ എന്നിവരാണ് അന്വേഷണ സംഘത്തിലുള്ളത്.

## ആദിശങ്കരക്ക് നേട്ടമായി വിദ്യാർത്ഥികളുടെ കണ്ടുപിടിത്തം


വികസിപ്പിച്ചെടുത്ത ഉപകരണവുമായി ആദിശങ്കരാ വിദ്യാർത്ഥികൾ

കാലടി: പ്രകൃതി ദുരന്തങ്ങളും മറ്റുമുണ്ടാകുമ്പോൾ ഭൂമിക്കടിയിലകപ്പെട്ടവരെ കണ്ടെത്തുന്നതിനുള്ള ഉപകരണം വികസിപ്പിച്ചെടുത്തിരിക്കുകയാണ് ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ അവസാനവർഷ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിദ്യാർഥികൾ.
ഹെലിക്യാം വഴിയും, ഭൂമിയിലൂടെ സഞ്ചരിക്കുന്ന റോവർ വഴിയും ഭൂമിക്കടിയിൽപെട്ടവരെ കണ്ടെത്താം. നിലവിലുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ പലപ്പോഴും ദുരിതബാധിത പ്രദേശങ്ങളിൽ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കാറില്ല. അതുകൊണ്ട് തന്നെ രക്ഷാ പ്രവർത്തനങ്ങൾ വഴിമുട്ടാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയാണ് വിദ്യാർത്ഥികളുടെ ഈ കണ്ടുപിടുത്തം. പ്രകൃതിദുരന്തങ്ങളുണ്ടായ പ്രദേശത്ത് ഇവർ വികസിപ്പിച്ച ഉപകരണം ഹെലിക്യാമിലോ റോവറിലോ ഘടിപ്പിച്ച് നിരീക്ഷണം നടത്തുന്നു. ആരെങ്കിലും ഭൂമിക്കടിയിലുണ്ടെങ്കിൽ മൈക്രോ വേവ് സെൻസറുകൾ വഴി മൊബൈലിൽ അലർട്ടായി സിഗ്നൽ വരും. അതുവഴി പെട്ടെന്നുതന്നെ രക്ഷാ പ്രവർത്തനം നടത്താനാകും. 4 കിലോമീറ്റർ മുകളിൽ വരെ സഞ്ചരിക്കാവുന്നതാണ് ഹെലിക്യാം. ഏത് ദുർഘട പാതയിലുടെയും സഞ്ചരിക്കാവുന്ന വിധമാണ് റോവർ നിർമിച്ചിരിക്കുന്നത്. എച്ച്.ഹരിത,ബി. അനന്തകൃഷ്ണൻ, കെ.എൻ അഭിലാഷ്, ഓംപ്രകാശ് ഉണ്ണികൃഷ്ണൻ എന്നിവർ ചേർന്നാണ് ഉപകരണം വികസിപ്പിച്ചത്. അസിസ്റ്റന്റ് പ്രൊഫസർമാരായ റ്റി. ഹിമ,അലൻ മാത്യു ജോർജ് എന്നിവർ വിദ്യാർത്ഥികൾക്ക് മാർഗനിർദേശങ്ങൾ നൽകി ഒപ്പമുണ്ടായിരുന്നു.

## സൂപ്പർ ലീഗ് കേരള: കൊച്ചി ടീമിനെ സ്വന്തമാക്കി പൃഥ്വിരാജ്

കൊച്ചി: സൂപ്പർ ലീഗ് കേരളയുടെ ഭാഗമായ കൊച്ചി എഫ്.സിയുടെ ഉടമയായി നടൻ പൃഥ്വിരാജും ഭാര്യ സുപ്രിയ മേനോനും.
കേരളത്തിലെ ഫുട്ബോളിനെ പ്രൊഫഷണൽ തലത്തിൽ ഉയർത്താനും താഴേക്കിടയിൽ ഫുട്ബോളിനെ വളർത്താനും സൂപ്പർ ലീഗ് കേരളക്ക് കഴിയുമെന്ന് പൃഥ്വിരാജ് പറഞ്ഞു. ഈ വർഷം ഓഗസ്റ്റ് അവസാനം മുതൽ ആരംഭിക്കുന്ന സൂപ്പർ ലീഗ് 60 ദിവസം നീണ്ടുനിൽക്കും.
നസ്ലി മുഹമ്മദ്, പ്രവീഷ് കുഴിപ്പള്ളി, ഷമീം ബക്കർ, മുഹമ്മദ് ഷൈജൽ എന്നിവരാണ് കൊച്ചി എഫ്സി ടീമിന്റെ സഹ ഉടമകൾ. കാലിക്കറ്റ് എഫ്സി, തൃശൂർ റോർ എഫ്സി, കണ്ണൂർ സ്ക്വാഡ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, മലപ്പുറം എഫ്സി എന്നിവയാണ് ലീഗിലെ മറ്റു ടീമുകൾ. ഇന്ത്യയിലെ ആദ്യമായാണ് ഒരു സംസ്ഥാനത്ത് ഫുട്ബോൾ ലീഗ് സംഘടിപ്പിക്കുന്നത്. നടൻ പൃഥ്വിരാജിന്റെ ലീഗിലെ പങ്കാളിത്തം യുവാക്കൾക്കിടയിൽ ടൂർണമെന്റിന് വലിയ പ്രചോദനവും ഊർജവും പകരുമെന്ന് സൂപ്പർ ലീഗ് കേരളയുടെ സിഇഒ മാത്യു ജോസഫ് പറഞ്ഞു. ഈ വർഷം ഓഗസ്റ്റ് അവസാനം മുതൽ ആരംഭിക്കുന്ന 60 ദിവസം നീണ്ടുനിൽക്കുന്ന സൂപ്പർ ലീഗ് കായിക കേരളത്തിന് ആവേശമാകുമെന്നും അദ്ദേഹം പറഞ്ഞു. ആഗോള ഫുട്ബോൾ കളിയാവേശങ്ങൾക്ക് സമാനമായി കേരളത്തിലും വരുന്ന സൂപ്പർ ലീഗ് കേരള പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് സുപ്രിയ മേനോൻ പറഞ്ഞു.
സൂപ്പർ ലീഗ് കേരളയുടെ ഭാഗമായി നടൻ പൃഥ്വിരാജിന്റെ സാനിധ്യം ലീഗിനെ കൂടുതൽ ആകർഷണീയമാക്കുമെന്നും ലോകമെമ്പാടുമുള്ള മലയാളികൾ ലീഗിന്റെ ഭാഗമാകാൻ ഇത് പ്രചോദനമാകുമെന്നും സൂപ്പർ ലീഗ് കേരള മാനേജിംഗ് ഡയറക്ടർ ഫിറോസ് മീരാൻ പറഞ്ഞു.



ഹൈബി ഈഡൻ എം.പി പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.

## പി ആന്റ് ടി കോളനി നിർമ്മാണ അഴിമതി: പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു

മട്ടാഞ്ചേരി: തോപ്പുംപടി മുണ്ടംവേലിയിലെ പി ആന്റ് ടി കോളനി സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങളിലെ അനാസ്ഥയും അഴിമതിയ്ക്കുമെതിരെ സായാഹ്ന ധർണ നടത്തി. ഹൈബി ഈഡൻ എം.പി ധർണ ഉദ്ഘാടനം ചെയ്തു.
17 കോടി മുടക്കി നിർമ്മാണം പുർത്തികരിച്ച് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സമുച്ചയം രണ്ട് മാസങ്ങൾ പിന്നിട്ടപ്പോൾ തന്നെ സെപ്റ്റിക്ക് മാലിന്യം ഒഴുകുന്ന അവസ്ഥയിലായി. തുടർന്ന് മഴ പെയ്ത് തുടങ്ങിയതോടെ അകത്തേക്ക് ചോർന്ന് വെള്ളം ഒഴുകുന്ന നിലയിലായിരിന്നു. പാവപ്പെട്ട ജനങ്ങളെ വഞ്ചിച്ച് ജി.സി.ഡി.എ യും സി.പി.എം ജില്ലാ കമ്മിറ്റിയും നടത്തിയ അഴിമതിയെ കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും, തുടർ സമരങ്ങളുമായി കോൺഗ്രസ് മുന്നോട്ട് പോകുമെന്നും ഹൈബി ഈഡൻ പറഞ്ഞു.
പി പി ജേക്കബ് അധ്യക്ഷത വഹിച്ചു.
ടി.ജെ. വിനോദ് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ദിപ്തി മേരി വർഗ്ഗീസ്, ഡൊമനിക്ക് പ്രസന്റേഷൻ, ടോണി ചമ്മിണി, തമ്പി സുബ്രഹ്മണ്യം, ഐ കെ രാജു, എം മുഹമ്മദ് കുട്ടി മാസ്റ്റർ, സുല കെ, സിബി കെ ഇബ്രാഹിം കുട്ടി, ജോസഫ് ആന്റണി, അജിത്ത് അമിർ ബാവ ,വി എച്ച് ഷിഹാബുദ്ധീൻ, കെ കെ കുഞ്ഞച്ചൻ, ആന്റണി കുരിത്തറ, ഷൈല തദ്ദേവുസ്,, അഭിലാഷ് തോപ്പിൽ ,കെ എ മനാഫ്, എം ആർ അഭിലാഷ്, എൻ ആർ ശ്രീകുമാർ, ജോൺ പഴേരി ,ഷാജി കുറുപ്പശേരി എന്നിവർ പ്രസംഗിച്ചു.
പി ആന്റ് ടി കോളനിയിലെ താമസക്കാരും സമരത്തിൽ പങ്ക് ചേർന്നു.



കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് മികവ് -2024 വിദ്യാഭ്യാസ അവാർഡ് വിതരണം ജസ്റ്റിസ് കെമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു

## മികവ് – 2024 വിദ്യാഭ്യാസ അവാർഡ് വിതരണം ചെയ്തു

കോതമംഗലം: ബ്ലോക്ക് പഞ്ചായത്ത് മികവ് -2024 വിദ്യാഭ്യാസ അവാർഡ് വിതരണം ജസ്റ്റിസ് കെമാൽ പാഷ ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ് ടൂ എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെയാണ് മെമന്റോ നൽകി അനുമോദിച്ചത്. ബ്ലോക്ക് പരിധിയിലുള്ള പത്ത് പഞ്ചായത്തുകളിൽ നിന്നും 700 വിദ്യാർഥികൾ പങ്കെടുത്തു.
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാരായ പി.കെ.ചന്ദ്രശേഖരൻ നായർ, മാമച്ചൻ ജോസഫ്, ജെസ്സി സാജു, കാന്തി വെള്ളകയ്യൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഡയാന നോബി, മുൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിസാ മോൾ ഇസ്മായിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ജോമി തെക്കേക്കര, സാലി ഐപ്,ജയിംസ് കോറമ്പേൽ, അംഗങ്ങളായ ആനിസ് ഫ്രാൻസീസ്, ലിസി ജോസഫ്, ബിഡിഒ ഡോ. അനുപം എസ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ബിന്ദു ശശി,എം.എസ് ബെന്നി, കെ.എ സിബി, നാസർ വട്ടെകാടൻ, ഷൈബി ഏലിയാസ്, ഗോപി മുട്ടത്ത്, ജോഷി പൊട്ടക്കൽ, നേതാക്കളായ ഷെമീർ പനക്കൽ ,എ.ടി.പൗലോസ്, അലി പടിഞ്ഞാറെചാലിൽ, കെ.ആർ. രാജേഷ്, കെ.കെ അമ്പിളി, ആൽബി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.



വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കോതമംഗലം ഗവൺമെന്റ് ആശുപത്രിക്ക് മുൻപിൽ ഐ.എൻ.ടി.യു.സി നടത്തിയ ധരണ സമരം ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. അബു മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

## ഓണംകുളം ഊട്ടിമറ്റം റോഡ് തകർച്ച

## നടപ്പാക്കാത്ത പ്രഖ്യാപനങ്ങൾക്കെതിരെ സെക്രട്ടേറിയറ്റ് പടിക്കൽ പ്രതിഷേധ സമരം നടത്തി

പെരുമ്പാവൂർ: നിയോജക മണ്ഡലത്തിൽ ഏറ്റവും തകർച്ചയുള്ള വെങ്ങോല പഞ്ചായത്തിലെ ഓണംകുളം ഊട്ടിമറ്റം റോഡ് പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വെങ്ങോല സ്വാശ്രയ മലയാളി റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ സെക്രട്ടേറിയറ്റ് പടിക്കൽ പ്രതിക്ഷേധ നിൽപ്പ് സമരം നടത്തി. മൂന്ന് പതിറ്റാണ്ടിലേറെയായി റോഡിന്റെ അറ്റകുറ്റപ്പണി നടത്താതുകൊണ്ട് പൊട്ടിപൊളിഞ്ഞ് കുണ്ടും കുഴികളും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതി. റോഡ് പുനർ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തിയിട്ടും അവഗണിച്ച അധികാരികളുടെ ഭാഗത്തു നിന്നും പ്രഖ്യാപനങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ സംസ്ഥാന ബജറ്റിൻ റോഡ് പുന:രുദ്ധാരണ പ്രഖ്യാപനം ഉണ്ടായിട്ടും തുടർന്ന് വേണ്ടത്ര തുക അനുവദിച്ചില്ല. സർക്കാർ നടത്തിയ നവകേരള സദസ്സിൽ പരാതി സമർപ്പിച്ചിട്ടും ഫലമുണ്ടായില്ല. മണ്ഡലത്തിലെ മറ്റ് റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടും ഏറ്റവും തകർന്ന ഈ റോഡിനെ അവഗണിച്ചു. ജനങ്ങൾ പ്രതിക്ഷേധവുമായി രംഗത്തുവരുമ്പോൾ നിയമസഭയിൽ സബ്മിഷനും പ്രഖ്യാപനവും നടത്തുന്ന അധികൃതർ ജനരോക്ഷം തണുപ്പിക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ദിവസം ചേർന്ന നിയമസഭയിൽ ചർച്ച ഉണ്ടായി എങ്കിലും പതിവു പ്രഖ്യാപനം മാത്രമാണ് കാണാൻ കഴിഞ്ഞത്. പ്രഖ്യാപനം മാത്രമല്ല വേണ്ടത് പ്രവർത്തിയാണ് എന്ന മുദ്രാവാക്യം ഉയർത്തി വെങ്ങോല സ്വാശ്രയ മലയാളി റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ നടത്തിയ സമരത്തിൽ മുൻപഞ്ചായത്ത് അംഗം ശിവൻകദളി, സന്തോഷ് വർഗീസ്, സി.എസ്. സുരേഷ്, പി.എ. മുരളി, സുനിൽ തുടങ്ങിയവർ പങ്കെടുത്തു.

## ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ: ഐ.എൻ.ടി.യു.സി കൂട്ടധർണ നടത്തി

കോതമംഗലം: കോതമംഗലം ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ അവസ്ഥ പരിഹരിക്കുക, പൊലീസ് സർജനെ നിയമിക്കുക, മരുന്നുകളുടെ ക്ഷാമം പരിഹരിക്കുക, ജീവനക്കാരുടെ അനാസ്ഥ അവസാനിപ്പിക്കുക, ഡയാലിസ് സെന്റർ തുറന്നു കൊടുക്കുക, അംഗപരിമതർക്ക് കൊടുക്കുവാനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അടിയന്തിരമായി മെഡിക്കൽ ബോർഡ് കൂടി ഉടൻ കൊടുക്കുക, എന്നി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി കോതമംഗലം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ താലൂക് ആശുപത്രിയ്ക്കു മുന്നിൽ പ്രതിഷേധ മാർച്ചും കൂട്ട ധർണ്ണയും നടത്തി.
മലയോര പ്രദേശമായ കോതമംഗലം ഗവൺമെന്റ് ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അപകടമരണം, അസ്വാഭാവിക മരണം എന്നിവ ഉണ്ടാകുമ്പോൾ മറ്റ് ആശുപത്രിയിലേക്ക് ബോഡി പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് വേണ്ടി ഈ ആശുപത്രിയിൽ നിന്ന് കൊണ്ടുപോവുക പതിവായിരിക്കുന്നു. ഇത് മാറ്റുവാൻ വേണ്ടി പൊലീസ് സർജനെ നിയമിക്കാൻ നടപടിയെടുക്കണം എന്ന് സമരക്കാർ ആവശ്യപ്പെട്ടു. ഐ. എൻ. ടി. യു. സി മുനിസിപ്പൽ മണ്ഡലം പ്രസിഡന്റ്
കെ വി. ആന്റണി അധ്യക്ഷത വഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറി അഡ്വ. അബു മൊയ്തീൻ ഉദ്ഘാടനം ചെയ്തു. എം.എസ്. എൽദോസ്, ചന്ദ്രലേഖ ശശിധരൻ, സീതി മുഹമ്മദ്, പിസി ജോർജ്, ശശി കുഞ്ഞുമോൻ, ജിജിസാജു, സിജെ എൽദോസ്, ബേസിൽ പാറേകുടി, കെ സി മാത്യൂസ്,അലി പടിഞ്ഞാറെ ചാലിൽ, സുരേഷ് ആലപ്പാട്ട്, ജിജോ കവളങ്ങാട് , ഗുണവതി ശിവദാസൻ, വിൽസൺ കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. അനേകം തൊഴിലാളികൾ പ്രകടനത്തിലും ധർണയിലും പങ്കെടുത്തു.

## ഞാറ്റുവേല ചന്ത തുടങ്ങി

നെടുമ്പാശേരി: പാറക്കടവ് പഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകസഭ, ഞാറ്റുവേല ചന്ത, ആഴ്ച ചന്ത, അഗ്രിഗേറ്റർ എന്നിവയുടെ ഉദ്ഘാടനം നടത്തി. വട്ടപ്പറമ്പ് കവലയിൽ നടന്ന ചടങ്ങിൽ പാറക്കടവ് പഞ്ചായത്ത് പ്രസിഡന്റ് എസ് വി ജയദേവൻ ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനം നടത്തി.

ആഴ്ച ചന്തയുടെ ആദ്യ വിൽപന എളവൂർ സഹകരണ ബാങ്ക് പ്രസിഡന്റ് പി വി ജോസ് നിർവ്വഹിച്ചു. വാർഡ് മെമ്പർ ഫിന റോസ് അധ്യക്ഷത വഹിച്ചു. പി അനിരുദ്ധൻ, കൃഷി ഓഫീസർ എം എ ഷീബ, കൃഷി അസിസ്റ്റന്റ് ഗോപകുമാർ എന്നിവർ സംസാരിച്ചു. ആലങ്ങാട് ആഗ്രോ സർവ്വീസ് സെന്ററിന്റെ നടീൽ വസ്തുക്കൾ മിതമായ വിലക്ക് ചന്തയിൽ ലഭ്യമാണ്.



പാറക്കടവ് കൃഷിഭവന്റെ ഞാറ്റുവേല ചന്ത എസ് വി ജയദേവൻ ഉദ്ഘാടന ചയ്യുന്നു.

## റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മുസിരിസ് സിറ്റി ഭാരവാഹികൾ

പറവൂർ: റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മുസിരിസ് സിറ്റിയുടെ 2024 –25 വർഷത്തെ ഭാരവാഹികളായി ആശിഷ് വിചിത്രൻ (പ്രസിഡന്റ്), ടി എം നിസാർ (സെക്രട്ടറി), ഡോ.വിനോദ് കുമാർ (ട്രഷറർ) എന്നിവർ ചുമതലയേറ്റു. ചടങ്ങിൽ റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് ഗവർണർ ഡോ.ജി എൻ രമഷ് മുഖ്യാതിഥിയായി.



# അപകടകരമായ മരങ്ങൾ മുറിക്കാൻ അടിയന്തര നടപടി വേണമെന്ന് ജനപ്രതിനിധികൾ

കൊച്ചി: ജില്ലയിൽ കനത്ത മഴയെ തുടർന്ന് കോതമംഗലം നേര്യമംഗലം വില്ലേജിൽ കാറിനു മുകളിൽ മരം വീണ് ഒരാൾ മരിക്കുകയും മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിന്റെ പശ്ചാത്തലത്തിൽ അപകടകരമായ നിലയിലുള്ള മരങ്ങൾ അടിയന്തരമായി മുറിച്ചുനീക്കാൻ ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനം. നേര്യമംഗലം വില്ലേജിൽ സമാനമായ രീതിയിൽ അപകടകരമായ നിലയിലുള്ള മരങ്ങളെക്കുറിച്ച് തഹസിൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.
അപകടകരമായ നിലയിലുള്ള മരം മുറിക്കുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കും. മറ്റു സ്ഥലങ്ങളിലും മനുഷ്യജീവന് അപകടകരമായ നിലയിലുള്ള മരങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് തയാറാക്കി മുറിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. അയ്യമ്പുഴ പ്ലാന്റേഷനിലേക്കുള്ള കെഎസ്ആർടിസി ബസും സ്വകാര്യ ബസും തമ്മിലുള്ള സമയത്തർക്കം പരിഹരിക്കണമെന്ന് റോജി ജോൺ എംഎൽഎ യോഗത്തിൽ ആവശ്യപ്പെട്ടു.
അങ്കമാലി-കരയാംപറമ്പ് ജങ്ഷനിലെയും അങ്ങാടിപ്പറമ്പത്ത് ജങ്ഷനിലെയും ഗതാഗത പരിഷ്ക്കാരങ്ങൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നും പഴയ രീതി പുനസ്ഥാപിക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടു. വടുതല, എളംകുളം മലിനജല സംസ്കരണ പ്ലാന്റിന്റെ ശേഷി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണെന്ന് ടി.ജെ. വിനോദ് എം.എൽ.എ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി കെഎംആർഎലും വാട്ടർ അതോറിറ്റിയും യോഗത്തിൽ അറിയിച്ചു.
ചേരാനെല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം ഒരു മാസത്തിനകം പൂർത്തിയാകുമെന്ന് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കെ-സ്മാർട്ട് സേവനങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു. മുറിക്കൽ ബൈപ്പാസിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനും ഏറ്റെടുക്കുന്നതിനായി കല്ലിട്ട നിശ്ചയിച്ച സ്ഥലങ്ങളിൽ ജിയോ ടാഗിംഗ് നടത്താനും മാത്യു കുഴൽനാടർ എംഎൽഎ ആവശ്യപ്പെട്ടു.
പെരുമ്പാവൂർ-കൂവപ്പടി റോഡിന്റെ അറ്റകുറ്റപ്പണി മുടങ്ങിയതുമായി ബന്ധപ്പെട്ട് കരാറുകാരനെതിരേ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ആവശ്യപ്പെട്ടു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.വി ശ്രീനിജിൻ എംഎൽഎ, ജില്ലാ പ്ലാനിങ് ഓഫീസർ എം.എം ബഷീർ തുടങ്ങിയവരും പങ്കെടുത്തു.

## സൈബർ തട്ടിപ്പിനെതിരെ ബോധവൽക്കരണം

മട്ടാഞ്ചേരി: തോപ്പുംപടി പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾക്കായി തോപ്പുംപടി പൊലീസ് സൈബർ തട്ടിപ്പിനെതിരെ ബോധവൽക്കരണം നടത്തി. തോപ്പുംപടി എസ് എച്ച് ഒ ഫിറോസ് ഉദ്ഘാഘാടനം ചെയ്തു. എസ് ഐ ജയലാൽ മുഖ്യ പ്രഭാഷണം നടത്തി. സൈബർ വോളന്റിയർ സിന്ധു, കൗൺസിലർ ഷീബ ഡ്യൂറോം, കെ പി ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു. സൈബർ തട്ടിപ്പിനിരയായി 40,000 രൂപ നഷ്ടപ്പെട്ട ശാന്തിനഗർ റസിഡന്റ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് വി കെ അബ്ദുൾ റഹിം തനിക്കുണ്ടായ ദുരനുഭവം അംഗങ്ങൾക്കായി പങ്ക് വെയ്ക്കുകയും സൈബർ തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

## ‘രാത്രി വൈകിയുള്ള ഭക്ഷണം ആരോഗ്യകരമാവണം’

കൊച്ചി: രാത്രി വൈകി ഭക്ഷണം കഴിക്കുമ്പോൾ പരാമവധി ശ്രദ്ധ വേണമെന്ന് പ്രശസ്ത നൂട്രീഷനിസ്റ്റ് രോഹിണി പാട്ടീൽ. രാത്രി ഭക്ഷണങ്ങളിൽ അനാരോഗ്യകരമായ ഓപ്ഷനുകൾ തിരഞ്ഞെടുക്കുന്നത് ശരീരഭാരം, പോഷണപരിണാമ പ്രശ്നങ്ങൾ, ദഹന പ്രശ്നങ്ങൾ എന്നിവയിലേക്ക് നയിച്ചേക്കാം. രാത്രിയിലെ ലഘു ഭക്ഷണത്തിനായി ബദാം, ഗ്രീക്ക് യോഗേർട്ട്, ചെറി തക്കാളി, കോട്ടേജ് ചീസ്, വേവിച്ച മുട്ട, കിവി എന്നിവ തിരഞ്ഞെടുക്കുന്നത് വിശപ്പിനെ തൃപ്തിപ്പെടുത്താനും, ശരീരഭാരം കുറയ്ക്കാനും സഹായിക്കുമെന്നും അവർ പറഞ്ഞു. പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ തടയുന്നതിനും, അനാവശ്യമായ വണ്ണം വർധിക്കുന്നത് ഒഴിവാക്കാനും ബദാം സഹായിക്കും. 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമാണ് ബദാം. മഗ്നീഷ്യം അടങ്ങിയിട്ടുള്ളതിനാൽ ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും ബദാം സഹായിക്കും. ഗ്രീക്ക് യോഗേർട്ടിലെ അമിനോ ആസിഡ് ട്രിപ്റ്റോഫാൻ നല്ല ഉറക്കത്തെ പ്രോത്സാഹിപ്പിക്കും. കലോറി കുറവായതിനാൽ രാത്രി വൈകിയുള്ള ലഘുഭക്ഷണത്തിനുള്ള മികച്ച തിരഞ്ഞെടുപ്പായിരിക്കും കോട്ടേജ് ചീസ്. വിറ്റാമിനുകൾ, ധാതുക്കൾ, നാരുകൾ എന്നിവയാൽ സമ്പുഷ്ടമായ കലോറി കുറഞ്ഞ പഴമാണ് കിവി. ഉയർന്ന പ്രോട്ടീനും കുറഞ്ഞ കലോറിയമുള്ള ഒരു സൗകര്യപ്രദമായ ഭക്ഷണ ഓപ്ഷനാണ് വേവിച്ച മുട്ടകളെന്നും അവർ പറഞ്ഞു.

## തുക അനുവദിച്ചു

പള്ളുരുത്തി: നമ്പ്യാപുരം റോഡ് ബിഎം ആന്റ് ബിസി നിലവാരത്തിൽ റീടാറിങ് ചെയ്യുന്നതിന് ഒരു കോടി രൂപ പി.ഡബ്ല്യു.ഡി അനുവദിച്ച് ഉത്തരവായതായി കെ.ബാബു എംഎൽഎ അറിയിച്ചു. റോഡ് റീടാർ ചെയ്യണമെന്ന് ജനങ്ങളുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു എന്ന് എംഎൽഎ പറഞ്ഞു.

## നഗരസഭയുടെ മൊബൈൽ ടെസ്റ്റിങ് ലാബ് വാഹനം നോക്ക് കുത്തി: വൻ പ്രതിഷേധം

മട്ടാഞ്ചേരി:നഗരത്തിലെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സി എസ് ആർ ഫണ്ട് 41 ലക്ഷം രൂപ ചിലവാക്കി നിർമിച്ച മൊബൈ ടെസ്റ്റിംഗ് ലാബ് വാഹനം പ്രവർത്തന രഹിതമെന്ന് ആക്ഷേപം.
ജനുവരിയിൽ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തെങ്കിലും നാളിത് വരെ പ്രവർത്തിക്കാൻ കഴിയാത്തത് നഗരസഭയുടെ കാര്യപ്രാപ്തി ഇല്ലായ്മയും ഭരണസമിതിയുടെ പരാജയമാണെന്നുമുള്ള ആരോപണവുമായി പ്രതിപക്ഷം രംഗത്തെത്തി.
സി എസ് ആർ ഫണ്ടുകൾ പോലും ഉപയോഗപ്രദമായി ചെലവഴിക്കാൻ കഴിയാത്ത മേയർ സാമ്പത്തിക പ്രതിസന്ധി എന്നു പറയുന്നത് ഭരണ പരാജയമാണെന്ന് പ്രതിപക്ഷ നേതാവ് ആന്റണി കുരീത്തറ പാർലമെന്ററി പാർട്ടി സെക്രട്ടറി എം.ജി അരിസ്റ്റോട്ടിൽ എന്നിവർ പറഞ്ഞു. ആഴ്ചയിൽ ഒരിക്കൽ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്ന് സേവനവും മത്സ്യ മാർക്കറ്റുകളുടെ പരിശോധനയ്ക്ക് ഫിഷറീസ് ഇൻസ്പെക്ടറുടെ സേവനവും ലഭ്യമാക്കുമെന്നു പറഞ്ഞ മേയർ ഫുഡ് സേഫ്റ്റി ഓഫിസറെ ലഭ്യമാക്കുന്നതിന് ഫുഡ് സേഫ്റ്റി കമ്മിഷ്ണർക്ക് നാളിതുവരെ ഒരു കത്തു പോലും നൽകിയിട്ടില്ലന്നും പ്രതിപക്ഷം ആരോപിച്ചു. ഇതുവരെ ടെക്നിക്കൽ അസിസ്റ്റന്റിനെ പോലും നിയമിച്ചിട്ടില്ല. ഇങ്ങനെ പോയാൽ അധികം വൈകാതെ ഈ വാഹനം തുരുമ്പ് കയറി നഷ്ടപ്പെട്ടു പോകുന്ന സാഹചര്യം ഉണ്ടാകുമെന്നും നഗരസഭയ്ക്ക് പ്രവർത്തിക്കാൻ കഴിയില്ലെങ്കിൽ ലാബ് ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറി വാഹനം ഉപയോഗപ്രദമാക്കണമെന്നും ' പ്രതിപക്ഷ കൗൺസിലർമാർ ആവശ്യപ്പെട്ടു.
കൗൺസിൽ അംഗീകാരം പോലുമില്ലാതെയാണ് മേയർ പ്രവൃത്തികൾ ചെയ്യുന്നതെന്നും ഇത് മുനിസിപ്പൽ നിയമത്തിന് എതിരാണെന്നും കൗൺസിലിനെ നോക്കുകുത്തിയാക്കി മേയർ എടുക്കുന്ന ഇത്തരം തീരുമാനങ്ങളെ നിയമപരമായി നേരിടുമെന്നും പ്രതിപക്ഷ നേതാവ് അഡ്വക്കേറ്റ് ആന്റണി കുരീത്തറയും പാർലമെന്ററി പാർട്ടി സെക്രട്ടറി എം ജി അരിസ്റ്റോട്ടിലും പറഞ്ഞു. സർക്കാർ ഫീസിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഫുഡ് സാമ്പിളുകളും കുടിവെള്ളവും പരിശോധിക്കുവാനുള്ള അവസരമാണ് ഇതുകൊണ്ട് നഷ്ടപ്പെടുന്നതെന്നും പ്രതിപക്ഷം ആരോപിച്ചു.




കൊച്ചി നഗരസഭ മൊബൈൽ ഫുഡ് ടെസ്റ്റിങ് ലാബ് വാഹനം.

## വിദ്യാഭ്യാസ അവാർഡ് വിതരണം

കാലടി: ഓൾ കേരള പേരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിങ്ങ് ഇമ്പയേർഡ് (അക്പാഹി)ജില്ലാ കമ്മിറ്റി വിദ്യാഭ്യാസ അവാർഡ് വിതരണവും അംഗത്വ വിതരണ കാമ്പയിനും നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.പഞ്ചായത്ത് പ്രസിഡന്റ് ഷേജൻ തോട്ടപ്പള്ളി അവാർഡുകൾ വിതരണം ചെയ്തു. അക്പാഹി സംസ്ഥാന പ്രസിഡന്റ് ബേബി ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എൻ.റ്റി ബോസ് മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.സംസ്ഥാന കമ്മിറ്റിയംഗം ആർ.കെ ശിവൻ, മാണിക്യമംഗലം സെന്റ് ക്ലെയർ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ അഭയ,പിടി എ പ്രസിഡന്റ് അനൂപ് കുമാർ എന്നിവർ സംസാരിച്ചു.

ജില്ലാ പ്രസിഡന്റ് എം.എം മുഹമ്മദ് ഷാഫി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി വനജ പ്രകാശ് സ്വാഗതവും എം.കെ സുരേഷ് കുമാർ കൃതജ്ഞതയും പറഞ്ഞു.

## വൈദ്യുതി മുടങ്ങും

കൊച്ചി: തേവക്കൽ സെക്ഷൻ പരിധിയിൽ വട്ടേക്കുന്നം, നേതാജി നഗർ, വി പി മരക്കാർ റോഡ്, ഡയറി മേത്താനം റോഡ്, സി പി നഗർ, ബീരാകുട്ടി റോഡ് എന്നിവിടങ്ങളിൽ രാവിലെ 9.30 മുതൽ ഉച്ചക്ക് 11.30 വരെ വൈദ്യുതി മുടങ്ങും.
സെൻട്രൽ സെക്ഷൻ പരിധിയിൽ പവർ ഹൗസ് റോഡ്, കെ കെ പത്മനാഭൻ റോഡ് എന്നിവിടങ്ങളിൽ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ വൈദ്യുതി മുടങ്ങും.




ആലുവ ചൂർണ്ണിക്കര പഞ്ചായത്തിലെ മുട്ടം തൈക്കാവ് കവലയിൽ നിന്ന് ആരംഭിച്ച നന്ദി പര്യടനം ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്യുന്നു.

## നന്ദി പര്യടനം ആലുവയിൽ പൂർത്തിയായി

ആലുവ: ചാലക്കുടി പാർലമെന്റ് മണ്ഡലത്തിൽ നിന്നും വിജയിച്ച ബെന്നി ബെഹനാൻ എം.പി ആലുവ നിയോജക മണ്ഡലത്തിലെ വോട്ടർമാരെ നേരിൽകണ്ട് നന്ദി പറയാൻ എത്തി ചേർന്നു. ചൂർണ്ണിക്കര പഞ്ചായത്തിലെ മുട്ടം തൈക്കാവ് കവലയിൽ നിന്ന് ആരംഭിച്ച നന്ദി പര്യടനം ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്തു. യു.ഡി.എഫ് നിയോജക മണ്ഡലം ചെയർമാൻ ലത്തീഫ് പൂഴിത്തറ അദ്ധ്യക്ഷത വഹിച്ചു. അൻവർ സാദത്ത് എം.എൽ എ , കെ.പി.സി.സി ജനറൽ സെക്രട്ടറി ബി.എ അബ്ദുൾ മുത്തലിബ്, മുൻസിപ്പൽ ചെയർമാൻ എം.ഒ ജോൺ, യുഡിഎഫ് നിയോജകമണ്ഡലം കൺവീനർ എം കെ എ ലത്തീഫ് , നേതാക്കളായ ബാബു പുത്തനങ്ങാടി, പി.ബി സുനീർ എം.ജെ ജോമി , അക്സർ മുട്ടം , പി.എ മുജീബ്, കെ.എൻ കൃഷ്ണകുമാർ, വി.പി ജോർജ്, ലിന്റോ പി ആന്റു, തോപ്പിൽ അബു, സി.പി നാസർ , കെ കെ ജമാൽ, രാജി സന്തോഷ്, നസീർ ചൂർണിക്കര,കെ.എസ് മുഹമ്മദ് ഷെഫീക്ക്, ലീഗ് നേതാക്കളായ ടി. എ ബഷീർ, അഷറഫ് വള്ളൂരാൻ, ടി. എ ജബ്ബാർ, എം. എ ഷാഹിം, മുജീബ് കുട്ടുമ്മശ്ശേരി, അബ്ദുൽ ഖാദർ, നാസർ മുട്ടത്തിൽ, കെ. കെ. ജമാൽ തുടങ്ങിയവർ സംസാരിച്ചു.

## വിലക്കയറ്റം നിയന്ത്രിക്കണം

കാലടി: നിത്യോപയോഗ വസ്തുക്കളുടെ വിലവർധനവ് പിടിച്ചുനിർത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ വനിതാഫോറം സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. തടഞ്ഞുവെച്ച ഗഡു ക്ഷേമാശ്വാസം(19 ശതമാനം)ഉടൻ അനുവദിക്കണമെന്നും പെൻഷൻ പരിഷ്കരണ നടപടികൾ ആരംഭിക്കണമെന്നും യോഗം നിർദ്ദേശിച്ചു.
വനിതാഫോറം സംസ്ഥാന പ്രസിഡന്റ് ടി.വനജ അധ്യക്ഷത വഹിച്ചു.ജനറൽ സെക്രട്ടറി എം.പി വേലായുധൻ ഉദ്ഘാടനം ചെയ്തു.അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.വി മുരളി,സംസ്ഥാന സെക്രട്ടറി ജോർജ് പി. എബ്രഹാം,ഫോറം സെക്രട്ടറി എം. വാസന്തി, സെക്രട്ടറിയേറ്റംഗം ടി. എസ് രാധാമണി, ഗിരിജ ജോജി,തങ്കമ്മ വേലായുധൻ, ഗീത കൊമ്മേരി,സി. പ്രേമവല്ലി, എം. കുഞ്ഞുമുത്തു,എസ്. എസ് ഗീതാഭായ്, ആലീസ് സക്കറിയ എന്നിവർ സംസാരിച്ചു.

## ജപ്പാൻ ജലവിതരണം മുടങ്ങി; വലഞ്ഞ് നാട്ടുകാർ

മുഹമ്മ: മുഹമ്മ പഞ്ചായത്ത് ഒൻപതാം വാർഡിൽ ജപ്പാൻ ജലവിതരണം മുടങ്ങിയത് ജനത്തെ വലക്കുന്നു. കായലോര വാർഡായതിനാൽ മറ്റ് ജലസ്രോതസുകളെ ആശ്രയിക്കാനാകാത്ത സ്ഥിതിയാണ്.
മുഹമ്മ ടൗണിലും സമീപ പ്രദേശങ്ങളിൽ നിന്നുമായി ജലം വിലക്ക് വാങ്ങി ഉപയോഗിക്കേണ്ട സ്ഥിതിയിലാണ് നാട്ടുകാർ. തോട്ടുമുഖപ്പിൽ തീരത്തെ വീടുകൾ വെള്ളക്കെട്ടിലായതും വിനയാണ്. ദിവസങ്ങളായി തുടരുന്ന മഴയിൽ തോടുകളിലെ മാലിന്യം പറമ്പുകളിൽ നിറയുകയാണ്. പൈപ്പ് പൊട്ടി ജലം പാഴാകുന്നതും മുഹമ്മയിൽ പതിവാണ്.
മുഹമ്മ അങ്ങാടിക്കടവ് തോട്ടുമുഖപ്പിൽ കായൽ തീര റോഡിൽ ജപ്പാൻ ജലവിതരണ പൈപ്പ് പൊട്ടി ഒലിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. ജലം നിരന്തരം ഒഴുകി റോഡ് തകർന്നു.മേഖലയിലെ വൈദ്യുതി പോസ്റ്റും അപകടാവസ്ഥയിലായി. ജനം പരാതിപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായാണ് ആക്ഷേപം.




കൂവപ്പടി ഗ്രാപഞ്ചയത്തിൽ ലൈഫ് പദ്ധതിയിൽ നിർമ്മിച്ച ഭവനങ്ങളുടെ താക്കോൽ ദാനം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. ടി. അജിത് കുമാർ എന്നിവർ ചേർന്ന് നിർവഹിക്കുന്നു.

## ലൈഫ് പദ്ധതി ഗുണഭോക്തൃ സംഗമം

പെരുമ്പാവൂർ: കൂവപ്പടി ഗ്രാപഞ്ചയത്തിൽ ലൈഫ് പദ്ധതിയിൽ പെട്ട ഗുണഭോക്തൃ സംഗമം നടത്തി. 120 ഭവനങ്ങൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി നടത്തിയ സംഗമം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിന്ധു അരവിന്ദ് അധ്യക്ഷത വഹിച്ചു. വീടുകളുടെ താക്കോൽ ദാനം ബ്ലേക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത് കുമാർ നിർവഹിച്ചു.
വൈസ് പ്രസിസന്റ് എം.ഒ. ജോസ്, അനു അബിഷ്, ബേബി തോപ്പിലാൻ, സിനി എൽദോ, കെ.പി. ചാർളി, ജിജി ശെൽവരാജ്, മായ കൃഷ്ണകുമാർ, പി.എസ്. നിത, മരിയ മാത്യു, ബിന്ദു കൃഷ്ണകുമാർ, ശശികല രമേശ്, ഹരിഹരൻ പടിക്കൽ, കെ.കെ. പ്രശാന്ത്, ആർ. ഗോപകുമാർ, ഷൈജി ജോയി, സൗമ്യ സുബാഷ് എന്നിവർ പ്രസംഗിച്ചു.



യുഎഇ അൽ ഐൻ സുന്നി സെന്റർ ജനറൽ സെക്രട്ടറി ടി കെ മൊയ്തീൻ ഹാജി പല്ലാർ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എറണാകുളം ജില്ലാ കാര്യാലയം സന്ദർശിച്ചപ്പോൾ.

## മൊയ്തീൻ ഹാജി പല്ലാർ സന്ദർശനം നടത്തി

പെരുമ്പാവൂർ: പ്രവാസ ലോകത്തെ സുന്നത്ത് ജമാഅത്തിന്റെ പ്രമുഖ നേതാവ് യുഎഇ അൽ ഐൻ സുന്നി സെൻറർ ജനറൽ സെക്രട്ടറി ടി.കെ. മൊയ്തീൻ ഹാജി പല്ലാർ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എറണാകുളം ജില്ലാ കാര്യാലയം സന്ദർശിച്ചു.

അത്തിപ്പറ്റ ഉസ്താദിന്റെ പുത്രൻ മുഹമ്മദ് ഫൈസി, നാട്ടിക ഉമർ ഹാജി, അഹമ്മദ് കുട്ടി ഹാജി എന്നിവരും ഒപ്പമുണ്ടായിരുന്നു.

ഓഫീസ് സെക്രട്ടറി അബ്ദുൽ കരീം മൗലവി, സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി സിയാദ് ചെമ്പറക്കി, മാടവന അബൂബക്കർ മുസ്ലിയാർ റിലീഫ് സെൽ ജനറൽ സെക്രട്ടറി കെ എം നാസർ, മനാഫ് ചെറുവേലികുന്ന്, അബ്ദുസ്സലാം കുമ്പശേരി, അബ്ദുൽ റസാഖ് ചെറുവേലിക്കുന്ന്,റസാക്ക് മുണ്ടേത്ത് എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.



രക്ഷയിൽ നടന്ന ചിത്രരചന ക്യാമ്പ് തോമസ് ബെർളി ഉദ്ഘാടനം ചെയ്യുന്നു.

## രക്ഷ 40-ാം വാർഷികം

മട്ടാഞ്ചേരി: ഭിന്ന ശേഷിയുള്ളവരുടെ ക്ഷേമത്തിന്നു വേണ്ടി കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന രക്ഷ എന്ന സ്ഥാപനത്തിന്റെ 40-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി മുപ്പതോളം ചിത്രകാരന്മാർ പങ്കെടുത്ത തത്സമയ ചിത്രരചനയും പ്രദർശനവും തോമസ് ബെർളി ഉദ്ഘാടനംചെയ്തു.

## എസ് കെ എം എം എ ജില്ലാ കമ്മിറ്റി ഇന്ന്

പെരുമ്പാവൂർ: സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ (എസ് കെ എം എം എ) എറണാകുളം ജില്ലാ കമ്മിറ്റി യോഗം ഇന്നു വൈകിട്ട് 4 മണിക്ക് മുടിക്കല്ലിലുള്ള സമസ്ത ജില്ലാ കാര്യാലയത്തിൽ ചേരുന്നതാണെന്ന് ജനറൽ സെക്രട്ടറി സിയാദ് ചെമ്പറക്കി അറിയിച്ചു.
എസ് കെ എം എം എ ജില്ലാ കൗൺസിൽ മീറ്റ്, ജില്ല റെയ്ഞ്ച് ക്യാമ്പുകൾ, പൊതു പരീക്ഷകളിൽ ടോപ് പ്ലസ് കിട്ടിയ വിദ്യാർത്ഥികളെ ആദരിക്കൽ എന്നിവ യോഗം ചർച്ച ചെയ്യും.



മലയാറ്റൂർ കൃഷിഭവൻ വഴി നടത്തിയ തൈവിതരണം പഞ്ചായത്ത് പ്രസിഡൻറ് വിൻസൻ കോയിക്കര ഉദ്ഘാടനം ചെയ്യുന്നു

## പ്ലാവിൻ തൈകളുടെ വിതരണം

കാലടി: മലയാറ്റൂർ കൃഷിഭവൻ വഴി വിവിധങ്ങളായ ബഡ് ചെയ്ത പ്ലാവിൻ തൈകൾ വിതരണം ചെയ്തു.വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര നിർവ്വഹിച്ചു.

പഞ്ചായത്തംഗം മിനി സേവ്യർ,കൃഷി ഓഫീസർ പോൾസൻ തോമസ്,കൃഷി അസിസ്റ്റന്റ് പി. ബിനോയ്,രഞ്ജു രാജൻ,അംഗിത് ബാബു എന്നിവർ സംസാരിച്ചു. വിയറ്റ്നാം സൂപ്പർ ഏർളി,ഗംലസ്, നങ്കടാങ്ക്,നാടൻ വരിക്ക എന്നിവയാണ് വിതരണം ചെയ്തത്.




മൗലാന ആസാദ് ലൈബ്രറിയിൽ വായനാനുഭവം പങ്ക് വെയ്ക്കുന്ന ചടങ്ങിൽ പി ഇസഡ് അസ്മ ടീച്ചറെ മട്ടാഞ്ചേരി എ എസ് ഐ ടി എൽ രത്നമണി ആദരിക്കുന്നു

## വായനാനുഭവം പങ്ക് വെച്ചു

മട്ടാഞ്ചേരി: വായനാപക്ഷാചരണത്തിന്റെ ഭാഗമായി മൗലാന ആസാദ് ലൈബ്രറി വനിതാവേദി സംഘടിപ്പിച്ച വായനാനുഭവം പങ്കുവെയ്ക്കൽ പരിപാട ലൈബ്രറി ഹാളിൽ മട്ടാഞ്ചേരി എ. എസ്. ഐ. ടി. എൽ. രത്നാമണി ഉദ്ഘാടനം ചെയ്തു.വനിതാവേദി ചെയർപേഴ്സൺ എ.സുമയ്യ അദ്ധ്യക്ഷത വഹിച്ചു. ജോസ്ഫിൻ ഫ്രാൻസിസ്, സിന്ധു രാജേഷ്, സീന മാധവൻ, ഗിരിജ കാരുവള്ളി, നസീറ നൗഷാദ്, ഷിഫ്ന ടി. ഹസൻ, സുനിത ഫൈസൽ എന്നിവർ വായനാനുഭവം പങ്കുവെച്ചു. ദശാബ്ദങ്ങളോളം അക്ഷര വെളിച്ചം പകർന്നു നൽകിയ പി.സെഡ്. അസ്മ ടീച്ചറെ വേദിയിൽ ആദരിച്ചു.

## സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന യുവാവ് അറസ്റ്റിൽ



ആൽബിൻ ജോയിസ്

പാലാ : ബൈക്കിലെത്തി സ്ത്രീകളെ കയറിപ്പിടിച്ച് കടന്നുകളഞ്ഞിരുന്ന യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. വാഴൂർ ചാമംപതാൽ തെള്ളക്കയം ഭാഗത്ത് ഇടപ്പാടി കരോട്ട് വീട്ടിൽ ആൽബിൻ ജോയിസിനെയാണ് (20) പാലാ പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞ ദിവസങ്ങളിലായി വഴിയിലൂടെ നടന്നുപോകുന്ന സ്ത്രീകളെ ബൈക്കിൽ പിന്തുടർന്നെത്തി, ഇവരുടെ ശരീരത്തിൽ കടന്നുപിടിച്ച്ഞൊടിയിടയിൽ സ്ഥലത്തുനിന്നും കടന്നുകളയുകയായിരുന്നു.

വീട്ടമ്മയുടെ പരാതിയെ തുടർന്ന് പാലാ പോലീസ് നടത്തിയ ശാസ്ത്രീയമായ പരിശോധനയിലൂടെ ഇയാളെ തിരിച്ചറിയുകയും, തുടർന്ന് പിടികൂടുകയുമായിരുന്നു. ഇയാൾക്കെതിരെ മറ്റു സ്ത്രീകളും പരാതി നൽകിയിരുന്നു. പാലാ സ്റ്റേഷൻ എസ്.എച്ച്.ഓ ജോബിൻ ആന്റണി, എ.എസ്.ഐ അഭിലാഷ്, സി.പി.ഓ മാരായ അരുൺകുമാർ, സജിത്ത്, അനൂപ് സി.ജി, അരുൺ സി.എം, ശ്യാം.എസ്. ലാൽ എന്നിവർ ചേർന്നാണ് ഇയാളെ പിടികൂടിയത്.

കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## ലാബ് ടെക്നീഷ്യൻ നിയമനം

കോട്ടയം: തോട്ടയ്ക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതിന് ജൂലൈ നാല് ഉച്ചകഴിഞ്ഞു രണ്ടുമണിക്ക് അഭിമുഖം നടത്തും.

വിദ്യാഭ്യാസയോഗ്യത: ബി.എസ്.സി. എം.എൽ.ടി/ഡി.എം.എൽ.ടി. (പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർ ആകണം.) പ്രവർത്തിപരിചയം ഉള്ളവർക്കും പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സ്ഥിരതാമസക്കാരായവർക്കും മുൻഗണന. അഭിമുഖത്തിന് യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുമായി ഹാജരാകണം.

# കോട്ടയം വാർത്തകൾ

## ബിന്ദു ജയകുമാറിനെയും മേഴ്സി എബ്രഹാമിനെയും സസ്പെൻഡ് ചെയ്തു

തിരുവല്ല: നഗരസഭ വൈസ് ചെയർമാൻ തിരഞ്ഞെടുപ്പിൽ ഡി.സി.സി പ്രസിഡൻറ് നൽകിയ വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത മുൻ നഗരസഭ ചെയർപേഴ്സൺ ബിന്ദു ജയകുമാർ, കടപ്ര പഞ്ചായത്ത് വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ വിപ്പ് ലംഘിച്ച് വോട്ട് ചെയ്യാൻ വരാതിരുന്ന പഞ്ചായത്ത് അംഗം മേഴ്സി എബ്രഹാം എന്നിവരെ കോൺഗ്രസ് പാർട്ടിയിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്തതായി ഡി.സി.സി പ്രസിഡൻറ് പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ അറിയിച്ചു.

## സംരംഭകത്വ വികസനത്തിന് എം.ജി ജിഎഡിവിഎഎസ് യു ധാരണ

കോട്ടയം: പാലിന്റെ മൂല്യവർധിത ഉത്പന്നങ്ങളിൽ അധിഷ്ഠിതമായ സംരംഭകത്വ വികസനത്തിന് മഹാത്മാ ഗാന്ധി സർകവലാശാലയും പഞ്ചാബിലെ ഗുരു അംഗദ് ദേവ് വെറ്ററിനറി ആൻറ് ആനിമൽ സയൻസ് സർവകലാശാലയും(ജിഎഡിവിഎഎസ്യു) തമ്മിൽ ധാരണയായി.

ലുധിയാനയിലെ സർവകലാശാലാ ആസ്ഥാനത്ത് എൻറർപ്രണർഷിപ്പ് ഗ്രാൻറ് ചലഞ്ചിൻറെ ഭാഗമായി നടന്ന സെമിനാറിനോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻറർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ ജിഎഡിവിഎസ് യു ഗവേഷണ വിഭാഗം അഡീഷണൽ ഡയറക്ടർ ഡോ. ആർ.എസ് സേത്തിക്ക് ധാരണാപത്രം കൈമാറി.

ജിഎഡിവിഎസ്യു വൈസ് ചാൻസലർ ഡോ. ഇന്ദർജീത്ത് സിംഗ്, പഞ്ചാബ് കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. സത്ബീർ സിംഗ് ഗോസൽ, പഞ്ചാബ് സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധികൾ, ബിഐഐസി പ്രതിനിധികളായ ഡോ. ചന്ദന, എബിൻ ജോൺ വർഗീസ് എന്നിവർ പങ്കെടുത്തു.

എംജി സർവകലാശാലയുടെ സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് ധാരണാ പത്രം ഒപ്പുവച്ചതെന്ന് ഡോ. രാധാകൃഷ്ണൻ പറഞ്ഞു

## ഗസ്റ്റ് അധ്യാപക ഒഴിവ്


ചങ്ങനാശ്ശേരി: എസ്.ബി കോളജിൽ ഫിസിക്സ്,മാത്തമാറ്റിക്സ് വിഭാഗത്തിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. അപേക്ഷകർ ഡെപ്യൂട്ടി ഡിസിഇ, കോട്ടയം ഗസ്റ്റ് പാനലിൽ പേര് രജിസ്റ്റർ ചെയ്തവരായിരി ക്കണം. പി.എച്ച്.ഡി/നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. താല്പ ര്യമുള്ളവർ www.sbcollege.ac.in എന്ന കോളജ് വെബ് സൈറ്റിൽ ലഭിക്കുവാൻ അപേക്ഷാ ഫോറം പൂരിപ്പിച്ച് കോട്ടയം ഗസ്റ്റ് പാനലിൽ പേര് രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ്,എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് അസ്സൽ എന്നിവ സഹിതം ജൂലൈ 4 രാവിലെ 9.30 ന് കോളജ് ഓഫീസിൽ ഹാജരാകണം.

## സമസ്ത സ്ഥാപക ദിനാചാരണം നടത്തി

ചങ്ങനാശേരി:സമസ്തകേരള ജംഇയ്യത്തുൽ ഉലമ സ്ഥാപക ദിനാചാരണം വിപുലമായി നടത്തി.

കോട്ടയം ജില്ല ട്രഷറർ അബു ശമ്മാസ് മുഹമ്മദാലി മൗലവി ഉദ്ക്കാടനം ചെയ്തു. ഓ എം ഷെരീഫ് ദാരിമി അധ്യക്ഷത വഹിച്ചു.ഷെരീഫ് കുട്ടി ഹാജി, മൂഹിയിദ്ധീൻ ബാഖവി, വി പി സുബൈർ മൗലവി, പി എ സുബൈർ മൗലവി, സക്കീർ ഹുസൈൻ മൗലവി, ടി പി ഷാജഹാൻ,റെജി പട്ടേൽ, നൂറുദ്ധീൻ, മുഹമ്മദ് അലി കാശിഫി, കെ കെ കൊച്ചുണ്ണി, മഅ്മൂൺ ഹുദവി, ഹാരിസ് അബ്രാരി, അൻവർ തലയോലപ്പറമ്പ്, നസീർ മണകുന്നം, യുസുഫ് ദാരിമി തുടങ്ങിയവർ സംസാരിച്ചു

## മോട്ടോർ മോഷണം: രണ്ടു പേർ അറസ്റ്റിൽ





മോഹനൻ, രമേഷ്

ഈരാറ്റുപേട്ട : വെള്ളം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന മോട്ടോർ മോഷ്ടിച്ച കേസിൽ രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തു. പൂഞ്ഞാർ തെക്കേക്കര ഭാഗത്ത് മാമൂട്ടിൽ വീട്ടിൽ മോഹനൻ എം.ഡി (58),പൂഞ്ഞാർ തെക്കേക്കര ഭാഗത്ത് കൊച്ചുപറമ്പിൽ വീട്ടിൽ രമേഷ് കെ.ആർ (40) എന്നിവരെയാണ് ഈരാറ്റുപേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

ഇവർ കഴിഞ്ഞ ദിവസം പൂഞ്ഞാർ,നടുഭാഗം ഭാഗത്തുള്ള ആൾതാമസം ഇല്ലാത്ത പുരയിടത്തിൽ പന്നിഫാമിലെ ആവശ്യത്തിനുവേണ്ടി കിണറിന് സമീപം ഇരുന്ന വെള്ളം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന 18,000 രൂപ വിലയുള്ള മോട്ടോർ മോഷ്ടിച്ചുകൊണ്ട് കടന്നുകളയുകയായിരുന്നു. പരാതിയെ തുടർന്ന് ഈരാറ്റുപേട്ട പോലീസ് നടത്തിയ ശാസ്ത്രീയമായ പരിശോധനയിലൂടെ മോഷ്ടാക്കളെ തിരിച്ചറിഞ്ഞ് പിടികൂടുകയുമായിരുന്നു.

ഇവർ മോഷണം ചെയ്ത മോട്ടോർ വിൽപ്പന നടത്തിയ കടയിൽ നിന്നും പോലീസ് കണ്ടെടുത്തു.

ഈരാറ്റുപേട്ട സ്റ്റേഷൻ എസ്.ഐ ജിബിൻ തോമസ്, ബ്രഹ്മദാസ് പി.എം, എ.എസ്.ഐ രമാ വേലായുധൻ, സി.പി.ഓ മാരായ ബിന്ദു, അജേഷ്കുമാർ, അനൂപ് സത്യൻ, ഷാനവാസ് വി.എച്ച്, എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്.

കോടതിയിൽ ഹാജരാക്കിയ ഇവരെ റിമാൻഡ് ചെയ്തു.




മെക്ക കോട്ടയം ജില്ലാ കൺവൻഷനോടനുബന്ധിച്ച് നടന്ന മുസ്‌ലിം നേതൃസംഗമം സംസ്ഥാന പ്രസിഡന്റ് പ്രൊഫ (ഡോ) പി നസീർ ഉദ്ഘാടനം ചെയ്യുന്നു

## സാമുദായിക മൈത്രി തകർക്കാനുള്ള നീക്കം ആപത്ത് : മെക്ക

കോട്ടയം : കേരളത്തിന്റെ സാമുദായികമൈത്രി തകർക്കാനുള്ള നീക്കം അങ്ങേയറ്റം ആപൽകരവും അപലപനീയവുമാണെന്ന് മെക്ക കോട്ടയം ജില്ലാ കൺവൻഷനോടനുബന്ധിച്ച് നടന്ന മുസ്‌ലിം നേതൃസംഗമം അഭിപ്രായപ്പെട്ടു.

സമുദായ നേതാക്കൾതന്നെ തെറ്റിദ്ധാരണകളും കുപ്രചരണങ്ങളും നടത്തി കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം കലുഷിതമാക്കുമ്പോഴും സർക്കാർ പുലർത്തുന്ന നിസംഗതയിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. സർക്കാർ മുൻകൈയ്യെടുത്തു രൂപീകരിച്ച നവോത്ഥാന സംരക്ഷണ സമിതിയുടെ അധ്യക്ഷസ്ഥാനത്തു നിന്നും വെള്ളാപ്പള്ളി നടേശനെ പുറത്താക്കണമെന്നും യോഗം ആവശ്യപ്പെട്ടു. 2021ൽ പൂർത്തിയാക്കേണ്ടിയിരുന്ന ദശവാർഷിക സെൻസസ് അടിയന്തരമായി നടപ്പാക്കുകയും സാമൂഹിക സാമ്പത്തിക ജാതി സെൻസസും നടപ്പാക്കണം.സർക്കാർ സർവ്വീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കാൻ സർക്കാർ സന്നദ്ധമാകണമെന്നും യോഗം ആവശ്യപ്പെട്ടു.

മെക്ക സംസ്ഥാന ജനറൽ സെക്രട്ടറി എം അഖ്നിസിന്റെ അധ്യക്ഷതയിൽ നടന്ന സംഗമം സംസ്ഥാന പ്രസിഡന്റ് പ്രൊഫ (ഡോ) പി നസീർ ഉദ്ഘാടനം ചെയ്തു. ഹെഡ് ക്വാർട്ടേഴ്സ് സെക്രട്ടറി എൻ കെ അലി ആമുഖഭാഷണം നടത്തി.

വിവിധ സംഘടനാനേതാക്കളായ മുഹമ്മദ് നദീർ മൗലവി ഈരാറ്റുപേട്ട, എം എ നൗഫൽ,എൻ ഹബീബ്,നൂറുദീൻ മേത്തർ,സാദിഖ് മൗലവി അൽഖാസിമി,അമീൻ ഷാ കോട്ടയം,അൻവർ താഴത്തങ്ങാടി,ഇബ്രാഹീം കുട്ടി കുലശേഖരപുരം, അൻഷാദ് അതിരമ്പുഴ, അഡ്വ മുജീബ് റഹുമാൻ,എം എസ് നൗഷാദ്,കലാം തലയോലപ്പറമ്പ്,റാഷിദ് കുമ്മനം,അഡ്വ മുസ്തഫ,ഡോ ഇ സുലൈമാൻ,ഡോ ദിൽഷാദ്,ഡോ എ നിസാറുദീൻ,പി പി എം നൗഷാദ് എന്നിവർ സംസാരിച്ചു.

സംഗമത്തിന് മെക്ക സംസ്ഥാന ഭാരവാഹികളായ പ്രൊഫ ഇ എ റഷീദ്, എം എ ലത്തീഫ്, കടയ്ക്കൽ ജുനൈദ്,ടി എ അസീസ്, എ എസ് എ റസാഖ്, എ എം ആരീഫ്,വി കെ അലി, ജുനൈദ് ഖാൻ, എം മഹ്മൂദ്, എം എം ഖാൻ, എം എ സലാം ക്ലാപ്പന എന്നിവർ നേതൃത്വം നൽകി.

## നടപ്പാതകൾ കൈയേറുന്നതിനെതിരെ നടപടി വേണം: ജില്ലാ വികസന സമിതി



ജില്ലാ വികസന സമിതി യോഗത്തിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് സംസാരിക്കുന്നു. അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി, സി.കെ. ആശ എം.എൽ.എ. ജില്ലാ കളക്ടർ വി. വിഗ്നേശ്വരി, സബ് കളക്ടർ ഡി. രഞ്ജിത്ത്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ബീന പി. ആനന്ദ്, അസിസ്റ്റന്റ് പ്ലാനിങ് ഓഫീസർ പി.എ. അമാനത്ത് എന്നിവർ സമീപം.

കോട്ടയം: റോഡുകളുടെ അറ്റകുറ്റപണികൾ വേഗത്തിൽ പൂർത്തിയാക്കണമെന്നും അപകടകരമായ മരങ്ങൾ ഉടൻ തന്നെ മുറിച്ചുമാറ്റണമെന്നും നടപ്പാതകൾ കൈയേറുന്നതിനെതിരേ നടപടി വേണമെന്നും ജില്ലാ വികസന സമിതി യോഗത്തിൽ ആവശ്യം.

ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി അധ്യക്ഷത വഹിച്ചു. താലൂക്ക് വികസന സമിതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണമെന്നു ജില്ലാ കളക്ടർ നിർദേശിച്ചു. താലൂക്ക് സമിതികളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ലെന്ന് ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടിയതോടെ താലൂക്ക് തല സമിതികൾ പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

വിനോദസഞ്ചാരികൾക്കു കൂടി ഉപകാരപ്രദമാകുന്ന തരത്തിൽ കുമരകം മൂന്നാർ റൂട്ടിൽ റോഡ് സംബന്ധിച്ച സാധ്യതകൾ പരിശോധിക്കണമെന്നു അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി. ആവശ്യപ്പെട്ടു.

മഴ കനത്തതോടെ കച്ചവടക്കാർ നടപ്പാതകൾ കൈയേറിയിരിക്കുകയാണെന്നും വിദ്യാർഥികൾക്കും കാൽനടയാത്രക്കാർക്കും ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ഇതിനെതിരേ കർശന നടപടി സ്വീകരിക്കമെന്നും സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ആവശ്യപ്പെട്ടു. പഴയ ക്വാറികൾ ഉപക്ഷേിക്കപ്പെട്ട സ്ഥലത്തെ കുളങ്ങളിൽ മുങ്ങിമരണങ്ങളുണ്ടാകുന്നതു പതിവാണ്. ക്വാറികൾക്ക് ലൈൻസ് നൽകുമ്പോൾ തന്നെ ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാനുള്ള വ്യവസ്ഥകൾ കൊണ്ടുവരണം. പൊന്തൻപുഴ വനാതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കു പട്ടയം നൽകുന്നതിനായി ഫീൽഡ് സർവേ നടപടികൾ ആരംഭിച്ചായി യോഗം അറിയിച്ചു. കാട്ടിക്കുന്ന് തുരുത്തേൽ പാലത്തിന്റെ അനുബന്ധ റോഡിനായുള്ള സർവേ നടപടികൾ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കുമെന്ന് സി.കെ. ആശ എം.എൽ.എയെ യോഗം അറിയിച്ചു. ടോൾ ചെമ്മനാകരി റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലുണ്ടാകണമെന്ന് സി.കെ. ആശ എം.എൽ.എ. ആവശ്യപ്പെട്ടു. യുടെ ചോദ്യത്തിനു മറുപടിയായി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. ജോബ് മൈക്കിൾ എം.എൽ.എ,അഡ്വ. സെബാസ്റ്റിയൻ കുളത്തുങ്കൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസ് പുത്തൻകാല, സബ് കളക്ടർ ഡി. രഞ്ജിത്ത്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ബീന പി. ആനന്ദ്, അസിസ്റ്റന്റ് പ്ലാനിങ് ഓഫീസർ പി.എ. അമാനത്ത്, ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു കെ പി എസ് ടി.എ ജില്ലാ കമ്മിറ്റി കോട്ടയത്ത് ഡി ഡി ഇ ഓഫീസ് മാർച്ചിന്റെ ഭാഗമായി നടത്തിയ ധർണ്ണ അഡ്വ കെ ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്യുന്നു




തിരുവല്ലയിൽ ക്ലസ്റ്റർ ബഹിഷ്കരിച്ച അധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിന് മുമ്പിൽ നടത്തിയ ധർണ പത്തനംതിട്ട ഡിസിസി ജനറൽ സെക്രട്ടറി അഡ്വ.സതീഷ് ചാത്തങ്കരി ഉദ്ഘാടനം ചെയ്യുന്നു

## പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണം: അധ്യാപകർ ക്ലസ്റ്റർ ബഹിഷ്കരിച്ചു

തിരുവല്ല: തുടർച്ചയായ ആറാം പ്രവർത്തി ദിനത്തിലെ ക്ലസ്റ്റർ ബഹിഷ്കരിച്ച അധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ അംഗീകരിച്ച അധ്യയന സമയം ആലോചനയില്ലാതെ വർധിപ്പിച്ചതാണ് സംസ്ഥാന വ്യാപക പ്രതിഷേധത്തിന് കാരണമായിരിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയേ തകർക്കുന്ന ഹൈസ്കൂൾ ഹയർസെക്കന്ററി ലയനം ഉപേക്ഷിക്കുക, പങ്കാളിത്തെ പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, ഡി എ കുടിശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളും അധ്യാപകർ ധർണയിൽ ഉന്നയിച്ചു.

ജില്ലാ പ്രസിഡണ്ട് ഫിലിപ്പ് ജോർജ് അധ്യക്ഷത വഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറി അഡ്വ.സതീഷ് ചാത്തങ്കരി ഉദ്ഘാടനം നിർവഹിച്ചു. സെക്രട്ടറി എസ്. പ്രേം,സ്ഥാന നിർവാഹക സമിതി അംഗങ്ങളായ വർഗീസ് ജോസഫ്, വി.ജി കിഷോർ, എസ് ദിലീപ്കുമാർ,സി.കെ ചന്ദ്രൻ,ബിറ്റി അന്നമ്മ തോമസ്, പ്രീത ബി നായർ, സി.കെ ചന്ദ്രൻ, സംസ്ഥാന വനിത ഫോറം കൺവീനർ എസ് ചിത്ര, ട്രഷറർ ഫ്രെഡി ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

## കെ.എസ്.ടി.യു അഭിനന്ദിച്ചു

കോട്ടയം: ഏകപക്ഷീയവും വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധവുമായ അക്കാദമിക കലണ്ടർ പിൻവലിക്കണമെന്നാവശ്യപ്പെട്ടു ക്ലസ്റ്റർ പരിശീലനം ബഹിഷ്കരിച്ച മുഴുവൻ അധ്യാപകർക്കുംകെ എസ് ടി യു കോട്ടയം ജില്ലാ കമ്മിറ്റി അഭിനന്ദിക്കുന്നതായി ജില്ലാ പ്രസിഡണ്ട് നാസർ മുണ്ടക്കയം അറിയിച്ചു.

## ജോൺസ് ജോർജ് കുന്നപ്പള്ളിൽ കെ എസ് സി സംസ്ഥാന പ്രസിഡണ്ട്



ജോൺസ് ജോർജ് കുന്നപ്പള്ളിൽ

കോട്ടയം: കെ എസ് സി സംസ്ഥാന പ്രസിഡണ്ടായി തിരുവനന്തപുരം ലോ അക്കാദമി ലോ കോളജ് വിദ്യാർത്ഥി ജോൺസ് ജോർജ് കുന്നപ്പള്ളിൽ ( തൊടുപുഴ) തിരഞ്ഞെടുക്കപ്പെട്ടു. കെ എസ് സിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് 11 അംഗ സംസ്ഥാന സെക്രട്ടറിയേറ്റിന് രൂപം നൽകി.

എംജി യൂണിവേഴ്സിറ്റി എൽഎൽഎം വിദ്യാർത്ഥി അഡ്വ. ജോർജ് ജോസഫ്, കോട്ടയം ജില്ലാ പ്രസിഡണ്ട് നോയൽ ലൂക്ക്, മാന്നാനം സെൻറ് ജോസഫ് ട്രെയിനിങ് കോളേജ് ബി എഡ് വിദ്യാർത്ഥിനി മരീനാ മോൻസ്,അഭിഷേക് ബിജു (കോട്ടയം ഗിരിദീപം കോളേജ്),തേജസ് ബി തറയിൽ ( മൂവാറ്റുപുഴ),എഡ്വിൻ ജോസ് (കോതമംഗലം) ജോർജ് മാത്യു (തൊടുപുഴ ന്യൂമാൻ കോളേജ്) ജെൻസ് എൽ ജോസ്, സ്റ്റീഫൻ തങ്കച്ചൻ (ഇടുക്കി) അനന്ദു സി അനിൽ (തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട്) എന്നിവരെയാണ് സംസ്ഥാന പ്രസിഡന്റിനൊപ്പം സെക്രട്ടറിയേറ്റ് അംഗങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത്. റിട്ടേണിംഗ് ഓഫീസർ കേരള കോൺഗ്രസ് എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ. മോൻസ് ജോസഫ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന കെ എസ് സി തെരഞ്ഞെടുപ്പ് യോഗം കേരള കോൺഗ്രസ് ചെയർമാൻ പി ജെ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കേരള കോൺഗ്രസ് വർക്കിംഗ് ചെയർമാൻ പി സി തോമസ്, സെക്രട്ടറി ജനറൽ അഡ്വ. ജോയ് എബ്രഹാം, ഡെപ്യൂട്ടി ചെയർമാൻ അഡ്വ. തോമസ് ഉണ്ണിയാടാൻ, കെ എഫ് വർഗീസ്, ഡോ. ഗ്രേസമ്മ മാത്യു, അഡ്വ. ജെയ്സൺ ജോസഫ്, അഡ്വ. പ്രിൻസ് ലൂക്കോസ്, വി ജെ ലാലി, അഡ്വ. രാജേഷ് ഇടപ്പുര തുടങ്ങിയവർ പ്രസംഗിച്ചു.

## ഹിദായ ഫൗണ്ടേഷൻ ശിലാസ്ഥാപനം; സ്വാഗത സംഘം രൂപീകരിച്ചു

മുണ്ടക്കയം: വെബ്ലി ഹിദായ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ പോകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിലാസ്ഥാപനവുമായി ബന്ധപ്പെട്ട് വെംബ്ലി കമ്യൂണിറ്റി ഹാളിൽ സ്വാഗത സംഘ രൂപീകരണ യോഗം നടന്നു. ജൂലായ് 7 ഞായറാഴ്ച വൈകിട്ട് 4.30 ന് ശിലാസ്ഥാപന കർമ്മം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ഉദ്ഘാടന കർമ്മം ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിനും നിർവ്വഹിക്കും. ഫൗണ്ടേഷൻ ചെയർമാൻ നൗഷാദ് വെംബ്ലിയുടെ അധ്യക്ഷതയിൽ ചേർന്ന സ്വാഗത സംഘം രൂപീകരണ യോഗം കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജോയ് ജോസ് ഉദ്ഘാടനം ചെയ്തു. ഉബൈദുല്ല അസ്ഹരി മുഖ്യ പ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് കെ.എൽ. ദാനിയേൽ ചെയർമാനും, വൈസ് പ്രസിഡന്റ് സജിത് കെ. ശശി ജനറൽ കൺവീനറുമായി 501 അംഗ സ്വാഗത സംഘ കമ്മറ്റി രൂപീകരിച്ചു. യോഗത്തിൽ കെ.എൽ. ദാനിയേൽ, സജിത് കെ. ശശി , അബു ഉബൈദത്ത്, സ്വർണ്ണലതാ അപ്പുകുട്ടൻ, പി.വി. വിശ്വനാഥൻ, ഡോ: സ്മിത ,കെ. ഇ.ഹബിബ്, സണ്ണി തുരുത്തി പള്ളി, എം. രവീന്ദ്രൻ, ഇ എൻ , ശ്രീകുമാർ, കെ.ടി. മോഹനൻ , കെ. എൻ. രാജു,പി ജെ വർഗീസ് ഈപ്പൻ മാത്യു ,കൊപ്ലി ഹസൻ, പി.ബി. ശ്രീനിവാസൻ, സഫ്വാൻ അൽ അദനി സൽമാൻ അസ്ഹരി,സണ്ണി തട്ടുങ്കൽ, ഐസി വിപിൻ, കെ. ഇസ്മായിൽ, നവാസ് പുളിക്കൽ എന്നിവർ സംസാരിച്ചു.

## വീട്ടിൽ കയറി യുവാവിനെ ആക്രമിച്ച കേസിൽ മൂന്നുപേർ അറസ്റ്റിൽ







അനന്തുസുരേഷ്,മണികണ്ഠൻ.കെ,അമൽ പി.വി

കോട്ടയം : വീട്ടിൽ അതിക്രമിച്ചു കയറിയുവാവിനെ ആക്രമിച്ച കേസിൽ മൂന്നുപേരേ പോലീസ് അറസ്റ്റ് ചെയ്തു.

പുതുപ്പള്ളി തച്ചുക്കുന്ന് ഭാഗത്ത് കല്ലുപുരക്കൽ വീട്ടിൽ അനന്തു സുരേഷ് (23), വടവാതൂർ തേമ്പ്രവാൽക്കടവ് ഭാഗത്ത് കനക വിലാസം വീട്ടിൽ മണി എന്ന് വിളിക്കുന്ന മണികണ്ഠൻ.കെ (33), പാമ്പാടി പത്താഴക്കുഴി ഭാഗത്ത് പാറയ്ക്കൽ വീട്ടിൽ അമൽ പി.വി(30) എന്നിവരെയാണ് കോട്ടയം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.ഇവർക്ക് കഴിഞ്ഞദിവസം രാത്രി 11:30 മണിയോടുകൂടി പുതുപ്പള്ളി സ്വദേശിയായ യുവാവിന്റെ വീട്ടിൽ അതിക്രമിച്ചു കയറി യുവാവിനെ ചീത്ത വിളിച്ച് മർദ്ദിക്കുകയും, വീടിന്റെ കതക് തകർക്കുകയുമായിരുന്നു.

തുടർന്ന് ഇവർ സംഭവസ്ഥലത്തുനിന്ന് കടന്നു. അനന്തു സുരേഷിന് യുവാവിനോട് മുൻ വിരോധം നിലനിന്നിരുന്നു.

ഇതിന്റെ തുടർച്ചയെന്നോണമാണ് ഇയാളും സുഹൃത്തുക്കളും ചേർന്ന് യുവാവിനെ ആക്രമിച്ചത്.

പരാതിയെ തുടർന്ന് കോട്ടയം ഈസ്റ്റ് പോലീസ് നടത്തിയ തിരിച്ചിലിൽ മൂവരെയും പിടികൂടുകയുമായിരുന്നു.

കോടതിയിൽ ഹാജരാക്കിയ ഇവരെ റിമാൻഡ് ചെയ്തു.

## ഐ.ടി.ഐ. പ്രവേശനം

കോട്ടയം: 2024 വർഷത്തെ ഗവ ഐ.ടി. ഐ പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ജൂലൈ അഞ്ചുവരെ നീട്ടി.

ഓൺലൈനായി അപേക്ഷിച്ച ശേഷം ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി സർക്കാർ ഐ.ടി.ഐയിലെത്തി ജൂലൈ പത്തിനു മുമ്പ് വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണം.

ഫോൺ 9495080024, 9496800788,9847271858




ദക്ഷിണ കേരള ഇസ്‌ലാം സ്റ്റുഡൻസ് ഫെഡറേഷൻ പത്തനംതിട്ട ജില്ലാ കമ്മറ്റിയുടെ ലഹരി വിരുദ്ധ സിഗ്നേച്ചർ കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി നിർവഹിക്കുന്നു

## ലഹരി വിരുദ്ധ സിഗ്നേച്ചർ കാമ്പയിൻ

പത്തനംതിട്ട: ദക്ഷിണ കേരള ഇസ്‌ലാം സ്റ്റുഡൻസ് ഫെഡറേഷൻ പത്തനംതിട്ട ജില്ലാ കമ്മറ്റിയുടെ ലഹരി വിരുദ്ധ സിഗ്നേച്ചർ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി നിർവഹിച്ചു.

ഉഗകടഎ ജില്ലാ പ്രസിഡന്റ് അബ്ദുൽ ഖാദർ മൗലവി കോന്നി അധ്യക്ഷത വഹിച്ചു.

പാങ്ങോട് കമറുദ്ദീൻ മൗലവി,കടയ്ക്കൽ ജുനൈദ് , മുഹമ്മദ് സാദിഖ്,അഫ്സൽ പത്തനംതിട്ട ,യൂസഫ് മോളൂട്ടി , എം.എം.ജലീൽ പുനലൂർ,മുഹമ്മദ് സ്വാലിഹ് മൗലവി,അബ്ദുൽ റഹീം മൗലവി ഉാഹ,, അങ യൂസുഫുൽ ഹാദി ,റാഷിദ് കുലശേഖരപതി, മുഹമ്മദ് ഷാഫി മൗലവി, അബ്ദുൽ റസാഖ് 86 ,നൗഷാദ് മൗലവി ചിറ്റാർ,അബ്ദുൽലത്തീഫ് മൗലവി ,മജീദ് അടൂർ എന്നിവർ പങ്കെടുത്തു

## മരണാനന്തര ക്ഷേമനിധി വിതരണം

ആലപ്പുഴ: കെ.എസ്.ആർ.ടി.സി പെൻഷനേഴ്സ് ഓർഗനൈസേഷൻ ഏർപ്പെടുത്തിയിരിക്കുന്ന മരണാനന്തര ക്ഷേമനിധി, ഓർഗനൈസേഷൻ ഓഫീസിൽ കൂടിയ യോഗത്തിൽ വച്ച് വിതരണം ചെയ്തു. പെൻഷനേഴ് ഓർഗനൈസേഷൻ യൂണിറ്റ് കമ്മിറ്റി അംഗമായിരുന്ന പുഷ്പാംഗദന്റെ ക്ഷേമനിധിയാണ് വിതരണം ചെയ്തത്.യൂണിറ്റ് വൈസ് പ്രസിഡന്റ് എ.ബഷീർകുട്ടിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് പ്രസിഡൻറ് ബേബി പാറക്കാടൻ ക്ഷേമനിധി ചെക്ക് അവകാശിക്ക് കൈമാറി. സെക്രട്ടറി വി. രാധാകൃഷ്ണൻ, കേന്ദ്ര കമ്മിറ്റി അംഗം ജി.തങ്ക മണി, യൂണിറ്റ് ട്രഷറർ എം. പി. പ്രസന്നൻ, ജോയിൻറ് സെക്രട്ടറി കെ. എം . സിദ്ധാർത്ഥൻ ,പി. കെ. നാണപ്പൻ എന്നിവർ സംസാരിച്ചു.



## വെഞ്ചരിപ്പ് നടത്തി

അർത്തുങ്കൽ: തീരദേശ വറുത്തി മാറുന്നതിനായി അർത്തുങ്കൽ കടപ്പുറത്ത് വിശുദ്ധ വാലന്റൈൻ തീർത്ഥാടന കേന്ദ്രത്തിലെ വൈദികരായ . ബാബു പോൾ, ഫാ. ആന്റണി കാനപ്പള്ളി, ഫാ. യേശുദാസ് തോട്ടുങ്കൽ, ഫാ. ഫ്രാൻസിസ് തോട്ടങ്കര എന്നിവരുടെ കാർത്വത്തിൽ കടൽ വെഞ്ചരിപ്പ് നടത്തി.

# ആലപ്പുഴ വാർത്തകൾ

## റോട്ടറി ആലപ്പി ഗ്രേറ്ററിന് പുതിയ ഭാരവാഹികൾ

ആലപ്പുഴ : റോട്ടറി ക്ലബ് ഓഫ് ആലപ്പി ഗ്രേറ്ററിന്റെ പുതിയ ഭാരവാഹികളായിജിൻസി റോജസ് (പ്രസിഡന്റ് )അഡ്വ. പ്രദീപ് കൂട്ടാല (സെക്രട്ടറി )ലോബി വിദ്യാധരൻ (ട്രഷറർ )കേണൽ സി. വിജയകുമാർ (വൈസ് പ്രസിഡന്റ് ), സുവി വിദ്യാധരൻ (എക്സിക്യൂട്ടീവ് സെക്രട്ടറി )വേണു അയിലാറ്റ് (ജോയിന്റ് സെക്രട്ടറി ) എന്നിവരെ തെരെഞ്ഞെടുത്തു. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സേവന പദ്ധതികളുടെ ഉദ്ഘാടനവും ജൂലൈ 12 ന് ആലപ്പുഴ റമദ ഹാളിൽ നടക്കും. കാൻ ഫിലിം ഫെസ്റ്റിവലിൽ പുരസ്കാരം നേടിയ 'ആൾ വീ ഇമാജിൻആസ് ലൈറ്റ് 'എന്ന സിനിമയിലൂടെ ശ്രദ്ധേയനായ നടൻ അസീസ് നെടുമങ്ങാട് മുഖ്യാതിഥിയാകും.

തെരഞ്ഞെടുപ്പു യോഗത്തിൽ രാജീവ് വാര്യർ, റോജസ് ജോസ്, ജി. ഹരികുമാർ,ഫിലിപ്പോസ് തത്തംപള്ളി, നസീർ പുന്നക്കൽ, സിബി ഫ്രാൻസീസ്, ബോബൻ വർഗീസ്, കെ. എൽ. മാത്യു, അഡ്വ. ജോസഫ് മാത്യു,ഷാജി മൈക്കിൾ, അഡ്വ. പി. എസ്. സജീവ്, രംഗനാഥൻ എസ്., സുമേഷ് നായർ, സജി ആന്റണി,സന്ദീപ് വിശ്വനാഥൻ, കെ. ആർ. ജിതേന്ദ്,ഗണേഷ് ആർ , ഡി.ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.



മാവേലിക്കര തഴക്കരയിൽ നിർമ്മാണത്തിലിരുന്ന കാർപോർച്ചിന്റെ കോൺക്രീറ്റ് മേൽക്കൂരയുടെ തട്ട് ഇളക്കുന്നതിനിടെ നടുഭാഗം ഇടിഞ്ഞ് വീണ് മരണപ്പെട്ട ചെട്ടികുളങ്ങര പേള സുരേഷ് ഭവനത്തിൽ ആർ. സുരേഷിന്റെ (57) മൃതദേഹം വീട്ടിൽ സംസ്കാരത്തിനെത്തിച്ചപ്പോൾ പൊട്ടിക്കരയുന്ന ഭാര്യ എൽ. ഗിരിജാമ്മാളും മകൾ ജി. അശ്വതിയും.

### വിലക്കയറ്റവും പക്ഷിപനിയും

# നട്ടംതിരഞ്ഞ് ഹോട്ടലുകൾ

ആലപ്പുഴ: അവശ്യസാധനങ്ങളുടെ വിലവർധനവിന് പിന്നാലെ പക്ഷിപനിയും കൂടിയെത്തിയതോടെ ഹോട്ടൽ വ്യവസായ മേഖല കടുത്ത പ്രതിസന്ധിയിൽ. ആവശ്യക്കാരേറെയുള്ള ചിക്കൻ ഉൽപ്പന്നങ്ങൾക്ക് വിലക്ക് വന്നതോടെ ഹോട്ടലുകളുടെ പ്രവർത്തനം തന്നെ താറുമാറായിരിക്കുകയാണ്. പക്ഷിപനിയുടെ പേരിൽ ജില്ലയിൽ ഏർപ്പെടുത്തിയിരിക്കുന്നത് അശാസ്ത്രീയമായ ചിക്കൻ നിരോധനമാണെന്നാണ് വ്യാപാരികളുടെ പ്രധാന പരാതി. നിലവിലെ ചിക്കന് പകരം അന്താരാഷ്ട്ര നിലവാരമുള്ള ഫ്രോസൺചിക്കനുകൾ ഉപയോഗിക്കുവാൻ എങ്കിലും അനുമതി നൽകാനെങ്കിലും അധികൃതർ തയാറാകണമെന്ന് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. വിഷയത്തിൽ സർക്കാർ നടപടി ആവശ്യപ്പെട്ട് ജൂലൈ രണ്ടിന് ആലപ്പുഴ ജില്ലയിൽ ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധ പ്രകടനവും കലക്ട്രേറ്റ് പടിക്കൽ ധർണയും നടത്തും. ഹോട്ടലുകളും ഭക്ഷ്യോൽപ്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും അടച്ചിട്ടാണ് കലക്ട്രേറ്റ് മുന്നിൽ ധർണ സംഘടിപ്പിക്കുന്നത്. ചിക്കൻ നിരോധത്തിന് പുറമെ അവശ്യസാധനങ്ങളുടെ വിലവർധനവ് തടയാൻ സംസ്ഥാന സർക്കാർ പൊതു വിപണിയിൽ ഇടപെടുക, ഹൈവേ വികസനവുമായി ബന്ധപ്പെട്ട് വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഉടൻ പരിഹരിക്കുക, പഞ്ചായത്ത് മുനിസിപ്പൽ ലൈസൻസുകൾ പുതുക്കി നൽകുക. ജി.എസ്.ടിയുടെ പേരിൽ ഹോട്ടലുകളിലും വീടുകളിലും അനാവശ്യമായി നടത്തുന്ന ഉദ്യോഗസ്ഥപീഢനം അവസാനിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. രണ്ടിന് രാവിലെ 10 മണിക്ക് ആലപ്പുഴ ടൗൺ ഹാളിന് സമീപത്തുനിന്നും ആരംഭിക്കുന്ന പ്രതിഷേധ പ്രകടനം കലക്ട്രേറ്റിനു മുന്നിൽ എത്തിച്ചേരുമ്പോൾ പ്രതിഷേധ ധർണ്ണ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്യും. പത്രസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് മനാഫ് എസ് കുബാബ, സെക്രട്ടറി നാസർ പി താജ് തുടങ്ങിയവർ പങ്കെടുത്തു.

## മെഗാ മെഡിക്കൽ ക്യാമ്പ്

കായംകുളം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ ദിനമായ ജൂലൈ 18ന് കായംകുളത്ത് ബ്ലോക്ക് കോൺഗ്രസ്, യൂത്ത് കോൺഗ്രസ്സ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരിക്കുന്ന മെഗാ മെഡിക്കൽ ക്യാമ്പിന്റെയും, അനുസ്മരണ സമ്മേളനത്തിന്റെയും, സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ശ്രുതിതരംഗം പദ്ധതിയി ലൂടെ ശ്രവണശേഷി ലഭിച്ച 10ാം ക്ലാസ് വിദ്യാർത്ഥിനി കുമാരി ഷാഹിനാ ഷാജഹാൻ ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ജനറൽ കൺവീനർ ടി. സൈനുലാബ്ദീൻ അധ്യക്ഷത വഹിച്ചു. കെ.പി.സി.സി സെക്രട്ടറിമാരായ കറ്റാനം ഷാജി, എൻ. രവി, മറ്റു നേതാക്കളായ എ.പി.ഷാജഹാൻ, അരിതാ ബാബു , കെ.തങ്ങൾകുഞ്ഞ്, പി.സി. റെഞ്ചി,എം. ആർ. സലീംഷാ, ബാബു കൊരമ്പള്ളി, പി.എസ്. പ്രസന്നകുമാർ, പി.കെ. മസൂദ് ,ചേലക്കാട്ട് രാധാകൃഷ്ണൻ, മഹാദേവൻ വാഴശ്ശേരിൽ, ഇ.എം. അഷ്റഫ് , ,അൻസാരി കോയിക്കലേത്ത് , ബിജുനസറുള്ള , ഷുക്കൂർ വഴിശ്ശേരി, വി.കെ. വിശ്വനാഥൻ, മധുവഞ്ചിലേത്ത്, വിഷ്ണു ചേക്കോടൻ, സുശീല വിശ്വംഭരൻ, ബിജു ഈരിക്കൽ എ.ഷാജി പ്രസംഗിച്ചു.

## വിദ്യോത്സവ് നാളെ

ആലപ്പുഴ:ഉന്നതവിദ്യാഭ്യാസരംഗത്തെ അന്താരാഷ്ട്ര സ്വീകാര്യതയിലേയ്ക്ക് വളർത്തുന്നതിന്റെ മുന്നോടിയായി കേരളത്തിൽ ഈ അക്കാദമികവർഷം മുതൽ നാലുവർഷ ബിരുദത്തിന് തുടക്കം കുറിക്കുന്നു.

ആലപ്പുഴ സെന്റ് ജോസഫ്സ് കോളജിലെ വിജ്ഞാനോത്സവം നാളെ രാവിലെ 10 മണിമുതൽ സെന്റ് ജോസഫ്സ് കോളേജിൽ വിദ്യോത്സവ് 2024 എന്ന പേരിൽവിവിധ പരിപാടികൾ സംഘടിപ്പിയ്ക്കും.

പരിപാടികളുടെ ഉദ്ഘാടനം പ്രമുഖ ഐടി സംരംഭകനും ടെക്ജെൻറ്സിയ സിഇഒ യുമായജോയ് സെബാസ്റ്റ്യൻ നിർവഹിക്കും. മദർ ഫെർണാണ്ട റിവ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിലേയ്ക്ക് ഏവരേയും ക്ഷണിക്കുന്നതായി കോളജ്പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. ഉഷ എ.എ അറിയിച്ചു.

# ശനിയാഴ്ചത്തെ ക്ലസ്റ്റർ ബഹിഷ്കരിച്ച് അധ്യാപകരുടെ സമരം

ആലപ്പുഴ:സംഘടനകളുമായി ചർച്ച ചെയ്യാതെ ഏകാധിപത്യപരമായി അടിച്ചേൽപ്പിച്ച അശാസ്ത്രീയമായ അക്കാദമിക് കലണ്ടർ പിൻവലിക്കണമെന്നും കുട്ടികളുടെ മാനസിക ഉല്ലാസം തടസപ്പെടുത്തുന്ന തരത്തിൽ ശനിയാഴ്ചകൾ പ്രവൃത്തിദിനങ്ങൾ ആക്കിയ തീരുമാനം പിൻവലിക്കണം എന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അധ്യാപകർ ശനിയാഴ്ച ക്ലസ്റ്റർ ബഹിഷ്കരിച്ച് ഡി.ഡി ഇ ഓഫീസ് മാർച്ച് നടത്തി.

ആറാമത്തെ പ്രവൃത്തി ദിവസമായ ശനിയാഴ്ച ക്ലസ്റ്റർ ബഹിഷ്കരിച്ച് ആലപ്പുഴ ഡി ഡി ഇ ഓഫീസ് പടിക്കൽ നടത്തിയ പ്രകടനത്തിലും ധർണ്ണയിലും നൂറുകണക്കിന് അധ്യാപകർ പങ്കെടുത്തു.ഭട്ടതിരി പുരയിടത്തിൽ നിന്നും ആരംഭിച്ച മാർച്ച് ഡി ഡി ഇ ഓഫീസിന് മുന്നിൽ സമാപിച്ചു.

സമരത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്കെതിരെ അച്ചടക്കനടപടി എടുക്കുമെന്ന ഭീഷണിയെ തള്ളിക്കളയുമെന്നും ' ക്ലസ്റ്റർ ബഹിഷ്കരിച്ചവർക്ക് സംഘടന ശക്തമായ പിന്തുണ നൽകുമെന്നും ശനിയാഴ്ച പ്രവർത്തി ദിനം പിൻവലിക്കുന്നത് വരെ ശക്തമായ സമരവുമായി മുന്നോട്ടുപോകുമെന്നും സമരം ഉദ്ഘാടനം ചെയ്ത് സംസ്ഥാന വൈസ് പ്രസിഡൻറ് ബി ബിജു പറഞ്ഞു. അശാസ്ത്രീയമായ അക്കാദമിക് കലണ്ടർ പിൻവലിക്കുക, സ്റ്റാഫ് ഫിക്സേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കി നിയമനങ്ങൾ അംഗീകരിക്കുക, ഡി എ കുടിശിക മുൻകാല പ്രാബല്യത്തോടെ അനുവദിക്കുക, 1:40 അനുകൂല്യം പുന സ്ഥാപിക്കുക. ഉച്ചഭക്ഷണ തുക വർധിപ്പിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക , ഖാദർ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുക മെഡിസെപ് കാര്യക്ഷമമാക്കുക ജീവാനന്ദം പദ്ധതി ഉപേക്ഷിക്കുക.

പ്രൈമറി തസ്തികയും ആനുകൂല്യങ്ങളും അനുവദിക്കുക, പുതിയ ശമ്പള കമ്മീഷൻ നിയമിക്കുക, ആശ്രിത നിയമനം അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക എന്നിവയാണ് ഈ സമരത്തിന് ആധാരമായ വിഷയങ്ങൾ.റവന്യൂ ജില്ലാ പ്രസിഡന്റ് കെ എൻ അശോക് കുമാർ അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടറി ജോൺ ബോസ്കോ മുഖ്യപ്രഭാഷണം നടത്തി.ജില്ലാ സെക്രട്ടറി ഈ ആർ ഉദയകുമാർസ്വാഗതം ആശംസിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കെ ഡി അജിമോൻ ,കെ രഘുകുമാർ ,മിനി മാത്യു,ബിനോയ് വർഗീസ് ,സോണി പവേലിൽ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ വി ശ്രീഹരി, വി ആർ ജോഷി , ജോൺ ബ്രിട്ടോ,ബി രാധാകൃഷ്ണൻ,സംസ്ഥാന കൗൺസിലർ മാരായ ഷേർലി തോമസ് ,റ്റി ജെ കൃഷ്ണകുമാർ ,റ്റി തനൂജ ,പ്രകാശ് തോമസ് സംസ്ഥാനസബ് കമ്മറ്റി കൺവീനർമാരായ പി ആർ രാജേഷ്പി ,പ്രമോദ് ജേക്കബ് , എസ് കെ സുരേഷ് കുമാർ സംസാരിച്ചു.




കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ നടത്തിയ ഡി.ഡി ഇ ഓഫീസ് മാർച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ബി ബിജു ഉദ്ഘാടനം ചെയ്യുന്നു

## ലഹരിവിരുദ്ധ ബോധവൽക്കരണം

മാന്നാർ : ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ (എ.കെ.പി. എ) മാന്നാർ യൂണിറ്റ്, കേരള എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

മാന്നാർ ശ്രീ ഭുവനേശ്വരി സ്കൂളിൽ എ.കെ.പി.എ മാന്നാർ യൂണിറ്റ് പ്രസിഡന്റ് നിയാസ് മാന്നാർ അധ്യക്ഷത വഹിച്ച യോഗം ഭുവനേശ്വരി സ്കൂൾ മാനേജർ പ്രദീപ് ശാന്തിസദൻ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് സെക്രട്ടറി സാമു ഭാസ്കർ സ്വാഗതം ആശംസിച്ചു. ചെങ്ങന്നൂർ എക്സൈസ് റേഞ്ച് സിവിൽ എക്സൈസ് ഓഫീസർ വിനീത്.വി ബോധവത്കരണ ക്ലാസ് നയിച്ചു. എ.കെ.പി.എ ജില്ലാ കമ്മിറ്റി അംഗം സാനു ഭാസ്ക്കർ, മേഖല പ്രസിഡന്റ് റെജി മാത്യു, മേഖല സെക്രട്ടറി രാജേഷ് രാജ് വിഷൻ, മേഖല ട്രഷറർ പി.ജെ സാമുവൽ, മേഖല പി.ആർ.ഒ ജിതേഷ് ചെന്നിത്തല, യൂണിറ്റ് വൈസ് പ്രസിഡന്റ് അനീഷ് കുമാർ, മേഖല കമ്മിറ്റി അംഗം ജോർജ് ഫിലിപ്പ്, സ്കൂകൂൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജീവ് എന്നിവർ ആശംസ പ്രസംഗം നടത്തി. യൂണിറ്റ് പി.ആർ.ഒ സതീഷ് കുമാർ നന്ദിരേഖപ്പെടുത്തി.

## കർഷക തൊഴിലാളി ക്ഷേമ നിധി വിദ്യാഭ്യാസ ധനസഹായം അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 202324 അദ്ധ്യായന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ എയ്ഡഡ് സ്കൂളിൽ വിദ്യാഭ്യാസം നടത്തിയവരും 202324 വർഷത്തെ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75ഉം അതിൽ കൂടുതൽ പോയിന്റ് നേടിയവരും പ്ലസ്ടു/വി.എച്ച്.എസ്.ഇ പരീക്ഷയിൽ 85 ശതമാനം മാർക്ക് നേടിയവരുമായ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 70 പോയിന്റും പ്ലസ്ടു/വി.എച്ച്.എസ്.ഇ പരീക്ഷയിൽ 80 ശതമാനവും മാർക്ക് ലഭിച്ച എസ്.സി/എസ്.ടി വിഭാഗം വിദ്യാർഥികളുടെ മാതാപിതാക്കൾക്ക് അപേക്ഷിക്കാം.കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്ന് നിശ്ചിത ഫോമിലെ അപേക്ഷ ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജൂലൈ ഒന്നു മുതൽ 31ന് വൈകിട്ട് അഞ്ചുവരെയും അപ്പീൽ അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഓഗസ്റ്റ് 12 വൈകിട്ട് അഞ്ചുവരെയും സ്വീകരിക്കും. അപേക്ഷ ഫോം www.agriworkersfund.org യിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണമെന്ന് കർഷക തൊഴിലാളി ക്ഷേമനിധി ജില്ലാ എക്സിക്യൂട്ടീവ് ഓഫിസർ എസ് ശ്രീജിത്ത് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04772964923.

## അപേക്ഷിക്കാം

ആലപ്പുഴ: നേഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷയിൽ 45 ശതമാനം മാർക്ക് ലഭിച്ചവർക്ക് അപേക്ഷിക്കാം. യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ഒന്നിന് വൈകിട്ട് അഞ്ചിനകം പ്രിൻസിപ്പൽ, ഗവ.പി.പി.റ്റി.റ്റി.ഐ ആലപ്പുഴ, ഇരുമ്പുപാലം.പി.ഒ, ആലപ്പുഴ 688011 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങളും www.education .kerala.gov.in വെബ്സൈറ്റിൽ ലഭിക്കും.

## ഒറ്റയാൾ സമരം

കായംകുളം : കായംകുളം കോർട്ട് കോംപ്ലക്സ് മുന്നിൽ, ബാർ അസോസിയേഷൻ മുൻ പ്രസിഡന്റ് അഡ്വ. ഒ. ഹാരിസ് ഒറ്റയാൾ നിൽപ്പ് സമരം നടത്തി. നീതി സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന വിധത്തിൽ ഭീമമായ വർധനവാണ് കോർട്ട് ഫീസ് ഇനത്തിൽ പൊതുജനങ്ങൾക്ക് ഒടു ക്കേണ്ടി വരുന്നത്. ഇത് സാധാരണക്കാർക്ക് താങ്ങാൻ ആവാത്തതായത് കാരണം നീതിനിഷേധ ത്തിന് തുല്യമാവുന്നു. കേരള സംസ്ഥാനത്ത് മാത്രമാണ് ഇങ്ങനെ ഒരു വർധന നടപ്പിൽ വന്നത്. കുടുംബകോടതി കേസുകൾക്കും ചെക്ക് കേസുകൾക്കും സിവിൽ കേസുകൾക്കും തിരിച്ചടിയാവുന്ന തരത്തിലുള്ള ഫീസ് വർധന പിൻ വലിക്കണമെന്ന് സമരത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടു കായംകുളം ബാറിലെ സീനിയർ അഭിഭാഷകനായ ഏ.ഷാജഹാൻ പറഞ്ഞു. അഭിഭാഷകരായ കെ.ജി.അജിത്കുമാർ, എച്ച്. സുനി, ബിനു വളഞ്ഞ നടക്കാവ്, ഒ.അബ്ദുൽ റഷീദ്, ജെ.മാധവൻ പിള്ള, ശ്രീജ പുല്ലുകുളങ്ങര, ബിജു, പി.ടി.റഷീദ്, മാവേലിക്കര ബാർ അസോസിയേഷൻ സെക്രട്ടറി അനിൽബാബു തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിക്ക് ഇ മെയിൽ മെമ്മോറാണ്ടം അയച്ചു.




ഒറ്റയാൾ നിൽപ്പ് സമരവുമായി അഡ്വ. ഒ. ഹാരിസ്

## ഓൺലൈനായി അപേക്ഷിക്കാം

ആലപ്പുഴ: വയലാർ ഗവ.ഐ.ടി.ഐ.യിൽ 2024 വർഷത്തിലെ പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈനായി https://iti admissions. kerala.gov.in വെബ്സൈറ്റ് മുഖേന സമർപ്പിക്കാം. വെരിഫിക്കേഷനുള്ള അവസാന തീയതി ജൂലൈ 6. ഫോൺ 04782813035.

കായംകുളം : കായംകുളം ഗവ.ഐ.ടി.ഐ.യിൽ എൻ.സി.വി.ടി. അംഗീകാരമുള്ള മെട്രിക് ട്രേഡുകളിലേക്ക് പ്രവേശനത്തിനായി https://itiadmissions. kerala. gov.in എന്ന പോർട്ടൽ മുഖേന അപേക്ഷിക്കാം. പ്രായപരിധി ബാധകമല്ല.

ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം ലഭിക്കുന്ന പ്രിന്റ് ഔട്ട് അസൽ രേഖകളുമായി തൊട്ടടുത്തുള്ള ഗവ.ഐ.ടി.ഐ.യിൽ എത്തി വെരിഫിക്കേഷൻ പൂർത്തിയാക്കണം.

## പരിശീലനം

ആലപ്പുഴ: പ്ലസ് ടു, ഡിഗ്രി പൂർത്തിയായ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ നഴ്സിങ്ങ്, ടൂറിസം ഹോസ്പിറ്റാലിറ്റി, മെക്കട്രോണിക്സ്, ഐ.ടി സ്പെഷ്യലിസ്റ്റ്, ഷെഫ്, ഇലക്ട്രിക് ഇൻഡസ്ട്രിയൽ സ്പെഷ്യലിസ്റ് എന്നീ മേഖലകളിൽ സ്കോളർഷിപ്പോടുകൂടി ജർമ്മനിയിൽ തികച്ചും സൗജന്യമായി പഠിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ജർമ്മൻ ഭാഷാ പരിശീലനം നൽകുന്നതാണ്. 2025ലെ ബാച്ചുകളുടെ പരിശീലനം എട്ട് മുതൽ 15 വരെ ആരംഭിക്കുന്നു.ഫോൺ: 9895474958, 6282685172.

## കരാർ നിയമനം

ആലപ്പുഴ: ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) ആലപ്പുഴ ജില്ല നോഡൽ ഓഫീസിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

ഏതെങ്കിലും വിഷയത്തിൽ ബിരുദവും ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ് പരിജ്ഞാനവുമാണ് അടിസ്ഥാന യോഗ്യത. പ്രായം 2024 ജൂലൈ ഏഴിന് 45 വയസ്സ് കവിയരുത്. പ്രതിമാസ വേതനം 12,000/ രൂപ. അവസാന തീയതി ജൂലൈ 10. ഫോൺ: 0477 2251103.

# ദേശീയ ഡോക്ടർ ദിനവും അവാർഡ് സമർപ്പണവും

ആലപ്പുഴ: ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെയും, ഹെൽത്ത് ഫോർ ആൾ ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ നാഷണൽ ഡോക്ടർ ദിനാഘോഷവും സംസ്ഥാനത്തെ മികച്ച ഡോക്ടർ ഡോ. ഉമ്മൻ വർഗീസിനുള്ള അവാർഡ് സമർപ്പണവും , ജുലൈ ഒന്ന് വൈകിട്ട് അഞ്ചിന് ആലപ്പുഴ വൈ.എം.സി.എ.ഹാളിൽ ഗോവ ഗവർണർ അഡ്വ.പി.എസ്.ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. കാഴ്ചപരിമിതരായ നൂറ് കണക്കിന് ആളുകൾക്ക് പ്രത്യാശയുടെ പുലരി എന്ന പേരിൽ കാഴ്ച നൽകിയ ഡോ ഉമ്മൻ വർഗീസാണ് ഈ വർഷത്തെ അവാർഡ് അമ്പതിനായിരം രൂപയും ഫലകവും, പ്രശസ്തിപത്രവുമാണ് അവാർഡ്. ആരോഗ്യ രംഗത്തെ മികച്ച സേവനം കാഴ്ചവെച്ച ഡോ. ബി.ശിവശങ്കരൻ നായർ, ഡോ കെ. ഹരിപ്രസാദ്, ഡോ.ആർ.മണി കുമാർ, ഡോ. ഗിരിജ കുമാരി, ഡോ. കെ.രാധാകൃഷ്ണൻ, ഡോ. ഐ. മുഹമ്മദ് ഇസ്ലാഹ് എന്നിവരെയും ആദരിക്കും ഡോ. ബി. സി റോയി അനുസ്മരണവും, ഡോക്ടർ ദിനസന്ദേശവും ആരോഗ്യ സർവ്വകലാശാല സെനറ്റ് അംഗം ഡോ. എൻ. അരുൺ നിർവ്വഹിക്കും, സംസ്ഥാന വിവര അവകാശ കമ്മീഷണർ ഡോ. എ. അബ്ദുൽ ഹക്കീം മുഖ്യ അതിഥിയായി പങ്കെടുക്കും. കൊല്ലം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൾ ഡോ. ബി.പദ്മകുമാർ, ഐ.എം.എ. സ്റ്റേറ്റ് ജോ: സെക്രട്ടറി ഡോ. ബിജുനെൽസൻ എന്നിവർ പങ്കെടുക്കുമെന്ന് സ്വാഗത സംഘം ഭാരവാഹികളായ ഐ.എം.എ. ജില്ലാ ബ്രാഞ്ച് പ്രസിഡന്റ് ഡോ മനീഷ് നായർ, ഡോ. ഷാലിമ കൈരളി, ഡോ ആർ മദനമോഹനൻ നായർ 'ഹെൽത്ത് ഫോർ ആൾഫൗണ്ടേഷൻ സെക്രട്ടറി കെ. നാസർ, ചന്ദ്രദാസ് കേശവപിള്ള എന്നിവർ അറിയിച്ചു

## ശതാബ്ദി സ്മാരക മന്ദിരം ഉദ്ഘാടനം

അമ്പലപ്പുഴ: സർവ്വീസ് സഹകരണ സംഘത്തിന്റെ ശതാബ്ദി സ്മാരക മന്ദിരം മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു. സംഘം വ്യാപാര സമുച്ചയം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. എച്ച്. സലാം എം എൽ എ അധ്യക്ഷനായി. കോൺഫറൻസ് ഹാൾ കേരള ബാങ്ക് ഭരണ സമിതിയംഗം പി.ഗാനകുമാർ ഉദ്ഘാടനം ചെയ്തു. ജോയിന്റ് രജിസ്ട്രാർ വി.കെ സുബിന നിക്ഷേപം സ്വീകരിച്ചു. എസ്.എൻ കവലയിൽ നിന്ന് വർണാഭമായ ഘോഷയാത്ര, സിവിൽ സർവ്വീസ് പരീക്ഷ റാങ്ക് ജേതാവ് പാർവ്വതി ഗോപകുമാർ, പ്ലസ് ടു, എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ, മുൻ പ്രസിഡൻറുമാർ , സെക്രട്ടറിമാർ, വിവിധ മേഖലകളിൽ വിജയം നേടിയവർ എന്നിവരെ ചടങ്ങിൽ പൊന്നാടയും ഫലകവും നൽകി ആദരിച്ചു. സംഘം പ്രസിഡന്റ് എ. ഓമനക്കുട്ടൻ, കേരള ബാങ്ക് ജനറൽ മാനേജർ ഷാജു ജോർജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ശോഭ ബാലൻ, എ. ഹാരീസ്, പി.അഞ്ജു , വി. അനിത, ലേഖമോൾ സനിൽ, എം. സജീഷ്ജിത്ത് പ്രസംഗിച്ചു.

# അമിത വൈദ്യുത പ്രവാഹത്തിൽ വീട്ടുപകരണങ്ങൾ കത്തിനശിച്ചു

അമ്പലപ്പുഴ; വൈദ്യുതി വകുപ്പിൻറെ 33 കെ.വി ലൈനിലെ ഇൻസുലേറ്റർ പൊട്ടിത്തെറിച്ചതിൽ സമീപത്തെ വീട്ടിലെ വൈദ്യുതോപകരണങ്ങൾ കത്തിനശിച്ചു. പുന്നപ്ര തെക്ക് കാട്ടുപറമ്പിൽ ഇസ്മയിലിൻറെ വീട്ടിലെ വൈദ്യുതോപകരണങ്ങളാണ് കത്തിനശിച്ചത്.

ഇന്നലെ വൈകിട്ടോടെയായിരുന്നു സംഭവം. പുന്നപ്ര സബ്സ്റ്റേഷനിൽ നിന്നും പറവൂർ വ്യവസായ മേഖലയിലേക്കുള്ള പ്രധാന ലൈനിലെ ഇൻസുലേറ്ററിലാണ് തീ പടർന്നത്.

തുടർന്ന് ഇസ്മലിൻറെ വീട്ടിലെ മീറ്ററും ഫാനുകളും എല്ലാം കത്തിനശിച്ചു.ഒരേ വൈദ്യുത പോസ്റ്റിൽ തന്നെയാണ് എൽ.ടി ലൈനും കടന്നുപോകുന്നത്.

ഇൻസുലേറ്റർ കത്തിയതോടെ എൽ.ടി ലൈനിലൂടെ അമിത വൈദ്യുതി പ്രവാഹിച്ചതിലാകാമെന്നാണ് കരുതുന്നത്.

എന്നാൽ വൈദ്യുത വകുപ്പിനെതിരെയും ആക്ഷേപം ശക്തമാണ്. അമിത വൈദ്യുത പ്രവാഹമുള്ള 33 കെ.വി ലൈൻ കടന്നുപോകുന്ന ടവറിൽ 11 കെ.വി, എൽ.ടി ലൈനുകളും കടന്നുപോകുന്നുണ്ട്. ഇവ തമ്മിലുള്ള അകലം പാലിച്ചിട്ടില്ലെന്നാണ് നാട്ടുകാർ ആരോപിക്കുന്നത്.

## രക്തദാന ക്യാമ്പ്

ആലപ്പുഴ: കനറാ ബാങ്ക് ഐ.ഐ.റ്റിയുമായി സഹകരിച്ച് കൊണ്ട് ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഡബ്ല്യൂ ആന്റ് സി ആശുപത്രി ബ്ലഡ് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. മനീഷ് നായർ നേതൃത്വം നൽകിയ ക്യാമ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരായ രതികല എൻ. ഡി., ബിസ്മിത സിറാജ്, ലാബ് ടെക്നീഷ്യനായ അജേഷ് വി. ആർ. തുടങ്ങിയവർ രക്തദാന പ്രവർത്തനങ്ങൾ നടത്തി. അറുപതോളം വിദ്യാർത്ഥികൾക്ക് രക്തദാന ബോധവൽകരണ ക്ലാസ് നടത്തി.



## പഠനോപകരണ വിതരണവും ആദരവും ഇന്ന്

മുഹമ്മ: മുഹമ്മ ലൂഥർ ജംഗ്ഷന് സമീപം എസ്.എൻ.ഡി.പി യോഗം 517-ാം നമ്പർ ശാഖയിൽ ഇന്ന് രാവിലെ 10 ന് പഠനോപകരണ വിതരണവും ആദരവും സംഘടിപ്പിക്കും.

ശാഖാ യോഗം പ്രസിഡന്റ് ടി പ്രേമ് നാഥ് അധ്യക്ഷനാകും. സെക്രട്ടറി സി.ബാബുമോൻ, വി.കെ ജയദേവൻ, പി.ബാബു, വി.പുഷ്കരൻ എന്നിവർ പങ്കെടുക്കും.



## ചിങ്ങോലിയിൽ ബാലാവകാശ കമ്മീഷൻ സന്ദർശനം നടത്തി

ആലപ്പുഴ: ചിങ്ങോലിയിൽ ചൂരവിള എൽ.പി സ്കൂളിൽ അധ്യാപകൾക്കും വിദ്യാർത്ഥികൾക്കും പാചക തൊഴിലാളികൾക്കും ഛർദിയും വയറിളക്കവും ഉണ്ടായതുമായി ബന്ധപ്പെട്ട് സ്കൂളിൽ ബാലാവകാശ സംരക്ഷണ കമ്മിഷൻ അംഗം ജലജ ചന്ദ്രൻ സന്ദർശിച്ചു. ചിങ്ങോലി പഞ്ചായത്ത് പ്രസിഡന്റ് , വാർഡ് മെമ്പർ, ജില്ലാ ശിശു സംരക്ഷണ ആഫീസർ ,സ്കൂൾ ഹെഡ്മിസ്ട്രസ്, ഐ. സി. ഡി. എസ് സൂപ്പർവൈസർ, വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, ക്വാളിറ്റി എഞ്ചിനീയർ എന്നിവരുമായി യോഗം ചേരുകയുമുണ്ടായി. വെള്ളത്തിൽ ബാക്ടീരിയയുടെ സാന്നിധ്യം കുറയ്ക്കുന്നതിനായി സൂപ്പർ ക്ലോറിനേഷൻ നടത്തിയതായി പ്രധാനാധ്യാപിക അറിയിച്ചു .പ്രദേശത്തെ വീടുകളിൽ നിന്നുള്ള വെള്ളത്തിന്റെ സാമ്പിളുകളും പരിശോധനയ്ക്കായി എടുത്തിട്ടുണ്ടെന്ന് അസിസ്റ്റൻറ് എൻജിനീയർ പറഞ്ഞു. സ്കൂളിൽ ഉച്ചഭക്ഷണ പരിപാടി പുനരാരംഭിക്കുന്നതിന് മുന്നോടിയായി സ്കൂൾ മാനേജ്മെൻറ് കമ്മറ്റി കൂടണമെന്ന് ബാലാവകാശ കമ്മീഷൻ അംഗം നിർദ്ദേശിച്ചു. വാട്ടർ അതോറിറ്റിയുടെ കുഴൽ കിണറിൽ നിന്ന് നേരിട്ടുള്ള വെള്ളമാണ് പൈപ്പ് വഴി വിതരണം ചെയ്യുന്നത്.കുടിവെള്ളം വിതരണം ചെയ്യുന്ന പൈപ്പ് ലൈൻ സംവിധാനത്തിൽ എവിടെയെങ്കിലും വിള്ളൽ വീണിട്ടുണ്ടോ എന്നുള്ളത് അന്വേഷിക്കണമെന്നും പൈപ്പ് പൊട്ടിയ സ്ഥലങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി.വീടുകളിലേക്കുള്ള പൈപ്പുകളിൽ പൊട്ടലുകൾ ഉണ്ടെങ്കിൽ അതും കണ്ടെത്തി പരിഹരിക്കുന്നതിന് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിക്കുകയുണ്ടായി.

## നെഹ്റു ട്രോഫി ഭാഗ്യചിഹ്നം; എൻട്രികൾ ജൂലൈ രണ്ട് വരെ നൽകാം

ആലപ്പുഴ: 70ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാനുള്ള മത്സരത്തിലേക്കുള്ള എൻട്രികൾ ജൂലൈ രണ്ട് വൈകിട്ട് അഞ്ച് വരെ നൽകാം. എ4 സൈസ് ഡ്രോയിംഗ് പേപ്പറിൽ മൾട്ടി കളറിലാണ് ഭാഗ്യചിഹ്നം തയ്യാറാക്കേണ്ടത്.സൃഷ്ടികൾ മൗലികമായിരിക്കണം. എൻട്രികൾ അയക്കുന്ന കവറിൽ 70-ാമത് നെഹ്റു ട്രോഫി ജലമേള ഭാഗ്യചിഹ്നമത്സരം' എന്നു രേഖപ്പെടുത്തിയിരിക്കണം. ഒരാൾക്ക് ഒരു എൻട്രിയേ നൽകാനാകൂ. പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ പ്രത്യേകം പേപ്പറിൽ എഴുതി എൻട്രിക്കൊപ്പം സമർപ്പിക്കണം. കമ്പ്യൂട്ടറിൽ തയ്യാറാക്കിയ എൻട്രികളും സ്വീകരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടിയ്ക്ക് 10,001 രൂപ സമ്മാനമായി നൽകും. വിധിനിർണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും. എൻട്രികൾ കൺവീനർ, നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ 688001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04772251349.

## വിദ്യാഭ്യാസ, കായിക പ്രോത്സാഹന പദ്ധതി

ആലപ്പുഴ: മത്സ്യത്തൊഴിലാളി/അനുബന്ധ ത്തൊഴിലാളികളുടെ മക്കളിൽ 2023-24 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരും കായിക വിനോദ മത്സരങ്ങളിൽ വിജയം നേടിയവരുമായവരിൽ നിന്ന് വിദ്യാഭ്യാസ, കായിക പ്രോത്സാഹന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ എട്ട്, ഒമ്പത്, 10 എപ്ലസ് നേടിയവർക്കും പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടിയവർക്കും ഓരോ റിജീയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്നും ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന മൂന്ന് വിദ്യാർത്ഥികൾക്കും കായിക വിനോദ മത്സരങ്ങളിൽ ദേശീയ തലത്തിൽ (വ്യക്തിഗതം), സംസ്ഥാന തലത്തിൽ (വ്യക്തിഗതം), ഗ്രൂപ്പടിസ്ഥാനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്കും സംസ്ഥാനത്തെ പ്രതിനിധീകരിച്ചവർക്കും അപേക്ഷ നൽകാം. എഴുതി തയ്യാറാക്കിയ അപേക്ഷകൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ജൂലൈ 15 നകം അതത് ഫിഷറീസ് ഓഫീസുകളിൽ നൽകണം.

## അസിസ്റ്റന്റ് പ്രൊഫസർ: കരാർ നിയമനം

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജിലെ പ്ലാസ്റ്റിക് ആന്റ് റീ കൺസ്ട്രക്ടീവ് സർജറി വിഭാഗത്തിലും ജനറൽ സർജറി വിഭാഗത്തിലും കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നു. പ്ലാസ്റ്റിക് ആന്റ് റീ കൺസ്ട്രക്ടീവ് സർജറി വിഭാഗത്തിൽ ഒരു ഒഴിവും സർജറി വിഭാഗത്തിൽ ഒമ്പത് ഒഴിവുമാണുള്ളത്.

പ്ലാസ്റ്റിക് ആന്റ് റീ കൺസ്ട്രക്ടീവ് സർജറി വിഭാഗത്തിലേക്ക് എം.സി.എച്ച്/ ഡി.എൻ.ബി.യും ജനറൽ സർജറി വിഭാഗത്തിലേക്ക് എം.എസ്. / ഡി.എൻ.ബി.യുമാണ് ആവശ്യമായ യോഗ്യത. രണ്ട് തസ്തികയിലേക്കും മൂന്ന് വർഷ അധ്യാപക പരിചയ(പി.ജി. കാലയളവ് പരിഗണിക്കും)വും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ആവശ്യമാണ്. അഭിമുഖം ജൂലൈ ഒമ്പതിന് രാവിലെ 11ന് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കും. താൽപര്യമുള്ളവർ ജനന തീയതി, മേൽവിലാസം വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന രേഖകളും പകർപ്പുമായി എത്തണം.

## റെയിൽവെ ഗേറ്റ് അടച്ചിടും

ആലപ്പുഴ: കുമ്പളംതുറവൂർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 11 (കെൽട്രോൺ ഗേറ്റ്) ഇന്ന് വൈകിട്ട് ആറ് മുതൽ ജൂലൈ ഒന്നിന് രാവിലെ ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും. വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 9 (അരൂർ നോർത്ത് ഗേറ്റ്) വഴി പോകണം.

### എലിവേറ്റഡ് ഹൈവേ നിർമ്മാണം

# യാത്ര പ്രശ്നങ്ങൾ പരിഹരിക്കും

ആലപ്പുഴ: എലിവേറ്റഡ് ഹൈവേയുടെ നിർമാണം നടക്കുന്ന തുറവൂർ മുതൽ അരൂർ വരെയുള്ള ഭാഗത്തെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിൽ നിർമ്മാണ പ്രവർത്തികൾ നടക്കുന്ന കിഴക്കുഭാഗത്തെ റോഡ് ടാർ ചെയ്യുമെന്ന് ജില്ല വികസന സമിതി യോഗം. ജില്ല ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ജില്ല കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അരൂർ തുറവൂർ ഭാഗത്തെ ഗതാഗത പ്രശ്നങ്ങൾ വിലയിരുത്തിയത്. നിലവിൽ റോഡിലുള്ള കുഴികൾ ഉടൻ അടയ്ക്കും. വാഹനഗതാഗതം ആറ് ദിവസത്തേക്ക് നിയന്ത്രിച്ച് അരൂക്കുറ്റി ഭാഗത്ത് കൂടി തിരിച്ചു വിട്ട് റോഡ് നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് യോഗത്തിൽ കലക്ടർ വ്യക്തമാക്കി.ജില്ലയുടെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായ സാഹചര്യത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേക പദ്ധതി അടിയന്തിരമായി അനുവദിക്കണമെന്ന് കെ.സി വേണുഗോപാൽ എം.പി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കടലാക്രണം ചെറുക്കുന്നതിന് ജലസേചന വകുപ്പുകൾ സ്വീകരിച്ച നടപടികൾ എം.പി. വിലയിരുത്തി. തോട്ടാതോട് പാലം, പുതിയ പാലം നിർമാണത്തിനായി പൊളിച്ചതിനാലുള്ള യാത്രാ ബുദ്ധിമുട്ട് പരിഹരിക്കാൻ പകരം സംവിധാനം ഏർപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.കായംകുളം മണ്ഡലത്തിലെ മാർക്കറ്റ് പാലം, കന്നീശകടവ് പാലം, കോയിക്കൽപടി പാലം എന്നിവയുടെ നിർമാണ നടപടികളും സ്ഥലമെടുപ്പും വേഗത്തിലാക്കാൻ യു. പ്രതിഭ എം.എൽ.എ. ആവശ്യപ്പെട്ടു. മീനപ്പള്ളി കനകാശ്ശേരി പാടശ്ശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ തോമസ് കെ. തോമസ് എം.എൽ.എ വിലയിരുത്തി. പള്ളാത്തുരുത്തി പമ്പ് ഹൗസിൽ അടിയന്തിരമായി കുഴൽകിണറുകൾ സ്ഥാപിച്ച് കൈനകരി രണ്ടാം വാർഡിലെ കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കണമെന്ന് എം.എൽ.എ ആവശ്യപ്പെട്ടു. ഓണാട്ടുകര കാർഷിക മേഖലയ്ക്കായുള്ള ഹരിതം ഹരിപ്പാട് പദ്ധതിയിൽ 25 കോടി രൂപ നബാർഡ് ഫണ്ട് അനുവദിച്ച പ്രവൃത്തിയുടെ രണ്ടാം ഘട്ട നിർവ്വഹണ നടപടികൾ നോഡൽ ഓഫീസർ ഉടൻനന്നെ തയ്യാറാക്കണമെന്ന് രമേശ് ചെന്നിത്തല എം.എൽ.എ ആവശ്യപ്പെട്ടു. തൃക്കുന്നപ്പുഴ, ആറാട്ടുപുഴ ഭാഗത്തെ ജിയോബാഗ് ഫെൻസിംഗ് സ്ഥാപിക്കൽ നടപടികൾ എം.എൽ.എ. അന്വേഷിച്ചു. വീയപുരം തുരുത്തി റോഡിന് പുതുക്കിയ എസ്റ്റിമേറ്റ് എടുത്തുവെങ്കിലും നിർമ്മാണ നടപടികൾ പുരോഗമിക്കുന്നില്ലെന്ന് കൊടിക്കുന്നിൽ സുരേഷ് എം.പിയുടെ പ്രതിനിധി യോഗത്തിൽ അഭിപ്രായപ്പെട്ടു. പള്ളിത്തോട് ചാപ്പാകടവ് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ദലീമ ജോജോ എം.എൽ.എ. ആവശ്യപ്പെട്ടു. നവകേരള സദസ്സുമായി ബന്ധപ്പെട്ട പരാതികളിൽ വിവിധ വകുപ്പുകൾ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ജില്ല കലക്ടർ ആവശ്യപ്പെട്ടു. യോഗത്തിൽ സബ്കലക്ടർ സമീർ കിഷൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ എം.പി. അനിൽകുമാർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.



ജില്ല ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ജില്ല കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിന്ന്



മുഹമ്മ പഞ്ചായത്ത് ഒൻപതാം വാർഡിൽ ജപ്പാൻ ജലവിതരണ പൈപ്പ് പൊട്ടി ജലം പാഴാകുന്നു

## ജപ്പാൻ ജലവിതരണം മുടങ്ങി; വലഞ്ഞ് നാട്ടുകാർ

മുഹമ്മ: മുഹമ്മ പഞ്ചായത്ത് ഒൻപതാം വാർഡിൽ ജപ്പാൻ ജലവിതരണം മുടങ്ങിയത് ജനത്തെ വലക്കുന്നു. കായലോര വാർഡായതിനാൽ മറ്റ് ജല സ്രോതസുകളെ ആശ്രയിക്കാനാകാത്ത സ്ഥിതിയാണ്.

മുഹമ്മ ടൗണിലും സമീപ പ്രദേശങ്ങളിൽ നിന്നുമായി ജലം വിലക്ക് വാങ്ങി ഉപയോഗിക്കേണ്ട സ്ഥിതിയിലാണ് നാട്ടുകാർ. തോട്ടുമുഖപ്പിൽ തീരത്തെ വീടുകൾ വെള്ളക്കെട്ടിലായതും വിനയാണ്. ദിവസങ്ങളായി തുടരുന്ന മഴയിൽ തോടുകളിലെ മാലിന്യം പറമ്പുകളിൽ നിറയുകയാണ്. പൈപ്പ് പൊട്ടി ജലം പാഴാകുന്നതും മുഹമ്മയിൽ പതിവാണ്.

മുഹമ്മ അങ്ങാടിക്കടവ് തോട്ടുമുഖപ്പിൽ കായൽ തീര റോഡിൽ ജപ്പാൻ ജലവിതരണ പൈപ്പ് പൊട്ടി ഒലിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. ജലം നിരന്തരം ഒഴുകി റോഡ് തകർന്നു.മേഖ ലയിലെ വൈദ്യുതി പോസ്റ്റും അപകടാവസ്ഥയിലായി. ജനം പരാതിപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായാണ് ആക്ഷേപം.

## തോട്ടടി പാടശേഖരത്തിൽ കൃഷിക്ക് തുടക്കമായി

അരൂക്കുറ്റി: അരൂക്കുറ്റി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ 20 വർഷക്കാലമായി കൃഷിയിചെയ്യാതിരുന്ന തോട്ടടി പാടശേഖരത്തിൽ കൃഷി ചെയ്യാൻ കർഷകർ തീരുമാനിച്ചു. നിലമൊരുക്കി അരൂക്കുറ്റി കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഷ്റഫ് വെള്ളേഴത്ത് വിത്തുവിതക്കൽ ഉദ്ഘാടനം ചെയ്തു. കർഷക സംഘം പ്രസിഡന്റ് ബുഷ്റ ഉപാസന സെക്രട്ടറി രാജേന്ദ്ര ബാബു ഖജാൻജി ഇബ്രാഹിം കുട്ടി കർഷക സംഘം അംഗങ്ങളായ എച്ച് യാസ്മിൻ . ലിയാത്ത് അലി. വേലപ്പൻ തുടങ്ങിയവർ പങ്കെടുത്തു.



അരൂക്കുറ്റി പഞ്ചായത്തിലെ ഒമ്പതാം വാർഡിലെ തോട്ടടി പാടശേഖരത്തിൽ കൃഷിക്ക് തുടക്കം കുറിച്ചപ്പോൾ

## ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം

അരുക്കുറ്റി: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ശ്രീകണ്ഠശ്വരം എസ്. എൻ. ഡി. എസ്. വൈ. യു. പി സ്കൂളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കമായി. സ്കൂളിലെ മുഴുവൻ കുട്ടികളും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമായി ലഹരി വിരുദ്ധ പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ നൃത്തം, പാട്ടുകൾ എന്നിവ കുട്ടികൾ അവതരിപ്പിച്ചു. വുമൺ സിവിൽ എക്സൈസ് ഓഫിസർ ശ്രീജ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു.സ്കൂൾ ഹെഡ്മിസ്ട്രെസ് ബി. ബീന, എസ്. ആർ ജയശ്രീ, ഇന്ദുലാൽ, കെ. എം ഷീജ, സ്കൂൾ ലീഡർ അളകനന്ദ തുടങ്ങിയവർ സംസാരിച്ചു.



അമ്പലപ്പുഴ പടിഞ്ഞാറെ തീരപ്രദേശത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ കെ.സി.വേണുഗോപാൽ എം.പി സന്ദർശിക്കുന്നു

## കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ എം.പി സന്ദർശിച്ചു

അമ്പലപ്പുഴ: അമ്പലപ്പുഴ പടിഞ്ഞാറെ തീരപ്രദേശത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ കെ.സി.വേണുഗോപാൽ എംപി സന്ദർശിച്ചു.പുന്നപ്ര നരോന , ഫിഷ് ലാന്റിംഗ്, വളഞ്ഞവഴി,നീർക്കുന്നം എന്നിവിടങ്ങൾ സന്ദർശിച്ച എംപി സ്ഥിതിഗതികൾ വിലയിരുത്തി. ജനപ്രതിനിധികളും റനവന്യൂ ഉദ്യോഗസ്ഥരും മറ്റുനേതാക്കളും എംപിയോടൊപ്പമുണ്ടായിരുന്നു. ജില്ലാ വികസന സമിതി യോഗത്തിന് ശേഷമാണ് കെ.സി.വേണുഗോപാൽ തീരദേശപ്രദേശങ്ങൾ സന്ദർശിച്ചത്. കടലാക്രമണം രൂക്ഷമായ പ്രദേശത്ത് അടിയന്തരമായി കടൽഭിത്തി നിർമ്മിക്കണമെന്നും ഇനിയും കടൽ കൂടുതൽ കയറുന്നത് തടയാനുള്ള പ്രതിരോധ സംവിധാനം എത്രയും വേഗം ക്രമീകരിക്കണമെന്നും കെ.സി.വേണുഗോപാൽ എം.പി അഭിപ്രായപ്പെട്ടു. കടലാക്രമണം തടയുന്നതിനുള്ള ടെട്രാപോഡുകൾ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ അടിയന്തരമായി ഏർപ്പെടുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ ഒപ്പം ഉണ്ടായിരുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് എം.പി നിർദ്ദേശം നൽകി.കടൽഭിത്തിയില്ലാത്ത പ്രദേശത്തെ വീടുകൾ കടൽ കൊണ്ടുപോകുന്ന സാഹചര്യമാണ്. കുറച്ച് ഭാഗത്ത് മാത്രമാണ് കടൽഭിത്തിയുള്ളത്. സാധാരണക്കാരാണ് അവിടെ താമസിക്കുന്നത്. പത്തുലക്ഷം രൂപമാത്രമാണ് സ്ഥലം ഒഴിഞ്ഞ് പോകുന്നതിന് പ്രഖ്യാപിച്ചത്. ആ തുകയക്ക് സ്ഥലം വാങ്ങി വീടു വെയ്ക്കാൻ കഴിയില്ല. ഗൗരവകരമായ സമീപനം സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം. തീരപ്രദേശവാസികളുടെ ദുരിതം ജലസേചന വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. സഹായിക്കാമെന്ന ഉറപ്പ് മന്ത്രി നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

## സൂപ്പർ ക്ലോറിനേഷൻ

ആലപ്പുഴ: അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ വിവിധ പമ്പ് ഹൗസുകളിൽ നിന്നും വിതരണം ചെയ്യുന്ന ജലം ജൂലൈ രണ്ട് മുതൽ സൂപ്പർ ക്ലോറിനേഷൻ നടത്തുന്നതിനാൽ അന്നേദിവസം രാവിലെ എട്ട് മുതൽ ജൂലൈ മൂന്നിന് രാവിലെ ആറുവരെ വാട്ടർ അതോറിറ്റിയുടെ ജലം ഉപയോഗിക്കരുതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## പശു ഡയറി യൂണിറ്റ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്ര വിഭാഗങ്ങൾക്ക് പശു ഡയറി യൂണിറ്റ് അനുവദിക്കുന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ പ്രസിദ്ധീകരിച്ച അതിദരിദ്ര വിഭാഗം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അപേക്ഷക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ലഭിക്കും.



ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ബ്ലോക്ക്തല കാർഷിക മേള അരൂർ എം.എൽ.എ ദലീമ ജോജോ ഉദ്ഘാടനം നിർവഹിക്കുന്നു

## ഭാരതീയ പ്രകൃതി കൃഷി പദ്ധതി ബ്ലോക്ക് തല കാർഷികമേള

അരുക്കുറ്റി: സർക്കാർ കാർഷിക കർഷക ക്ഷേമ വകുപ്പിന്റെ ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി കെ.പി)യുടെ ബ്ലോക്ക്തല കാർഷിക മേള തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അരൂർ എം.എൽ.എ ദലീമ ജോജോ പ്രദർശന സ്റ്റാളുകളുടെയും മേളയുടെയും ഉദ്ഘാടനം നിർവഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.വി.ആർ രജിത അധ്യക്ഷത വഹിച്ച ചടങ്ങിൽ വികസനകാര്യ സ്റ്റാ. കമ്മിറ്റി ചെയർമാൻ രാജേഷ് വിവേകാനന്ദ സ്വാഗതവും പദ്ധതി വിശദീകരണം ആലപ്പുഴ കൃഷി ഡെപ്യൂട്ടി ഡയറക്ടർ സുജാ ഈപ്പനും പറഞ്ഞു. സഞ്ചരിക്കുന്ന സൗജന്യ മണ്ണ് പരിശോധനയുടെ ഉദ്ഘാടനം ആലപ്പുഴ ആത്മ പ്രോജക്ട് ഡയറക്ടർ അനിത ജെയിംസും നിർവഹിച്ചു. പച്ചക്കറി തൈ, ഉത്പാദന ഉപാദികൾ വിതരണ ഉദ്ഘാടനം ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാ. കമ്മറ്റി ചെയർ പേർസണൻ അഡ്വ.ജയശ്രീ ബിജു നിർവഹിച്ചു.പച്ചക്കറി കൃഷിക്ക് വേണ്ട നടീൽ വസ്തുക്കളുടെയും പരമ്പരാഗത വിത്തിനങ്ങളുടെയും ,മരതകം കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം, കാർഷിക യന്ത്രങ്ങളുടെ പ്രദർശനം,ലഭിക്കുന്നതി നുള്ള രജിസ്ട്രേഷൻ, പഞ്ചായത്തുകളിൽ നിന്ന് എത്തുന്ന കൃഷിക്കൂട്ടങ്ങളുടെയും, എഫ്ഐജികളുടെയും കുടുംബശ്രീകളുടെയും പ്രദർശനസ്റ്റാളുകൾ,സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബിന്റെ സൗജന്യമായി മണ്ണ് പരിശോധിക്കുവാനുള്ളഅവസരം, വിളഇൻഷുറൻസ് തുടങ്ങി നിരവധി പ്രദർശന സ്റ്റാൾ മേളയിൽ ഉണ്ടായിരുന്നു.കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജി. വി. റെജി നന്ദിയും പറഞ്ഞു. പഞ്ചായത്തുകളിൽ നിന്നും ജനപ്രതിനിധികൾ ഉൾപ്പെടെ നിരവധി കർഷകരും പങ്കെടുത്തു.

## അധ്യാപക പരിശീലന ദിവസം കരിദിനമായി ആചരിച്ച് കെ.എ.എം.എ

കായംകുളം: ശനിയാഴ്ചകൾ പ്രവർത്തിദിനമാക്കികൊണ്ടുള്ള വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കുക എന്ന ആവശ്യമുന്നയിച്ച് കൊണ്ട് ശനിയാഴ്ച നടന്ന അധ്യാപക പരിശീലനം കേരള അറബിക് മുൻഷീസ് അസോസിയേഷൻ കരിദിനമായി ആചരിച്ച് പ്രതിഷേധിച്ചു. ജില്ല തല പ്രതിഷേധ പരിപാടി കായംകുളത്തെ അധ്യാപക പരിശീലന കേന്ദ്രമായ കായംകുളം ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽവച്ച് കെ.എ.എം. എ സംസ്ഥാന സെക്രട്ടറി അനസ് എം. അഷറഫ് ഉദ്ഘാടനം നിർവഹിച്ചു. ജില്ല പ്രസിഡന്റ് മുഹമ്മദ് കുഞ്ഞ് സഅദി അധ്യക്ഷത വഹിച്ചു സംസ്ഥാന വനിത ഫോറം കൺവീനർ സുമിമോൾ ഇ കെ മുഖ്യപ്രഭാഷണം നിർവഹിച്ചു ചടങ്ങിൽ ജില്ല ഭാരവാഹികളായ ഡോ.അനസ് എസ് , നദീറ ബീഗം വൈ,ഹീര ആർ,ഷംനാദ് എസ്,അജീല എ,നിയാസ് എ,അശ്വിനി എ എസ് , സാനിത റ്റി,റീനമോൾ, ഷംല എസ്, ലത്തീഫ ബീവി തുടങ്ങിയവർ സംസാരിച്ചു. അശാസ്ത്രീയമായ അക്കാദമിക കലണ്ടർ ഒഴിവാക്കി വിദ്യാർഥി സൗഹൃദമായ പഠന അന്തരീക്ഷം സൃഷ്ടിക്കണമെന്ന് പ്രതിഷേധ യോഗം ആവശ്യപ്പെട്ടു. കറുത്ത ബാഡ്ജുകൾ ധരിച്ച് അധ്യാപകർ ക്ലസ്റ്റർ പരിശീലനത്തിൽ പങ്കാളികളായി.



വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കണം എന്ന ആവശ്യമുന്നയിച്ച് കൊണ്ട് നടത്തിയ കരിദിന പ്രതിഷേധം കെ.എ.എം.എ സംസ്ഥാന സെക്രട്ടറി അനസ് എം. അഷറഫ് ഉദ്ഘാടനം ചെയ്യുന്നു

## പുല്ലമ്പാറ പാലം ജംഗ്ഷന് സമീപം വാഹനാപകടം

പനവൂർ:പുല്ലമ്പാറ പാലം ജംഗ്ഷന് സമീപം പൊക്കം വളവിൽ ആണ് നിയന്ത്രണം വിട്ട കാർ താഴെ കുഴിയിലേക്ക് മറിഞ്ഞത്.അമ്മയും മകളുമാണ് കാറിൽ ഉണ്ടായിരുന്നത്. ഇവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.ഓടിക്കൂടിയ നാട്ടുകാരാണ് ഇവരെ രക്ഷപ്പെടുത്തിയത്.അപകടമേഖലയാണ് പുല്ലമ്പാറയിലെ പൊക്കം വളവ്.നിരവധി വാഹനങ്ങളാണ് ഇതിനകം കുഴിയിലേക്ക് വീണിട്ടുള്ളത്. ഈ അപകട വളവിന് മുന്നറിയിപ്പ് ബോർഡുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല.അത് കാരണം അപകടങ്ങൾ നടക്കാൻ സാധ്യത കൂടുതൽ ആണ്. പലപ്പോഴും വാഹനം നിയന്ത്രണം വിട്ടാണ് കുഴിയിലേക്ക് മറിയുന്നത്. സമീപത്ത് ഉണ്ടായിരുന്ന കലിംഗും വാഹനമിടിച്ചാണ് തകർന്നത്.ഇത് വരെയും അത് പുനസ്ഥാപിച്ചിട്ടില്ല. എത്രയും പെട്ടന്ന് സംരക്ഷണഭിത്തി ഉൾപ്പടെ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം എന്നാണ് നാട്ടുകാരുടെ ആവശ്യം.

## സക്ഷമ ഹോം തെറാപ്പി സേവനം

തിരുവനന്തപുരം: കിടപ്പ് രോഗികൾക്കും, ചികിത്സയ്ക്കായി യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള മറ്റുള്ളവർക്കും വേണ്ടി സക്ഷമയുടെ ധീമഹി തെറാപ്പി സെൻറർ ഹോം കെയർ ആരംഭിച്ചിരിക്കുന്നു. ഇതനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള വീടുകളിൽ തെറാപ്പി ടീം എത്തി ആവശ്യക്കാർക്ക് ഫിസിയോതെറാപ്പി സേവനം നൽകുന്നതാണ്. എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച ഭിന്നശേഷിക്കാർക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രൊഫിഷ്യൻസി അവാർഡിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും സക്ഷമയുടെ ദിവ്യാംഗ സേവാ കേന്ദ്രം വേണ്ട സഹായം ചെയ്യുന്നു. സക്ഷമയുടെ എല്ലാ സേവനങ്ങൾക്കും +91 88489 76123 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## വാഹന ഗതാഗതം നിരോധിച്ചു

തിരുവനന്തപുരം: നഗരസഭ വഞ്ചിയൂർ വാർഡിലെ സമദ് ഹോസ്പിറ്റൽ റോഡ് മുതൽ ആമയിഴഞ്ചാൻതോട് കടന്ന് വഞ്ചിയൂർ പാറ്റൂർ റോഡിൽ അവസാനിക്കുന്ന റോഡ് അപകടാവസ്ഥയിൽ ആയതിനാൽ ഇതുവഴിയുള്ള വാഹന ഗതാഗതം താല്ക്കാലികമായി നിരോധിച്ച് അടിയന്തിര അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ഇതുവഴിയുള്ള യാത്രക്കാർ അടുത്ത രണ്ട് മാസത്തേയ്ക്ക് അനുബന്ധമായ മറ്റ് റോഡ് ഉപയോഗിക്കണമെന്ന് അറിയിക്കുന്നു.

# തിരുവനന്തപുരം വാർത്തകൾ

# ദീപുവധം: സുനിൽ കുമാറിനായി വ്യാപകതിരച്ചിൽ

പാറശ്ശാല: കളിയിക്കാവിള ദീപു കൊലക്കേസിൽ പ്രതി സജികുമാർ ഉപയോഗിച്ച സർജിക്കൽ ബ്ലേഡും ഗ്ലൗസും നൽകിയ സുനിൽകുമാറിനെ കണ്ടെത്താൻ പ്രത്യേക അന്വേഷണസംഘം കേരളത്തിലും തമിഴ്നാട്ടിലും വ്യാപക തിരച്ചിൽ തുടരുന്നു. അതിനിടെ കന്യാകുമാരി ജില്ലയിലെ കുലശേഖരത്ത് റോഡരികിൽ സുനിൽകുമാറിന്റെ കാർ ഉപേക്ഷിച്ചനിലയിൽ കണ്ടെത്തി. തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുത്ത വാഹനം തക്കല ഡിവൈ.എസ്.പി. ഓഫീസിലേക്ക് മാറ്റി.

സുനിൽ കുമാറിന് കേരളത്തിലും തമിഴ്നാട്ടിലും ബന്ധങ്ങളുണ്ട്. സജി കുമാർ പിടിയിലായതിനു തൊട്ടുപിന്നാലെ മൊബൈൽ ഫോൺ വീട്ടിൽ ഉപേക്ഷിച്ച് രക്ഷപ്പെട്ട സുനിലിനായി അന്വേഷണവിഭാഗം നാലു സംഘങ്ങളായി തിരിഞ്ഞാണ് തിരച്ചിൽ നടത്തുന്നത്. തമിഴ്നാട്ടിലെ വിവിധഭാഗങ്ങൾ കേന്ദ്രീകരിച്ചാണ് പോലീസ് അന്വേഷണം നടത്തുന്നത്.

ദീപുവിനെ കൊലപ്പെടുത്താൻ സർജിക്കൽ ബ്ലേഡും ഗ്ലൗസും അടക്കമുള്ളവ നൽകിയത് സുനിൽകുമാറാണെന്ന് സജികുമാർ മൊഴിനൽകിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി സുനിൽകുമാറുമായി അടുത്ത ബന്ധമുള്ള മൂന്നുപേരെ കൂടി കഴിഞ്ഞദിവസം പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു.

സുനിൽകുമാറിന്റെ സ്ഥാപനത്തിലെ ജീവനക്കാരനായ പ്രദീപ് ചന്ദ്രൻ, സുനിൽകുമാർ പാർട്ണറായ സർജിക്കൽ സ്ഥാപനത്തിന്റെ ഉടമ, പാറശ്ശാല മഹാദേവർ ക്ഷേത്രത്തിനു സമീപത്തെ സർവീസ് സെന്റർ ഉടമ എന്നിവരെയാണ് ചോദ്യംചെയ്യാനായി കസ്റ്റഡിയിലെടുത്തത്.

കൊല നടത്തുന്നതിന് സർജിക്കൽ ഗ്ലൗസ്, ബ്ലേഡ്, വസ്ത്രങ്ങൾ എന്നിവ നൽകിയ സർജിക്കൽ സ്ഥാപനത്തിന്റെ പാർട്ണറാണ് സുനിൽകുമാർ. പ്രദീപ് ചന്ദ്രനെ വ്യാഴാഴ്ച വൈകിട്ട് തമിഴ്നാട് പോലീസിന്റെ നിർദേശപ്രകാരം നെയ്യാറ്റിൻകര പോലീസ് പിടികൂടി പ്രത്യേക അന്വേഷണസംഘത്തിനു കൈമാറുകയായിരുന്നു.

## കെ.എസ്.ഇ.ബിയുടെ കള്ള കഥക്ക് എതിരെ പ്രതിഷേധം

വെള്ളറട: നടൂർ കൊല്ലയിൽ ഗൃഹനാഥൻ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ച സംഭവവുമായി ബന്ധപ്പെട്ട് മാരായമുട്ടം കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറും കെ.എസ്.ഇ.ബി നെയ്യാറ്റിൻകര എക്സ്യുട്ടീവ് എഞ്ചിനീയറും നൽകിയ വിശദീകരണത്തിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. കെ.എസ്.ഇ.ബി ചെയർമാനെ തെറ്റിദ്ധരിപ്പിക്കുന്ന വിശദീകരണമാണ് അധികൃതർ നൽകിയതെന്നാണ് ആക്ഷേപം. ഇക്കഴിഞ്ഞ 28 നാണ് ഷോക്കേറ്റ് ബാബു മരണപ്പെട്ടത്.

അന്ന് തന്നെ ഇരു ഓഫീസുകളും ചെയർമാന് വിശദീകരണം നൽകിയിരുന്നു. നൽകിയത്. പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റതാണെന്നോ ആഴ്ചകളായി ഈ ലൈൻ പൊട്ടിക്കിടക്കുകയാണെന്നോ വിശദീകരണത്തിൽ പരാമർശിച്ചിട്ടില്ല. പൊട്ടിവീണ ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ചാൽ ലഭിക്കുന്ന 10 ലക്ഷം രൂപയുടെ ആനുകൂല്യം ബാബുവിന് ലഭിക്കാതിരിക്കുന്നതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് ഇവർ വസ്തുതകൾ മറച്ചുവെക്കുന്നതെന്ന് കോൺഗ്രസ് ആരോപിച്ചു.

രണ്ട് ഓഫീസിലെയും ഉത്തരവാദികൾക്ക് എതിരെ ശക്തമായ നടപടി സ്വീകരിക്കമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു. അതിനിടെ പ്രതിഷേധത്തെ തുടർന്ന് ഇന്നലെ രാത്രി വൈകി കെ.എസ്.ഇ.ബി മരിച്ചയാളിന്റെ കുടുംബത്തിന് അഞ്ചുലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു.

## ഞാറ്റുവേല ചന്ത ഉദ്ഘാടനം

നെടുമങ്ങാട്: ആനാട് ഗ്രാമ പഞ്ചായത്ത് കൃഷിഭവനിൽ സംഘടിപ്പിച്ച കർഷക സഭ - ഞാറ്റുവേല ചന്ത പദ്ധതിയുടെയും ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായുള്ള പൂവനി- ഓണക്കാല പുഷ്പ കൃഷി പദ്ധതിയുടെയും ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ ശ്രീകല നിർവ്വഹിച്ചു.വൈസ് പ്രസിഡന്റ് പാണയം നിസാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി ഓഫീസർ ജിതിൻ വി വി പദ്ധതി വിശദീകരണം നടത്തി.

സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാരായ വേങ്കവിള സജി, എസ്. ഷൈലജ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീകുമാർ, പഞ്ചായത്ത് മെമ്പർമാർ,കാർഷിക വികസന സമിതി അംഗങ്ങൾ, കേരസമിതി അംഗങ്ങൾ, കാർഷിക കർമസേന അംഗങ്ങൾ, ഇക്കോഷോപ് ഭാരവാഹികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. അസിസ്റ്റന്റ് കൃഷി ഓഫീസർ കെ.ശ്രീകല നന്ദി പറഞ്ഞു.

## പെരുപാമ്പുകളെ പിടികൂടി

ആര്യനാട്: ഒരേ സ്ഥലത്ത് നിന്നും മണിക്കൂറിന്റെ വ്യത്യാസത്തിൽ രണ്ടു പെരുപാമ്പുകളെ പിടികൂടി. ശനിയാഴ്ച ഉച്ച തിരിഞ്ഞ് 3.30 ഓടെയാണ് കുളപ്പട ജങ്ഷനിൽ സിയദിന്റെ ഉടമസ്ഥതയിൽ ഉള്ള മൂന്നേക്കറോളം പുരയിടത്തിൽ മണ്ണ് മാന്തി യന്ത്രം ഉപയോഗിച്ച് കാട് തെളിക്കുന്നതിനിടെ പെരുമ്പാമ്പിനെ കണ്ടത്. വനം വകുപ്പ് പരുത്തിപ്പള്ളി ആർ ആർ ടി അംഗം റോഷ്നി ജി എസ് സ്ഥലത്തെത്തി പെരുമ്പാമ്പിനെ പിടികൂടി. പൊന്തക്കാട്ടിൽ ഒളിച്ച 10 കിലോയോളം തൂക്കമുള്ള പെരുമ്പാമ്പിനെ പിടികൂടി തിരികെ എത്തുമ്പോഴേക്കും 4.30 ഓടെ രണ്ടാമതും ഇതേ സ്ഥലത്തുനിന്ന് പാമ്പിനെ കണ്ടതായി വിളിയെത്തി. രണ്ടാമത് പിടികൂടിയ പാമ്പിന് 30 കിലോയോളം തൂക്കംവരും. പിടികൂടിയ പാമ്പുകളെ വനംവകുപ്പ് ആസ്ഥാനത്ത് എത്തിച്ചു. ഒരാഴ്ചക്കിടെ ഇത് അഞ്ചാമത്തെ പെരുമ്പാമ്പിനെ ആണ് പിടികൂടിയത്. കൂടാതെ 3 മൂർഖൻ പാമ്പുകളെയും, നാലോളം ചേരയേയും പിടികൂടി.



വനം വകുപ്പ് ആർ ആർ ടി അംഗം റോഷ്നി ജി എസ് പെരുമ്പാമ്പിനെ പിടികൂടുന്നു

# അൽ മുക്താദിർ ഗ്രൂപ്പിന്റെ വിവിധ ഗോൾഡ് ഡയമണ്ട് ഷോറൂമുകൾ പ്രവർത്തനം തുടങ്ങി

തിരുവനന്തപുരം: അൽ മുക്താദിർ 24 ക്യാരറ്റ് ഗോൾഡ് ബുള്ള്യൻ എക്സ്ക്ലൂസീവ് ഷോറൂം (എക്സ്പോർട്ട് ആന്റ് ഇംപോർട്ട്), അൽ ഖാദിർ ഗോൾഡ് ആന്റ് ഡയമണ്ട് ജ്വല്ലറിഷോറൂം, അൽ മുക്താദിർ വെഡ്ഡിംഗ് ജ്വല്ലറി ഷോറൂം എന്നിവയുടെ ഉദ്ഘാടനം ഓൾ ഇന്ത്യ മുസ്ലീം പേഴ്സണൽ ലോ ബോർഡ് മെമ്പർ അബ്ദുൽഷുക്കൂർ മൗലവി, അൽ മുക്താദിർ ഗോൾഡ് ആന്റ് ഡയമണ്ട് മാനുഫാക്ച്ചറിംഗ് ആന്റ് ഹോൾസെയിൽ ജ്വല്ലറി ഗ്രൂപ്പ് സ്ഥാപക ചെയർമാൻ ആന്റ് സി.ഇ.ഒ - ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

മുഖ്യാതിഥികളായി സുന്ന എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ മൗലാന മുഹമ്മദ് അയൂബ് നദ്‌വി, എക്സ്. എക്സിക്യൂട്ടീവ് ഡയറക്ടർ (ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം ആന്റ് കോമേഴ്സ് മാർക്കറ്റിംഗ് - യു.എ.ഇ.) ആന്റ്മുക്താദിർ ജ്വല്ലറി ട്രേഡിംഗ് കമ്പനി എൽ.എൽ.സി. അസിസ്റ്റന്റ് ഗ്ലോബൽ ജനറൽ മാനേജർ ഇബ്രാഹിംയാഖൂത്, അൽ മുക്താദിർ ഗ്രൂപ്പ് ഗ്ലോബൽ ജനറൽ മാനേജർ ഗുൽസാർ അഹമ്മദ് സേട്ട്, അസിസ്റ്റന്റ് ഗ്ലോബൽ ജനറൽ മാനേജർ നാസർ അൽഹാദി, കേരള മുസ്ലീം ജമാ അത്ത് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കരമന ബയാർ എന്നിവർ പങ്കെടുത്തു. ഈദുൽ അദ്ഹ ബിഗ് ഓഫറായിരുന്ന ഇന്നോവ ഹൈക്രോസ് കാറിന്റെ നറുക്കെടുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവ്വഹിച്ചു. കൊല്ലം-കരുനാഗപ്പള്ളി അൽ ഗനിയിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ പർച്ചേസ് ചെയ്ത നവാസിനാണ് കാർ സമ്മാനമായി ലഭിച്ചത്.

ഭാഗ്യവധുവിന് ഇരട്ടി സ്വർണ്ണം സമ്മാന നറുക്കെടുപ്പ് ഇബ്രാഹിം യാഖൂത് നിർവ്വഹിച്ചു. ഒന്നാം സമ്മാനമായ വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ അതേ തൂക്കത്തിലുള്ള സ്വർണ്ണം തൃശ്ശൂർ അർ റഹ്മാൻ നിന്നും വാങ്ങിയ കോഴിക്കോട് സ്വദേശി സി.പി. ചന്ദ്രനും, രണ്ടാം സമ്മാനമായ വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ പകുതി സ്വർണ്ണം കൊല്ലം അൽ ബാസിതിൽ നിന്നും പർച്ചേസ് ചെയ്ത ഷെഹിനയ്ക്കും മൂന്നാം സമ്മാനമായ വാങ്ങുന്ന സ്വർണ്ണാഭരണത്തിന്റെ 25% സ്വർണ്ണം തിരുവനന്തപുരം അൽ ഷക്കൂറിൽ നിന്നും വാങ്ങിയ അബു ഷെഹ്മാനും ലഭിച്ചു. ജി.ഡി.ജെ.എം.എം.എ - യുടെ തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ഘാടനം കോവളം എം.എൽ.എ എം. വിൻസെന്റ് എം.എൽ. എ.യും നിർവ്വഹിച്ചു. ഉദ്ഘ ാടനത്തോടനുബന്ധിച്ച് ജൂൺ 30 വരെ എല്ലാ കേരള ആഭരണങ്ങൾക്കും എല്ലാ മോഡലിലുള്ള കമ്മലുകൾക്കും 0% പണിക്കൂലിയിൽ അൽ മുക്താദിറിന്റെ എല്ലാ ഷോറൂമുകളിലും ലഭിക്കുന്നതാണ്.

ഇനി 'ഇരട്ടി സ്വർണ്ണം നേടാം' രണ്ട് സീസണുകൾ വൻ വിജയകരമായി പൂർത്തിയാക്കിയതിനാൽ മൂന്നാം സീസൺ ആരംഭിക്കുന്നതാണ്. കൂടാതെ ഇന്നോവ ഹൈക്രോസ്കാർ നറുക്കെടുപ്പ് സമ്മാനം ജനങ്ങൾ ഏറ്റെടുത്തതിനാൽ രണ്ടാമതും ഇതേ നറുക്കെടുപ്പ് പദ്ധതി ആരംഭിച്ചതായി ചെയർമാൻ ആന്റ്സി.ഇ.ഒ. ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽസലാം പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് : 8111955916, 9072222112, 9539999697, 9745663111



അൽ മുക്താദിർ 24 ക്യാരറ്റ് ഗോൾഡ് ബുള്ള്യൻ എക്സ്ക്ലൂസീവ് ഷോറൂം (എക്സ്പോർട്ട് ആന്റ് ഇംപോർട്ട്), അൽ ഖാദിർ ഗോൾഡ് ആന്റ് ഡയമണ്ട് ജ്വല്ലറിഷോറൂം, അൽ മുക്താദിർ വെഡ്ഡിംഗ് ജ്വല്ലറി ഷോറൂം എന്നിവയുടെ ഉദ്ഘാടനം ഓൾ ഇന്ത്യ മുസ്ലീം പേഴ്സണൽ ലോ ബോർഡ് മെമ്പർ അബ്ദുൽ ഷുക്കൂർ മൗലവി, അൽ മുക്താദിർ ഗോൾഡ് ആന്റ് ഡയമണ്ട് മാനുഫാക്ച്ചറിംഗ് ആന്റ് ഹോൾസെയിൽ ജ്വല്ലറി ഗ്രൂപ്പ് സ്ഥാപക ചെയർമാൻ ആന്റ് സി.ഇ.ഒ - ഡോ. മുഹമ്മദ് മൻസൂർ അബ്ദുൽ സലാം എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു

# ചെമ്പഴന്തി സഹകരണ ബാങ്കിന് മുന്നിൽ മൃതദേഹവുമായി നാട്ടുകാരുടെ പ്രതിഷേധം

കഴക്കൂട്ടം: ചെമ്പഴന്തി സഹകരണ ബാങ്കിന് മുന്നിൽ മൃതദേഹവുമായി നാട്ടുകാരുടെ പ്രതിഷേധം. ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിന് മുന്നിലാണ് മൃതദേഹവുമായി പ്രതിഷേധിച്ചത്.

വീട്ടിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ ണിയൂർ ജാനകി ഭവനിൽ എസ് ബിജുവിന്റെ മൃതദേഹവുമായാണ് പ്രതിഷേധിച്ചത്. ഇന്നലെ പകൽ രണ്ടു മണിയോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് മൃതദേഹവുമായി ചില രാഷ്ട്രീയപാർട്ടികളുടെ നേതൃത്വത്തിൽ ബാങ്കിനു മുന്നിൽ പ്രതിഷേധിക്കുകയായിരുന്നു.

സഹകരണ സംഘം പ്രസിഡന്റിനെതിരെ കുറിപ്പെഴുതിയ ശേഷമാണ് ബിജുകുമാർ ആത്മഹത്യ ചെയ്തതെന്ന് ബന്ധുക്കൾ പറയുന്നു. സംഘത്തിൽ ചിട്ടി പിടിച്ച പണം നൽകാത്തതിനെ തുടർന്നാണ് ആത്മഹത്യ എന്നാരോപിച്ചായിരുന്നു പ്രതിഷേധം.

ശനിയാഴ്ച രാവിലെയാണു ബിജുകുമാറിനെ കിടപ്പുമുറിയിൽ ആത്മഹത്യ ചെയ്തനിലയിൽ കണ്ടെത്തിയത്. പോസ്റ്റ്മോർട്ടത്തിനുശേഷം വിട്ടുനൽകിയ മൃതദേഹവുമായി ബന്ധുക്കളും നാട്ടുകാരും ചെമ്പഴന്തി കാർഷിക സഹകരണ ബാങ്കിനു മുന്നിലെത്തി പ്രതിഷേധിക്കുകയായിരുന്നു.

പ്രതിഷേധക്കാർ ബാങ്കിലെ ബോർഡുകളും പച്ചക്കറി കടയും, തട്ടുകടയിലെ അലമാരകളും കസേരകളും അടിച്ചു തകർത്തു.

തുടർന്ന് സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ, ആർഡിഒ, തഹസിൽദാർ, കഴക്കൂട്ടം എസിപി എന്നിവർ സ്ഥലത്തെത്തി സമരക്കാരുമായി ചർച്ച നടത്തി.

പണം ലഭിക്കാനുണ്ടെങ്കിൽ എത്രയും വേഗം നൽകാമെന്ന് ഉറപ്പ് നൽകി. മറ്റ് പരാതികളിൽ അന്വേഷണം നടത്തുമെന്നും അറിയിച്ചതോടെയാണ് പ്രതിഷേധം അവസാനിച്ചത്.

## കോട്ടുകാലിന് സമീപം മിനിലോറിക്ക് പിന്നിൽ കാറിടിച്ച് യുവാവ് മരിച്ചു

വിഴിഞ്ഞം: കോവളം-കാരോട് ബൈപ്പാസിൽ മിനിലോറിക്ക് പിന്നിൽ കാറിടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. മര്യനാട് പുതുക്കുറിച്ചി അർത്തിയൽ പുരയിടത്തിൽ ബെനാൻസിന്റെയും ആൻസിയുടെയും മകൻ അജിത് ബെനാൻസ് (24) ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം അഞ്ചരയോടെ കോട്ടുകാൽ പുന്നക്കുളത്തിന് സമീപമായിരുന്നു അപകടം.പൂവാർ കൊച്ചു തുറയിൽ ഒരുകല്യാണത്തിന് പോയി വിഴിഞ്ഞത്തേക്ക് മടങ്ങിവരുകയായിരുന്ന അജിത് ഓടിച്ച കാർ മുന്നിൽ നിന്ന് പോയ ലോറി ബൈപ്പാസിന് പുറത്തേക്കിറങ്ങാൻ വെട്ടിത്തിരിക്കുന്നതിനിടയിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഗുരുതരമായി പരിക്കേറ്റ് കാറിൽ കുടുങ്ങിപ്പോയ യുവാവിനെ പിന്നാലെയെത്തിയ ബന്ധുക്കളും നാട്ടുകാരും ചേർന്ന് പുറത്തെടുത്ത് നെയ്യാറ്റിൻകരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.ബെൻസി ഏക സസഹോദരിയാണ്. വിഴിഞ്ഞം പോലീസ് കേസെടുത്തു.





കെ എ.എം എ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധം സംസ്ഥാന ജനറൽ സെക്രട്ടറി എം. തമീമുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

## കെ.എ.എം.എ കരിദിനം ആചരിച്ചു

തിരുവനന്തപുരം: ആറാം പ്രവർത്തി ദിനങ്ങൾ ഉൾപ്പെടെ ശനിയാഴ്ചകൾ പ്രവർത്തി ദിനമാക്കി കൊണ്ടുള്ള വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് അധ്യാപക പരിശീലന ദിനമായ ഇന്നലെ കേരള അറബിക് മുൻഷീസ് അസോസിയേഷൻ (കെ.എ.എം.എ ) സംസ്ഥാനതലത്തിൽ കരിദിനം ആചരിച്ച് പരിശീലനകേന്ദ്രങ്ങളിൽ പ്രതിഷേധിച്ചു. പ്രതിഷേധ സൂചകമായി കറുത്ത ബാഡ്ജുകൾ ധരിച്ചുകൊണ്ട് അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ എത്തിയാണ് പ്രതിഷേധിച്ചത്. പ്രതിഷേധ ദിന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം സെൻമേരിസ് ഹയർ സെക്കൻഡറി സ്കൂളിൽ കെ.എ.എം.എ സംസ്ഥാന ജനറൽ സെക്രട്ടറി എം തമീമുദ്ദീൻ നിർവഹിച്ചു.

## പെൺകുട്ടിയോട് ലൈംഗിക അതിക്രമം: പ്രതിയ്ക്ക് മൂന്നു വർഷം തടവും പിഴയും

ആറ്റിങ്ങൽ: പെൺകുട്ടിയോട് ലൈംഗിക അതിക്രമം നടത്തിയ പ്രതിയ്ക്ക് ഒരു വർഷം കഠിനതടവ് ഉൾപ്പെടെ 3 വർഷം തടവും 50,000 രൂപ പിഴ ശിക്ഷയും വിധിച്ച് ആറ്റിങ്ങൽ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി.

വർക്കല സ്വദേശി സുനിൽ എന്നയാളെയാണ് കോടതി ശിക്ഷിച്ചത്. ആറ്റിങ്ങൽ പൊലീസ് രജിസ്റ്റർ ചെയ്തു അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് ഹാജരാക്കിയ കേസിലാണ് കുറ്റക്കാരനെന്ന് കണ്ട് ആറ്റിങ്ങൽ ഫാസ്റ്റ് സ്പെഷ്യൽ കോടതി ജഡ്ജ് ബിജു കുമാർ സി. ആർ പ്രതിക്ക് ശിക്ഷ വിധിച്ച് ഉത്തരവായത്.

2018 ലാണ് സംഭവം. പഠനം കഴിഞ്ഞ് വീട്ടിലേക്ക് നടന്നുവരികയായിരുന്ന പെൺകുട്ടിയോട് ഇയാൾ ലൈംഗികാതിക്രമം നടത്താൻ ശ്രമിച്ചപ്പോൾ ഭയന്ന പെൺകുട്ടി പെട്ടെന്ന് പ്രതികരിച്ചു. ഇത് കണ്ട സമീപവാസി ഓടിയെത്തി പെൺകുട്ടിയെ സഹായിച്ച സമയം പ്രതി കടന്നുകളഞ്ഞു എന്നുമാണ് കേസ്.

മറ്റൊരു കേസിൽ പ്രതിയാക്കപ്പെട്ട് ജാമ്യത്തിൽ പുറത്തിറങ്ങി കഴിഞ്ഞു വരവേയാണ് പ്രതിയുടെ ഈ അതിക്രമം. ഇന്ത്യൻ ശിക്ഷാനിയമത്തിലെ പൊതുസ്ഥലത്ത് വച്ചുള്ള ലൈംഗികാതിക്രമ കുറ്റം, പോക്സോ നിയമപ്രകാരമുള്ള ലൈംഗിക അതിക്രമം എന്നീ കുറ്റങ്ങൾ പ്രതിക്കെതിരെ തെളിയിക്കപ്പെട്ടതായി കണ്ട കോടതി, പ്രതി 3 വർഷം കഠിനതടവ് ശിക്ഷയായി അനുഭവിക്കണമെന്നും, 50,000 രൂപ പിഴത്തുകയായി കെട്ടിവയ്ക്കണമെന്നും ഉത്തരവിട്ടു.

പിഴ തുക കെട്ടിവെക്കുന്ന സാഹചര്യത്തിൽ 40,000 രൂപ അതിജീവിതയ്ക്ക് നൽകണമെന്നും ഉത്തരവുണ്ട്. പിഴ തുക കെട്ടിവയ്ക്കാത്ത സാഹചര്യത്തിൽ പ്രതി രണ്ട് മാസം തടവ് അധികമായി അനുഭവിക്കണം. ജയിലിൽ കിടന്ന കാലയളവ് ശിക്ഷയിൽ ഇളവ് ഉണ്ടാകുമെന്നും ഉത്തരവുണ്ട്.

ആറ്റിങ്ങൽ പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ആയിരുന്ന തൻസീം അബ്ദുൽ സമദ് ആണ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. എം മുഹ്സിൻ ഹാജരായി.

## എം.എസ്.എഫ് സമരഭടന്മാർക്ക് സ്വീകരണം നൽകി



പ്ലസ് വൺ സീറ്റ് സമരവുമായി ബന്ധപ്പെട്ട കേസിൽ ജാമ്യം ലഭിച്ച ജയിൽ മോചിതരായ എം എസ് എഫ് നേതാക്കൾക്ക് മുസ്ലിംലീഗ് നെടുമങ്ങാട് നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകിയപ്പോൾ

നെടുമങ്ങാട്: പ്ലസ് വൺ സീറ്റ് സമരവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉപരോധിച്ച് ജയിലിൽ അടയ്ക്കപ്പെട്ട് ജാമ്യം ലഭിച്ച എം എസ് എഫ് ജില്ലാ പ്രസിഡന്റ് തൻസീർ അഴീക്കോട്, ഗദ്ദാഫി വെമ്പായം, മുനീർ ആര്യനാട് എന്നീ എം എസ് എഫ് നേതാക്കൾക്ക് മുസ്ലിംലീഗ് നെടുമങ്ങാട് നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി.

സ്വീകരണയോഗം സംസ്ഥാന പ്രവർത്തക സമിതി അംഗം അഡ്വ. കണിയാപുരം ഹലീം ഉദ്ഘാടനം ചെയ്തു. പ്ലസ് വൺ സീറ്റ് സമരവുമായി ബന്ധപ്പെട്ട് പ്രവർത്തകർക്കെതിരെ എടുത്തിട്ടുള്ള കേസുകൾ ഉടൻ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിയോജകമണ്ഡലം പ്രസിഡന്റ് കുന്നുംപുറം അഷ്റഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി കന്യാകുളങ്ങര ഷാജഹാൻ, എസ് എഫ് എസ് എ തങ്ങൾ, അലി കുഞ്ഞ്, പുലിപ്പാറ യൂസഫ്, ഫറാസ് മാറ്റപ്പള്ളി, നിസാം കുഴിവിള, സഫീർ, ഹലീൽ കോയ തങ്ങൾ,സുബൈർ വെമ്പായം, അബ്ദുൽ ഹക്കീം, നവാസ്, ആഷിക്ക് വെമ്പായം തുടങ്ങിയവർ സംസാരിച്ചു.

## കാറുമായി കൂട്ടിയിടിച്ച ബൈക്കിലെ യാത്രികന് ഗുരുതര പരിക്ക്

കാട്ടാക്കട: കാറും, ബൈക്കും കൂട്ടിയിടിച്ച് അപകടം. ബൈക്ക് യാത്രികനെ ഗുരുതര പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ച രാവിലെയോടെ കാട്ടാക്കട മൈലോട്ട് മൂഴിയിൽ ആണ് സംഭവം. നെയ്യാർഡാം ഭാഗത്ത് നിന്നും കാട്ടാക്കടയിലേക്ക് വരുകയായിരുന്ന മാരുതി ബെലോനോ കാറും കാട്ടാക്കട ഭാഗത്ത് നിന്നും നെയ്യാർഡാം കിക്മ കോളജ്ലേക്ക് പോകുകയായിരുന്ന അഖിൽ വി ഗോപൻ ഓടിച്ചിരുന്ന ഹോണ്ട യൂണിക്കോൺ ബൈക്കുമാണ് കുട്ടിയിടിച്ചത്.ഇടിയുടെ ആഘാതത്തിൽ തെറിച്ചുവീണ അഖിലിന്റെ തലക്കും നട്ടെല്ലിനും ഗുരുതര പരിക്കുണ്ട്.





അപകടത്തിൽ തകർന്ന കാറും ബൈക്കും





ചാലകമ്പോളത്തിലെ എസ്.ടി.യു തൊഴിലാളികളുടെ മെമ്പർഷിപ്പ് യൂണിറ്റ് ഭാരവാഹി ചാല റാഫിക്ക് നൽകി യൂണിയൻ സംസ്ഥാന ട്രഷറർ ജി. മാഹീൻ അബൂബക്കർ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ: എം. റഹ്മത്തുള്ള, കെ.പി മുഹമ്മദ് അഷ്റഫ്, മംഗലപുരം ഷാജി, എ സക്കീർ ഹുസൈൻ, ബിജു കടമ്പാട്ടുകോണം, വല്ലാഞ്ചിറ മജീദ്, സിദ്ദിക്ക് ആലംകോട് ഉമ്മർ എന്നിവർ സമീപം

## അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സർക്കാർ ഗില്ലറ്റിൻ ചെയ്യുന്നു: സെറ്റോ

തിരുവനന്തപുരം: നിയമ വാഴ്ചയിൽ കടന്നുകയറ്റം നടത്തി സർക്കാർ സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ ഗളച്ഛേദം ചെയ്യുന്നുവെന്ന് സെറ്റോ ചെയർമാൻ ചവറ ജയകുമാർ കുറ്റപ്പെടുത്തി. സർക്കാർ ജീവനക്കാരെ വിശ്വസ്തരെന്നും അവിശ്വസ്തരെന്നും രണ്ടായി തിരിച്ച് പല തരത്തിലുള്ള ശത്രുതാ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്നത് പകൽ പോലെ സത്യമാണ്. രാഷ്ട്രീയ പ്രേരിത സ്ഥലംമാറ്റം അതിരൂക്ഷമായ 8 വർഷമാണ് പിന്നിടുന്നത്. നിരവധി ജീവനക്കാർ സ്ഥലംമാറ്റത്തെത്തുടർന്ന് ആത്മഹത്യചെയ്യുന്ന സാഹചര്യമുണ്ടായി. ഇപ്പോഴും അന്യായ സസ്പെൻഷൻ പലവിഷയങ്ങളിലും മുഖം രക്ഷിക്കാൻ സർക്കാർ അവലംബിക്കുന്ന കുറുക്കുവഴിയാണ്. പ്രമോഷനുകൾ തടഞ്ഞ് വയ്ക്കുന്നു. ആനുകൂല്യങ്ങളൊന്നന്നായി കവർന്നെടുത്തിട്ട് ഇത് ചോദ്യം ചെയ്യാതിരിക്കാൻ എല്ലാവഴികളുമടച്ച് ഇരുമ്പുമറ സൃഷ്ടിക്കുകയാണ് ഭരണകൂടം. ഈ നീക്കത്തിനെതിരെ ഉന്നത നീതിപീഠത്തിനെ സമീപിക്കുമെന്നും ചവറ ജയകുമാർ അറിയിച്ചു.



അച്ചടി മാധ്യമങ്ങളിലാണ് യഥാർഥ വസ്തുതകൾ കൂടുതലായി പ്രതിഫലിപ്പിക്കുന്നത്. എല്ലാവരും ഒരു മാധ്യമം തന്നെ വായിക്കണമെന്ന് ശാഠ്യം പിടിക്കരുത്. എല്ലാ മാധ്യമങ്ങളും വേണം. മാധ്യമങ്ങളുടെ ലക്ഷ്യം ഇപ്പോൾ വൈറൽ ആവുകയെന്നതിൽ ഒതുങ്ങി. ഇതോടെ വാർത്തകൾ വൈറസ് ആയി മാറി. മാധ്യമ മുതലാളിമാർ തമ്മിൽ മത്സരിക്കുകയാണ്. ഓരോ തൊഴിലും തിരഞ്ഞെടുക്കുന്നവർക്ക് അതിൽ പ്രതിബദ്ധത വേണം. സമൂഹത്തോട് പ്രതിബദ്ധതയുള്ളവരെ മാധ്യമ പ്രവർത്തകരായി തിരഞ്ഞെടുക്കാൻ മാധ്യമ ഉടമകൾ ശ്രമിക്കണം. ആദ്യം ഏത് മാധ്യമത്തിൽ വാർത്ത വന്നുവെന്നല്ല. യാഥാർഥ്യം ആര് പറയുന്നുവെന്നതാണ് പ്രധാനം.

–ജി. സുധാകരൻ

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാവി ദളിത് പിന്നോക്ക ന്യൂനപക്ഷത്തിന്റെ കൂട്ടായ്മയിലാണ്. രാജ്യത്തെ എല്ലാ ജനാവിഭാഗവും തങ്ങളുടെ അവകാശങ്ങൾ ചോദിക്കുമ്പോൾ, മുസ്‌ലിംകളാണെങ്കിൽ അത് സാമുദായിക പ്രീണനമായി മാറുമെന്ന് വ്യാഖ്യാനിക്കുന്ന ചിലർ രംഗത്തുണ്ട്. അത് പ്രീണനമല്ല ഭരണഘടനാപരമായ അവകാശമാണ്. സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സജീവമായി ഉണ്ടാകണം. സ്വന്തം വോട്ടിന്റെ വില മനസ്സിലാക്കാതെ മറ്റുള്ളവർക്ക് വോട്ട് വിതിച്ചു കൊടുത്ത് സങ്കടപ്പെടുന്ന സമീപനമല്ല വേണ്ടത്. അർഹതപ്പെട്ടത് വാങ്ങുക തന്നെ വേണം.

–ഇ.ടി മുഹമ്മദ് ബഷീർ



കേരള വാർത്തകൾ

## വയനാട് നഴ്സിങ് കോളജിലും
# എം.എസ്.എഫിന് ചരിത്രവിജയം

കൽപ്പറ്റ: പരിയാരം മെഡിക്കൽ കോളജിലെ ചരിത്ര നേട്ടത്തിനൊപ്പം വയനാട് ഗവൺമെന്റ് നഴ്സിംഗ് കോളജ് യൂണിയൻ തിരഞ്ഞെടുപ്പിലും എം.എസ്.എഫിന് ചരിത്ര വിജയം. യൂണിയനിലെ മുഴുവൻ സീറ്റും യു.ഡി.എസ്.എഫ് മുന്നണിക്ക് വിജയിക്കാൻ കഴിഞ്ഞു. എം.എസ്.എഫിന്റെ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ പുതിയ നാഴികകല്ല് കൂടിയാണ് ഈ വിജയം. ഗവൺമെന്റ് നഴ്സിംഗ് കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ ചരിത്രത്തിൽ ആദ്യമായാണ് എം.എസ്.എഫ് മുന്നണിക്ക് വിജയിക്കാൻ കഴിയുന്നത്. വലിയ ശതമാനം വോട്ട് ലഭിച്ചാണ് എല്ലാ സീറ്റുകളും നേടിയത് എന്നത് വിജയത്തിന്റെ തിളക്കം വർധിപ്പിക്കുന്നു. യൂണിയൻ ചെയർമാനായി മുഹമ്മദ് നിഷാദ്, വൈസ് ചെയർപേഴ്സൺ ഹംദ മെഹ്റിൻ, ജെസ്‌വിൻ ജോസ്, ജന: സെക്രട്ടറി ഖലീല സുൽത്താന, മറ്റു സീറ്റുകളിൽ യുംന മെഹ്റിൻ, അർച്ചന എം, നാഷിദ്, വിസ്മിത, ജൽവ റഹ്മാൻ, നജ്ല എന്നിവരാണ് യു.ഡി.എസ്.എഫ് പാനലിൽ വിജയിച്ചത്. കലാലയങ്ങളിൽ എസ്.എഫ്.ഐ തുടരുന്ന ഏകപക്ഷീയ, അക്രമ രാഷ്ട്രീയത്തിനെതിരെയുള്ള വിദ്യാർത്ഥികളുടെ ചെറുത്തുനിൽപ്പാണ് ഈ വിജയം. ജനാധിപത്യവത്കരിക്കപ്പെടുന്ന കലാലയങ്ങളുടെ പുതിയ മാതൃകകൾ കൂടിയാണ് വിദ്യാർത്ഥികൾ കാണിക്കുന്നത്. മുസ്‌ലിം ലീഗ് മണ്ഡലം ജനറൽ സെക്രട്ടറി അസീസ് കോറോം, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് റിൻഷാദ് കടവത്ത്, മെഡിഫെഡ് സംസ്ഥാന ട്രഷറർ ഫൈറൂസ് പൂക്കോടൻ, സംസ്ഥാന ഭാരവാഹി ഫായിസ് കൽപ്പള്ളി, മുഹമ്മദ് വെട്ടൻ അബ്ദുള്ള ഹാജി, ഉസ്മാൻ പള്ളിയാൽ, പി.വി.എസ് മൂസ, റഷീദ് പടയൻ, നൗഫൽ മാനന്തവാടി, ഫായിസ് തലക്കൽ, മിദ്‌ലാജ് മായൻ, അജ്മുസിറാജ്, മുത്തലിബ് ദ്വാരക, ഹസ്ബുള്ള കടവത്ത്, അൻവർ കണിയാമ്പറ്റ തുടങ്ങിയവർ യൂണിയൻ ഭാരവാഹികൾക്ക് അഭിവാദ്യം അറിയിച്ചു.



വയനാട് ഗവൺമെന്റ് നഴ്സിങ് കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ച എം.എസ്.എഫ് മുന്നണിയുടെ ആഹ്ലാദപ്രകടനം

ജനാധിപത്യത്തിന്റെ മീതെയുള്ള കടന്നുകയറ്റമെന്ന് മന്ത്രി

# സ്വന്തം നിലയിൽ വി.സി നിയമനവുമായി ഗവർണർ

തിരുവനന്തപുരം: സ്വന്തം നിലയിൽ സർവകലാശാലകളിൽ വി.സി നിയമനവുമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ആറ് യൂണിവേഴ്സിറ്റികളിൽ സർവകലാശാല പ്രതിനിധികൾ ഇല്ലാതെ ഗവർണർ സെർച്ച് കമ്മിറ്റി രൂപീകരിച്ചു. ഇതോടെ വി.സി നിയമനത്തിൽ വീണ്ടും ഗവർണർ–സർക്കാർ പോരിന് കളമൊരുങ്ങി.

കേരള, എം.ജി, ഫിഷറീസ്, അഗ്രികൾച്ചർ, കെ.ടി.യു, മലയാളം സർവകലാശാലകളിലെ വി.സി നിയമനങ്ങൾക്കാണ് ഗവർണർ സ്വന്തം നിലയിൽ സെർച്ച് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഗവർണർ രൂപീകരിച്ച കമ്മിറ്റികളിൽ യു.ജി.സിയുടെയും ചാൻസിലരുടെയും നോമിനികളാണുള്ളത്. നോമിനികളെ നൽകാത്തതിനാൽ സർവകലാശാല പ്രതിനിധികൾ ഇല്ലാതെയാണ് ഗവർണർ സെർച്ച്കമ്മിറ്റി രൂപീകരിച്ച് വിജ്ഞാപനം ഇറക്കിയത്. വിജ്ഞാപനം ഓരോ സർവകലാശാല സിൻഡിക്കേറ്റുകളും കോടതിയിൽ ചോദ്യം ചെയ്യാൻ ഇടയുള്ളതിനാൽ വി.സി നിയമനം കോടതി കയറുമെന്ന് ഉറപ്പാണ്.

വി.സിമാർ ഇല്ലാതെ ഒരു വർഷത്തോളമായ സാഹചര്യത്തിൽ ഹൈക്കോടതി നിർദേശ പ്രകാരമാണ് നടപടിയെന്നാണ് രാജ്ഭവന്റെ വിശദീകരണം. വിസി നിർണയത്തിൽ ചാൻസലറുടെ അധികാരം കുറച്ച നിയമം രാഷ്ട്രപതിയുടെ പരിഗണനയിലായതിനാൽ കോടതി ഇടപെടൽ അല്ലാതെ വേറെ മാർഗമില്ലെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ. പലതവണ ഗവർണർ സർവകലാശാലകളുടെ പ്രതിനിധികളെ ആവശ്യപ്പെട്ടിരുന്നെങ്കിലും ബില്ലുകളിൽ തീരുമാനം ആയശേഷം ബാക്കി നടപടി എന്ന നിലപാടിൽ സർക്കാർ ഉറച്ചു നിൽക്കുകയായിരുന്നു.

ഇതിനിടയിലാണ് സ്വന്തം നിലക്ക് വി.സി നിയമനനീക്കവുമായി ഗവർണർ മുന്നോട്ടിറങ്ങിയത്.

അതെ സമയം, വിസി നിയമനത്തിനുള്ള ഗവർണറുടെ നീക്കം ജനാധിപത്യത്തിന്റെ മീതെയുള്ള കടന്നുകയറ്റമാണെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു പറഞ്ഞു. സർക്കാർ അതിന്റെ നിയമസാധുത പരിശോധിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്തെ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്നതാണ് ചാൻസലറുടെ ഭാഗത്ത് നിന്നുള്ള ഇടപെടലുകളെന്നും മന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു. ക്വാളിറ്റിയും മെറിറ്റും പരിശോധിക്കാതെയാണ് ഗവർണർ നോമിനേറ്റ് ചെയ്യുന്നത്. എ.ബി.വി.പി പ്രവർത്തകർ ആയതുകൊണ്ട് മാത്രം ചില ആളുകളെ നോമിനേറ്റ് ചെയ്യുന്നു. കാവിവൽക്കരണ ശ്രമങ്ങളെ നിയമപരമായി പ്രതിരോധിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ ഹിന്ദുത്വ അജണ്ട നടപ്പിലാക്കാനുള്ള വേദിയായി ഗവർണർമാരായിട്ടുള്ള ചാൻസലർമാരിലൂടെ കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി കുറ്റപ്പെടുത്തി.

## ചെയ്യുന്നത് ജോലി; ആർക്കും തടയാനാകില്ല: ഗവർണർ

തിരുവനന്തപുരം: ആറ് സർവകലാശാലകളിൽ സ്വന്തംനിലക്ക് സെർച്ച് കമ്മിറ്റി രൂപീകരിച്ചതിലൂടെ തന്റെ ഉത്തരവാദിത്വം നിറവേറ്റുകയാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. 'ആർക്കും ഉത്തരവാദിത്തം നിറവേറ്റുന്നതിൽ നിന്ന് തന്നെ വിലക്കാനാകില്ല. സർക്കാരിന്റെ ഈ വിഷയത്തിലുള്ള നിലപാട് തനിക്കറിയില്ല. സർവകലാശാലകളിൽ റഗുലർ വൈസ് ചാൻസലർ ഉണ്ടാകണം. താൻ അത് പലപ്പോഴും അവരെ ഓർമ്മിപ്പിച്ചു കൊണ്ടേയിരുന്നു. അവർ അത് തിരസ്ക്കരിച്ചു. അവർ അവരുടെ ജോലി കൃത്യമായി ചെയ്യാതെ തന്റെ ജോലിയെ തടഞ്ഞിട്ട് കാര്യമില്ലെന്നും അദ്ദേഹം മാധ്യമപ്രവത്തകരോട് പറഞ്ഞു.

ആറ് തവണ കേരളാ സർവകലാശാലയോട് പ്രതിനിധികളെ ആവശ്യപ്പെട്ട് കത്ത് അയച്ചിരുന്നു. പ്രതിനിധികളെ നൽകരുതെന്നാണ് സർവകലാശാലക്ക് സർക്കാർ നൽകിയ നിർദ്ദേശം. മാധ്യമങ്ങൾ തന്നെ ഇത് റിപോർട്ട് ചെയ്തതതുമാണ്. സിൻഡിക്കേറ്റുകൾക്ക് കോടതിയിൽ പോകാനുള്ള അവകാശം ഉണ്ട്. ചാൻസലർക്ക് സേർച്ച് കമ്മിറ്റിയുമായി മുന്നോട്ട് പോകാനും അവകാശം ഉണ്ട്. കേരളത്തിലെ പത്തിലധികം യൂണിവേഴ്സിറ്റികളിൽ റഗുലർ വൈസ് ചാൻസലർമാരില്ല. അതിൽ ആരും വ്യാകുലരാകുന്നില്ലെന്നും ഗവർണർ പറഞ്ഞു. എന്നാൽ എ.ബി.വി.പി ആയതിനാൽ മാത്രം ചിലരെ ഗവർണർ നോമിനേറ്റ് ചെയ്യുന്നുവെന്ന ഉന്നതവിദ്യാഭാസ മന്ത്രിയുടെ പ്രതികരണത്തോട് പ്രതികരിക്കാൻ തയ്യാറായില്ല. മന്ത്രി തന്നെയാണ് കേരളാ സർവകലാശാല സിൻഡിക്കേറ്റ് യോഗം അലങ്കോലപ്പെടുത്തിയതെന്നും ഗവർണർ ആരോപിച്ചു.

കരുവന്നൂർ ബാങ്ക് തട്ടിപ്പ്

# തൃശൂരിൽ സി.പി.എം നേതാക്കളെ പ്രതിയാക്കാനൊരുങ്ങി ഇ.ഡി

തൃശൂർ: സിപിഎമ്മിന്റെ 29 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടിയതിന് പിന്നാലെ കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ സി.പി.എം നേതാക്കളെ പ്രതിയാക്കാനൊരുങ്ങി ഇ.ഡി. ആദ്യഘട്ടത്തിൽ സി.പി.എം തൃശൂർ ജില്ലാ സെക്രട്ടറി എം.എം വർഗീസിനെ ഇഡി കേസിൽ പ്രതിയാക്കും. അടുത്തഘട്ടം കുറ്റപത്രത്തിൽ പേരുൾപ്പെടുത്തും.

കള്ളപ്പണം ഉപയോഗിച്ചാണ് പൊറത്തുശേരിയിൽ പാർട്ടിക്കായി സ്ഥലം വാങ്ങിയതെന്നാണ് ഇഡി കണ്ടെത്തൽ. കരുവന്നൂരിലെ കള്ളപ്പണ ഇടപാടിൽ പാർട്ടി ജില്ലാ നേതൃത്തിന് അറിവുണ്ടെന്നും ഇഡി വൃത്തങ്ങൾ പറയുന്നു. എം.എം വർഗീസിന്റെ പേരിലുള്ള പാർട്ടി ഭൂമി ഇഡി കണ്ടെത്തിയിരുന്നു. സി.പി.എമ്മിന്റെ എട്ട് ബാങ്ക് അക്കൗണ്ടുകളും മരവിപ്പിച്ചിരുന്നു. കരുവന്നൂർ കള്ളപ്പണ ഇടപാടിൽ സി.പി.എം തൃശൂർ ജില്ലാ നേതൃത്വത്തിന്റെ അറിവും ഇടപാടിൽ പങ്കാളിത്തവും ഉണ്ടായിരുന്നെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് പാർട്ടി സ്വത്തുക്കൾ കൂടി മരവിപ്പിക്കുന്ന നടപടിയിലേക്ക് എൻഫോഴ്സ്മെൻറ് കടന്നത്. കരുവന്നൂർ ബാങ്കിൽ സി.പി.എമ്മിന് രഹസ്യ അക്കൗണ്ടുകൾ ഉണ്ടായിരുന്നെന്ന് എൻഫോഴ്സ്മെന്റ് നേരത്തെ കോടതിയെ അറിയിച്ചിരുന്നു. അതേ സമയം ചാനൽ വാർത്തകളിലേ വിവരം കണ്ടുള്ളൂ, ഒരു വിവരവും കിട്ടിയിട്ടില്ലെന്ന് എം.എം വർഗീസ് പ്രതികരിച്ചു. ലോക്കൽ കമ്മിറ്റി സ്ഥലം വാങ്ങുന്നത് ജില്ലാ കമ്മിറ്റിയുടെ പേരിലാണ്. എന്താണ് നടക്കുന്നത് എന്നറിയില്ല. കേന്ദ്ര അന്വേഷണ ഏജൻസികളെ പ്രതിപക്ഷത്തിനെതിരെ ഉപയോഗിക്കുകയാണ്. പറയുന്ന വാർത്ത ശരിയാണെങ്കിൽ പാർട്ടിയെ വേട്ടയാടുകയാണെന്നും എം.എം വർഗീസ് പറഞ്ഞു

എം.എം വർഗീസിന് പിന്നാലെ ആരോപണ വിധേയരായ സി.പി.എം സംസ്ഥാന സമിതിയംഗങ്ങളായ എ.സി മൊയ്തീൻ എം.എൽ.എ, എം.കെ കണ്ണൻ, സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റംഗം പി.കെ ബിജു എന്നിവർക്കെതിരെയും ഇ.ഡി കേസെടുത്തേക്കുമെന്ന് സൂചനയുണ്ട്. നേരത്തെ എ.സി മൊയ്തീൻ എം.എൽ.എയുടെ ലക്ഷങ്ങളുടെ അക്കൗണ്ട് മരവിപ്പിച്ച ഇ.ഡി ഇവർക്കൊന്നും ഇതുവരെ ക്ലീൻചിറ്റ് നൽകിയിട്ടില്ല. നിരവധി പ്രാവശ്യം ഇ.ഡി ഇവരെ ചോദ്യം ചെയ്യുകയും ചെയ്തു.

ഇതിനിടെ കേസിൽ നേരത്തെ അറസ്റ്റിലായ സി.പി.എം നേതാവും വടക്കാഞ്ചേരി നഗരസഭ കൗൺസിലറുമായ പി.ആർ അരവിന്ദാക്ഷനെ കോടതി ഇന്നലെ വീണ്ടും റിമാൻഡ് ചെയ്തു. അടുത്ത ബന്ധുവിന്റെ വിവാഹത്തിനായി പത്തുദിവസത്തെ ഇടക്കാല ജാമ്യം നൽകിയിരുന്നു. കാലാവധി കഴിഞ്ഞതോടെയാണ് കാക്കനാട് ജില്ലാ ജയിലിലേക്ക് റിമാൻഡ് ചെയ്തത്. പി.ആർ അരവിന്ദാക്ഷൻ പലരുടെയും ബിനാമി ആണെന്ന് കേസിന്റെ തുടക്കത്തിൽതന്നെ ഇ.ഡി വ്യക്തമാക്കിയിരുന്നു. സി.പി.എം ജില്ലാ സെക്രട്ടറി എം.എം വർഗീസിനെ പ്രതി ചേർക്കുന്നതിലൂടെ കരുവന്നൂർ കേസിലെ വമ്പൻസ്രാവുകൾ ഉടൻ പിടിയിലാവുമെന്ന വ്യക്തമായ സൂചനയാണ് ഇ.ഡി നൽകുന്നത്.

# വിവാദങ്ങൾ വേണ്ട, വായടക്കാൻ ജയരാജന് നിർദേശം

## പാർട്ടിയുടെ വക്കാലത്ത് ക്വട്ടേഷൻ സംഘങ്ങൾക്കില്ലെന്ന് സിപിഎം

ദാവൂദ് മുഹമ്മദ്
കണ്ണൂർ

സിപിഎമ്മിൽ നിന്ന് പുറത്ത് പോയ മുൻ ജില്ലാ കമ്മിറ്റി അംഗം മനു തോമസുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതികരിക്കേണ്ടതില്ലെന്ന് പാർട്ടി നേതാക്കൾക്ക് ജില്ലാ കമ്മിറ്റിയുടെ നിർദേശം. അനവസരത്തിലുള്ള ഫേസ്ബുക്ക്പോസ്റ്റും പ്രസ്താവനകളുമാണ് വിവാദങ്ങൾ കത്തിച്ചതെന്ന് ഇന്നലെ ചേർന്ന സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് വിലയിരുത്തി. പാർട്ടി അംഗത്വം പുതുക്കാതെ പുറത്ത് പോയ ഒരാളെ ഗൗരവമായി കാണേണ്ടതില്ലെന്ന് ജില്ലാ സെക്രട്ടറിയേറ്റിൽ ചിലർ ഉന്നയിച്ചപ്പോൾ ഈ വിഷയം സംസ്ഥാന സെക്രട്ടറിയേറ്റ് പരിശോധിക്കട്ടെയെന്നും മറ്റുചിലർ ആവശ്യപ്പെട്ടു.

പാർട്ടിയിലെ മുതിർന്ന നേതാവായ പി.ജയരാജന് നേരെ ഡിവൈഎഫ്ഐ മുൻ ജില്ലാ പ്രസിഡന്റ് കൂടിയായ മനു തോമസ് കഴിഞ്ഞ ദിവസം ഗുരുതരമായ ആരോപണമാണ് ഉന്നയിച്ചത്. ഇന്നലെ ചേർന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ ഈ വിഷയം കാര്യമായി ചർച്ച നടന്നില്ല. വിഷയം ഉന്നയിച്ചപ്പോൾ അനാവശ്യമായ ചർച്ചയാണെന്നും ഈ വിവാദത്തിൽ നിന്ന് പാർട്ടി നേതാക്കൾ വിട്ട് നിൽക്കണമെന്നും ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ വ്യക്തമാക്കി. പാർട്ടി നേതാക്കൾ പ്രതികരിക്കുമ്പോൾ കൂടുതൽ കരുതൽ ആവശ്യമാണെന്നും പാർട്ടി വിട്ട ഒരാളുടെ ആരോപണത്തെ അതേ രീതിയിൽ തള്ളേണ്ടതാണെന്നും വലതുപക്ഷ മാധ്യമങ്ങളുടെ കമ്യൂണിസ്റ്റ് വിരുദ്ധ നിലപാട് തിരിച്ചറിയണമെന്നും സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ജയരാജനെ ലക്ഷ്യമിട്ട് പ്രതികരിച്ചു.



ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് ജില്ലയിലുണ്ടായ പരാജയങ്ങൾ വിലയിരുത്തി.

വരുന്ന തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സെക്രട്ടറിയേറ്റ് ചർച്ച ചെയ്തു. വാർഡ് വിഭജനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പാലിക്കേണ്ട കാര്യങ്ങൾ വിലയിരുത്തി.

ക്വട്ടേഷൻ–സ്വർണക്കടത്ത് സംഘങ്ങളുടെ വക്കാലത്ത് പാർട്ടിക്കില്ലെന്നും സോഷ്യൽ മീഡിയയിൽ ഇത്തരം സംഘങ്ങൾ നടത്തുന്ന പ്രതികരണങ്ങൾക്ക് പാർട്ടി മറുപടി പറയേണ്ട സാഹചര്യമാണ് ഉള്ളതെന്നും യോഗത്തിൽ ചിലർ ഉന്നയിച്ചു.

മനു തോമസ് സംസ്ഥാന കമ്മിറ്റി അംഗമായ പി.ജയരാജനും യുവജന കമ്മീഷൻ അധ്യക്ഷനായ എം.ഷാജറിനെതിരെയും ഉന്നയിച്ച ആരോപണങ്ങൾ അപലപനീയമാണെന്ന് ജില്ലാ സെക്രട്ടറിയേറ്റ് പത്രക്കുറിപ്പിൽ അറിയിച്ചു.

മനുവിനെതിരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തുന്ന ഭീഷണിയും അപലപനീയമാണെന്നും അടിസ്ഥാന രഹിതമായ ആരോപണങ്ങളിൽ പാർട്ടി അണികളും ബഹുജനങ്ങളും വിട്ട് നിൽക്കണമെന്നുമാണ് കുറിപ്പിൽ പറയുന്നത്.

തിരഞ്ഞെടുപ്പ് പരാജയത്തിനു പിന്നാലെയുള്ള ഇത്തരം വിവാദങ്ങൾ ദോഷം ചെയ്യുമെന്നതിനാൽ ഈ കാര്യത്തിൽ വലിയ ചർച്ചകൾ വേണ്ടെന്നാണ് പാർട്ടി നിലപാട്.

## മൗനം വിദ്വാന് ഭൂഷണം
### പ്രതികരിക്കാതെ ജയരാജൻ

മനു തോമസിന്റെ ആരോപണത്തിൽ പ്രതികരിക്കാൻ തയാറാവാതെ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം പി. ജയരാജൻ. ജില്ലാ സെക്രട്ടറിയേറ്റിൽ പങ്കെടുക്കാൻ എത്തിയപ്പോൾ അദ്ദേഹം മാധ്യമ പ്രവർത്തകർക്ക് മുഖം കൊടുത്തില്ല. എന്നാൽ, തിരിച്ചിറങ്ങുമ്പോൾ മൗനം വിദ്വാന് ഭൂഷണം എന്ന് മാത്രമാണ് പ്രതികരിച്ചത്. മനുവിന്റെ പ്രതികരണം വലിയ വിവാദമാണെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ അത് നിങ്ങൾക്ക് മാത്രമാണെന്നും പ്രതികരിച്ചു. സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും പ്രതികരിച്ചില്ല.

# ഷൊർണൂർ കണ്ണൂർ എക്സ്പ്രസിന് വള്ളിക്കുന്നിൽ സ്റ്റോപ്പ് അനുവദിക്കണം. ഇ. ടി

കോഴിക്കോട്: പുതുതായി അനുവദിച്ച കണ്ണൂർ ഷൊർണൂർ അൺ റിസർവ്ഡ് സ്പെഷ്യൽ ട്രെയിനിന് വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഇ. ടി. മുഹമ്മദ് ബഷീർ എം.പി ദക്ഷിണ റെയിൽവേ മാനേജർക്ക് കത്തയച്ചു.മലബാർ മേഖലയിലെ തിരക്ക് കുറക്കുന്നതിനാണ് ഒരു മാസത്തേക്ക് പരീക്ഷണാ ടിസ്ഥാനത്തിൽ പുതിയ ട്രെയിൻ അനുവദിച്ചിട്ടുള്ളത്. മലപ്പുറം ലോകസഭ മണ്ഡലത്തിൽ വിദ്യാർത്ഥികളും, ജോലിക്കാരും ഉൾപ്പെടെ ധാരാളം യാത്രക്കാർ ആശ്രയിക്കുന്ന ഒരു റെയിൽവേ സ്റ്റേഷനാണ് വള്ളിക്കുന്നെന്ന് എം.പി ജനറൽ മാനേജർക്ക് അയച്ച കത്തിൽ സൂചിപ്പിച്ചു. കൂടാതെ പുതുതായി അനുവദിച്ച ട്രെയിനിന് വള്ളിക്കുന്നിൽ സ്റ്റോപ്പ് നിഷേധിച്ച കാര്യം ഡിവിഷണൽ റെയിൽവേ മാനേജരുമായി ഫോണിൽ സംസാരിക്കുകയും സ്റ്റോപ്പ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. റെയിൽവേയുടെ ഭാഗത്ത് നിന്ന് ഇക്കാര്യത്തിൽ അനുകൂല നടപടി ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും എം.പി പറഞ്ഞു.

# പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ചയാൾക്ക് 46 വർഷം തടവും 4.2 ലക്ഷം രൂപ പിഴയും

കൊച്ചി : പ്രായപൂർത്തിയാകാത്ത മകളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ പിതാവിന് വിവിധ വകുപ്പുകളിലായി 46 വർഷം കഠിനതടവും 4.2 ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. ആലുവ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി സ്പെഷ്യൽ ജഡ്ജ് ഷിബു ഡാനിയേൽ ആണ് പിതാവ് അബ്ദുൾ ലത്തീഫിന് (50) ശിക്ഷ വിധിച്ചത്. 2021 ലാണ് കേസിനാസ്പദമായ സംഭവം. പ്രതി തന്റെ സംരക്ഷണയിൽ കഴിഞ്ഞ 16 വയസ്സുള്ള മകളെ 10ാം ക്ലാസ്സിൽ പഠിച്ചുവരുന്ന കാലയളവിൽ നിരവധി തവണ വിവിധയിടങ്ങളിൽ വെച്ച് മദ്യവും ലഹരി പദാർഥങ്ങളും നൽകി ലൈംഗികാതിക്രമത്തിന് വിധേയമാക്കുകയായിരുന്നു.




മുംബൈയിൽ നടന്ന യൂത്ത് ലീഗ് ദേശീയ എക്സിക്യൂട്ടീവ് മീറ്റിൽ ഡോ.രാം പുനിയാനി സംസാരിക്കുന്നു. ആസിഫ് അൻസാരി, അഡ്വ. വി.കെ ഫൈസൽ ബാബു, ടി.പി അഷ്റഫലി, അഡ്വ. ഷിബു മീരാൻ സമീപം.

# മോദിഭാരതത്തെ തടുക്കാൻ ഇന്ത്യാമുന്നണിക്ക് കഴിയും: ഡോ. രാം പുനിയാനി

മുംബൈ: ലോക്സഭ തിരഞ്ഞെടുപ്പ് മുന്നോട്ടുവെക്കുന്ന പ്രതീക്ഷകളെ മുൻനിറുത്തി മോദി ഭാരതത്തെ തടുക്കാൻ ഇന്ത്യാമുന്നണിക്ക് കഴിയുമെന്നും സംഘ് പരിവാറിനെതിരായ പോരാട്ടം തുടരാൻ ജനാധിപത്യ മതനിരപേക്ഷ ശക്തികൾ തയ്യാറാകണമെന്നും പ്രമുഖ എഴുത്തുകാരനും ആക്ടിവിസ്റ്റുമായ ഡോ. രാംപുനിയാനി പറഞ്ഞു. മുംബൈ ഏക്കേഴ്സ് ക്ലബിൽ നടന്ന യൂത്ത് ലീഗ് ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ മോദിയുടെ മൂന്നാം വരവ് ആശങ്കകളും അതിജീവനവും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിലൂടെ ഹിന്ദുരാഷ്ട്ര പ്രഖ്യാപനം എന്ന ആർ.എസ്.എസിന്റെ ആത്യന്തിക ലക്ഷ്യം നേടുന്നതിൽ നിന്ന് അവരെ തടയാൻ ഇന്ത്യാമുന്നണിക്ക് കഴിഞ്ഞിരിക്കുന്നു. ഇത് ശുഭസൂചനയാണ്. മുസ്‌ലിം സമുദായത്തിനെതിരായ അക്രമങ്ങളെ പ്രതിരോധിക്കാനുള്ള ബാധ്യത പൊതുസമൂഹം ഏറ്റെടുക്കണംമെന്നും അദ്ദേഹം പറഞ്ഞു.

മത്സരിച്ച മൂന്ന് സീറ്റിലും തിളക്കമാർന്ന വിജയം നേടിയ മുസ്‌ലിം ലീഗിനെ രാംപുനിയാനി അഭിനന്ദിച്ചു. യൂത്ത് ലീഗ് ദേശീയ പ്രസിഡന്റ് ആസിഫ് അൻസാരി അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി അഡ്വ. വികെ ഫൈസൽ ബാബു, വൈസ് പ്രസിഡന്റ് അഡ്വ.ഷിബു മീരാൻ, ടി.പി അഷ്റഫലി, സർഫറാസ് അഹമ്മദ്, സി.കെ ശാക്കിർ, തൗസീഫ് ഹുസൈൻ റിസ, പി.പി അൻവർ സാദത്ത്, അഡ്വ. അസ്ഹറുദ്ദീൻ ചൗദരി, ആഷിക് ചെലവൂർ, സാജിദ് നടുവണ്ണൂർ, മുഫീദ തസ്നി, അഡ്വ. നജ്മ തബ്ഷീറ, എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു, മുസ്‌ലിം ലീഗ് മഹാരാഷ്ട്ര സംസ്ഥാന ട്രഷറർ സി.എച്ച് ഇബ്രാഹിം കുട്ടി സംസാരിച്ചു.

## ലക്ഷദ്വീപിലെ ഭൂമി ഏറ്റെടുക്കൽ നിർത്തിവയ്ക്കണമെന്ന ഉത്തരവ് നീട്ടി

കൊച്ചി: ലക്ഷദ്വീപിൽ ജനങ്ങൾ കൃഷി ചെയ്ത് താമസിക്കുന്ന പണ്ടാരം ഭൂമി ഏറ്റെടുക്കാൻ ശ്രമിച്ച ഭരണകൂടത്തിന്റെ നടപടികൾക്ക് വീണ്ടും തിരിച്ചടി. പരാതിക്കാരുടെ ഭൂമി പിടിച്ചെടുക്കുന്ന നടപടികൾ നിർത്തിവെക്കണമെന്ന ഇടക്കാല ഉത്തരവ് ഹൈക്കോടതി നീട്ടി. രണ്ടുമാസത്തേക്കാണ് നീട്ടിയിരിക്കുന്നത്. ലക്ഷദ്വീപിലെ മുഴുവൻ പണ്ടാരം ഭൂമിയും പിടിച്ചെടുക്കണമെന്ന് ജില്ലാ കളക്ടർ കഴിഞ്ഞ വ്യാഴാഴ്ച നിർദേശം നൽകിയിരുന്നു. കേസ് അടുത്ത മാസം രണ്ടിന് വീണ്ടും പരിഗണിക്കും. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി കണ്ടെത്താനാണ് നടപടിയെന്നാണ് വിശദീകരണം. ജന്മം ഭൂമി, പണ്ടാരം ഭൂമി എന്നിങ്ങനെ രണ്ട് തരം ഭൂമികൾ ആണ് ലക്ഷദ്വീപിൽ ആകെ ഉള്ളതെന്നും, ഇതിൽ പണ്ടാരം ഭൂമി സർക്കാർ ഉടമസ്ഥതയിൽ ഉള്ളതാണെന്നും ഉത്തരവിൽ പറയുന്നുണ്ട്.

ഉത്തരവിനെതിരെ കോൺഗ്രസ് ഉൾപ്പെടെ പ്രതിഷേധിച്ചിരുന്നു. കഴിഞ്ഞ ദിവസം രാഹുൽഗാന്ധിയെ കണ്ട ലക്ഷദ്വീപിൽ നിന്നുള്ള കോൺഗ്രസ് പ്രതിനിധി സംഘം ഇക്കാര്യം അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തിരുന്നു.

# ബി.ജെ.പി നടപ്പാക്കുന്നത് ബ്രിട്ടീഷുകാരുടെ ബുൾഡോസർ രാജ്: വി.ഡി സതീശൻ

തേഞ്ഞിപ്പലം : നിരപരാധികളായ കുടുംബങ്ങളുടെ വീടും കച്ചവട സ്ഥാപനങ്ങളും ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചു നിരത്തുന്ന ബിജെപി സർക്കാറുകൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെയാണ് അനുകരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. 1857 ൽ ബ്രിട്ടീഷ് പട്ടാളം ഡൽഹി ഇടിച്ചു നിരത്തിയപ്പോൾ ഹിന്ദുക്കളും മുസ്‌ലിംകളും ഒരുമിച്ച് നിന്നാണ് അതിനെ നേരിട്ടത്. പിറന്ന വീട്ടിൽ നിന്ന് പാലായനം ചെയ്യേണ്ടി വന്ന അവർ സഹോദര്യത്തോടെ അതിനെ അതിജീവിച്ചു. അദ്ദേഹം വ്യക്തമാക്കി. കാലിക്കറ്റ് സർവകലാശാല മുഹമ്മദ് അബ്ദുറഹിമാൻ ചെയർ ഫോർ സെക്യുലർ സ്റ്റഡീസിന്റെ രണ്ടു ദിവസം നീണ്ട 'അസഹിഷ്ണുതക്കെതിരെ ഇന്ത്യ'ദേശീയ സെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു.അബ്ദുറഹിമാൻ ചെയർ ഗവേണിങ് ബോഡി അംഗം സി.ഹരിദാസ് ആധ്യക്ഷനായി. എം.കെ രാഘവൻ എം.പി, ആര്യാടൻ ഷൗക്കത്ത്, ആർ.എസ് പണിക്കർ, വീക്ഷണം മുഹമ്മദ് പ്രസംഗിച്ചു.



കാലിക്കറ്റ് സർവകലാശാല മുഹമ്മദ് അബ്ദുറഹിമാൻ ചെയർ ഫോർ സെക്യുലർ സ്റ്റഡീസിന്റെ ദ്വിദിന സെമിനാർ സമാപനം വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു